❑Kozhikode ❑Volume No: 3 ❑Issue No: 1 ❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

2024
ജനുവരി 1
വാർഷികപ്പതിപ്പ്

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക




തൊണ്ണൂറാം വയസ്സിൽ ഒരു അന്തർജനത്തിന്റെ ആത്മകഥ

## പെണ്ണായ എന്നെ പ്രസവിച്ചപ്പോൾ എല്ലാവരും അലമുറയിട്ടു കരഞ്ഞു

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം


കൂത്താമ്പുള്ളി
KM
കളക്ഷൻസ് & മാച്ചിങ്ങ് സെന്റർ
ഫെഡറൽ ബാങ്കിനുസമീപം, എടപ്പാൾ റോഡ്, ചങ്ങരംകുളം
സെറ്റുമുണ്ടുകൾ | സെറ്റ്സാരികൾ | ഫാൻസി സാരികൾ | കസവുസാരികൾ | കോട്ടൺ സാരികൾ
ചുരിദാറുകൾ | ചുരിദാർ മെറ്റീരിയലുകൾ | ഷർട്ടുകൾ | മുണ്ടുകൾ
എന്നിവയുടെ വിപുലമായ ശേഖരം.
സെറ്റുമുണ്ടുകൾ മാച്ചിങ്ങ്
ബ്ലൗസ് പീസുകളോടുകൂടി
ഓൺലൈൻ പർച്ചേസ് സൗകര്യം
വാട്സ്ആപ് വഴി സെലക്ട് ചെയ്യുന്ന ഐറ്റംസ്
കൊറിയർ അയച്ചുകൊടുക്കുന്നു. 9562883397
10 വർഷത്തോളമായി
ചങ്ങരംകുളത്തു
പ്രവർത്തിക്കുന്ന
ഒരു നമ്പൂതിരി സംരംഭം.
പേയ്മെന്റ്: ക്യാഷ്, Gpay, ഓൺലൈൻ ട്രാൻസാക്ഷൻ
9400852605/04942650180/7306359484



# യോഗക്ഷേമസഭ സ്വസ്തി ത്രൈമാസിക

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5125 പൗഷം കൊല്ലവർഷം 1199 മകരം ഹേമന്ത ഋതു

2024 January 1 ❑Kozhikode ❑Volume No: 3 ❑Issue No: 1 ❑email: swasthitrimonthly@gmail.com ❑website: swasthi.org



**ചീഫ് എഡിറ്റർ**
കൊയ്ത്തൊടി ചെറുമുക്ക്
പരമേശ്വരൻ
മൊബൈൽ: 9072383651

**അസോസിയേറ്റ് എഡിറ്റർ**
പാനാട് പദ്മനാഭൻ നമ്പൂതിരി
മൊബൈൽ: 9400992823

**മാനേജിംഗ് എഡിറ്റർ**
വിനോദ് മങ്ങത്തായ
മൊബൈൽ: 9895621493

**പ്രിൻ്റർ ആൻ്റ് പബ്ലിഷർ**
കെ.ഐ.വിഷ്ണു
നമ്പൂതിരി 9496925471

**ധനകാര്യം:**
നാറണിയാട്
ദാമോദരൻ നമ്പൂതിരി 9447332611

**പരസ്യം & സർക്കുലേഷൻ:**
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987

**മാനേജിംഗ് കമ്മിറ്റി:**
ജില്ലാ പ്രസിഡൻ്റ്
മധു അരീക്കര 9447136571
ജില്ലാ സെക്രട്ടറി: താമരക്കുളം
ദിവാകരൻ നമ്പൂതിരി 9447337337

**മുഖചിത്രം:**
പാലാഞ്ചേരി ഉമാദേവി അന്തർജനം

**ഇല്ലസ്ട്രേഷൻ:**
കൃഷ്ണൻ പാതിരിശ്ശേരി 9447884600

**ഡിസൈനിംഗ്:**
പിക്സൽ മീഡിയ, ചെറുവണ്ണൂർ
കോഴിക്കോട് -673631, മൊബൈൽ:
9847907630, 7356641674

**കസ്റ്റമർ കെയർ:**
മൊബൈൽ: 9495369337


# മനോരമയും സ്വസ്തിയും

ഒരു ഇൻ ഹൗസ് മാഗസിനാണ് സ്വസ്തി. യോഗക്ഷേമസഭയുടെ കോഴിക്കോട് ജില്ലാ കമ്മറ്റി പ്രസിദ്ധീകരണം. അഞ്ഞൂറു കോപ്പിക്കപ്പുറം പ്രചാരമോ പ്രസക്തിയോ പ്രാധാന്യമോ ഉണ്ടാവേണ്ടതില്ലാത്ത ഒരു കുഞ്ഞു മാസിക. പക്ഷേ, ഓരോ ലക്കം പിന്നിടുമ്പോഴും അതിന്റെ കരുത്തു കൂടുന്നു. സമുദായത്തിനു പുറത്തുള്ളവർ പോലും പ്രസിദ്ധീകരണം വരുത്തുന്നു. അതും പ്രമുഖരായ വ്യക്തികൾ.

അതിന് ഒറ്റ കാരണമേയുള്ളൂ. പുതിയ കാലത്തെ നമ്പൂതിരിയുടെ ലൈഫ് ആൻഡ് ലൈഫ് സ്റ്റൈൽ ഒരു പാക്കേജ് ആയി കിട്ടാൻ സ്വസ്തി ഉപകരിക്കും. പ്രമുഖ പുസ്തകശാലകളിൽ വില്പനയ്ക്കു വച്ച കോപ്പികൾ വിറ്റുപോയതു തന്നെ അതിനു തെളിവാണ്. പൊതു വായനയ്ക്ക് ഉപകരിക്കുന്ന ധാരാളം വിഭവങ്ങൾ സ്വസ്തിയിൽ ഉള്ളതായി പലരും കരുതുന്നു. അത്തരക്കാരുടെ പിന്തുണയാണ് സ്വസ്തിയെ ഈ നിലയിൽ എത്തിച്ചത്. സമുദായത്തിനു പുറത്തുള്ള സെലിബ്രിറ്റികൾ സന്തോഷത്തോടെ സ്വസ്തിയിൽ അതിഥികളായി എത്തുന്നു.

ഏറ്റവുമൊടുവിൽ ഇതാ ഇന്ത്യയിലെ ഏറ്റവും പ്രചാരമുള്ള ഭാഷാ ദിനപത്രമായ മലയാള മനോരമ സ്വസ്തിയെ പ്രയോജനപ്പെടുത്തിയിരിക്കുന്നു. സ്വസ്തിയുടെ കഴിഞ്ഞ ലക്കം കവർ സ്റ്റോറിയായ ആതിയ്യാടി പെൺകിടാവിനെ മനോരമയും നവരാത്രിവിഭവമാക്കിയിരിക്കുന്നു. അക്ഷരവിദ്യയുടെ വിജയദശമിക്ക് ഏറ്റവും ഉചിതം വി.ടി ഭട്ടതിരിപ്പാടിനെ അക്ഷരം പഠിപ്പിച്ച ആ തിയ്യാടി പെൺകിടാവ് തന്നെയെന്ന് മനോരമയ്ക്കും തോന്നി.

അയ്യായിരം കോപ്പിയിൽ നിന്ന് ഇരുപത് ലക്ഷത്തിലേറെ കോപ്പിയിലേക്ക് നങ്ങേലിയുടെ പേര് അച്ചടിയിലൂടെ പടർന്നിരിക്കുന്നു. 110 വർഷങ്ങൾക്കിപ്പുറം അവരെ കണ്ടെത്തിയത് സ്വസ്തിയാണെന്ന് മനോരമ തുറന്നെഴുതിയിരിക്കുന്നു. തീർച്ചയായും ഇത് സ്വസ്തിയുടെ ശക്തിയാണ്. ആ സന്തോഷം നന്ദിപൂർവം വായനക്കാരോട് പങ്കു വയ്ക്കട്ടെ.

പത്രാധിപർ.


Yogakshemasabha Swasthi Trimonthly. **Printed & Published by K.I. Vishnu Namboodiri** on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Geethanjali Web Offsets, Geethanjali Building, NH 17, Kundayithode, Kolathara P.O., Calicut- 673655, and published from Yogakshemababha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017. **Editor K M Parameswaran**
**Vol No:3 Issue No: 1 Registration Number : KERMAL/2022/83817**


കേശവതീരം അതിഥി മന്ദിരം
മലബാറിലൂടെയുള്ള യാത്രാവേളകളിൽ കുടുംബ സമേതം
താമസത്തിനും ഉല്ലാസത്തിനും ഒരു ഇടം.
വിശാലമായ വാഹന പാർക്കിംഗ് സൗകര്യം.
സാത്വികഭക്ഷണശാലയും വിശ്രമ കേന്ദ്രവും.
സന്ധ്യാ വന്ദനത്തിനും നിത്യകർമ്മങ്ങൾക്കുമുള്ള സൗകര്യം.
കുട്ടികളുടെ പാർക്ക്.
വിശാലമായ ഔഷധോദ്യാനവും പുഴയോരവും കുളവും
അമ്പലവും കാവും ആൽത്തറയും ഗോശാലയും.
അഗസ്ത്യഗുഹയും കൊത്തു പണികളാൽ തീർത്ത മറ്റു ശില്പങ്ങളും
കണ്ണിനും മനസിനും കുളിർമ നൽകുന്ന
അപൂർവ അനുഭൂതിയേകാനൊരിടം
SCAN HERE
കേശവതീരം
ആയുർവേദ ഗ്രാമം
പുറച്ചേരി എഴിലോട് പി.ഒ.
കണ്ണൂർ - 670309
Contact:
വെദിരമന വിഷ്ണു നമ്പൂതിരി, 9495 014 766


MACOEN PUMPS
MACOEN PUMPS
കൂടുതൽ വെള്ളം
വൈദ്യുതി ലാഭം..
39 Years of Trust
+916282319315
+918547916495
Mfd by :ENGINEER'S ELECTRIC ,NH PILATHARA,KANNUR DIST KERALA-670504

[illegible] / [illegible]


**അറിയേണ്ട നമ്പൂതിരി**
ബ്രേക്കിംഗ് ന്യൂസ്:
ബ്രേക്ക് ആവാത്ത സൗഹൃദം
പ്രമുഖ പത്രപ്രവർത്തകൻ കെ. ജി സുരേഷുമായി പി. എം നാരായണൻ നടത്തിയ അഭിമുഖം 06



**ഇമ്പാക്ടും ഫോളൊഅപ്പും**
സ്വസ്തിയുടെ വലിയ ഇമ്പാക്ട് 10
പാനാട് പദ്മനാഭൻ നമ്പൂതിരി
സുഹൃത്തുക്കൾ പോലും ആദ്യം വിശ്വസിച്ചില്ല 12
മുളങ്കുന്നത്തുകാവ് രാമൻ നമ്പ്യാർ

**കവിത**
മ്യൂണിക്കിലെ ഒരു സന്ധ്യ അനിയൻ മാങ്ങോട്ട്രി 18

**സർവീസ് ആൻഡ് പ്രൊഡക്ട്സ്**
മേലാറ്റൂർ അങ്ങാടിയിലെ ഏറ്റവും വലിയ കട 20
പുളിക്കീഴ് ത്രിവിക്രമൻ നമ്പൂതിരി 20



**സെലിബ്രിറ്റി ഗസ്റ്റ്**
**കെ. പി. ശങ്കരൻ**
ഏറനാട്ടിലെ ഏറ്റവും വലിയ മരനാട്ട് മനയിൽപ്പോലും അയിത്തം അനുഭവിച്ചിട്ടില്ല 24
പി.എൻ വിജയൻ

**സ്പോർട്സ്**
ഒരു നമ്പൂതിരിപ്പാടുമുണ്ട് പാരീസ് സൈക്ലിംഗിൽ 30
താമരക്കുളം ദിവാകരൻ നമ്പൂതിരി



പേരിലല്ല പ്രവൃത്തിയിലും ഋഷി 37
വൈദ്യമഠം ഋഷികുമാരൻ നമ്പൂതിരി

**ബഹിരാകാശശാസ്ത്രം**
ചന്ദ്രയാനിലെ ജയൻ 38
പന്താവൂർ കൃഷ്ണൻ നമ്പൂതിരി



**രണ്ട് കൗതുകങ്ങൾ**
**പെണ്ണായ ആണും ആണായ പെണ്ണും**







**ആരോഗ്യം**
പ്രഭാത നടത്തത്തിന്റെ കരുത്ത് 51
ആദിത്യൻ ഇ. എം.

**അത്യപൂർവമായ അനുഭവം**
ആ പെൺകുട്ടി എന്റെ പേരാണ് പറഞ്ഞത് 52
എം.സി. മനോജ്



**മലയാള സാഹിത്യത്തിലെ ആദ്യസംഭവം**
തൊണ്ണൂറുകാരിയുടെ ആത്മകഥ 54
മിനി പി.എസ്.
എന്നെ പ്രസവിച്ചപ്പോൾ എല്ലാവരും കരഞ്ഞു 56
ഉമാദേവി അന്തർജനം

**ഇല്ലപ്പെരുമ**
നെല്ലിക്കാട്ടു മനയും ശ്രീധരീയവും 66
പൊത്തോപ്പുറം ജയന്തൻ നമ്പൂതിരി

സരസോപ്പോളെ കണ്ടു മതിയായിട്ടില്ല 74
വി.ടി.വാസുദേവൻ
മുക്കാൽ നൂറ്റാണ്ടു മുമ്പ് പട്ടേരി തീയേറ്റർ നടത്തിയ 82
പാലശ്ശേരി ഉണ്ണികൃഷ്ണൻ നമ്പൂതിരി
**നമുക്കിടയിലെ പ്രതിഭ**
തേടിയെത്തി ഈ റാങ്കുകാരനെ 89
പൊത്തോപ്പുറം കേശവൻ ജയന്തൻ
പഠിച്ചത് പാകിസ്ഥാനിൽ 92
കെ. എം എസ് ഭട്ടതിരിപ്പാട്
വിശ്വനാഥൻ നൽകിയ കാശിമാല 97
മക്കാട് മാധവൻ നമ്പൂതിരി

**കുട്ടിക്കൂട്ടം**
110 ❑ ശ്രീക കരുവാട് മന, എടപ്പാൾ
110 ❑ സാധിക ധനേഷ്, കൊടശ്ശേരി ഉപസഭ,
110 ❑ സ്നിഗ്ദ്ധ തേലക്കാട് മന, വെള്ളിനേഴി
111 ❑ ദിയ ദീപക് ചോലമന, പാലക്കാട്
111 ❑ കേശവ് മേലേടം, ഗുരുവായൂർ
112 ❑ പ്രണിത അമേറ്റൂർ, എടപ്പാൾ
112 ❑ അംഗിത അമേറ്റൂർ, എടപ്പാൾ
113 ❑ നമിത നല്ലേടത്ത് , തിരുവേഗപ്പുറ
114 ❑ പാർവതി കോയിക്കത്ര ഇല്ലം, ശാസ്താംകോട്ട
114 ❑ ദേവനന്ദ പുതിയേടത്ത് ഇല്ലം, തിരുവാലത്തൂർ
115 ❑ ആര്യ എൻ, നാറണിയാട്ട് ഇല്ലം, ഫറോക്ക്
116 ❑ സാകേത് കാണിപ്പയ്യൂർ മന, കുന്ദംകുളം

വായനക്കാരുടെ പ്രതികരണങ്ങൾ ❑ യോഗക്ഷേമസഭാ വാർത്തകൾ ❑
വിഷ്ണുപാദം പൂകിയവർ ❑ അനുമോദനങ്ങൾ ❑ തുടങ്ങി സ്ഥിരം പംക്തികളും



## ബ്രേക്കിംഗ് ന്യൂസിൽ

# ബ്രേക്ക് ആവാത്ത സൗഹൃദം

**ബി ജെ പി പ്രസിഡണ്ടായിരുന്ന എൽ കെ അദ്വാനി 2005–ൽ പാകിസ്ഥാനിലേക്ക് നടത്തിയ യാത്രയിൽ മുഹമ്മദ് അലി ജിന്നയെ സെക്കുലർ എന്ന് പുകഴ്ത്തികൊണ്ട് സന്ദർശകബുക്കിൽ ഒരു കുറിപ്പ് എഴുതി. വിസിറ്റേർസ് ബുക്ക് സാധാരണ ഗതിയിൽ പത്രപ്രവർത്തകർക്ക് ആക്സസ് ഇല്ല. എങ്കിലും അദ്വാനിയുടെ സഹായിയായ സുധീന്ദ്ര കുൽക്കർണ്ണി ആ കുറിപ്പ് എനിക്ക് കാണിച്ച് തന്നു. അന്ന് ഇന്നത്തെ പോലെ ഫോട്ടോ എടുക്കാൻ മൊബൈൽ ഫോൺ ഒന്നും ഇല്ല. ഞാൻ അത് പകർത്തി എടുത്തു. ഇന്ത്യൻ വലത് പക്ഷത്തിന്റെ ആജന്മ ശത്രുവായ മുഹമ്മദ് അലി ജിന്നയെ അദ്വാനി പുകഴ്ത്തിയത് പി.ടി.ഐ എന്ന വാർത്താ ഏജൻസിയിലൂടെ ലോകം അറിഞ്ഞു. പിറ്റേ ദിവസം ഇന്ത്യയിലെ എല്ലാ പത്രങ്ങളിലെയും തലക്കെട്ടായി അത് നിറഞ്ഞ് നിന്നു. ജർമ്മൻ ടെലിവിഷന്റെ ദക്ഷിണേഷ്യാ പ്രൊഡ്യൂസറായ പി. എം നാരായണൻ കെ. ജി സുരേഷുമായി സംസാരിച്ച് തയ്യാറാക്കിയത്.**

**പി എം നാരായണൻ**



ചില വാർത്തകൾ ചെയിൽ റിയാക്ഷൻ പോലെ പടർന്ന് അണുബോംബ് പോലെ പൊട്ടിത്തെറിക്കും. അത്തരമൊരു സ്കൂപ്പായിരുന്നു ആ വാർത്ത. എൽ കെ അദ്വാനി നിലപാടിൽ ഉറച്ച് നിന്ന് ബി.ജെ.പി. പ്രസിഡന്റ് സ്ഥാനം രാജിവെച്ചു. അപ്പോഴും കെ.ജി സുരേഷ് എന്ന പത്രപ്രവർത്തകനും എൽ കെ അദ്വാനി എന്ന നേതാവും തമ്മിലുള്ള സൗഹൃദത്തെ അത് ഒരു തരത്തിലും ബാധിച്ചില്ല.

കരുമങ്ങാനം ഗോവിന്ദൻ സുരേഷ് ഇന്ന് ഇന്ത്യയിലെ ഏറ്റവും വലിയ ജേർണ്ണലിസം യൂനിവേഴ്സിറ്റിയുടെ വൈസ് ചാൻസലറാണ്. അദ്ദേഹമാണ് ഇദ്ദേഹം. കെ.ജി. സുരേഷ്.

ഒരു തലമുറ മുമ്പ് കേരളം വിട്ട് വടക്കേ ഇന്ത്യയിലേക്ക് കുടിയേറിയ ഹരിപ്പാട്ട് കരുമങ്ങാനം ഈശ്വരൻ ഗോവിന്ദൻ നമ്പൂതിരി



*വൈസ് ചാൻസലർ പദവി ഏറ്റ കെ.ജി സുരേഷ് മധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാനുമൊത്ത്*

യുടെ മകൻ കെ. ജി. സുരേഷ് ആണ് ഇന്ത്യയിലെ ഏറ്റവും വലിയ ജേർണ്ണലിസം – മാസ് കമ്യൂണിക്കേഷൻ യൂനിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ. സ്വാതന്ത്ര്യസമര സേനാനിയും പത്രപ്രവർത്തകനുമായിരുന്ന മഘൻലാൽ ചതുർവേദിയുടെ പേരിൽ മൂന്ന് പതിറ്റാണ്ട് മുമ്പ് ഭോപ്പാലിൽ സ്ഥാപിതമായ സർവ്വകലാശാലയുടെ ആദ്യത്തെ ദക്ഷിണേന്ത്യൻ വൈസ് ചാൻസലർ കൂടിയാണ് സുരേഷ്.

'ആദ്യം റാഞ്ചിയിലായിരുന്നു അച്ഛന് ജോലി. 1962 ൽ, ഞാൻ ജനിക്കുന്നതിനും മൂന്ന് വർഷം മുമ്പാണ് അച്ഛൻ ട്രാൻസ്ഫർ ആയി ദില്ലിയിലെത്തുന്നത്. ഞാൻ പഠിച്ചതും വളർന്നതും ദില്ലിയിലാണ്. ഉപനയനവും സമാവർത്തനവും ഉണ്ടായത്ത് ഹരിപ്പാട്ടെ ഇല്ലത്ത് വെച്ചാണ്. മലയാളം പഠിക്കണമെന്നും പൂണൂൽ ഇടണമെന്നും അച്ഛന് നിർബന്ധമായിരുന്നു. അതു കൊണ്ടാണ് കേന്ദ്രീയ വിദ്യാലയം വേണ്ടന്ന് വെച്ച് ദില്ലിയിലെ കേരള സ്കൂളിൽ ചേർത്തത്.'

പത്രപ്രവർത്തകനായി തുടങ്ങി വൈസ് ചാൻസലർ പദവിയിലേക്കുള്ള യാത്രയിൽ ജീവിതം

**'ജോലി മാറും തോറും ശമ്പളം കുറഞ്ഞ് വരുന്നത് ഒരു പക്ഷേ എന്റെ ജീവിതത്തിൽ മാത്രം നടന്ന ഒന്നാവും. പാർലിമെന്റിലെ ജോലി അതിന്റെ ഡിഗ്നിറ്റി കൊണ്ടും, ശമ്പളം കൊണ്ടും ആരും കൊതിക്കുന്ന ഒന്നായിരുന്നു.പക്ഷേ വാർത്താ ഏജൻസിയിലെ ജോലിയാണ് എന്നിലെ പത്രപ്രവർത്തകനെ വളർത്തി എടുത്തത്.'**

പലവഴികളിലൂടെ, ഒഴുകി.

'പത്രപ്രവർത്തനത്തിൽ തുടങ്ങിയത് കൊണ്ട് അതിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണ യുണ്ടായിരുന്നു. അതുകൊണ്ട് തന്നെ പത്രപ്രവർത്തനത്തിന് പഠിക്കുന്നവർക്ക് എന്തെല്ലാം സ്കിൽ ആവശ്യമാണ് എന്ന് എനിക്കറിയാമായിരുന്നു. ദില്ലിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്യൂണിക്കേഷന്റെ ഡയരക്ടർ ജനറൽ ആയിരിക്കെ സിലബസ്സിൽ നടത്തിയ അഴിച്ച് പണി, പിന്നീട് പല ജേർണ്ണലിസം സ്കൂളുകളും മാതൃകയാക്കുകയുണ്ടായി. മൊബൈൽ ഫോൺ ജേർണ്ണലിസം, ഫാക്ട് ചെക്കിംഗ് തുടങ്ങിയവ

## സുരേഷ് ആരെന്ന് അറിയാൻ ഈ ബ്രേക്കിംഗ് ന്യൂസ് വായിക്കൂ

Bhopal: Senior Journalist and former Director General of the Indian Institute of Mass Communication, Prof K G Suresh was today appointed Vice-Chancellor of the prestigious Makhanlal Chaturvedi National University of Journalism and Communication, Bhopal, a state funded university of the Madhya Pradesh Government.

Prof Suresh was appointed to the post for a period of four years by the Chief Minister Shivraj Singh Chouhan in his capacity as Chairman of the General Council of the University, a state Government order said.

Earlier, he has served as Director General, Indian Institute of Mass Communication - India's premier media training institution; Senior Consulting Editor with Doordarshan News, India's public news broadcaster; Editorial Consultant with Asianet News Network; Chief Political Correspondent with Press Trust of India and Group Media Advisor to Dalmia Bharat Enterprises Ltd.

With over 30 years of cross media experience, Prof Suresh was recently named for the prestigious Ganesh Shankar Vidyarthi Award for outstanding contribution to Journalism by the Kendriya Hindi Sansthan, Ministry of Human Resources Development, Government of India. The award carries a cash prize of Rs 5 lakhs, citation and shawl and would be presented by the Hon'ble President of India.

Prof Suresh is a Member of the Academic Council of Jawaharlal Nehru University, New Delhi; Society of Satyajit Ray Film & Television Institute, Kolkata; Research Committee of Indian Council of Social Science Research; Advisory Council, Delhi School of Journalism, University of Delhi; and so on.

ഉദാഹരണം.'

ബംഗ്ലാദേശിൽ നിന്ന് ഭോപാലിലേക്കുള്ള യാത്രക്കിടയിലാണ് സുരേഷിനെ ഈ അഭിമുഖത്തിന് വേണ്ടികണ്ടുമുട്ടുന്നത്.

'യാത്രയാണ് എപ്പോഴും. ഇരുപത്തിനാല് മണിക്കൂറും ജോലി ചെയ്യുന്നതാണ് എന്റെ ഹോബി. വെറുതെ ഇരുന്നാൽ ഞാൻ അസ്വസ്ഥനാവും. അതാണ് എന്റെ പ്രകൃതം. '

'ജോലിയുടെ തിരക്കിലും മലയാളം മറന്നിട്ടില്ല, ചില മന്ത്രങ്ങളും. വൈസ് ചാൻസലർ സ്ഥാനം ഏറ്റടുത്ത ദിവസം, യൂനിവേഴ്സിറ്റി ആസ്ഥാനത്തെ ഔദ്യോഗിക വസതിയിൽ കേരളീയ രീതിയിൽ ഭഗവതിസേവയും ഗണപതി ഹോമവും നടത്തിയാണ് കടന്നിരുന്നത്. അവിടുത്തുകാരായ പലർക്കും അത് പുതുമയായിരുന്നു. '

'ഇല്ലത്തെ പരദേവത ഭദ്രകാളിയാണ്. അതുകൊണ്ട് ദേവീ പ്രാർത്ഥനയോടെ മാത്രമേ എന്തും ആരംഭിക്കൂ'

കലയ്ക്കും, സാഹിത്യത്തിനും കേൾവി കേട്ട തകഴിയിലെ തോട്ടം ആണ് അമ്മാത്ത്. അമ്മ സുഭദ്രക്കുട്ടി. അമ്മാത്തെ മുത്തശ്ശൻ തോട്ടം ഗോപാലകൃഷ്ണൻ നമ്പൂതിരി. രവീന്ദ്ര ഭാരതി യൂനിവേഴ്സിറ്റിയിലെ ഫൈൻ ആർട്ട്സിന്റെ പ്രൊഫസർ ആയിരുന്നു.

'മുത്തശ്ശന്റെ ഏട്ടൻ, ഗരു തോട്ടം ശങ്കരൻ നമ്പൂതിരി, കഥകളി രംഗത്തെ ആചാര്യനായിരുന്നു. വല്യ മുത്തശ്ശൻ എന്നാണ് ഞാൻ വിളിച്ചിരുന്നത്. ഇന്ത്യൻ നൃത്ത രംഗത്തെ അതികായനായിരുന്ന ഉദയശങ്കർ വല്യമുത്തശ്ശന്റെ അടുത്ത സുഹൃത്തായിരുന്നു. 1938 ൽ ഉദയ് ശങ്കർ ഉത്തർപ്രദേശിലെ അൽമോറയിൽ ഒരു ഡാൻസ് സ്കൂൾ സ്ഥാപിച്ചു. അവിടെ കഥകളി പഠിപ്പിച്ചത് വല്യമുത്തശ്ശൻ ആയിരുന്നു. പ്രശസ്ത സരോദ് വാദ്യക്കാരൻ ബാബ അല്ലാവുദ്ദീൻ ഖാൻ വല്യ മുത്തശ്ശന്റെ അടുത്ത സുഹൃത്തായിരുന്നു. അൽമോറയിൽ ഇന്ത്യൻ കൾച്ചറൽ സെന്ററിൽ വെച്ചാണ് വല്യ മുത്തശ്ശൻ മരിച്ചത്. അങ്ങിനെ ഭൂപരിഷകരണത്തിനും മുമ്പ് തന്നെ വടക്കേ ഇന്ത്യയിലേക്ക് സ്വയം പറിച്ച് നട്ട് കരുത്ത് തെളി



*ബി ജെ പി പ്രസിഡണ്ടായിരുന്ന എൽ കെ അദ്വാനിയും പാകിസ്ഥാൻ സ്ഥാപകനേതാവ് മുഹമ്മദ് അലി ജിന്നയും*

**തൊണ്ണൂറുകളുടെ രണ്ടാം പകുതി മുതൽ രണ്ടായിരത്തിന്റെ ആദ്യ പകുതി വരെ ഇന്ത്യൻ രാഷ്ട്രീയത്തിൽ ബി ജെ പി. എന്ന വലത് പക്ഷം വേര് ഉറപ്പിക്കുന്ന കാലത്താണ് ഞാനവരെ കവർ ചെയ്യുന്നത്. അന്ന് എൽ.കെ അദ്വാനിയും മറ്റും വീട്ടിലേക്ക് വിളിച്ച് വാർത്ത തരുമായിരുന്നു. അദ്ദേഹത്തോടൊപ്പം ഒരു പാട് യാത്ര ചെയ്തിട്ടുണ്ട്**

യിച്ചവരാണ് സുരേഷിന്റെ കാരണവന്മാർ.

ദില്ലിയിൽ ജനിച്ച് വളർന്നിട്ടും, ഈ നമ്പൂതിരി സമ്പ്രദായങ്ങൾ ഒക്കെ എങ്ങിനെ മനസ്സിലായി എന്ന ചോദ്യത്തിന് പൊട്ടിച്ചിരിയായിരുന്നു ഉത്തരം.

'ഞാൻ പറഞ്ഞല്ലോ, പൂണൂൽ ഇടണം എന്ന് അച്ഛന് നിർബന്ധമായിരുന്നു. കേരള സ്കൂളിൽ പഠിക്കുമ്പോൾ ഷർട്ടിന്റെ ബട്ടൻസിനിടയിലൂടെ കണ്ട പൂണൂൽ കൂട്ടുകാർ പിടിച്ച് വലിക്കുമായിരുന്നു. എന്റെ പേരിൽ നമ്പൂതിരി ഇല്ലായിരുന്നു. പക്ഷേ കൂടെ ക്ലാസിൽ ഉണ്ടായിരുന്ന മധു നമ്പൂതിരിയും ഞാനും ഒരേ 'ഘാന്താൻ കി ഹെ' എന്ന് കൂട്ടുകാരിൽ പലരും പറഞ്ഞ് കളിയാക്കുമായിരുന്നു. അപ്പോഴാണ് നമ്പൂതിരി എന്നത് ഒരു ഘാന്താൻ (കുലം) ആണെന്ന് അറിയുന്നത്. പിന്നെ ആകുലത്തിന്റെ ഉള്ളറിയുന്നത് കുട്ടിക്കാലത്ത് ഇല്ലത്തും അമ്മാത്തും ഒക്കെ പോയി താമസിച്ചപ്പോഴാണ്. തകഴിയിലെ തോട്ടം മന വലിയ തറവാടാണ്. നാല് കെട്ടും, കുളവും, അമ്പലവും ഒക്കെ ഉള്ള ഒരില്ലം. അവിടെ കഥകളിയും സംഗീതവും മറ്റും നിറഞ്ഞ് നിന്നിരുന്നു.

പത്രപ്രവർത്തനത്തിലെത്തിയത് എങ്ങിനെ എന്ന് പറയാമോ?

'പൂണൂൽ മാത്രമല്ല. അച്ഛന് വേറെയും ചില നിർബന്ധങ്ങളുണ്ടായിരുന്നു. ഞാൻ ഒരു സർക്കാർ ഉദ്യേഗസ്ഥൻ ആവണമെന്നതായിരുന്നു അതിൽ പ്രഥമം. സിവിൽ സർവ്വീസ് വേണം എന്നാണ് പ്രഥമ മോഹം. അല്ലെങ്കിൽ ഒരു ഗസറ്റഡ് ഓഫീസർ എങ്കിലും ആയി തുടങ്ങണം. അങ്ങിനെ അച്ഛന്റെ നിർബന്ധത്തിന് വഴങ്ങി പാർലിമെന്റിൽ വിവർത്തകൻ ആവാൻ ഉള്ള ടെസ്റ്റ് എഴുതി. ഓൾ ഇന്ത്യ ഒന്നാം റാങ്ക്. അങ്ങിനെ ഇരുപത്തിമൂന്നാം വയസ്സിൽ ഇന്ത്യൻ പാർലിമെന്റിൽ ജോലി കിട്ടി. പക്ഷേ എനിക്കെന്തോ ആ ജോലി ഇഷ്ടമായില്ല. പത്രപ്രവർത്തനത്തോടായിരുന്നു കമ്പം. സർക്കാർ ജോലി രാജിവെച്ചു ചുരുങ്ങിയ ശമ്പളത്തിന് 'ഊർജ' എന്ന ഒരു മാഗസിനിൽ അസിസ്റ്റന്റ് എഡിറ്റർ ആയി ചേർന്നു. സ്പെഷലൈസ്ഡ് മാസികയായിരുന്നു അത്. അതു കൊണ്ട് പത്രപ്രവർത്തനത്തിന്റെ പൂർണ്ണാനുഭവം കിട്ടിയിരുന്നില്ല.'

'അങ്ങിനെ ഇരിക്കുമ്പോഴാണ് പ്രസ്സ് ട്രസ്റ്റ് ഓഫ് ഇന്ത്യയിൽ ട്രെയിനി പരീക്ഷ പാസായത്. ഇന്ത്യയിലെ ഏറ്റവും വലിയ വാർത്താ ഏജൻസിയാണ് പി.ടി.ഐ. അവിടെ വെച്ചാണ് ഞാൻ പത്രപ്രവർത്തകനാവുന്നത്.'

'ജോലി മാറും തോറും ശമ്പളം കുറഞ്ഞ് വരുന്നത് ഒരു പക്ഷേ

എന്റെ ജീവിതത്തിൽ മാത്രം നടന്ന ഒന്നാവും. പാർലിമെന്റി ലെ ജോലി അതിന്റെ ഡിഗ്നിറ്റി കൊണ്ടും, ശമ്പളം കൊണ്ടും ആരും കൊതിക്കുന്ന ഒന്നായിരു ന്നു.പക്ഷേ വാർത്താ ഏജൻസി യിലെ ജോലിയാണ് എന്നിലെ പത്രപ്രവർത്തകനെ വളർത്തി എടുത്തത്.'

'അഞ്ച് വർഷം ഡെസ്കിൽ പണി എടുത്താൽ മാത്രം ലഭി ക്കുന്ന പ്രമോഷൻ ഒരു വർഷം കൊണ്ട് കിട്ടി. ബി ജെ പി , സം ഘപരിവാർ ആയിരുന്നു ബീറ്റ്. തൊണ്ണൂറുകളുടെ രണ്ടാം പകുതി മുതൽ രണ്ടായിരത്തിന്റെ ആദ്യ പകുതി വരെ ഇന്ത്യൻ രാഷ്ട്രീയ ത്തിൽ ബി ജെ പി. എന്ന വലത് പക്ഷം വേര് ഉറപ്പിക്കുന്ന കാല ത്താണ് ഞാനവരെ കവർ ചെയ്യു ന്നത്.

രാഷ്ട്രീയപ്പാർട്ടികൾക്ക് മാത്ര മല്ല, പല പത്രവർത്തകർക്കും തൊട്ടുകൂടാത്തവരായിരുന്നു സംഘപരിവാർ അക്കാലത്ത്. അവിടെയ്ക്കാണ് സുരേഷ് ഇറങ്ങിച്ചെന്നത്. ആദിവാസി വിദ്യാഭാസ മേഖലയിൽ സംഘ പരിവാർ നടത്തിക്കൊണ്ടിരുന്ന വിദ്യാഭ്യാസ മുന്നേറ്റങ്ങളും, പ്രകൃ തി ദുരന്ത മേഖലയിൽ അവർ നടത്തിയ ദുരിതാശ്വാസ വാർത്ത കളും മറ്റും പുറംലോകം അറിയു ന്നത് കെ.ജി.സുരേഷിന്റെ റിപ്പോർ ട്ടുകളിലൂടെയാണ്

'അന്ന് എൽ. കെ അദ്വാനിയും മറ്റും വീട്ടിലേക്ക് വിളിച്ച് വാർത്ത തരുമായിരുന്നു. അദ്ദേഹത്തോ ടൊപ്പം ഒരു പാട് യാത്ര ചെയ്തി ട്ടുണ്ട് ' സുരേഷ് പറഞ്ഞു.

ആ തിരക്കിന്റെ കാലത്താണ് ആറുമാസം ഇടവിട്ട് അമ്മയും പിന്നെ അച്ഛനും മരിക്കുന്ന ത്. അതോടെ ഞാനും, ഇളയ സഹോദരി സുനിതയും ദില്ലി യിൽ ഒറ്റക്കായി. 2003 ൽ കട്ട ക്കിൽ വെച്ചായിരുന്നു വിവാഹം. ഭാര്യ മഞ്ജുലത ഒഡീഷക്കാരി യാണ്. ലോയർ ആണെങ്കിലും ഇപ്പോൾ പ്രാക്ടീസ് ചെയ്യുന്നില്ല. മൂത്തമകൾ നവ്യ പൂനയിൽ മെ ഡിസിന് പഠിക്കുന്നു. ഇളയവൾ യാന, സ്കൂളിലും.

'പത്രപ്രവർത്തനം അതിന്റെ സാച്ചുറേഷനിൽ എത്തിയപ്പോൾ അത് വിട്ടു.അങ്ങിനെയാണ്

**ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് മാസ് കമ്യൂണിക്കേഷന്റെ ആദ്യ മലയാളി ഡയരക്ടർ ജനറൽ ആയി. 2016 ൽ ആണ് ഡി.ജിയായി ചുമതലയേറ്റത്. കേരളത്തിലെ പാമ്പാടിയിൽ ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് മാസ് കമ്യൂണി ക്കേഷന്റെ കാമ്പസ് തുടങ്ങുന്നത് അദ്ദേഹമാണ്. അവിടെ ആദ്യ മലയാളം ജേർണ്ണലിസം കോഴ്സ് തുടങ്ങുന്നതും.**

അക്കാദമിക് രംഗത്തേക്ക് കടന്ന ത്. ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് മാസ് കമ്യൂണിക്കേഷന്റെ ആദ്യ മലയാളി ഡയരക്ടർ ജനറൽ ആയി. 2016 ൽ ആണ് ഡി.ജിയാ യി ചുമതലയേറ്റത്. കേരളത്തിലെ പാമ്പാടിയിൽ ഇന്ത്യൻ ഇൻസ്റ്റിട്യൂ ട്ട് ഓഫ് മാസ് കമ്യൂണിക്കേഷന്റെ കാമ്പസ് തുടങ്ങുന്നത് അദ്ദേഹ മാണ്. അവിടെ ആദ്യ മലയാളം ജേർണ്ണലിസം കോഴ്സ് തുടങ്ങു ന്നതും.

'പാമ്പാടി ക്യാമ്പസ്സിന്റെ ഗേറ്റ് വരെ ഡിസൈൻ ചെയ്ത് അപ്രൂ വ് ആക്കിയത് ഞാനാണ്.' ഇത് കൂടാതെ ഇക്കാലത്ത് തന്നെ ജമ്മുവിലും, അമരാവതിയിലും, മേഘാലയയിലും ക്യാമ്പസുകൾ തുടങ്ങി. സമൂഹ സംവാദങ്ങളു ടെ അജണ്ട സെറ്റുചെയ്യുന്നത് പത്രപ്രവർത്തകരാണ്. അതു കൊണ്ട് തന്നെ ഡോക്ടറും, എഞ്ചിനീയറും പോലെ നല്ല പത്രപ്രവർത്തകരും സമൂഹത്തി ന്റെ ആരോഗ്യ സംരക്ഷണത്തിന് അത്യാവശ്യമാണ്.

'മറക്കാനാവാത്ത കവറേജ് ?'

'ഞാൻ പറഞ്ഞല്ലോ, അന്ന് അദ്വാനിക്കാപ്പം ഒരുപാട് യാത്ര ചെയ്യുമായിരുന്നു. 2004-ൽ ബിജെ പി യ്ക്ക് അധികാരം നഷ്ടമായ തിന്റെ പിറ്റേ വർഷം അദ്വാനി പാകിസ്ഥാനിലേക്ക് നടത്തിയ യാത്രയിൽ മുഹമ്മദ് അലി ജി ന്നയെ സെക്കുലർ എന്ന് പുകഴ് ത്തികൊണ്ട് സന്ദർശകബുക്കിൽ ഒരു കുറിപ്പ് എഴുതി. വിസിറ്റേർ സ് ബുക്ക് സാധാരണ ഗതിയിൽ പത്രപ്രവർത്തകർക്ക് ആക്സസ് ഇല്ല . എങ്കിലും അദ്വാനി യുടെ സഹായിയായ സുധീന്ദ്ര കുൽ ക്കർണ്ണി ആ കുറിപ്പ് എനിക്ക് കാണിച്ച് തന്നു. അന്ന് ഇന്നത്തെ പോലെ ഫോട്ടോ എടുക്കാൻ മൊബൈൽ ഫോൺ ഒന്നും ഇല്ല. ഞാൻ അത് പകർത്തി എടുത്തു. ഇന്ത്യൻ വലത് പക്ഷത്തിന്റെ ആജന്മ ശത്രുവായ മഹമ്മദ് അലി ജിന്നയെ അദ്വാനി പുകഴ്ത്തിയത് പി.ടി.ഐ എന്ന വാർത്താ ഏജൻ സിയിലൂടെ ലോകം അറിഞ്ഞു. പിറ്റേ ദിവസം ഇന്ത്യയിലെ എല്ലാ പത്രങ്ങളിലെയും തലക്കട്ടായി അത് നിറഞ്ഞ് നിന്നു.'

'ബിജെപിയിൽ തലമുറ മാറ്റ ത്തിന് വഴിമരുന്നിട്ടത് അന്നത്തെ ആ വാർത്തയാണ്. ബിജെപിയിൽ അന്നത്തെ യുവനേതാവായിരുന്ന പ്രമോദ് മഹാജൻ യുഗം ആരം ഭിച്ചെങ്കിലും, അദ്ദേഹം സ്വന്തം സഹോദരന്റെ വെടിയേറ്റ് വീണ തോടെ അതും അവസാനിച്ചു. ഈ പൊളിറ്റിക്കൽ വാക്വത്തി ലേക്കാണ് അന്ന് ഗുജറാത്തിലെ പ്രാദേശിക നേതാക്കൾ മാത്രമാ യിരുന്ന മോദിയും, അമിത് ഷാ യും മറ്റും കടന്ന് ഇരുന്നത്.'

രാഷ്ട്രീയം തൊട്ടടുത്ത് നിന്ന് കണ്ടനുഭവിച്ച് റിപ്പോർട്ട് ചെയ്ത ഒരു പത്രപ്രവർത്തന്റെ നിരീ ക്ഷ്ണ ചടുലത സുരേഷിന്റെ വാ ക്കുകളിൽ വ്യക്തമായിരുന്നു.

വൈസ് ചാൻസലർ എന്ന നിലയിൽ മധ്യപ്രദേശിന്റെ വിവിധ ഭാഗങ്ങളിൽ പുതിയ ക്യാമ്പസ്സു കൾ തുടങ്ങുന്നതിന്റെ തിരക്കിലാ ണ് ഇപ്പോൾ. ധാക്കയിലും പുതിയ ക്യാമ്പസ്സ് വരുന്നുണ്ട്. അതിന്റെ രൂപരേഖ ചിട്ടപ്പെടുത്താനാണ് ബംഗ്ലാദേശിലേക്ക് പോയത്.

ഇഷ്ടമുള്ള ജോലി, അത് എന്തുമാവട്ടെ, ഇരുപത്തിനാല് മണിക്കൂറും ശ്രദ്ധയോടെ ചെയ് ത് കൊണ്ടിരിക്കുക. അത് തുടർ ന്നാൽ ജീവിതത്തിൽ എന്തെങ്കി ലും ആവാൻ പ്രത്യേകിച്ച് ഒന്നും ചെയ്യേണ്ടതില്ല. തന്നെ ആയ് കൊള്ളും. ഈ കാഴ്ചപ്പാടാണ് കരുമങ്ങാനം ഗോവിന്ദൻ സുരേ ഷ് എന്ന കെ.ജി സുരേഷിനെ വൈസ് ചാൻസലർ പദവിയിലെ ത്തിച്ചത്. ●

P M Narayanan
D 306, Anandlok Apartment
Mayur Vihar Phase 1,New Delhi
Pin:110091,Mobile: 9899146665
K.G Suresh, 34 A, Pocket C,
MayurVihar Phase 2, New Delhi
Pin:110092 Mobile: 98186 17350




*സ്വസ്തിയുടെ നവരാത്രി പതിപ്പിന്റെ കവർ സ്റ്റോറി മനോരമയുടെ നവരാത്രിദിന സ്പെഷ്യൽ ഫീച്ചർ ആയപ്പോൾ*

# ചെറിയ സ്വസ്തിയുടെ വലിയ ഇമ്പാക്ട്

**പാനാട് പദ്മനാഭൻ നമ്പൂതിരി**



ഒരു പ്രസിദ്ധീകരണത്തിന്റെ ശക്തി തിരിച്ചറിയാനുള്ള എളുപ്പവഴി അതുണ്ടാക്കുന്ന ഇമ്പാക്ട് നോക്കലാണ്. മറ്റു പ്രസിദ്ധീകരണങ്ങൾ അതിന്റെ സ്റ്റോറിയെ പിന്തുടരുന്നുണ്ടെങ്കിൽ അതാണ് ഏറ്റവും വലിയ ഇമ്പാക്ട്. ഒപ്പീനിയൻ ബിൽഡേഴ്സ് ആയവർ ആ പ്രസിദ്ധീകരണം കാണുകയും അവർക്ക് അതു കൊള്ളാമെന്ന് തോന്നുകയും ചെയ്യുമ്പോൾ മാത്രം സംഭവിക്കുന്ന ഇമ്പാക്ടാണ് അത്.

സ്വസ്തിയുടെ നവരാത്രി പതിപ്പിന്റെ കവർ സ്റ്റോറി ഇന്ത്യയിലെ ഏറ്റവും പ്രചാരമുള്ള ഭാഷാദിനപത്രമായ മലയാള മനോരമ അവരുടെ നവരാത്രിദിന സ്പെഷ്യൽ ഫീച്ചർ ആക്കിയിരിക്കുന്നു. അതും സ്വസ്തിക്ക് അക്നോളെജ്മെന്റ് നൽകിക്കൊണ്ട്.




**വൈക്കം സത്യാഗ്രഹസമയത്ത് ഗാന്ധിജി വന്ന ഇണ്ടൻതുരുത്തി മനയെക്കുറിച്ച് രണ്ടു ലക്കം മുമ്പ് സ്വസ്തി കവർ സ്റ്റോറി ചെയ്തിരുന്നു. ഓച്ചിറ ഉണ്ണികൃഷ്ണൻ നമ്പൂതിരിയാണ് അത് ചെയ്തത്. വളച്ചൊടിച്ച നുണകളിൽ നിന്ന് സത്യം വേർതിരിച്ചെടുത്ത ആ ഫീച്ചർ സ്വസ്തിക്ക് ധാരാളം പുതിയ വായനക്കാരെ നേടിത്തന്നു. അവരിലൊരാളായിരുന്നു മലയാള മനോരമയുടെ ഡൽഹിയിലെ റെസിഡന്റ് എഡിറ്ററും ഇന്ത്യയിലെ ഏറ്റവും മികച്ച യുദ്ധകാര്യലേഖകരിൽ ഒരാളുമായ ആർ പ്രസന്നൻ.**

വി.ടി ഭട്ടതിരിപ്പാടിനെ അക്ഷരം പഠിപ്പിച്ച നങ്ങേലിയെന്ന തിയ്യാടിപ്പെൺകുട്ടിയെ നൂറു വർഷങ്ങൾക്കിപ്പുറം അന്വേഷിച്ച് കണ്ടെത്തി മലയാളിക്ക് വായനാനുഭവം നൽകുകയായിരുന്നു സ്വസ്തി ചെയ്തത്. സ്വസ്തിയുടെ ചീഫ് എഡിറ്റർ കെ.എം പരമേശ്വരനാണ് ആ സ്റ്റോറി കണ്ടെടുത്തതും വികസിപ്പിച്ചതും.

വായിപ്പിക്കുന്ന സ്റ്റോറിയാണ് അതെന്ന് തിരിച്ചറിയാൻ മനോരമയ്ക്ക് ഒട്ടും ആലോചിക്കേണ്ടി വന്നില്ല. മറ്റൊരു പ്രസിദ്ധീകരണത്തിൽ വന്നതിന്റെ പേരിൽ മാറ്റി വയ്ക്കുകയല്ല, മറിച്ച് അതിനെ ഉപജീവിച്ച് അതേ നവരാത്രിക്ക് അക്ഷരസദ്യ ഒരുക്കുകയാണ് മനോരമ ചെയ്തത്. അതും ആ പെൺകിടാവിനെ കണ്ടെത്തിയത് സ്വസ്തിയാണെന്ന് ആദ്യപാരഗ്രാഫിൽ തന്നെ അറിയിച്ചു കൊണ്ട്. അതിന്റെ ക്രെഡിറ്റ് പരസ്യമായി തന്നെ സ്വസ്തിക്ക് നൽകിയിരിക്കുന്നു മനോരമ.

മനോരമയുടെ ആദ്യ പാരഗ്രാഫ് ഇങ്ങനെ:

വി.ടി.ഭട്ടതിരിപ്പാട് വെളിപ്പെടുത്തി




*ആ പെൺകിടാവിന കണ്ടെത്തിയ ത് സ്വസ്തിയാണെന്ന് ആദ്യ പാരഗ്രാഫിൽ തന്നെ അറിയിച്ചു കൊണ്ട് നങ്ങേലിയെ കണ്ടെത്തി യതിനുള്ള ക്രെഡിറ്റ് മനോരമ പരസ്യമായി തന്നെ സ്വസ്തിക്ക് നൽകിയപ്പോൾ*

യില്ല, അധികമാരും അന്വേഷിച്ചതുമില്ല...! കണ്ണീരും കിനാവും എന്ന ആത്മകഥ വായിച്ചവരാരും വി.ടി.ക്ക് അക്ഷര വെളിച്ചം പകർന്ന തിയ്യാടി പ്പെൺകുട്ടിയെ മറക്കില്ല. 'അയ്യപ്പൻ കാവിലെ അന്തരീക്ഷത്തിൽ ആ തിയ്യാടി പെൺകുട്ടി കൊളുത്തിത്തന്ന കെടാവിളക്കാണു പിൽക്കാല ജീവിതത്തിൽ എനിക്കു മാർഗനിർദേശം നൽകിയ മഹാജ്യോതിസ്സ് എന്നോർക്കുമ്പോൾ കൃതജ്ഞത കൊണ്ട് എന്റെ കണ്ണുകൾ നിറഞ്ഞു പോകുന്നു'. ആത്മകഥയിലെ ഏറ്റവും വൈകാരികമായ മുഹൂർത്തം. എന്നാൽ തിയ്യാടിപ്പെൺകുട്ടി എന്ന വിശേഷണത്തിനപ്പുറം ആരാണവളെന്ന് ആത്മകഥയിലില്ല. ഒരിക്കൽ പോലും തന്റെ 'ഗുരുനാഥ'യെ അന്വേഷിക്കാനും വി.ടി. തയാറായില്ല. 110 വർഷങ്ങൾക്കിപ്പുറം, വി .ടി.യെ അക്ഷരം പഠിപ്പിച്ച ആ തിയ്യാടി പെൺകുട്ടി ആരെന്നു കണ്ടെത്തിയിരിക്കുകയാണു യോഗക്ഷേമ സഭയുടെ മാസികയായ സ്വസ്തി.

ചരിത്രം മറന്ന അവളുടെ പേര് നങ്ങേലി. 1965ൽ മരിച്ചു; 'കണ്ണീരും കിനാവും ' പുറത്തു വരുന്നതിന് അഞ്ചു വർഷം മുൻപ്. വി.ടി. 1970ൽ എഴുതിയ ആത്മകഥയിൽ ഒരു വരിയിൽ പരാമർശിച്ചു പോയ അവൾ ഒരു അമ്പലവാസി പെൺകുട്ടി മാത്രമായിരുന്നില്ല. തിയ്യാടി സമൂഹത്തിന്റെയും നമ്പൂതിരി സമുദായത്തിന്റെയും ഉന്നമനത്തിനു വിദ്യയുടെ വെളിച്ചം പകരാനുള്ള നിയോഗം അവൾക്കുണ്ടായിരുന്നു.അന്നു നിലനിന്നിരുന്ന വ്യവസ്ഥിതികളെയും മാമൂലുകളെയും മറികടന്നു വിദ്യാഭ്യാസത്തിലൂടെ തലമുറയെ മുന്നോട്ടു നയിക്കാൻ തന്നാലാവുന്നതു നങ്ങേലി ചെയ്തു.

കഴിഞ്ഞ ലക്കം സ്വസ്തിയുടെ ഈ കവർ സ്റ്റോറി മനോരമയിൽ വന്ന വഴി കൂടി പറയേണ്ടതുണ്ട്. അത് മറ്റൊരു ഇമ്പാക്ടിൽ നിന്ന് തുടങ്ങുന്നു. വൈക്കം സത്യാഗ്രഹസമയത്ത് ഗാന്ധിജി വന്ന ഇണ്ടൻതുരുത്തി മനയെക്കുറിച്ച് രണ്ടു ലക്കം മുമ്പ് സ്വസ്തി കവർ സ്റ്റോറി ചെയ്തിരുന്നു. ഓച്ചിറ ഉണ്ണികൃഷ്ണൻ നമ്പൂതിരിയാണ് അത് ചെയ്തത്. വളച്ചൊടിച്ച നുണകളിൽ നിന്ന് സത്യം വേർ തിരിച്ചെടുത്ത ആ ഫീച്ചർ സ്വസ്തിക്ക് ധാരാളം പുതിയ വായനക്കാരെ നേടിത്തന്നു. അവരിലൊരാളായിരുന്നു മലയാള മനോരമയുടെ ഡൽഹിയിലെ റെസിഡന്റ് എഡിറ്ററും ഇന്ത്യയിലെ ഏറ്റവും മികച്ച യുദ്ധകാര്യലേഖകരിൽ ഒരാളുമായ ആർ പ്രസന്നൻ.

അദ്ദേഹം സ്വസ്തിയെ സീരിയസായി ശ്രദ്ധിക്കാൻ തുടങ്ങി. കഴിഞ്ഞ ലക്കത്തിൽ വി.ടിയുടെയും നങ്ങേലിയുടെയും കവർ സ്റ്റോറി കണ്ടപ്പോൾ അന്നു തന്നെ അദ്ദേഹം അത് മനോരമയിൽ ചെയ്യാനായി ഏർപ്പാടാക്കി. അങ്ങനെ ഡൽഹിയിലെ ആർ പ്രസന്നനിൽ നിന്ന് കോട്ടയത്തെ ജോസ് പനച്ചിപ്പുറത്തിലൂടെ പാലക്കാട്ടെ ബിജിൻ സാമുവലിലേക്ക്. മനോരമയുടെ റിപ്പോർട്ടറും ഫോട്ടോഗ്രാഫറും സ്വസ്തി സഞ്ചരിച്ച അതേ വഴികളിലൂടെ ഒടിക്കൽക്കൂടി നടന്നു. മുണ്ടമുക അയ്യപ്പൻ കാവും നങ്ങേലിയുടെ മകൻ ഡോക്ടർ ശങ്കരൻകുട്ടിയുമെല്ലാം മനോരമയിലും ഇടം പിടിച്ചു. അതോടൊപ്പം തിയ്യാടി സമുദായവും.

കേവലം ഒരു സമുദായ പ്രസിദ്ധീകരണം എന്ന ഇമേജിനപ്പുറം പൊതുസ്വീകാര്യതയുള്ള പ്രസിദ്ധീകരണമെന്ന നിലയിലേക്കുള്ള വളർച്ചയാണ് ഇത്തരം ഇമ്പാക്ടുകളിലൂടെ ഉണ്ടായിവരിക. പ്രമുഖ എഴുത്തുകാരായ സി. രാധാകൃഷ്ണനും, ജോർജ് ഓണക്കൂറും, പ്രഭാവർമ്മയും, മധുസൂദനൻ നായരും, കിളിരൂർ രാധാകൃഷ്ണനുമെല്ലാം സ്വസ്തിയിൽ എഴുതാൻ തുടങ്ങിയതു പോലും പൊതുസ്വീകാര്യതയുള്ളതിനാലാണ്. ഇങ്ങനെ പൊതുസമൂഹത്തിലെ ഒപ്പീനിയൻ ബിൽഡേഴ്സ് സ്വസ്തിയെ ഏറ്റെടുക്കുന്നതിന്റെ ഏറ്റവുമൊടുവിലത്തെ ഉദാഹരണമാണ് ഈ വലിയ ഇമ്പാക്ട്.

ഒരു ഫോട്ടൊ പോലും അവശേഷിപ്പിക്കാതെ, പൊതു സമൂഹത്തിന്റെ കണ്ണിലൊന്നും പെടാതെ, ഒരു ചരിത്രരേഖയിലും ഇടം പിടിക്കാതെ അരനൂറ്റാണ്ടിനപ്പുറം കാലയവനികയിൽ മറഞ്ഞ ആ നങ്ങേലി ഇനി കേരളത്തിൽ പല പുസ്തകങ്ങളിലും രേഖകളിലും മീഡിയകളിലും പുനർജനിക്കുമെന്ന് തീർച്ച. അതിനു തുടക്കമാവാൻ കഴിഞ്ഞത് സ്വസ്തിക്കും ചാരിതാർത്ഥ്യമുളവാക്കുന്നു ●

(കേരളകൗമുദിയുടെ പ്ളാനിംഗ് ആൻഡ് കോ ഓഡിനേഷൻ എഡിറ്ററായിരുന്ന ലേഖകൻ സ്വസ്തിയുടെ അസോസിയേറ്റ് എഡിറ്ററാണ്. പാനാട് പദ്മനാഭൻ നമ്പൂതിരി, ശ്രീലകം, പെരുമൺപുറ ക്ഷേത്രത്തിനു സമീപം, പി. ഒ പെരുമണ്ണ, കോഴിക്കോട് ജില്ല, പിൻ 673019 മൊബൈൽ 9400992823)




# അമ്മയാണെന്ന് പറഞ്ഞിട്ട് സുഹൃത്തുക്കൾ പോലും ആദ്യം വിശ്വസിച്ചില്ല

**വി.ടി ഭട്ടതിരിപ്പാടിന്റെയും നങ്ങേലിയുടെയും കാലശേഷമാണെങ്കിലും, വി ടിയുടെ കണ്ണീരും കിനാവും എന്ന ആത്മകഥയിൽ പരാമർശിക്കപ്പെട്ട ആ തിയ്യാടി പെൺകുട്ടിയുടെ പേരും പിൽക്കാല ജീവിതസാഹചര്യവും അറിയാനായി സ്വസ്തി ചെയ്ത ശ്രമം ഒക്ടോബർ (വിദ്യാരംഭം) പതിപ്പിനെ ഒരു വി ടി പതിപ്പിലുപരി ഒരു തിയ്യാടി പതിപ്പാക്കിത്തന്നെ മാറ്റിയതായി ഞാൻ കാണുന്നു. ആ ലേഖനങ്ങളിൽ പറയാൻ വിട്ടു പോയ ചില കാര്യങ്ങൾ ഇവിടെ കുറിയ്ക്കുന്നു**

**മുളങ്കുന്നത്തുകാവ് രാമൻ നമ്പ്യാർ**



വർഷങ്ങൾക്കു മുമ്പാണ്. തൃപ്പൂണിത്തുറയിലെ പ്രശസ്തമായ അത്തച്ചമയത്തിന്നു അവതരിപ്പിച്ച നിശ്ചലദൃശ്യത്തിൽ ഒരു പെൺകിടാവ്.'വി ടിയെ അക്ഷരം പഠിപ്പിക്കുന്ന തിയ്യാടി പെൺകുട്ടി'. ആ പെൺകുട്ടിയുടെ മൂത്ത പുത്രനും തൃപ്പൂണിത്തുറയിൽത്തന്നെ സ്ഥിരതാമസക്കാരനുമായിരുന്ന കേശവൻകുട്ടി നമ്പ്യാരും അന്നുണ്ടായിരുന്നു. ആ ദൃശ്യം കാണാൻ. അത് കണ്ട് ഏറെ അഭിമാനം തോന്നിയ അയാൾ അടുത്തു നിന്ന കൂട്ടുകാരനോട് പറഞ്ഞു. ആ നിശ്ചലദശ്യത്തിലുള്ളത് തന്റെ അമ്മയാണെന്ന്. അപ്പോൾ സുഹൃത്തുക്കൾപ്പോലും ആദ്യം വിശ്വസിക്കാൻ തയ്യാറായില്ലത്രെ. കേശവൻകുട്ടി നമ്പ്യാരുടെ ഭാര്യ ആര്യാദേവി




*സ്വസ്തി ഒക്ടോബർ ലക്കം കവർ സ്റ്റോറി*

തന്നെ എന്നോട് പറഞ്ഞതാണ് ഈ അനുഭവം.

ഇത്രയും ഇപ്പോൾ ഓർക്കാൻ കാരണം സ്വസ്തിയാണ്. അത്തച്ചമയത്തിലെ ആ നിശ്ചലദൃശ്യം ഞാനും കണ്ടിട്ടുണ്ട്. ഉള്ളുനിറഞ്ഞിട്ടുമുണ്ട്. എന്റെ ബന്ധുവാണല്ലൊ അവരെന്നോർത്ത്. നങ്ങേലി മരുവോളമ്മയുടെ മകനായ കേശവൻകുട്ടി നമ്പ്യാർ 2019ലാണ് മരിച്ചത്. സ്വസ്തിയിൽ, വി ടി ഭട്ടതിരിപ്പാടിന്റെ അക്ഷരഗുരുവായ തിയ്യാടി പെൺകിടാവിനെക്കുറിച്ചെഴുതിയ ഫീച്ചർ കാണാനിടയായപ്പോൾ പലതും ഓർത്തു. ഇതെഴുതുന്നയാളുടെ അമ്മയുടെ വലിയമ്മായിയും മൂത്ത എട്ടത്തിയമ്മയുടെ അച്ചോളും വല്ല്യോപ്പോളുടെ ശ്വശ്രുവും ആയിരുന്നല്ലോ അവർ. സ്വസ്തി വായിച്ചപ്പോൾ ചിലത് കുറിക്കാതെ വയ്യ എന്നു തോന്നി. ആ ലേഖനങ്ങളിൽ പറയാൻ വിട്ടു പോയ ചില കാര്യങ്ങൾ.

സ്കൂൾ സിലബസ്സിൽ ഉൾപ്പെടുത്തിയ പഠനവിഷയമായും പൊതുവിജ്ഞാനവിഷയത്തിൽ ചോദ്യരൂപത്തിലും ആ തിയ്യാടി പെൺകുട്ടിയെ കണ്ടിട്ടുണ്ട്. വി ടിയുടെ ആത്മകഥയിൽ പരാമർശിക്കപ്പെട്ട ആ തിയ്യാടി പെൺകുട്ടി നിങ്ങളായിട്ട് ബന്ധമുള്ളവരാണോ



*തിയ്യാടി പെൺകുട്ടിയുടെ മൂത്ത ജ്യേഷ്ഠൻ മുണ്ടായ നീലകണ്ഠൻ നമ്പ്യാരും ഭാര്യ പാപ്പുമരുവോളമ്മയും*



*ഭർത്തൃ സഹോദരൻ നാരായണൻ നമ്പ്യാർ*

യെന്ന ചോദ്യം നമ്മൾ പലപ്പോഴും കേട്ടിട്ടുമുണ്ട്. സാമാന്യനിലയിൽ ഒരു സാധാരണ മരുവോളമ്മയായി ജീവിച്ചു മണ്മറഞ്ഞു പോകുമായിരുന്ന ആ തിയ്യാടി പെൺകുട്ടിക്ക് വി ടിയേപ്പോലെ ഉന്നതനായ ഒരാൾ കല്പിച്ചു നൽകിയ സ്ഥാനം അവരുടെ സമുദായത്തിന്നുകൂടി ലഭിച്ച ഒരു ബഹുമതിയായിരുന്നു! തീർച്ചയായും തിയ്യാടി സമുദായത്തിന്നതിൽ അഭിമാനമുണ്ട്.

ആ പെൺകുട്ടി പിൽക്കാലത്ത് ഭർതൃമതിയായി മേഴത്തൂരിനു ഒട്ടും ദൂരെയല്ലാത്ത പെരുമ്പിലാവിലും വരവൂരിലുമായിരുന്നിട്ടും വി ടിയേയും കൊണ്ട് അവർ താമസിക്കുന്നിടത്ത് ഒന്നു പോകാനും കൂട്ടത്തിൽ തനിക്കും അവരെ ഒന്നു കാണാനും തോന്നാതിരിക്കാനുള്ള കാരണം ഇന്നോർത്താൽ മനസ്സിലാവുന്നില്ലെന്ന് വി ടിയുടെ മകൻ വാസുദേവൻ മാഷ് പറയുകയുണ്ടായിട്ടുണ്ട്. വളരെ എളുപ്പം അവരെ കാണാമായിരുന്നിട്ടും അതിനുള്ള അവസരം നഷ്ടമാക്കിയതിൽ തനിക്ക് വലിയ ദു:ഖമുണ്ടെന്നും അദ്ദേഹം പറഞ്ഞിരുന്നു. ഇപ്പോൾ അവർ മരിച്ചിട്ട് അറുപത് വർഷമായി.

വാസ്തവത്തിൽ എന്റെ അമ്മാത്തു പോകുന്നതിലേറെ തവണ ഞാൻ അമ്മയുടെ അമ്മാത്തായ പെരുമ്പിലാവിൽ പോയിട്ടുണ്ട്. അവിടേക്കാണല്ലോ അവരെ വേളി കഴിച്ചു കൊണ്ടു വന്നത്. 1950 ന്നു മുമ്പുതന്നെ അവർ സർക്കാർ ജോലിയുള്ള മൂത്തമകളുടെ കൂടെ വരവൂരിലായിരുന്നു സ്ഥിരതാമസം. അതുകൊണ്ടാണ് എനിക്കവരെ കാണാൻ സാധിക്കാഞ്ഞത്. 1964 ൽ അവർ മരിക്കുമ്പോൾ എനിക്ക് ഒമ്പതു വയസ്സായിരുന്നു.

**വിവാഹിതരെങ്കിലും ഭർത്താവിന്റെ രണ്ടു സഹോദരിമാരും സ്വഗൃഹത്തിൽതന്നെ കഴിയേണ്ട അവസ്ഥയായി. ഈ സാഹചര്യം സ്വാഭാവികമായും ബാധിച്ചത് നങ്ങേലിയെയായിരുന്നു. ഭർതൃഗൃഹത്തിൽ അവരുടെ ജീവിതം ഒട്ടും സന്തോഷകരമായിരുന്നില്ല. ഒരു പരിധിവിട്ട് ആരെയും ഇക്കാര്യത്തിൽ കുറ്റപ്പെടുത്താനുമാവില്ല. കാളയും കയറും വിടാൻ വയ്യാത്തവിധം ഭാര്യയേയും സഹോദരിമാരെയും തള്ളാൻ പറ്റാത്ത അവസ്ഥയായിരുന്നു കേശവൻ നമ്പ്യാരുടേത്.**

ലേഖനങ്ങളിൽ സൂചിപ്പിച്ചവിധം എട്ടു മൂലകുടുംബങ്ങളിൽ ഒതുങ്ങി, നൂറു-നൂറ്റിയമ്പതോളം മാത്രം അംഗസംഖ്യയുള്ള ഒരു അണുപ്രായമായ അവാന്തര-ബ്രാഹ്മണ (അമ്പലവാസി) സമുദായമാണ് തിയ്യാടി നമ്പ്യാരുടേത്. ഗീത-നൃത്ത-വാദ്യ-ആലേഖ്യ-അഭിനയാദി സുകുമാരകലകൾ സമഞ്ജസമായി സമ്മേളിക്കുന്ന ആയിരത്താണ്ടുകൾ പഴക്കമുള്ള അയ്യപ്പൻ തിയ്യാട്ട് ആണ് തിയ്യാടി നമ്പ്യാരുടെ കുലവൃത്തി.

കുലവൃത്തിക്കപ്പുറം, ഡോക്ടറേറ്റുകാരും മെഡിക്കൽ ഡോക്ടർമാരും എഞ്ചിനീയർമാരും സിഏക്കാരും സർക്കാർ ഉദ്യോഗസ്ഥന്മാരും അദ്ധ്യാപകരും മറ്റു കലാരംഗത്തുള്ളവരും ഈ സമുദായത്തിൽ ഉണ്ടായിട്ടുണ്ട്. മദ്രാസ് പോർട്ട് ട്രസ്റ്റ് ചെയർമാൻ, പഴയ മദ്രാസ് സംസ്ഥാനത്തിന്റെ ചീഫ് സെക്രട്ടറി എന്നീ ഉന്നത പദവിയിലിരുന്നവരുമുണ്ട്. എന്നാൽ അവർക്കാർക്കും ലഭിക്കാത്ത പേരും പ്രശസ്തിയുമാണ് വി ടിയുടെ ഗുരുനാഥയെന്ന സ്ഥാനം ഒന്നുകൊണ്ടുമാത്രം ആ തിയ്യാടി പെൺകുട്ടിക്കു ലഭിച്ചത്.

മറ്റു തിയ്യാടികളെ അപേക്ഷിച്ച് സാമാന്യേന സാമ്പത്തിക ഭദ്രതയും സ്വന്തമായി കൃഷിയും വേണ്ടത്ര ഭൂമിയുമുള്ള പെരുമ്പിലാവ് തിയ്യാടിയിലെ നാലുകെട്ടിലേക്കാണ് അവരെ വേളികഴിഞ്ഞ് കുടിവെച്ചത്. കേശവൻ നമ്പ്യാരായിരുന്നു ഭർത്താവ്. ഉദയാസ്തമനക്കൂത്തിന്നുശേഷം അനുബന്ധമായ പന്തീരായിരം തേങ്ങേറും നിർവഹിച്ച് കടത്തനാട്ടു തമ്പുരാനിൽ നിന്ന് പട്ടും വളയും വാങ്ങാൻ ഭാഗ്യമുണ്ടായ ആൾ. പഴയ സമ്പ്രദായത്തിലെ കുടുമയും കടുക്കനും മരണം വരെ ധരിച്ചിരുന്ന ഏക തിയ്യാടി നമ്പ്യാർ.

മാറ്റവിവാഹമായിരുന്നു നങ്ങേലി മരുവോളമ്മയുടേത്. ഭർത്താവിന്റെ ഓപ്പോളായ ഉമാദേവിയെ നങ്ങേലിയുടെ അപ്ഫനായ തായമ്പക വിദ്വാൻ മുണ്ടായ തിയ്യാടി നാരായണൻ നമ്പ്യാർ വിവാഹം ചെയ്തു. അത്തരം മാറ്റവിവാഹങ്ങൾ സാധാരണയായിരുന്നു അക്കാലത്ത്. നിർഭാഗ്യമെന്നു പറയട്ടെ, ചെർപ്പുളശ്ശേരിയിലുള്ള ഒരു നായർ സ്ത്രീയുമായി തായമ്പക നമ്പ്യാർക്കു ബന്ധമുണ്ടായിരുന്നു. അതുകാരണം വിവാഹബന്ധംതന്നെ ഉപേക്ഷിക്കേണ്ടിവന്ന മരുവോളമ്മ പെരുമ്പിലാവിലെ ജന്മഗൃഹത്തിൽ ത്തന്നെ തിരികെ എത്തി. നമ്പ്യാർക്ക് അവരിൽ മക്കളില്ല; പകരം നായർ സ്ത്രീയിൽ ഉണ്ട്താനും.

കൂനിന്മേൽ കുരുവെന്നപോലെ, ഭർത്താവ് കേശവൻ നമ്പ്യാരുടെ ഇളയ സഹോദരിയായ ഇട്ടിച്ചിരിയെ സമുദായത്തിൽനിന്നു വേൾക്കാൻ ആളില്ലാത്തതിനാൽ ഇരിങ്ങാലക്കുട തിയ്യാടിയിലെ രാമൻ നമ്പ്യാരേക്കൊണ്ട് (വേളി)ക്രിയ കഴിപ്പിച്ചിരുന്നെങ്കിലും അവരെ അവിടേക്ക് കുടിവെച്ചിരുന്നില്ല. നങ്ങേലിയുടെ പേരശ്ശിയായിരുന്നു രാമൻ നമ്പ്യാരുടെ ഭാര്യ. അക്കാരണത്താൽ അവ

# ആ തിയ്യാടി പെൺകുട്ടിയുടെ

ആ തിയ്യാടി പെൺകുട്ടിയുടെ ആരായി വരും നിങ്ങൾ? അതേ ചോദ്യം മറ്റൊരാളുടെ കാര്യത്തിലും ഞങ്ങൾ കേൾക്കാറുണ്ട്. 'സാക്ഷാൽ തിയ്യാടി നമ്പ്യാരു'ടെ ആരായിവരും നിങ്ങൾ എന്നതാണത്. കഴിഞ്ഞ നൂറ്റാണ്ടിലെ തായമ്പക ചക്രവർത്തിയായിരുന്ന മുണ്ടായ തിയ്യാടി നാരായണൻ നമ്പ്യാരെക്കുറിച്ചാണ് ആ ചോദ്യം. കഥകളിയിലെ കല്ലുവഴിച്ചിട്ടപോലെ തായമ്പകയിലെ മലമക്കാവ് ശൈലിയുടെ ഉപജ്ഞാതാവും അവസാനവാക്കുമായിരുന്ന മലമക്കാവ് കേശവപ്പൊതുവാൾക്കുശേഷം തായമ്പക കൊട്ടിയിരുന്ന ഒരേ ഒരാളായിരുന്നു തിയ്യാടി നമ്പ്യാർ. തായമ്പകയിലെ പാലക്കാടൻ ശൈലിയുടെ ഉപജ്ഞാതാവായി അറിയപ്പെടുന്ന അദ്ദേഹം തിയ്യാടി പെൺകുട്ടിയുടെ അപ്ഫനായിരുന്നു. ഒരേ കളരിയിൽ ഒന്നിച്ച് അഭ്യാസം ചെയ്തിരുന്ന ഈ പൊതുവാൾ-നമ്പ്യാർമാർ തായമ്പകയിലെ വ്യത്യസ്തങ്ങളായ രണ്ടു പ്രമുഖ ശൈലികളുടെ ഉപജ്ഞാതാക്കളായതിലെ അത്ഭുതം ഏറെ വലുതാണ്. ഇതെഴുതുന്നയാളുടെ അമ്മയുടെ പേരശ്ശിയായ ഉമാദേവി മരുവോളമ്മയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ.

നങ്ങേലിയെ വേളികഴിച്ച പെരുമ്പിലാവ് തിയ്യാടി കേശവൻ നമ്പ്യാരുടെ അനുജത്തിയുടെ ഭർത്താവായ മലമക്കാവ് തിയ്യാടി നാരായണൻ നമ്പ്യാരെപ്പറ്റി ലേഖനങ്ങളിൽ പരാമർശിച്ചു കണ്ടില്ല. തിയ്യാട്ടുരംഗത്തെ പ്രമുഖനും ഗാന്ധിയൻ, ഗ്രന്ഥകാരൻ, സ്വാതന്ത്ര്യസമരസേനാനി, തികഞ്ഞ സഹൃദയൻ എന്നീ നിലയിൽ പല വ്യക്തിത്വങ്ങൾക്കും ഉടമയായിരുന്ന അദ്ദേഹം വി ടി ഭട്ടതിരിപ്പാടിന്റെ സമീപദേശസ്ഥനും വളരെ അടുത്ത സുഹൃത്തുമായിരുന്നു. ടി എൻ മലമൽ എന്ന പേരിൽ പല ആനുകാലികങ്ങളിലും ലേഖനങ്ങളും കവിതയും കത്തും എഴുതിയിരുന്ന നമ്പ്യാർ മലമലിന്റെ മനോരാജ്യങ്ങൾ എന്ന പുസ്തകവുമെഴുതി. മഹാകവി വള്ളത്തോൾ, നാലപ്പാട്ട്

രും ഭർത്താവുപേക്ഷിച്ച ഉമാദേവി മരുവോളമ്മയെപ്പോലെത്തന്നെ സ്വന്തം ഗൃഹത്തിൽ ഏട്ടന്റെ സംരക്ഷണത്തിലായിരുന്നു ആജീവനാന്തം കഴിഞ്ഞിരുന്നത്.

അങ്ങനെ വിവാഹിതരെങ്കിലും ഭർത്താവിന്റെ രണ്ടു സഹോദരിമാരും സ്വഗൃഹത്തിൽതന്നെ കഴിയേണ്ട അവസ്ഥയായി. ഈ സാഹചര്യം സ്വാഭാവികമായും ബാധിച്ചത് നങ്ങേലിയെയായിരുന്നു. ഭർതൃഗൃഹത്തിൽ അവരുടെ ജീവിതം ഒട്ടും സന്തോഷകരമായിരുന്നില്ല. ഒരു പരിധിവിട്ട് ആരെയും ഇക്കാര്യത്തിൽ കുറ്റപ്പെടുത്താനുമാവില്ല. കാളയും കയറും വിടാൻ വയ്യാത്തവിധം ഭാര്യയേയും സഹോദരിമാരെയും തള്ളാൻ പറ്റാത്ത അവസ്ഥയായിരുന്നു കേശവൻ നമ്പ്യാരുടേത്.

നങ്ങേലിക്കുണ്ടായ അഞ്ചുമക്കളിൽ ആദ്യമൂന്നുപേരും പെൺകുട്ടികളായിരുന്നു. മൂന്നാംകാൽ ഒരു പുരുഷപ്രജക്കായി മോഹിച്ചും പ്രാർത്ഥിച്ചും കഴിഞ്ഞിരുന്ന സമയത്ത് വീണ്ടും പെൺകുട്ടിയെത്തന്നെ പ്രസവിച്ചു. അപ്പോൾ, 'അതിനെ ആ വടക്കേ പാടത്തേക്കിട്ടേയ്ക്ക്' എന്നു പറഞ്ഞതും പെറ്റമ്മ കേൾക്കേണ്ടതായി വന്നു. അതെന്തായാലും തുടർന്ന് മോഹം പോലെ രണ്ടു ഉണ്ണികൾക്ക് ജന്മം നൽകാനും അവർക്ക് യോഗമുണ്ടായി. മറ്റെന്തു സാഹചര്യമായിരുന്നാലും, ആൺമക്കളെ പഠിപ്പിച്ചു നല്ലൊരു വഴിയിലാക്കാനും പെൺമക്കളെ യഥാസമയം വേളികഴിച്ചു കൊടുക്കാനും ഭാഗ്യമുണ്ടായി. മൂത്ത മകൾ കേരള സർക്കാർ സർവീസിലും മൂത്ത മകൻ ഇന്ത്യൻ ഓയിൽ കോർപറേഷനിലും ജോലി ലഭിച്ചു കാണാൻ മരണത്തിന്നുമുമ്പ് അവർക്ക് സാധിച്ചു.

മൂത്തമകൾ അമ്മിണിമരുവോളമ്മ വേളികഴിഞ്ഞ് കുട്ടികളുമായ കാലത്ത് ഉദ്യോഗസംബന്ധമായി വരവൂരിലാണ് താമസിച്ചിരുന്നത്. കുട്ടികളെ നോക്കാനെന്നതിലുപരി കലുഷകരമായ കുടുംബാന്തരീക്ഷത്തിൽനിന്നു അമ്മയെ രക്ഷിക്കുകയെന്നതാണ് തന്റെ പ്രഥമദൗത്യം എന്നു കരുതിയാവാം, അവർ നങ്ങേലിയെ വരവൂരിൽ കൊണ്ടുവന്നത്. അവരെ സംബന്ധിച്ചിടത്തോളം ഭർതൃഗൃഹത്തിലെ ദുരിതത്തിൽനിന്നു രക്ഷപ്പെടൽ കൂടിയായിരുന്നു വരവൂർ വാസം.

**നങ്ങേലിക്കുണ്ടായ അഞ്ചുമക്കളിൽ ആദ്യമൂന്നുപേരും പെൺകുട്ടികളായിരുന്നു. മൂന്നാംകാൽ ഒരു പുരുഷപ്രജക്കായി മോഹിച്ചും പ്രാർത്ഥിച്ചും കഴിഞ്ഞിരുന്ന സമയത്ത് വീണ്ടും പെൺകുട്ടിയെത്തന്നെ പ്രസവിച്ചു. അപ്പോൾ, അതിനെ ആ വടക്കേ പാടത്തേക്കിട്ടേയ്ക്ക് എന്നു പറഞ്ഞതും പെറ്റമ്മ കേൾക്കേണ്ടതായി വന്നു.**

വരവൂരിലെ ശിഷ്ടജീവിതം സാമാന്യേന ആശ്വാസകരമായിരുന്നു. ഇക്കാലത്ത് ഭർത്താവ് കേശവൻ നമ്പ്യാർ തേങ്ങയും മറ്റും കൊണ്ട് വല്ലപ്പോഴുമൊക്കെ വരവൂരിൽ ചെല്ലാറുണ്ടായിരുന്നു. പക്ഷേ അതിന്നിടയിൽ വന്നുകൂടിയ വിട്ടുമാറാത്ത ശ്വാസംമുട്ട് നങ്ങേലിയെ വല്ലാതെ ബുദ്ധിമുട്ടിച്ചിരുന്നു. തക്കതായ ചികിത്സയൊന്നും അന്ന് ലഭ്യമായിരുന്നില്ലല്ലോ. ഭേദമാവാത്ത ശ്വാസംമുട്ട് തന്നെയായിരുന്നു ഷഷ്ടിപൂർത്തിക്കു മുമ്പുള്ള മരണകാരണവും. പെരുമ്പിലാവിലെ തിയ്യാടി വളപ്പിലാണ് സംസ്കാരമുണ്ടായത്. പിണ്ഡ അടിയന്തിരവും ഭർതൃഗൃഹത്തിൽ വെച്ചുതന്നെയായിരുന്നു. മക്കളും പൗത്രരുമായി ഊട്ടിയ അവരുടെ ആദ്യകാലശ്രാദ്ധങ്ങളിൽ ചിലതിനെങ്കിലും ഞാനും ചാത്തമുണ്ണുകയുണ്ടായിട്ടുണ്ട്.

നങ്ങേലി മരുവോളമ്മയുടെ ഫോട്ടോ ഒരുവഴിയിലും ലഭ്യമല്ല. അവരെ കണ്ടു ഇടപഴകിയവരും ഓർമ്മയുള്ളവരുമായി നേർബന്ധത്തിലുള്ള അഞ്ചാറു പേരേ ഇന്നുള്ളൂ. മകനും മകളും ഏട്ടന്റെ മക്കളും പുത്രഭാര്യ

# ആരായി വരും നിങ്ങൾ?





*നങ്ങേലിയുടെ ചെറിയേട്ടൻ മുണ്ടായ തിയ്യാടി നാണു നമ്പ്യാരും (ആദ്യ ഫോട്ടൊ) മലമക്കാവ് തിയ്യാടി നാരായണൻ നമ്പ്യാരും ( വി ടി യുടെ അടുത്ത സുഹൃത്ത് )*

നാരായണ മേനോൻ, കുട്ടിക്കൃഷ്ണമാരാർ, വിദ്വാനെളയത് തുടങ്ങി പല ഉന്നതരായ സാഹിത്യകാരന്മാരുമായും അദ്ദേഹത്തിന്നു സുഹൃത്ബന്ധമുണ്ടായിരുന്നു.

എന്റെ അമ്മാത്തെ മുത്തശ്ശനായ അദ്ദേഹത്തിന്റെ ചരമത്തിൽ അനുശോചിച്ചുകൊണ്ട് വി ടി എഴുതിയ അനുശോചനക്കത്ത് ഇന്നും ഞങ്ങളുടെ കൈവശമുണ്ട്. സന്ദർഭവശാൽ ഈ വിവരമറിഞ്ഞ വി ടി വാസുദേവൻ മാഷ് താല്പര്യപ്പെട്ടപ്രകാരം ആ കത്തിന്റെ ഒരു കോപ്പി സമീപകാലത്ത് ഞാൻ അദ്ദേഹത്തിന്നു അയച്ചു കൊടുത്തിരുന്നു. ശാരീരികാവശതകൊണ്ടോമറ്റോ അന്ന് വി ടിയുടെ ആ കത്ത് 'ഗണപതി'യായി എഴുതിയത് മാഷായിരുന്നത്രേ. കഴിഞ്ഞ തലമുറയിൽ സമുദായത്തിന്നു പുറത്തും വ്യത്യസ്ത വഴിയിൽ പ്രശസ്തിയും പ്രസക്തിയുമുണ്ടായിരുന്ന മൂന്നു പേരാണ് മുകളിൽ പരാമൃഷ്ടരായ തിയ്യാടി പെൺകുട്ടി, തായമ്പക വിദ്വാൻ മുണ്ടായ തിയ്യാടി നാരായണൻ നമ്പ്യാർ, മലമക്കാവ് തിയ്യാടി നാരായണൻ നമ്പ്യാർ എന്നിവർ. ●

യും മറ്റും പറഞ്ഞറിയാൻ കഴിഞ്ഞ ചില വ്യക്തിവിശേഷങ്ങളാണ് ഇവിടെ ചേർക്കുന്നത്. കറുത്തു ചുരുണ്ട നീണ്ട തലമുടിയും നല്ലനിറവും പഴയ മട്ടിൽ വള്ളിക്കാതിൽ ചിറ്റുമിട്ട്, ഒരു കുലീന സൗന്ദര്യത്തിന്നുടമയായിരുന്നു അവർ. രണ്ടാമത്തെ മകളായ സരസ്വതി മരുവോളമ്മയിൽ അവരുടെ ഒരു ഏകദേശച്ഛായ കാണാം.

പെരുമ്പിലാവിലുള്ള കാലത്ത് ഓണം നാലുദിവസവും തിയ്യാടിയിലെ വലിയ കയ്യാലയിൽ അമ്പലവട്ടത്തുള്ള സ്ത്രീകളുമായി പാടികളിക്കുമായിരുന്നു. ഓണസ്സദ്യ കഴിഞ്ഞാൽ തുടങ്ങുന്ന കൈകൊട്ടിക്കളി ഇരുട്ടാവോളം നീളും. അവർ തന്നെയാണ് നേതൃത്വം കൊടുത്തിരുന്നത്. അവർക്ക് വേറെയും ചില കഴിവുകൾ ഉണ്ടെന്ന് – കവിതയോ

**ഭേദമാവാത്ത ശ്വാസംമുട്ട് തന്നെയായിരുന്നു ഷഷ്ടിപൂർത്തിക്കുമുമ്പുള്ള മരണകാരണവും. പെരുമ്പിലാവിലെ തിയ്യാടി വളപ്പിലാണ് സംസ്കാരമുണ്ടായത്. പിണ്ഡ അടിയന്തിരവും ഭർതൃഗൃഹത്തിൽ വെച്ചുതന്നെയായിരുന്നു. മക്കളും പൗത്രരുമായി ഊട്ടിയ അവരുടെ ആദ്യകാലശ്രാദ്ധങ്ങളിൽ ചിലതിനെങ്കിലും ഞാനും ചാത്തമുണ്ണുകയുണ്ടായിട്ടുണ്ട്.**

സംസ്കൃതമോ എന്താണെന്ന് കൃത്യമായി പറയാൻ ഓർമ്മക്കുറവിൽ കഴിഞ്ഞില്ലെങ്കിലും – ശതാഭിഷകം കഴിഞ്ഞ മുളങ്കുന്നത്തുകാവ് കിഴക്കേ തിയ്യാടിയിൽ കഴിയുന്ന സരസ്വതി മരുവോളമ്മ അനുസ്മരിച്ചു.

അവരുടെ വേളിക്ക് ഇണങ്ങത്തിയായവരിൽ ഒരാൾ അച്ചോളായ നങ്ങേലിക്കുട്ടി മരുവോളമ്മയായിരുന്നത്രേ. ആയനിഊണു ദിവസം രാത്രിയിൽ മുണ്ടായ വെങ്കിടകൃഷ്ണ ഭാഗവതരും ശിഷ്യയായ താത്രി മരുവോളമ്മയും (പുളിങ്കാവ് തിയ്യാടിയിലേക്ക് വേളി കഴിച്ച സരസ്വതി മരുവോളമ്മയുടെ മൂത്ത ഏട്ടത്തി) ചേർന്ന് ആലപിച്ചുപാടിയ കീർത്തനങ്ങളും പദങ്ങളും അവർ ഇന്നും ഓർക്കുന്നു. നങ്ങേലി മരുവോളമ്മയുടെ അന്ത്യനാളുകളിൽ പുത്രി തങ്കമണി മരുവോളമ്മയും ഈ സരസ്വതി മരുവോളമ്മയും എന്റെ അച്ഛൻ നീലകണ്ഠൻ നമ്പ്യാരുടെ കൂടെ വരവൂരിൽ പോയി അവരെക്കണ്ടിരുന്നതായും അവർ പറഞ്ഞു.

ശ്വശ്രുവായി കാണാൻ സാധിച്ചിട്ടില്ലെങ്കിലും വേളിക്കു മുമ്പ് തങ്കമണി മരുവോളമ്മയുടെ ഗൃഹപ്രവേശനത്തിന്നു മുളങ്കുന്നത്തുകാവിൽ മൂത്ത മകളോടൊപ്പം വന്ന നങ്ങേലിയെ (തന്റെ ഭാവിയിലെ ഭർതൃമാതാവിനെ) നന്നായി ഓർക്കുന്നുവെന്ന് ആര്യാദേവിയെന്ന എന്റെ വല്ല്യോപ്പോൾ പറയുകയുണ്ടായി. അന്ന് മുണ്ടും വേഷ്ടിയും റവുക്കയുമാണ് വേഷം. സമൃദ്ധിയായുള്ള തലമുടി കെട്ടിവെച്ച് ചിറ്റിട്ട കാതിലും കണ്ണ് പരത്തി എഴുതിയും റവുക്കയുടെ മീതെ വേഷ്ടിയാൽ ഒട്ടൊന്നു പുതച്ചുനിൽക്കുന്ന അന്തസ്സുറ്റ രൂപം മുമ്പിൽ കാണുന്നവണ്ണം ഓപ്പോൾ സ്മരിക്കുന്നു. മരിച്ച് ആണ്ടശ്രാദ്ധം കഴിഞ്ഞ് താമസിയാതെയാണ് (1965ലെ ഓണക്കാലത്ത്) പുത്രനായ കേശവൻ കുട്ടിയുമായി ഓപ്പോളുടെ വേളിയുണ്ടായത്. ഏറെ കൊതിച്ചുണ്ടായ ഈ ഉണ്ണിയെ – കേശവൻകുട്ടിയെ – ഭർത്താവിന്റെ പേര് പറയാറില്ലാത്തതിനാൽ അപ്പു എന്നാണ് അവർ സ്നേഹപൂർവ്വം വിളിച്ചിരുന്നത്. മറ്റാരും കേശവൻ കുട്ടിയെ അപ്പു എന്ന് വിളിക്കാറുമില്ല.

കഴിഞ്ഞ 50–55 വർഷങ്ങളായി ഭർത്താവിനോടൊപ്പം തൃപ്പൂണിത്തുറയിൽ താമസിക്കുന്ന ആര്യാദേവി തൃപ്പൂണിത്തുറ വനിതാ കഥകളി സംഘത്തിലെ കഥകളി പാട്ടുകാരിയായിരുന്നു. പുത്രൻ ശ്രീവത്സൻ തിയ്യാടി ഇന്ന് അറിയപ്പെടുന്ന കഥകളി നിരൂപകനാണ്.

അയ്യപ്പന്റെ വ്യത്യസ്ത ഭാവങ്ങളിലുള്ള കളമെഴുത്ത്, പാട്ട്, മുദ്രാഭിന

യക്കൂത്ത്, ഈടുംകൂറും-കളപ്രദക്ഷിണമായുള്ള കോമരനൃത്തം എന്നീ രംഗക്രിയകളാണ് അയ്യപ്പൻ തിയ്യാട്ടിൽ പ്രധാനം. പെരുമ്പിലാവ് തിയ്യാടി കേശവൻ നമ്പ്യാർ, മുണ്ടായ തിയ്യാടി നീലകണ്ഠൻ നമ്പ്യാർ എന്ന കുഞ്ഞുക്കുട്ടൻ നമ്പ്യാർ (തിയ്യാടി പെൺകുട്ടിയുടെ വലിയ ജ്യേഷ്ഠൻ), മലമക്കാവ് തിയ്യാടി നാരായണൻ നമ്പ്യാർ എന്നിവർ കഴിഞ്ഞ തലമുറയിലെ അയ്യപ്പൻ തിയ്യാട്ടു രംഗത്തെ ത്രിമൂർത്തീകല്പരായിരുന്നു.

കേശവൻ നമ്പ്യാരുടെ അനുജൻ നാരായണൻ നമ്പ്യാരും രംഗത്തെ മറ്റൊരു പ്രമുഖനായിരുന്നു. തിയ്യാടി പെൺകുട്ടിയുടെ ചെറിയ ജ്യേഷ്ഠനായ മുണ്ടായ തിയ്യാടി നാരായണൻ നമ്പ്യാർ എന്ന നാണുനമ്പ്യാർ ഉന്നതനായ തിയ്യാട്ടുകാരനും അഛന്റെ പാരമ്പര്യമുൾക്കൊണ്ട വാദ്യകലാകാരനുമായിരുന്നു. മരുവോളമ്മയുടെ തൊട്ടു താഴെയുള്ള രണ്ടു സഹോദരന്മാരായ വാസുദേവൻ നമ്പ്യാരും രാമൻ നമ്പ്യാരും തിയ്യാട്ടു സാമാന്യം ഭംഗിയായി പഠിച്ചവരായിരുന്നു. മാനസിക അസ്വാസ്ത്യമുണ്ടായിരുന്ന, അകാലത്തിൽ മരിച്ച രാമൻ നമ്പ്യാരുടെ തിയ്യാട്ടുപാട്ട് സവിശേഷമായിരുന്നുവെന്നു അന്തരിച്ച എന്റെ വല്യേട്ടൻ ഡോ. ടി എൻ വാസുദേവൻ നമ്പ്യാർ പറയാറുണ്ട്. പല പുരസ്കാര ജേതാവുമായിരുന്ന ഇളയ അനുജൻ ശങ്കരൻ നമ്പ്യാർ ഉദയാസ്തമനക്കൂത്തെന്ന അയ്യപ്പൻ തിയ്യാട്ടിലെ വലിയകൂത്ത് വരുംതലമുറക്ക് കൈമാറിയ ദേഹമായിരുന്നു.

12 ഖണ്ഡങ്ങളായി തിരിച്ചിട്ടുള്ള ശാസ്താവതാരം അടക്കമുള്ള അമൃതമഥനകഥ മുദ്രാഭിനയമായി പേരിനെ അന്വർത്ഥമാക്കുംവിധം ഉദയാൽ തുടങ്ങി അസ്തമനത്തോടെ സമാപിക്കുന്നതാണ് ഈ വലിയ കൂത്ത്. പന്തീരായിരം തേങ്ങയേറോടു കൂടി അഹോരാത്രം ഇടതടവില്ലാതെ അരങ്ങേറുന്ന ഈ ബൃഹത്കർമ്മം ചെയ്യാനായി 40 മണിക്കൂറിൽ കുറയാതെ സമയമെടുക്കും. ഉദയാസ്തമനക്കൂത്ത് നടത്തുന്ന നമ്പ്യാർ പ്രഭാതത്തിൽ കൂത്തിന്റെ വേഷമണിഞ്ഞ് സോപാനത്ത് ചെന്ന് മണിയടിച്ചു തൊഴുത് ശാസ്താവിനെ അഭിവാദ്യം ചെയ്യുന്നു. മാനസപൂജക്കുശേഷം ശന്യഷ്ടകമടക്കമുള്ള ശ്ലോക-മന്ത്രങ്ങൾ ചൊല്ലി സ്തുതിച്ച് മണ്ഡപത്തിൽ നമസ്കരിക്കുകയും തീർഥവും പ്രസാദവും കയ്യിൽ വാങ്ങി ശേഷമാണ് കൂത്ത് തുടങ്ങുന്നത്. അമ്പലവാസികൾക്ക് ആചാരപരമായി ചെയ്യാൻ വിധിച്ചിട്ടില്ലാത്തതാണീ കർമ്മം. അർദ്ധബ്രാഹ്മണനായ നമ്പ്യാർ തത്സമയം പൂർണ്ണബ്രാഹ്മണനാകുന്നു എന്നാണ് സങ്കൽപം. ചാക്യാർക്കുമിതുപോലെ ഉള്ളതായി കേട്ടിട്ടുണ്ട്.

(കൊച്ചി റിഫൈനറീസിൽ നിന്ന് ഡെപ്യൂട്ടി മാനേജറായി റിട്ടയർ ചെയ്ത ലേഖകൻ ഗ്രന്ഥകാരനും തിയ്യാട്ട് കലാകാരനുമാണ് )●


മുളങ്കുന്നത്തുകാവ് രാമൻ നമ്പ്യാർ, 'തിയ്യാടി', എസ്.വി. എൽ.പി.സ്കൂളിനു സമീപം,
തെക്കുംഭാഗം. തൃപ്പൂണിത്തുറ,
682301, എറണാകുളം ജില്ല,
മൊബൈൽ:9656564899




*നങ്ങേലിയുടെ ഇളയ അനുജൻ മുണ്ടായ തിയ്യാടി ശങ്കരൻ നമ്പ്യാർ*



*നങ്ങേലിയുടെ ഭർതൃമാതാവ് ഇട്ടിച്ചിരി മരുവോളമ്മ*

## ദേശപ്പെരുമയും ചില തിരുത്തുകളും

ഭാരതപ്പുഴയുടെ തീരത്തുള്ള മുണ്ടായ ഒരു കലാഗ്രാമം കൂടിയാണ്. അയ്യപ്പൻകാവും മീനമാസത്തിലെ ഉത്രം നാളിൽ കൊടികയറുന്ന ക്ഷേത്രോത്സവവും ആര്യങ്കാവ് പൂരത്തിന്റെ ഭാഗമാകുന്ന 'മുണ്ടായ കൊടിച്ചി'യെന്ന കരിങ്കുതിര എഴുന്നള്ളിപ്പും പ്രശസ്തങ്ങളാണ്. ഇല്ലങ്ങളും മഠങ്ങളും അമ്പലവാസി ഗൃഹങ്ങളും ധാരാളമുള്ള നല്ലൊരു ഹൈന്ദവകേന്ദ്രമാണ് മുണ്ടായ. തിയ്യാട്ടു പ്രധാന വഴിപാടായ ക്ഷേത്രത്തിനോടുചേർന്നുള്ള തിയ്യാടിയിൽ എക്കാലത്തും വലിയ തിയ്യാട്ടു അവതരിപ്പിക്കാൻ പ്രാപ്തരായ തിയ്യാടി നമ്പ്യാന്മാർ ഉണ്ടായിരുന്നു. കലാമണ്ഡലം നീലകണ്ഠൻ നമ്പീശന്റെ ഗുരുനാഥനായ മുണ്ടായ വെങ്കിടകൃഷ്ണ ഭാഗവതർ, പുതുക്കോട് കൃഷ്ണമൂർത്തിയുടെ ഗുരുനാഥനായ മുണ്ടായ (പാലക്കാട്) രാമഭാഗവതർ, തായമ്പക നമ്പ്യാർ എന്നീ കഥകളി-സംഗീത-വാദ്യരംഗങ്ങളിലെ സമകാലികരും അയൽക്കാരുമായിരുന്ന അതികായന്മാർ മുണ്ടായയെന്ന ചെറുഗ്രാമത്തെ കലാകേരളഭൂപടത്തിൽ അടയാളപ്പെടുത്തിയവരാണ്. ഈ ത്രിമൂർത്തികളുടെ ജന്മനാടെന്ന മുണ്ടായ പ്രശസ്തിയിൽ വി ടി ഭട്ടതിരിപ്പാടിന്റെ അയ്യപ്പൻകാവ് ബന്ധവും വലിയൊരു പങ്കുവഹിച്ചിട്ടുണ്ട്.

ലേഖനങ്ങളിൽ വന്ന വസ്തുതാപരമായ ചില തെറ്റുകൾ ചൂണ്ടിക്കാണിക്കാനും ഈ അവസരം ഉപയോഗിക്കട്ടെ. നങ്ങേലി മരുവോളമ്മയെന്ന തിയ്യാടി പെൺകുട്ടി 16.7.1964 ആണ് കഥാവശേഷയായത്. ലേഖനത്തിൽ കണ്ടപോലെ 1965ൽ അല്ല. അവരുടെ അമ്മാത്ത് ഫീച്ചറിൽ പരാമർശിച്ച വിധം മലമക്കാവല്ല; കുന്നംകുളത്തിനടുത്തുള്ള തായങ്കാവു തിയ്യാടിയാണ്. മറ്റൊന്ന്, അവരുടെ രണ്ടാമത്തെ പുത്രിയായ സരസ്വതി മരുവോളമ്മയുടെ ഭർത്താവിന്റെ പേര് ചെർപ്പുളശ്ശേരി തിയ്യാടി ശ്രീരാമൻ നമ്പ്യാർ എന്നാണ്. വാസുദേവൻ നമ്പ്യാർ എന്നാണ് തെറ്റായി തൽസ്ഥാനത്ത് കൊടുത്തിരിക്കുന്നത്. ●

# SREE SANKARA TRUST

Advaitha Bhavan, Sree Sankarapuram, Valayanchirangara P.O
Perumbavoor, Pin: 683556 , Phone No.: 0484 2657338
www.sreesankaratrust.org
manager.ssv@gmail.com



## SREE SANKARA VIDYAPEETOM COLLEGE

Valayanchirangara P.O, Perumbavoor Pin: 683556 Phone: 0484-2656938
[Affiliated to M.G. University] [NAAC Accredited at the "A" Level]
www.ssvcollege.ac.in ssvidyapeetom@gmail.com

**U G Courses**

B.A History, Economics, English, Hindi
B.Sc. Mathematics, B.Sc. Physics, B.Sc. Chemistry,
B.Sc. Computer Science
B.Com. Taxation, B.Com. Computer Application

**P G Courses**

M.A. History
M.Com. Finance, M.Com. International Business
M.Sc. Chemistry
M.Sc. Computer Science

**Hostel facility for women**

## V.T BHATTATHIRIPAD COLLEGE

Sreekrishnapuram, Mannampatta P.O, Palakkad Dt, Pin: 679517 Phone: 0466-2268927
[Affiliated to University of Calicut] [NAAC Accredited at the "B+" Level]
principalvtb@gmail.com

**U G Courses**

B.A. Sanskrit, History, Economics Foreign Trade and Practice
B.Sc. Mathematics
B.Com, B.B.A.

**P G Courses**

M.Sc. Computer Science
M.Com

## SREE SANKARA COLLEGE

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2678898
[Affiliated to University of Kerala]
sscollegenagaroor@gmail.com

**Courses**

B.Sc. Physics, B.A. Economics
B.Com. Taxation

## SREE SANKARA VIDYAPEETOM COLLEGE (Self-Finance)

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2677241, 2678899
[Affiliated to University of Kerala] ssvcn@md3.vsnl.net.in

**U G Courses**

B.B.A , B.A. English
B.Com. Computer Application , B.Com. Co-operation
B.Sc. Computer Science

**P G Courses**

M.Com. Finance
M.Sc. Computer Science

## SREE SANKARA VIDYAPEETOM ENGLISH MEDIUM SCHOOL

Nagaroor P.O, Kilimanoor, Thiruvananthapuram, Pin: 695601
Phone: 0470-2678610 ssvpems@gmail.com

**LKG to 12 [CBSE]**

## TEMPLES MANAGED BY SREE SANKARA TRUST

1. Raloor Kavu Devi Temple, Nagaroor
2. Thekkinkadu Shiva Temple, Nagaroor
3. Vishnu Temple, Nagaroor

"Thamaso Ma Jothir Gamaya"



# മ്യൂണിക്കിലെ ഒരു സന്ധ്യ

*ഈ കവിതയ്ക്ക് പ്രചോദനമായ ഡൗച്ചേഴ്സ് മ്യൂസിയം, മ്യൂണിക്ക്, ജർമ്മനി*

**അനിയൻ മാങ്ങോട്ട്രി**

മമദേശത്തിന്നതിർ കടന്നു വിദേശത്ത്
മകനെക്കാണാനായിപ്പോയി ഞാനൊരു നാളിൽ
ജർമ്മനി രാജ്യത്തിലെക്കാഴ്ചകൾ ചിലതെല്ലാ-
മോർമ്മയിൽ ജ്വലിക്കുന്നതിവിടെ പകുത്തീടാം.

എങ്ങനെ പാലിക്കണം നിയമം; പഠിക്കാനായ്
നിങ്ങളുമവിടെപ്പോയ് പാർക്കണം കുറച്ചുനാൾ
എങ്ങനെ നിർമിക്കണം റോഡുകളതേ പോലെ
എങ്ങനെ പാലങ്ങളും റെയിലും തീർത്തീടണം.

എങ്ങനെ പരസ്പരം ബഹുമാനത്തോടേറെ-
ത്തിക്കിലും തിരക്കിലും നീങ്ങണം ശപിക്കാതെ.
എത്രയും തിരക്കുള്ള നേരത്തും കേൾക്കുന്നില്ല
ചുറ്റിലും 'ഹോണിൻ' ശബ്ദ, മന്യനെബ്ഭത്സിക്കുവാൻ

കാണുവാൻ പഠിക്കുവാനേറെയുണ്ടതു പറ-
ഞ്ഞീടിലോ കയർക്കുമോ ദൈവത്തിൻ നാടിൻ മക്കൾ
കണ്ടിടാം മനുഷ്യരെ മാർക്കറ്റിൽ, പാർക്കിൽ കൂടെ-
യന്തസ്സിൽ വളർത്തുന്ന ശ്വാക്കൾ തൻ തരത്തേയും

ആരുമേ,യപരന്റെ കാര്യത്തിൽ തലയിടാ-
താണല്ലോ പെരുമാറ്റമേറ്റവും മാന്യം! സൗമ്യം !
എത്രയോ തിരക്കാണെന്നാകിലും പോലീസിന്റെ
തത്രപ്പാടുകളൊന്നുമെങ്ങുമേ കാണ്മാനില്ല

മാംസഭുക്കുകളേറെയെങ്കിലും കാണ്മാനില്ല
ഹിംസ ചെയ്തിടും കാഴ്ച വഴി തന്നോരങ്ങളിൽ.
തെരുവിൻ വക്കിൽ വൃത്തിഹീനമായ് പൊരിക്കുന്നോ-
രെരുതിൻ മാംസം, ചിക്കൻ, ഫിഷുമേ കണ്ടില്ലല്ലോ

അതിനാൽ ചുറ്റിപ്പറ്റി നടന്നും നെഗളിച്ചും
മദി പൂണ്ടിടും തെരുനായ്ക്കളില്ലൊരേടത്തും.
അതിനാൽത്തന്നെ റോഡിൽ കുട്ടികൾ സുരക്ഷിതർ
അവരോ വി.ഐ.പികൾ രാജ്യത്തിൻ സമ്പത്തുകൾ

കുടുംബബന്ധങ്ങളെയേറ്റവും മാനിപ്പവർ
മടിക്കാതുൾസ്നേഹത്തെയെപ്പോഴും പ്രകടിപ്പോർ.
മ്യൂണിക്കിൽ ബവേറിയാ സ്റ്റേറ്റിലായ് കാണാൻപോയി
ഫാക്ടറി ബി.എം.ഡബ്ല്യു കാറുനിർമ്മിക്കുന്നേടം.

പിന്നെപ്പോയ് ടെക്നോളജി മ്യൂസിയം കാണ്മാനായി
എന്തൊരുജ്ജ്വലം, 'ഈസാർ' നദിതൻ കരയ്ക്കായി.
നഗരത്തിരക്കിലൂടൊഴുകും നദിയാണ്
തെളിഞ്ഞ വെള്ളം ശുദ്ധ,മൊഴുകും കണ്ണാടി പോൽ.

ഓർത്തുപോയ് 'കൂവ'ത്തിന്റെ കറുത്തോരവസ്ഥയും.
നാട്ടിലെ 'ആമയിഴഞ്ചാ'നിന്റെ ഗതികേടും.
മ്യൂസിയമൊരു മഹാസാമ്രാജ്യം ശാസ്ത്രത്തിന്റെ-
സ്വാരസ്യ ചരിത്രങ്ങളെത്രയും മനോഹരം.

ഭൂമിയിൽ, വാനിൽ, ബഹിരാകാശപ്പരപ്പിലും
മാനവരാശി എത്തിനില്ക്കുന്ന പുരോഗതി
എല്ലാമേ കാണാമല്ലോ മാതൃകകളോടൊപ്പം
ചിത്രമായ് ശാസ്ത്രജ്ഞർതൻ പ്രയത്നവഴികളും

മാനവനനുഭവിച്ചിടുന്ന സൗകര്യങ്ങൾ -
ക്കായതും യൂറോപ്പിന്റെ പ്രയത്നമെന്നേ തോന്നി!
കുതിക്കുമോട്ടോമൊബൈൽ, കപ്പലും വിമാനവും
ജലവൈദ്യുതി തെർമ്മൽ, ന്യൂക്ളിയർ പവർപ്ലാന്റും.

തെർമ്മോഡൈനാമിക്കി,ലക്ട്രോണിക്സും മാഗ്നെറ്റിക്ക്സും
കർമ്മത്തിൻ സിദ്ധാന്തമായ് കണ്ടെത്തീ മനീഷികൾ
റുഡോൾഫ്ഡീസൽ, ടെസ്ലാ, പെൽട്ടണുംമെഡിസണും
വെർണവോൺ സീമെൻസ്, ബെൻസും ഓട്ടോയും ജൂൾ,മാക്സ് വെല്ലും

ടെക്നോളജിസ്റ്റുകൾ തൻ ചിത്രങ്ങൾ ചുമരിലായ്
അശ്രാന്ത പരിശ്രമശ്ശാലികൾ, ഉത്സാഹികൾ!
അവർ തന്നദ്ധ്വാനത്താൽ മാനവ കുലമിന്ന്
നിവർന്നു നിൽപ്പൂ മോഡേൺ സ്റ്റാറ്റസിൽ വിരാജിപ്പൂ.

മുഴുവൻ കണ്ടീടുവാനായില്ല ദിനാന്ത്യത്തിൽ
പുറത്തുവന്നൂ, വീണ്ടും നദിതൻ കരയ്ക്കെത്തി.
തെളിഞ്ഞ സന്ധ്യാംബരം കാവിയും ചുവപ്പുമാ-
യിളകും ജലം മുന്നിൽ; അസ്വസ്ഥമെൻമാനസം.

വേദങ്ങളുപനിഷദ് വേദാംഗ ശാസ്ത്രങ്ങളും
ആറുദർശനങ്ങളും പുരാണ കാവ്യങ്ങളും
ആയുർവ്വേദവും ധനുർവ്വേദവും ജ്യോതിശ്ശാസ്ത്ര-
ജ്ഞാനവുമെല്ലാമുള്ള നാട്ടിലെയൊരു പൗരൻ

തലകുമ്പിട്ടിരുന്നൂ അപകർഷതയോടെ
നദിതൻ കരയ്ക്കായി മ്യൂണിക്കിൽ സന്ധ്യാനേരം.
സാന്ത്വനപ്പെടുത്തുവാൻ വീശിയൊരിളം കാറ്റിൽ
ക്ഷീണിതൻ മയക്കത്തിലാണ്ടുപോയ്, കണ്ടു സ്വപ്നം!

അവിടെത്തെളിഞ്ഞല്ലോ ഭാരതം വിജ്ഞാനത്തി-
ന്നുറവായീറ്റില്ലമായുയർന്ന നൂറ്റാണ്ടുകൾ!
വ്യാസനും വസിഷ്ഠനും ഗർഗ്ഗനും പരാശരൻ
കാശ്യപൻ പതഞ്ജലി ഗൗതമൻ കപിലനും

കണാദൻ, കണങ്ങളെയറിഞ്ഞോൻ, മീമാംസകൻ-
ജൈമിനി, ചാർവാകനും ശാസ്ത്രജ്ഞർ ഋഷിവര്യർ!
ആര്യഭടനും ബ്രഹ്മഗുപ്തനും മനീഷിയാം
ഭാസ്കരൻ വരാഹനും ജ്യോതിശാസ്ത്രജ്ഞർ മുഖ്യർ!

സംഗമഗ്രാമത്തിലായ് മാധവൻ ഇരിങ്ങാട-
പ്പള്ളിയിൽ ക്ഷേത്രത്തിലായ് കിടന്ന കരിങ്കല്ലും
വടശ്ശേരിയിൽ പരമേശ്വരൻ, ജ്യേഷ്ഠദേവൻ
സോമയാജിയാം നീലകണ്ഠനും ഗോവിന്ദനും

അച്ച്യുതപ്പിഷാരടി തൃക്കണ്ടിയൂരിൻപുണ്യം
സ്വച്ഛമാം നിളാതീരേ മലർന്നു കിടക്കുന്നു.
കോടാനുകോടി നക്ഷത്രങ്ങളിൽ കണ്ണും നട്ട-
ന്നായവൻ മുറിച്ചല്ലോ കൺപീലി മറഞ്ഞപ്പോൾ.

അവരാണിപ്പോൾ മുന്നിൽ നിൽപ്പവർ ചോദ്യങ്ങളാ-
യവർതൻ ശബ്ദം കേട്ടു ആകാശച്ചെരുവിലായ്
'എങ്ങനെമങ്ങിപ്പോയി ഭാരത പാരമ്പര്യം
എവിടെപ്പോയി ഗ്രന്ഥക്കെട്ടുകളമൂല്യങ്ങൾ

എവിടെപ്പോയി തക്ഷശിലയും നളന്ദയും
ഇവിടെ വിളങ്ങിയ വിജ്ഞാന സങ്കേതങ്ങൾ.
അക്രമിച്ചവർ കണ്ടൂ ഞങ്ങൾതൻ പ്രയത്നങ്ങ-
ളുജ്ജ്വലമദ്ധ്വാനവും മാതൃകയാക്കിയവർ.

നിങ്ങളെ വീഴ്ത്തി കഷ്ടം പൊള്ളയാം പുറംപോച്ചി-
ലന്ധമാം പരിഷ്കാരമെന്നൊരടിമത്തത്തിൽ.
ആതിഥ്യമര്യാദ തന്നാനുകൂല്യത്തെച്ചൂഴ്ന്ന്
മോഷ്ടിച്ചൂ പലതുമായ് പലരും പലനാളിൽ

നിങ്ങളോ മറക്കാമോ ഞങ്ങളെ,നിസ്വാർത്ഥമായ്
കർമ്മത്തിൽ രമിച്ചോരെ ബ്രഹ്മത്തെ പുണർന്നോരെ.
ഭൗതികസുഖങ്ങളെ നശ്വരമായിക്കണ്ടോ-
രൗചിത്യമോടെ ലോകത്ത,കക്കണ്‍ തുറന്നോരെ.

നിങ്ങളും നിരീക്ഷിക്ക ലോകത്തെ നിരന്തരം
പൊങ്ങച്ചം വെടിയുക, അതുതാനിന്നിൻ ശാപം.
മാതൃകാജന്മങ്ങളാം സാരാഭായ്, ഹോമിഭാഭ
ഏ.പി.ജെ. കലാം തൊട്ടുള്ളേറെപ്പേർ, പ്രയത്നിച്ചോർ-

തന്നുടെ കാഴ്ചപ്പാടിൻചുവടുപിടിക്കുക
കഠിനാദ്ധ്വാനമെന്ന മതത്തെപ്പുണരുക.
മംഗൾയാൻ ചാന്ദ്രദൗത്യമെന്നിവ നല്കീടട്ടെ
എന്നെന്നും പ്രചോദനം യുവഭാവനകൾക്കായ്'

'ഉറങ്ങിപ്പോയോ ചാരിയിരുന്ന്'കേട്ടു ഞാന-
ന്നുണർന്നൂ മകൻ തേടിവന്നപ്പോളാ രാത്രിയിൽ.
രാത്രിയായേറെച്ചെന്നും കാണാതെ തന്നച്ഛനെ-
ത്തേടിയന്നവനെത്തി മ്യൂണിക്കിൽ പഠിക്കുന്നോൻ.

അന്നുഞാൻ മയക്കത്തിൽക്കേട്ടൊരാവചസ്സുക-
ളിന്നുമേ മുഴങ്ങുന്നിതെന്നുടെ കർണ്ണങ്ങളിൽ.

(അനിയൻ മാങ്ങോട്ട്രി എന്ന എം നാരായണൻ നമ്പൂതിരിപ്പാട് ഐ എസ് ആർ ഒ മുൻ അസോസിയേറ്റ് സയറക്ടറാണ് . ഇപ്പോൾ വി എസ് എസ് സിയിലെ പ്രൊഫ. സതീഷ് ധവാൻ സയിന്റിസ്റ്റ്, Aniyan Mangotri, MRA139, Ashramam Road,Mannamoola,Perurkada,Thiruvananthapuram 695005, Mob: 9496080045)



*മേലാറ്റൂരിലെ നമ്പൂതിരീസ് ഹോം അപ്ളയൻസിന്റെ മൂന്നു നില കെട്ടിടവും അതിന്റെ ഉൾഭാഗത്തെ ദൃശ്യങ്ങളും*

## നമ്പൂതിരീസിന്റേതാണ് മേലാറ്റൂർ അങ്ങാടിയിലെ

# ഏറ്റവും വലിയ കട

**പുളിക്കീഴ് ത്രിവിക്രമൻ നമ്പൂതിരി**



പാനേങ്കളിയിലെ ഇട്ടിക്കണ്ടപ്പന്റെ വേഷംകെട്ടി പ്രസിദ്ധനായിരുന്നു പുരുഷോത്തമന്റെ മുത്തശ്ശൻ മൂത്തകൊരമ്പ് നാരായണൻ നമ്പൂതിരി. അച്ഛൻ നാരായണൻ നമ്പൂതിരി കുരുവമ്പലം ദേവസ്വം ഗുമസ്തനും. പഴയ വള്ളുവനാടിലെ അങ്ങാടിപ്പുറത്തിനടുത്ത് കുരുവമ്പലത്താണ് ഇല്ലം. 1973 മുതൽ മൂത്തകൊരമ്പിന്റെ ഈ താവഴി മേലാറ്റൂരിലേക്ക് താമസം മാറ്റി.

മുത്തശ്ശന്റെയോ അച്ഛന്റെയോ വഴിയല്ല പുരുഷോത്തമൻ തിരഞ്ഞെടുത്തത്. സിവിൽ എഞ്ചിനീയറിംഗ് ആയിരുന്നു. പക്ഷേ, എത്തിച്ചേർന്നത് ബിസിനസിൽ. അതൊരു നിയോഗമായിരുന്നു. അപ്രതീക്ഷിതമായി പിടികൂടിയ അസുഖം എല്ലാം മാറ്റി മറിച്ചു. അതെന്തായാലും ഇന്ന് മേലാറ്റൂരിലെ ഏറ്റവും വലിയ ബിസിനസുകാരൻ ഈ നമ്പൂതിരിയാണ്. ഏറ്റവും വലിയ കടയും മൂത്തകൊരമ്പ് മനയുടേതാണ്. 15,000 സ്ക്വയർഫീറ്റിലും നിൽക്കാനാവാതെ വീണ്ടും വലുതാവുകയാണ് മേലാറ്റൂരിന്റെ നമ്പൂതിരീസ്.

**1984ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പ്രഖ്യാപിച്ച സ്വയംതൊഴിൽ കണ്ടത്തൽ എന്ന പദ്ധതിയുടെ പത്രപരസ്യം കണ്ട് കേന്ദ്രവ്യവസായ വകുപ്പിലേക്ക് അപേക്ഷിച്ചു. 25000 രൂപ കിട്ടി. അതു കൊണ്ട് ആരംഭിച്ച കൊച്ചു പീടിക മുറി ഇന്ന് കോടികൾ വിറ്റുവരവുള്ള വൻ പ്രസ്ഥാനമായി മാറി. അറിയാം മൂത്തകൊരമ്പ് പുരുഷോത്തമൻ നമ്പൂതിരിയുടെ വിശേഷങ്ങൾ**

മൂത്തകൊരമ്പ് നാരായണൻ നമ്പൂതിരിയുടെയും കുന്നംകുളത്തിനടുത്ത് കാട്ടകാമ്പൽ പെരുമ്പള്ളി മനക്കൽ ശ്രീദേവി അന്തർജനത്തിന്റെയും മകനായി 1964 ൽ ജനനം. സമ്പൽസമൃദ്ധമല്ലാത്ത ബാല്യം. സ്കൂൾ കഴിഞ്ഞ് എഞ്ചിനിയറിംഗിന് ചേർന്നുവെങ്കിലും ആയിടക്കാണ് ആകസ്മികമായി രോഗം വന്നുചേർന്നത്. ചികിത്സാർത്ഥം കോഴിക്കോട് മെഡിക്കൽ കോളേജിൽ. ബയോപ്സിയും ശസ്ത്രക്രിയയും. തുടർന്ന് തുടർച്ചയായി പരിശോധനകൾക്കായി കോഴിക്കോട് യാത്രകൾ.

അതൊരു വഴിത്തിരിവായി. കോഴിക്കോട് താമസമാക്കേണ്ടി വന്നു. അച്ഛന്റെ അപ്ഫനായ മൂത്തകൊരമ്പ് വാസുദേവൻ നമ്പൂതിരി അക്കാലത്ത് കോഴിക്കോട്ടാണ്. അവിടെ തുന്നൽ മിഷ്യൻ, ഫാൻ എന്നിവ വിൽക്കുന്ന നിർമൽ എജൻസീസ് നടത്തുന്നു. താമസം മുത്തപ്ഫന്റെ കൂടെയാക്കി. രോഗമുക്തനായപ്പോൾ സിവിൽ എഞ്ചിനിയറാവാനുള്ള മോഹം ഉപേക്ഷിച്ചു. മുത്തപ്ഫന്റെ സ്ഥാപനത്തിൽ സഹായായി. അവിടെയിരുന്ന് കൊണ്ടുതന്നെ ഒരു ഉപതൊഴിൽ കണ്ടെത്തി. തപാൽ വകുപ്പിന്റെ നിക്ഷേപപദ്ധതിയുടെ ഏജൻസി. അതിലുമുപരി കച്ചവടത്തിന്റെ ബാലപാഠങ്ങളും പഠിച്ചു. 1982-1984 ലായിരുന്നു ഇത്.

1984ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി സ്വയംതൊഴിൽ കണ്ടത്തൽ എന്ന പദ്ധതി പ്രഖ്യാപിച്ചു. അതിന്റെ പത്രപരസ്യം കാണാനിടയായി. കേന്ദ്രവ്യവസായ വകുപ്പിലേക്ക് അപേക്ഷിച്ചു. 25000 രൂപയും 25% സബ്സിഡിയും കിട്ടി. മേലാറ്റൂരിൽ ഒരു കട തുടങ്ങാം. എന്തു കട്?. പലതും ചർച്ചയായി. ഉച്ചഭാഷിണി വാടകക്ക് കൊടുക്കാം എന്ന നിഗമനത്തിലെത്തി. എന്നാൽ മേലാറ്റൂരിൽ അന്ന് ഇല്ലാത്ത ഒരു സംരംഭം വേണം. അതായാൽ മത്സരം കുറയും. ബിസിനസ് പാഠം കോഴിക്കോട്ട് നിന്ന് പഠിച്ചതിനാൽ ലക്ഷ്യം കൃത്യമായി. അങ്ങനെയാണ് പാത്രക്കട ആക്കിയത്. ആദ്യം 120 സ്ക്വയർ ഫീറ്റിൽ ഒരു വാടകമുറി. സ്റ്റീൽ അലുമിനിയ പാത്രങ്ങൾ വിൽപനക്ക് വച്ചു. മേലാറ്റൂർ ട്രേഡേഴ്സ്







*ഉടമ മൂത്തകൊരമ്പ് പുരുഷോത്തമൻ നമ്പൂതിരി*

എന്ന് ബോർഡും വച്ചു. അച്ഛൻ നാരായണൻ നമ്പൂതിരിയും കൂടെ ചേർന്നു.

കഷ്ടി ഒരു ലക്ഷത്തിന്റെ വാർഷിക വിറ്റുവരവേ ഉണ്ടായിരുന്നുള്ളൂ. ക്രമേണ വളരാൻ തുടങ്ങി. 120 സ്ക്വയർ ഫീറ്റിൽ നിന്ന് 400 സ്ക്വയർഫീറ്റിലേക്ക്. 1992ൽ 3000 സ്ക്വയർ ഫീറ്റായി. ഗൃഹോപകരണങ്ങൾ ആവശ്യക്കാർക്ക് നേരിട്ട് എത്തിക്കാൻ സംവിധാനമാക്കി. സ്ഥലപരിമിതി വിഷയമായപ്പോൾ സ്ഥലം കണ്ടെത്താനായി ശ്രമം. മേലാറ്റൂരിന്റെ ഹൃദയ ഭാഗത്തുള്ള ആറ്റുതൃക്കോവിൽ ക്ഷേത്രാങ്കണത്തിലുള്ള ഭൂമി ഉപയോഗിക്കാം എന്നായി. ക്ഷേത്ര ഭാരവാഹികളുടെ കൂടി താല്പര്യപ്രകാരം അത് സ്വന്തം ചെലവിൽ വികസിപ്പിച്ചു. ചെലവായ സംഖ്യ അഡ്വാൻസ് എന്ന നിലയിൽ നിലനിർത്താൻ ധാരണയാക്കി.

ഈശ്വരാനുഗ്രഹത്താൽ പാത്രക്കട പ്രസിദ്ധമായി. തൊട്ടടുത്തുള്ള സ്ഥലം കൂടി വാടകക്കെടുത്തു. രണ്ടും കൂടി ബന്ധിപ്പിച്ച് ഇന്ന് 15000 സ്ക്വയർ ഫീറ്റാണ്. എല്ലാം ഒരു കുടക്കീഴിൽ. അഞ്ചാറുകോടി വിറ്റുവരവും. ഇന്ത്യയിലെ പ്രസിദ്ധമായ എല്ലാ ബ്രാൻഡും ഇവിടെയുണ്ട്. ആഫ്റ്റർ സെയിൽസ് സർവീസും.25 ലേറെ ജീവനക്കാരുമുണ്ട്.

1984 മുതൽ മേലാറ്റൂർ ട്രേഡേഴ്സ് ഉണ്ടെങ്കിലും ആ പേര് പ്രസിദ്ധമായില്ല. ആളുകൾ നമ്പൂതിരിയുടെ പാത്രക്കട എന്നേ പറയൂ. എന്നാൽ പ്പിന്നെ പേരിൽത്തന്നെ നമ്പൂതിരി ഇരുന്നോട്ടെ. അങ്ങനെ നമ്പൂതിരീസ് ഹോം അപ്ലയൻസസ് ആയി. മേലാറ്റൂരിൽ മാത്രമല്ല, മലപ്പുറം ജില്ലയിലെ തന്നെ ഗൃഹോപകരണ വിൽപന സ്ഥാപനങ്ങളുടെ പട്ടികയിൽ എണ്ണപ്പെട്ട



*നിൽക്കുന്നവർ: അനുജൻ രാമൻ, അനുജത്തി ആര്യാദേവി, ഓപ്പോൾ ഉമാദേവി , പുരുഷോത്തമൻ, ഇരിക്കുന്നവർ: ജേഷ്ഠൻ നാരായണൻ, അമ്മ ശ്രീദേവി, ഓപ്പോൾ ശ്രീദേവി*

സ്ഥാപനം. ഇപ്പോൾ സഹായിയായി ശോഭഗ്രൂപ്പിലെ ജോലി രാജിവെച്ച് കൂടെനിന്ന് പ്രവർത്തിക്കാൻ സഹോദരി പുത്രൻ മുരിങ്ങോത്ത് ശങ്കരനാരായണനുമുണ്ട്.

വിവിധയിടങ്ങളിൽ താമസിക്കുന്ന ബന്ധുമിത്രാധികൾ ഗൃഹോപകരണങ്ങൾ ആവശ്യമാവുമ്പോൾ മേലാറ്റൂരിൽ എത്തിച്ചേരുന്നു. സാധനങ്ങൾ വീടുകളിലെത്തിച്ചു കൊടുക്കും. അങ്ങനെ മലപ്പുറം ജില്ലക്ക് പുറത്തും സേവനം. വില്പനാനന്തര സേവനത്തിന് ഒരു സർവ്വീസ് സെന്റർ ഉള്ളതിനാൽ കേടായ ഏത് ഉപകരണവും നന്നാക്കാനും ഇടമായി. ഏത് ഗൃഹോപകരണങ്ങളുടെയും പാർട്സുകൾ ഇവിടെകിട്ടും.

ക്ഷേത്രങ്ങൾക്ക് വേണ്ട ഓട്ടുപാത്രങ്ങളുടെ വലിയൊരു ശേഖരം തന്നെയുണ്ട്. കാറ്ററിംഗുകാർക്ക് വാങ്ങാൻ തരാതരം അടുക്ക് സെറ്റുകളും ലഘു പാത്രങ്ങളും. സ്കൂളുകൾക്ക് യൂണിഫോം പോലെ ഒരേ അളവിലും ഗുണത്തിലും ആയിരവും രണ്ടായിരവും പ്ളേറ്റും ഗ്ളാസും വേണ്ടി വന്നാൽ അതും. ചുരുക്കത്തിൽ പാത്രങ്ങളുടെ അവസാന വാക്ക്. ആദ്യത്തെ ഇടവും.

ഇപ്പോൾ കോടികൾ ആസ്തിയുള്ള സാമഗ്രികൾ. 15,000 സ്ക്വയർഫീറ്റ് സ്ഥലം പോരാതായിരിക്കുന്നു. അതിന് 45 സെന്റ് സ്ഥലം കൂടി വാങ്ങിയിട്ടുണ്ട്. അവിടെ സമചതുരാകൃതിയിൽ ആധുനികസൗകര്യത്തോടെ വേണമെങ്കിൽ സ്ഥാപനം പുതുക്കി പണിയാൻ ഉപയോഗിക്കാവുന്നതാണ്. .

കൈനിക്കര തെക്കേടം പരേതനായ കിരാതമൂർത്തി നമ്പൂതിരിയുടെ മകൾ ദീപയാണ് സഹധർമ്മിണി. നിലമ്പൂർ എൻ.എസ്.എസ് ഹൈസ്കൂൾ അദ്ധ്യാപിക. രണ്ടു സഹോദരന്മാരും ഒരു സഹോദരിയും മേലാറ്റൂരിൽ തന്നെ താമസിക്കുന്നു. പ്രഥമപുത്രൻ ദീപക് നാരായണൻ സൗണ്ട് എഞ്ചിനിയറാണ്. ദ്വിതീയപുത്രൻ പുരുഷോത്തമൻ എം.ബി.എ ഫിനാൻസും. തൊട്ടടുത്തുള്ള മണ്ണാർക്കാട് പെരിന്തൽമണ്ണ നഗരങ്ങളിൽ നിന്നു കൂടി ആവശ്യക്കാർ മേലാറ്റൂരിലേക്ക് എത്തുന്നുണ്ടെങ്കിൽ നമ്പൂതിരീസിന് എന്തോ പ്രത്യേകതയുണ്ടെന്ന് തീർച്ച. അത് ഈശ്വരാനുഗ്രഹമെന്ന് പുരുഷോത്തമൻ കരുതുന്നു. ●


**പുളിക്കീഴ് ത്രിവിക്രമൻ നമ്പൂതിരി,**
സിദ്ധിദാ, അവിണ്ണിശ്ശേരി,
പിൻ 680306,ഒല്ലൂർ തൃശ്ശൂർ ജില്ല
മൊബൈൽ: 9746987250

**പുരുഷോത്തമൻ നമ്പൂതിരി**
മൂത്ത കൊരമ്പ് മന
പി.ഒ മേലാറ്റൂർ
പിൻ 679326 മലപ്പുറം ജില്ല
മൊബൈൽ:9447441735

**ആഫ്രിക്കൻ രാജ്യമായ കെനിയയിലുള്ള അമ്പലത്തിന് കൊടിമരം വേണം. കോംഗോ വനത്തിലെ മരം പോരാ. നല്ല അസ്സൽ തേക്ക് നിലം തൊടാതെ മുറിച്ച് എണ്ണത്തോണിയിലിട്ട് പാകപ്പെടുത്തി വിധിയാം വണ്ണം തന്നെ വേണം. എളുപ്പമല്ല ഇത്. പക്ഷേ, അമ്പലം കമ്മ റ്റിക്കാർക്ക് ഒട്ടും ബുദ്ധിമുട്ടേണ്ടി വന്നില്ല. ആരോ പറഞ്ഞു. പുനർനവയിൽ വിളിച്ചാൽ മതി. ഈ പുനർനവ എവിടെയാണ്. പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരിയിൽ. ശ്രീജിത്ത് പൊതുവാളാണ് അതിന്റെ ഉടമ. നമ്പർ 9400480369. അതിൽ വിളിച്ചു. കാര്യം നടന്നു. കെ നിയയിൽ എന്നല്ല കൊടി മരം എന്നല്ല അമ്പലം സംബന്ധിച്ച കേശാദിപാദം ഇവിടെ കിട്ടും.**

# കെനിയയിലേക്ക് ഒരു കൊടിമരം

കൊറോണ കാലത്ത് ഉത്സവാദികളെല്ലാം ചുരുക്കി ചടങ്ങുകൾ മാത്രമായപ്പോൾ ക്ഷേത്ര കലയിൽ നിന്ന് കിട്ടുന്നവരുമാനം കൊണ്ട് മാത്രം ജീവിച്ചുവന്ന പലർക്കും വേദികൾ കുറഞ്ഞു. ശ്രീജിത്ത് പൊതുവാളിന് മറ്റ് മാർഗങ്ങൾ തേടേണ്ടി വന്നു.

അങ്ങനെ ഇരിയ്ക്കുമ്പോഴാണ് ചെർപ്പുളശ്ശേരിയ്ക്കടുത്ത് ചളവറയിൽ ദീർഘനാളായി അടഞ്ഞുകിടക്കുന്ന ഒരു നരസിംഹമൂർത്തി ക്ഷേത്രത്തെപ്പറ്റി വളരെ അടുപ്പമുള്ള തൃക്കാരമണ്ണ സുധീഷ് ഭട്ടതിരിയുമായി സംസാരിക്കാൻ ഇടയായത്. അവിടുത്തെ പ്രയാസങ്ങൾക്ക് പരിഹാരം കാണുന്നതോടൊപ്പം മറ്റു ചില ആശയങ്ങളും ചർച്ച ചെയ്യാനിടയായി. അതാണ് പുനർനവയയായി മാറിയത്.

തുടർന്ന് അപ്പുവേട്ടൻ എന്ന അഴകത്ത് ശാസ്ത്ര ശർമ്മൻ നമ്പൂതിരിയുമായി ഈ ആശയം പങ്കുവെച്ചു. അദ്ദേഹം വേണ്ട ഉപദേശങ്ങൾ തന്നു. തുടർന്ന് 2020 ചിങ്ങമാസത്തിലെ തിരുവോണ ദിനത്തിൽ പുനർനവയുടെ ബ്രോഷർ അഴകത്ത് വെച്ച് അദ്ദേഹം തന്നെ പ്രകാശനം ചെയ്ത് അനുഗ്രഹിയ്ക്കുകയും ചെയ്തു.

അങ്ങിനെ അണ്ടലാടി പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെ നിർദേശാനുസരണം പുനർനവയുടെ ആദ്യ വർക്ക് പാലക്കാട് മുണ്ടൂർ നരസിംഹ മൂർത്തി ക്ഷേത്രത്തിലെ ബലിക്കല്ലുകൾ തെയ്യാറാക്കി കൊടുത്തു കൊണ്ട് തുടങ്ങി. തുടർന്ന് പരിചയമുള്ള പല തന്ത്രിമാരും പല ക്ഷേത്ര കാര്യങ്ങൾക്കും പുനർനവയുമായി ബന്ധപ്പെടുത്തി തന്നു സഹകരിച്ചു.

ഇതിൽ പ്രത്യേകം എടുത്തു പറയേണ്ടവരാണ് തന്ത്രി ഇയ്ക്കാട്ട് കുഞ്ഞനിയേട്ടൻ, തന്ത്രി അണ്ടലാടി ഉണ്ണി ഏട്ടൻ, ഗുരുവായൂർ ഓതിയ്ക്കൻ പൊട്ടക്കുഴി നാരായണൻ നമ്പൂതിരി തുടങ്ങിയവർ. തുടക്കത്തിൽ പല സംശയങ്ങൾക്കും കൂടെ നിന്ന് വേണ്ട ഉപദേശങ്ങളും നിർദേശങ്ങളും നൽകിയവരാണിവരൊക്കെ.

പിന്നീട് ആലുവാ തന്ത്രവിദ്യാപീഠത്തിലെ ചെറിയതുറ നരസിംഹ സ്വാമി ക്ഷേത്രത്തിലെ സുദീർഘമായ ഒരു പാട് വലിയ വർക്കുകൾ നടത്താനായി. വിദ്യാപീഠം സെക്രട്ടറിയും മുൻ ഗുരുവായൂർ മേൽശാന്തിയുമായ തിയ്യന്നൂർ പ്രമോദ് നമ്പൂതിരിപ്പാട് പുനർനവയെ തന്നെ ചുമതലപ്പെടുത്തുകയുമുണ്ടായി. വിദ്യാപീഠത്തിലെ വർക്കുകളുമായി അവിടെ ചില വഴിയ്ക്കുമ്പോൾ മറ്റ് ഒരു പാട് ആചാര്യൻമാരും അവിടുത്തെ വിദ്യാർത്ഥികളുമായി ഒരു പാട് നല്ല സൗഹൃദങ്ങൾ പുനർനവയ്ക്ക് കൂടുതൽ വ്യാപ്തിയും കരുത്തും പകർന്നു തന്നു.




*തന്ത്ര വിദ്യാപീഠത്തിലെ (ചെറിയത്ത് നരസിംഹ മൂർത്തി ക്ഷേത്രം) പുനർനവയുടെ വർക്കിന് ലഭിച്ച അംഗീകാരം*



*പുനർനവ ശീജിത്ത് പൊതുവാൾ,*
*ചെർപ്പുളശ്ശേരി ,പാലക്കാട് ജില്ല*
*മൊബൈൽ: 9400480369*

ചെമ്മന്തിട്ട ശ്രീകൃഷ്ണ ക്ഷേത്രം, വാണിയംകുളത്തുള്ള പി കെ ദാസ് ഹോസ്പിറ്റലിലെ ക്ഷേത്രത്തിലെ ശ്രീ ചക്ര പ്രതിഷ്ഠ എന്നിവയും എടുത്തു പറയേണ്ടവയാണ്.

കേരളത്തിലെ ഒരുപാട് വിഷ്ണു ക്ഷേത്രങ്ങൾ ഉദ്ധരിച്ചു കൊണ്ടുവരുന്നതിൽ മുഖ്യ പങ്ക് വഹിയ്ക്കുന്ന വാതാലയ ട്രസ്റ്റിന്റെ പല വർക്കുകളും പുനർനവ ഏറ്റെടുത്ത് നടത്തുന്നുണ്ട്

ഇപ്പോഴിതാ ഇന്ത്യയ്ക്ക് പുറത്ത് ആഫ്രിയ്ക്കയിലെ കെനിയ എന്ന രാജ്യത്തുള്ള തികച്ചും കേരളീയ തച്ചു ശാസ്ത്ര രീതിയിൽ പണിതതും കേരളീയ പൂജാവിധിയിൽ നടക്കുന്നതുമായ നൈറോബി അയ്യപ്പക്ഷേത്രത്തിലേയ്ക്ക് കോട്ടയം പാലായിൽ നിന്ന് മരം കണ്ടെത്തി തേക്ക് കൊണ്ടുള്ള കൊടിമരമുണ്ടാക്കിയിരിക്കുന്നു. ഔഷധ കൂട്ടുകൾ ചേർത്ത്എണ്ണ തോണിയിലിട്ട മരം ജനുവരി ആദ്യവാരത്തോടെ കപ്പൽ മാർഗവുംറോഡ് മാർഗവുമായി നൈറോബിയിലെ ക്ഷേത്രസന്നിധിയിലെത്തിക്കാൻ തയ്യാറെടുക്കുകയാണ്.ഇതിനു വേണ്ട എല്ലാ നിർദേശങ്ങളും നൽകി മുന്നിൽ നിന്ന് നയിച്ചത് തേവണംകോട് നാരായണൻ നമ്പൂതിരിയാണ്. ക്ഷേത്രം തന്ത്രിയായ കൈമുക്ക് ജാതവേദൻ നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ 2024 മെയ് മാസത്തിൽ ഇവിടെ ധ്വജപ്രതിഷ്ഠ നടക്കുകയാണ്.

കേരളത്തിനു പുറത്ത് മാത്രമല്ല ഹിന്ദുക്കളായ മലയാളികൾ കൂട്ടമായി താമസിയ്ക്കുന്ന ഇന്ത്യയുടെ പുറത്തുള്ള പല രാജ്യങ്ങളിലും നമ്മുടെ കേരളീയ വാസ്തുവിദ്യയിലും താന്ത്രികവിധിപ്രകാരവും പണിത ക്ഷേത്രങ്ങളും പൂജകളും ധാരാളമുണ്ട് അങ്ങനെ പല ക്ഷേങ്ങളിലേയ്ക്കും ഇതിനു മുമ്പും വിഗ്രഹങ്ങളും വിളക്കും ഓട്ടുപാത്രങ്ങളും കല്ലും മരങ്ങളും പണിക്കാരെയും എത്തിച്ചിട്ടുമുണ്ട് .

കണ്ണൂർ മൃദംഗശൈലേശ്വരി ക്ഷേത്രത്തിലെ ശ്രീ പോർക്കലി ഭഗവതി ക്ഷേത്രം, മുക്കം അടിതൃക്കോവിൽ നരസിംഹമൂർത്തി ക്ഷേത്രം, ആനമങ്ങാട് മഹാദേവമംഗലം ക്ഷേത്ര കൊടിമരം എന്നിവയുടെയൊക്കെ പണി നടന്നു വരികയാണിപ്പോൾ. കൂടാതെ കേരളത്തിലും പുറത്തുമായി ബലിക്കല്ലുകൾ, വിഗ്രഹങ്ങൾ, തേവാര പീഠങ്ങൾ, പ്രഭാമണ്ഡലങ്ങൾ തുടങ്ങിയ പണികളും വിവിധ ഇടങ്ങളിലായി നടന്നു വരുന്നു. ●

ക്ഷേത്ര സംബന്ധമായ എന്തും ഇനി വിളിപ്പുറത്ത്

# പുനർ നവ

A-Z Temple Solutions

കേരളത്തിലെ പ്രഥമ സംരംഭം

ക്ഷേത്രം നടത്തിപ്പുകാർക്ക് ഇനി വേവലാതി വേണ്ട!!
ക്ഷേത്രവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന എല്ലാ കാര്യങ്ങളും ഒരു ഫോൺ വിളിയിൽ നിങ്ങൾക്ക് മുന്നിൽ

- ജ്യോതിഷ സേവനം
- വാസ്തു വിദഗ്ധരുടെ സേവനം (Plan & Estimate)
- ക്ഷേത്ര നിർമ്മാണം (വിദഗ്ധ ശിൽപികളുടെ മേൽനോട്ടത്തിൽ)
- ധ്വജ സ്തംഭ നിർമ്മാണം (കോൺക്രീറ്റ് /തേക്ക് എത്തിച്ച്)
- അഷ്ടബന്ധ നവീകരണ കലശത്തിന്
  - നോട്ടീസ് പ്രിന്റിംഗ്
  - കലശക്രിയകൾക്ക് വേണ്ട സാധന സാമഗ്രികൾ
  - വാദ്യം, കഴകം
  - പന്തൽ, ശബ്ദം, വെളിച്ചം, ഭക്ഷണം
- ഉത്സവങ്ങൾക്ക് വേണ്ടുന്ന എല്ലാം
- കളംപാട്ട് (പന്തീരായിരം ഉൾപ്പെടെ)
- തിയ്യാട്ട് (പന്തീരായിരം ഉൾപ്പെടെ)



കൂടാതെ പ്രതിഷ്ഠാദിനം, ശുദ്ധികലശം, നിറ തുടങ്ങിയ ചടങ്ങുകൾക്കും വിശേഷാവസരങ്ങളിലേയ്ക്കാവശ്യമായ അലങ്കാരങ്ങൾ ഒരുക്കുന്നതിനും, വിശേഷ പത്മങ്ങൾ അലങ്കാരത്തോടുകൂടി ഏർപ്പാട് ചെയ്യുന്നതിനും ക്ഷേത്ര കലകൾ നടത്തിത്തരുന്നതിനും, ബന്ധപ്പെടുക.

## അർപ്പണം-സമർപ്പണം

ക്ഷേത്ര നിർമ്മാണം മുതൽ കലശം കഴിയുന്നതുവരെയുള്ള എല്ലാവിധ പ്രവർത്തികളും ഏറ്റെടുത്ത് നടത്തിതരുന്നതാണ്.

*For Details:*

**PUNER NAVA**
*Near Ayyappankavu,, Kavuvattom, Cherpulassery*
*Palakkad (Dt.), Kerala-679503*
9400480369, 8075203958, 9447531282

# ദിലീപ് ശങ്കറും സംഗീതയും

കോഴിക്കോട് ജില്ലയിൽ മാവൂർ കോടിത്തലപ്പണ ഇല്ലത്ത് (Late) ദാമോദരൻ നമ്പൂതിരിയുടേയും ലീലാ അന്തർജനത്തിന്റേയും, മകൻ ദിലീപ് ശങ്കറും പയ്യന്നൂർ വടശ്ശേരി ചേന്ദമംഗലത്തില്ലത്ത് (Late) സുബ്രഹ്മണ്യൻ നമ്പൂതിരിയുടേയും ശാരദാ അന്തർജ്ജനത്തിന്റേയും മകൾ സംഗീതയും ഒക്ടോബർ 27 ന് (1199 തുലാം 10) അരീകുളങ്ങര ദേവീ ക്ഷേത്രം കല്ല്യാണ മണ്ഡപത്തിൽ വച്ച് വിവാഹിതരായി.
Mobile:9388576612





## സെലബ്രിറ്റി ഗസ്റ്റ് /കെ. പി. ശങ്കരൻ

### ഏറനാട്ടിലെ ഏറ്റവും വലിയ മരനാട്ട് മനയിൽപ്പോലും

# അയിത്തം അനുഭവിച്ചിട്ടില്ല

**നമ്പൂതിരിമാരിലുള്ള എന്തോ ഒരു പ്രത്യേകത കെ. പി.ശങ്കരനിലുമുണ്ട്. സമ്പർക്കത്തിലെ സൗമ്യതയും സംഭാഷത്തിലെ സാന്ദ്രതയും നിരൂപണത്തിലെ സൗന്ദര്യവുമായ ശങ്കരൻ മാസ്റ്ററുടെ ശിഷ്യനായ പി.എൻ വിജയനും സ്വസ്തിയുടെ ചീഫ് എഡിറ്റർ കൊയ്ത്തടി പരമേശ്വരനും സെലബ്രിറ്റി ഗസ്റ്റ് പംക്തിക്കായി മാഷെ സന്ദർശിച്ചു. അപ്പോൾ അനുഭവിച്ചത് അപൂർവ്വമായ ഗുരുസാന്നിദ്ധ്യവും അതിന്റെ സവിശേഷമായ സാത്വിക പരിശുദ്ധിയും.**



**പി.എൻ വിജയൻ**



ഞങ്ങൾ ചെന്നുകയറിയ ദിവസം മാസ്റ്ററുടെ സഹോദരീഭർത്താവ് ഗോവിന്ദൻകുട്ടിപ്പൊതുവാളിന്റെ രണ്ടാം ശ്രാദ്ധദിനമായിരുന്നു. ശേഷം കൊണ്ട് കാത്തിരിക്കുകയായിരുന്ന മാസ്റ്റർക്കും വീട്ടുകാർക്കും രണ്ടു 'ബ്രാഹ്മണ' രെ ചാത്തസ്സദ്യ ഊട്ടുവാനുള്ള അവസരമുണ്ടായതിലെ സന്തോഷമാവാം പൂമുഖത്ത് തെളിഞ്ഞൊഴുകിയത്. ഭക്ഷണത്തിന്നു ശേഷമാണ് ഞങ്ങൾ സംസാരിക്കാനിരുന്നത്.

മാഷുടെ ബാല്യകാലസ്മരണകളിൽ ആദ്യം ഉണർന്നത് കൂടലാറ്റുപുറം മനയും അവിടത്തെ ക്ഷേത്രവും മറക്കുട പിടിച്ചു തൊഴാൻ വരുന്ന അന്തർജനങ്ങളും അവരുടെ ശുദ്ധവും അവരുടെ മുന്നിൽ ഒതുക്കത്തോടെ പറയേണ്ടതായ ആചാരവാക്കുകളും ആയിരുന്നു. മാഷുടെ പൊതുവാൾ കുടുംബത്തിന് അവിടെ കഴകം ഉണ്ടായിരുന്നു.

'ഒരിക്കൽ മനയ്ക്കലെ അന്തർജനങ്ങൾ തൊഴാൻവരുന്നു എന്നു പറഞ്ഞത് വലിയ പ്രശ്നമായി. പിറകിൽ നിന്ന് ആരോ തിരുത്തിയതോർമ്മയുണ്ട്. തമ്പുരാട്ടിമാർ തൃക്കൺപാർക്കാൻ എഴുന്നള്ളിവരുന്നു എന്നു പറ എന്ന് ആരോ പറഞ്ഞു തന്നു.'

'മനയ്ക്കലെ ഒരു ദാമോദരൻ നമ്പൂതിരി എന്റെ കൂടെ കേരളവർമ്മയിൽ പഠിച്ചിട്ടുണ്ട്. മനക്കൽ പണ്ട്

ഒരു ചിത്രകാരൻ ഉണ്ടായിരുന്നു. എന്നാൽ മനസ്സിൽ ഏറ്റവും ഉയർന്നു നിൽക്കുന്നത് മനയ്ക്കലെ ആനയെ പ്പറ്റിയുള്ള ഓർമ്മയാണ്.'

അക്കിത്തത്തിന്റെ പണ്ടത്തെ മേ ശാന്തി എന്ന കവിതയിലെ വരികൾ മാഷ് ചൊല്ലി

'കൂടനെന്നെങ്ങും പുകഴ്ന്ന ഗജകുല -
കൂടസ്ഥനെജ്ജനം കണ്ടുരസിക്കവേ...'

'കൂടൻ' എന്നു പറഞ്ഞാൽ , കൂട ലാറ്റുപുറത്തെ അതികേമനായ ആന യാണ്. ഗുരുവായൂർ കേശവന്റെ ഒട്ടും താഴെയല്ല കൂടൻ എന്നാൽ ആകെ മൊത്തം നോക്കിയാൽ ഭംഗി കൂടും എന്നാണ് പറഞ്ഞിരുന്നത്.'

മനകളെക്കുറിച്ചുള്ള മാഷുടെ ഓർമ്മകളിൽ പിന്നെ വരുന്നത് മര നാട്ടുമനയാണ്.

'യാഥാസ്ഥിതികത്വം മരനാട്ടുമ നയിൽ കുറവായിരുന്നു. അവിടെ കൂടുതൽ സ്വാതന്ത്ര്യമുണ്ടായിരുന്നു. വലിയ തമ്പുരാൻ തൊട്ട് മിക്കവരും സമഭാവന ദീക്ഷിച്ചിരുന്നു.'

മാഷുടെ അച്ഛൻ നാരായണ പ്പൊതുവാൾ മരനാട്ടെ കാര്യസ്ഥ നായിരുന്നു. അച്ഛന്റെ കൂടെ കരു വാരക്കുണ്ടിലും മഞ്ചേരിയിലും കൊടശ്ശേരിയിലും താമസിച്ചിട്ടുണ്ട്. ഏറ്റവും സന്തോഷകരമായ ഓർമ്മ മരനാട്ടെ മുറ്റത്ത് സമപ്രായക്കാരായ തമ്പാന്മാരുടെ കൂടെ ക്രിക്കറ്റുകളി ച്ചതാണ്. അന്ന് തെങ്ങിന്റെ ഓലക ളഞ്ഞ മട്ടയായിരുന്നു ബാറ്റ്.

മരനാട്ടെ തമ്പാന്മാർ നേതൃത്വം നൽകിയിരുന്ന ചെമ്പ്രശ്ശേരി കലാ സമിതിയുടെ പ്രവർത്തനങ്ങളിൽ മാഷ് ആകൃഷ്ടനായിരുന്നു എന്നു മാത്രമല്ല മരനാട്ടുവക സ്കൂളിലെ വാർഷികോത്സവത്തിൽ മുഖ്യപ്രഭാ ഷകനായിട്ടുമുണ്ട്.

മാഷുടെ വിവാഹശേഷമുണ്ടായ ഒരു സൽക്കാരം കൊടശ്ശേരിയിലെ മരനാട്ടു സ്ഥലത്തെ വീട്ടിൽ വെ ച്ചായിരുന്നു. വൈലോപ്പിള്ളിയട ക്കം ഒരുപാട് കവിസുഹൃത്തുക്കൾ പങ്കെടുത്ത ആ സായാഹ്നത്തെക്കു റിച്ച്, സുഹൃത്തായ ഉണ്ണികൃഷ്ണൻ ചെറുതുരുത്തി ഒരു കവിതയെഴുതി യിട്ടുണ്ട്.

മരനാട്ടെ കാര്യസ്ഥനായി കരു വാരകുണ്ടിൽ താമസിക്കുമ്പോഴാ ണ് മാസ്റ്ററുടെ അച്ഛൻ, വരാൻപോ വുന്ന ഭൂപരിഷ്കരണത്തെക്കുറിച്ച് മനസ്സിലാക്കിയതും ജന്മികൂടിയാൻ വ്യവസ്ഥ ഇല്ലാതായാൽ പാട്ടംവര വ് നിന്നു പോകുമെന്നു നേരത്തേ



*ചീഫ് എഡിറ്റർ കൊയ്ത്തടി പരമേശ്വരൻ കെ. പി. ശങ്കരന് സ്വസ്തി സമ്മാനിക്കുന്നു*

**'വലിയ ജന്മികുടുംബമായിരുന്ന മരനാട്ടു മനയ്ക്കലെ കാർ ഡ്രൈ വർ വേലു പെരുങ്കൊല്ലനായിരുന്നു. മുത്തശ്ശിമാരേയും അന്തർജനങ്ങ ളെയും ഗുരുവായൂർക്കും അങ്ങാ ടിപ്പുറത്തേയ്ക്കും കരിക്കാട്ടേക്കും ക്ഷേത്രദർശനത്തിന്ന് വേലുവാണ് കൊണ്ടുപോയിരുന്നത്. അവർക്കാർ ക്കും അയിത്തത്തിന്റെ ഒരു പ്രശ് നവുമുണ്ടായിരുന്നില്ല. ഇപ്പോഴല്ല എഴുപതു കൊല്ലം മുമ്പു തന്നെ അവർ അക്കാര്യങ്ങളിൽ മുന്നിലാ യിരുന്നു.**

കണക്കുകൂട്ടിയതും മനവകയായുള്ള മലയോരങ്ങളിൽ റബ്ബർകൃഷി തു ടങ്ങാൻ ഒരുനിർദ്ദേശം മുന്നോട്ടു വെച്ചതും. അത് അമ്പതുകളുടെ അവസാനത്തിൽ. മരനാട്ടുമനയി ലെ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട് നാരായണപ്പൊതുവാളിന്റെ നിർദേ ശം സ്വീകരിച്ചു. മരനാട്ടുമനയുടെ സാമ്പത്തികമുന്നേറ്റം ഈ നിലയി ലെത്തിയതിന്റെ മുഖ്യകാരണം മാ സ്റ്ററുടെ അച്ഛനാണെന്നു പറയാം. പിന്നെ പരദേവതയായ ശ്രീ ഗണ പതിയുടെ അനുഗ്രഹവും.

കേരളവർമ്മ കോളേജിൽ കെ. പി. ശങ്കരന്റെ സഹപാഠികളായിരുന്ന വർ പലരും പിന്നീട് പ്രശസ്തരായ സാഹിത്യകാരന്മാരായി വളർന്നവ രാണ്. അവരിൽ നമ്പൂതിരിമാരിൽ കെ.പി.സി. അനുജൻ ഭട്ടതിരിപ്പാടും ഉൾപ്പെടുന്നു. കേരളവർമ്മാകോളേ ജ് പഠനകാലത്തുതന്നെ തുടങ്ങിയ, സമാനമനസ്കരുമായുള്ള സൗഹൃ ദവലയം, അതിനുശേഷം അവിടെ ത്തന്നെ ജോലിയിൽ പ്രവേശിച്ച പ്പോൾ കൂടുതൽ വികസ്വരമായി.

അക്കൂട്ടത്തിൽ മനകളും സഹൃദ യരായ നമ്പൂതിരിമാരുമായുള്ള മാ ഷുടെ ബന്ധം കൂടുതൽ വിശാല വും പ്രകാശപൂർണ്ണവുമായത് എൻ. എൻ. കക്കാട്, എ.പി.പി. നമ്പൂതിരി, അക്കിത്തം, ഒളപ്പമണ്ണ, പാലൂര്, വി ഷ്ണുനാരായണൻ നമ്പൂതിരി തുട ങ്ങിയവരുമായി അടുത്തപ്പോഴാണ്. കവിതകളിലൂടെ തുടങ്ങിയ അടുപ്പം കവികളിലൂടെ സൗഹൃദമായി വളർ ന്നപ്പോഴാണ് മലയാളനിരൂപണത്തി ന്റെ അതുവരെയുണ്ടായിരുന്ന പരു ക്കൻമുഖം, സൗമ്യവും സാന്ദ്രവും സുന്ദരവുമായത്. നിരൂപണം കാവ്യാ ത്മകമായതിനും കണ്ടെത്തലുകൾ സൗന്ദര്യാത്മകമായതിനും കാരണം ഇവരുടെയൊക്കെ കവിതകളിലൂടെ യുള്ള അന്വേഷണമാണ്.

എഴുത്തച്ഛനെക്കുറിച്ച് പഠനം നടത്തി പുരസ്കാരം നേടിയ നിരൂ പകനാണ് മാഷ്. കുഞ്ചൻ നമ്പ്യാരെ ക്കുറിച്ചാണെങ്കിൽ ഏറ്റവും ജനപ്രിയ നായ കവിയാണെന്നു സമ്മതിക്കുന്ന ആളുമാണ്. ഇവർക്ക് രണ്ടുപേർക്കു മില്ലാത്ത സവിശേഷത ചെറുശ്ശേരി യുടെ കവിതയ്ക്കുണ്ടെന്നു മാസ്റ്റർ വിശ്വസിക്കുന്നുണ്ട്. 'ചെറുശ്ശേരി എഴുതിയത് കൃഷ്ണപ്പാട്ടാണ്. പാടി യുറക്കാനും ഉണർത്താനും മഞ്ജ രിക്കു കഴിയും. അതിന്റെ ഈണം നമ്മെ അലിയിക്കുന്നതാണ്. ലാളി ത്യം, ലയം, മയം, ആർദ്രത, ഒഴുക്ക് ....എല്ലാം ചെറുശ്ശേരിയുടെ സവിശേ ഷതയാണ്'

പ്രാചീന കവിത്രയത്തിൽ മാത്രമല്ല നവീനകവിത്രയത്തിലും ഒരു ബ്രാഹ്മണൻ ഉണ്ടല്ലോ. മാസ്റ്റർക്ക് പ്രിയപ്പെട്ടകവി വള്ളത്തോളായിരുന്നു. അദ്ധ്യാപകൻ എന്നനിലയിൽ, അധികം പഠിപ്പിച്ചത് ആശാനെ ആയിരിക്കണം.

'ഉള്ളൂർ നമ്പൂതിരിക്കവിയല്ല ബ്രാഹ്മണകവി എന്ന പട്ടവും സാധാരണഅർത്ഥത്തിൽ അദ്ദേഹത്തിന്നു ചേരുമോ, ആവശ്യമുണ്ടോ എന്നതു സംശയമാണ്. തിരുവിതാംകൂറിന്റെ പ്രത്യേകതകളാണ് ഉള്ളൂരിന്റെ കവിതയിൽ മുഖ്യമായും പ്രതിഫലിക്കുന്നത്. എന്നാൽ ഉമാകേരളത്തേക്കാൾ കേരള സാഹിത്യചരിത്രം എഴുതിയ ഉള്ളൂരിനെയാവും നാളെ കേരളം ഓർമ്മിക്കുക.'

അദ്ദേഹത്തിന്റെ 'പ്രേമസംഗീതവും' കാളിന്ദിയാറ്റിൻ കരയിൽ... എന്നു തുടങ്ങുന്ന കവിതയും മതി സാധാരണക്കാർക്ക് .വള്ളത്തോളാണെങ്കിൽ 'ഒക്കെയും ഭവൽസ്വത്താം നമ്പൂരിദ്വിജന്മാരേ..' എന്ന് പണ്ടേ പറഞ്ഞിട്ടുണ്ട്. നമ്പ്യാർ പിന്നെ എല്ലാവരേയും കളിയാക്കിയകൂട്ടത്തിൽ നമ്പൂതിരിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്.'

വീണ്ടും നമ്പൂതിരിക്കവികളിലേയ്ക്കു വരുമ്പോൾ നേരത്തേപ്പറഞ്ഞ പേരുകൾ ഓർക്കാം. കക്കാടുമുതൽ വിഷ്ണുമാഷ് വരെയുള്ളവരുമായുള്ള പരിചയത്തിന്റെ ബലത്തിൽ, അവരുടെ കവിതയ്ക്ക് നമ്പൂതിരിയെ മുന്നോട്ടു കൊണ്ടുപോവാൻ കഴിഞ്ഞതിനെപ്പറ്റി.....?

'നമ്പൂതിരിയെ മാത്രമല്ല മനുഷ്യനെ മുന്നോട്ടു കൊണ്ടുപോവാനാണ് വീട്ടിയും ഈ എം എസ്സും എല്ലാം ശ്രമിച്ചത്. അവരുടെ പ്രചോദനത്തിലാവണമല്ലോ. ഒപ്പമണ്ണയും അക്കിത്തവും ഒക്കെ ആ വഴിക്കു ചിന്തിക്കാൻ തുടങ്ങിയത്.'

'യാഥാസ്ഥിതിക കുടുംബത്തിൽ ജനിച്ച ഒളപ്പമണ്ണയാണ് ഏറ്റവും വലിയ വിപ്ലവകാരി. അക്കാലത്തു തന്നെ അവരൊക്കെ നമ്പൂതിരിയേയും നായരേയും ചെറുമനേയും പുലയനേയും മനുഷ്യനായി കണ്ടിരുന്നു.'

രണ്ടുപേരും കുടുംബകവിതകൾ ധാരാളം എഴുതിയിട്ടുണ്ടല്ലോ. അത് സമൂഹത്തിൽനിന്ന് കുടുംബത്തിലേയ്ക്കുള്ള ചെറുതാവലാവില്ലേ?

'അങ്ങനെയല്ലെന്നാണ് എന്റെ പക്ഷം. എല്ലാവരേയും ഒന്നിച്ചു



*കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വവും, സമഗ്ര സംഭാവനാ പുരസ്കാരവും മന്ത്രി വാസവനിൽ നിന്ന് ഏറ്റുവാങ്ങിയപ്പോൾ*

**'യാഥാസ്ഥിക കുടുംബത്തിൽ ജനിച്ച ഒളപ്പമണ്ണയാണ് ഏറ്റവും വലിയ വിപ്ലവകാരി. അക്കാലത്തുതന്നെ അവരൊക്കെ നമ്പൂതിരിയേയും നായരേയും ചെറുമനേയും പുലയനേയും മനുഷ്യനായി കണ്ടിരുന്നു.'**

നിർത്തുക എന്നൊരു നയം അതിലുണ്ടെങ്കിലും കുടുംബബന്ധങ്ങളിലുടെയും അതിന്റെ നന്മകളിലൂടെയും സമൂഹത്തിലേയ്ക്കു വളരുന്ന കവിതകളാണവ. ഒളപ്പമണ്ണ പത്നിയെക്കുറിച്ചും മക്കളെക്കുറിച്ചും അമ്മയെക്കുറിച്ചും മുത്തശ്ശിയെക്കുറിച്ചും എഴുതുമ്പോൾ ആ അനുഭവങ്ങൾ എല്ലാവരുടേയും അനുഭവങ്ങളാവുന്നു. അത് സ്നേഹത്തിലേയ്ക്കും കരുതലിലേയ്ക്കും സമൂഹത്തെ വികസിപ്പിക്കുന്നു. അതുപോലെ അക്കിത്തം ചാത്തുവിനെക്കുറിച്ചും മറ്റും എഴുതുമ്പോഴും അത് ഒരു വ്യക്തിയിൽ ഒതുങ്ങാതെ, ഒരു പൊതു ബോധമായി വളരുന്നുണ്ട്.'

വി.ടി.യുടെയും എം.പി.യുടെയും എം.ആർ.ബി. യുടെയും സാഹിത്യത്തെക്കുറിച്ച്?

'അവരൊക്കെയാണ് വിപ്ലവം തുടങ്ങി വെച്ചത്. സ്വന്തംസമുദായത്തിലെ ജീർണ്ണതക്കെതിരെ ആദ്യം ശബ്ദിച്ചത് വി.ടി.യാണല്ലോ. സഹിക്കാൻ വയ്യാതാവുമ്പോൾ സ്വന്തം സമുദായത്തിനെതിരെയും നീങ്ങും. അതിന്റെ മാറ്റൊലികളാണ് പിന്നീടുവന്ന പലകവിതകളും നാടകങ്ങളും. ആ മുന്നേറ്റത്തിന്റെ അലകൾ തന്നെയാണ് പിന്നെ പലതരത്തിൽ പലസമുദായങ്ങളും ഏറ്റെടുത്തത്.'

'ഒളപ്പമണ്ണയുടെ കാര്യത്തിൽ മനുഷ്യനെ മാത്രമല്ല, ഗുരുവായൂരിലെ കൃഷ്ണനേയും സമഭാവത്തിൽ കാണുന്ന ഒരു സന്ദർഭമുണ്ട്. ഗുരുവായൂരിൽ തൊഴാൻ എത്തിയപ്പോൾ...

'ഒളപ്പമണ്ണ നമ്പൂരി
മണ്ഡപത്തിലിരിക്കവേ...
ഇരിയ്ക്കാൻ പറയുമ്പോഴും
ഇരിയ്ക്കുന്നീല കേശവൻ;
നിന്നോളാമെന്ന ഭാവത്തി–
ലല്ലയോ ഹരി കേശവൻ?'

'ശ്രീകോവിലിൽ ഭഗവാൻ കൃഷ്ണൻ നില്ക്കുകയാണല്ലോ. എണീക്കണ്ട ഇരുന്നോളൂ... എന്ന് കൃഷ്ണൻ പറയുന്ന പോലെ തോന്നിയത്രെ. ഇങ്ങനെ ഫലിതരൂപത്തിൽ കൃഷ്ണനെ കാണാൻ ഒളപ്പമണ്ണയ്ക്കു പറ്റും. അക്കിത്തത്തിന്നത് പ്രയാസമാവും. അദ്ദേഹം താഴത്തു തൊഴുതു നിൽക്കുകയേയുള്ളൂ.'

ഭക്തിയുടെ കാര്യംവന്നപ്പോൾ മേൽപ്പത്തൂരും പൂന്താനവും ഓർമ്മയിലെത്തി.

നാരായണീയം വേണ്ടത്ര നിഷ്ക്കർഷയോടെ വായിച്ചിട്ടില്ല എന്നു സമ്മതിച്ച മാസ്റ്റർ പൂന്താനം നിഷ്ക്കാമഭക്തിയുടെ ഉദാത്തമാതൃകയാണെന്നു വിശ്വസിക്കുന്നു. കൊട്ടിയൂരിൽ മറന്നുവെച്ച ഭാഗവതവും കാട്ടിൽവെച്ചു മങ്ങാട്ടച്ചനു കൊടുത്ത മോതിരവും ഗുരുവായൂരിലെത്തിയപ്പോൾ തിരിച്ചുകിട്ടിയെന്ന കഥകൾ ഭക്തിയുടെയും ഭക്തദാസനായ ഭഗവാന്റെയും വാഴ്ത്തു പാട്ടുകളായിരിക്കാം എന്നൊക്കെ വിശ്വസിക്കാനാണ് മാസ്റ്റർക്ക് ഇഷ്ടം.

അപ്പോഴാണ് പാലൂരും വിഷ്ണു നാരായണൻ നമ്പൂതിരിയും ചർച്ചാവിഷയമായത്.

'ഏതു പ്രതികൂലസാഹചര്യത്തിലും പിടിച്ചുനിൽക്കാനും ഇച്ഛാശക്തിയും കഠിനാദ്ധ്വാനവുംകൊണ്ട്

സ്വയംവളരാനും കഴിയുമെന്നു തെളിയിച്ച കവിയാണ് പാലൂർ. അദ്ദേഹത്തിന്റെ ജീവിതവും കവിതയും എല്ലാവർക്കും ഒരു പാഠപുസ്തകമാണ്. വിമാനത്താവളത്തിലെ കവിയെന്ന് പേരുവീണിട്ടും മഹാഭാരതമാണ് അദ്ദേഹം കൂടതൽ തവണ വായിച്ചത്.'

'വിഷ്ണു ഇവരിൽനിന്നൊക്കെ വ്യത്യസ്തനാവുന്നത് അദ്ദേഹത്തിന്റെ പാശ്ചാത്യസാഹിത്യസമ്പർക്കം കൊണ്ടാണ്. ഷെയ്ക്സ്പിയറേയും യേറ്റ്സിനേയും ഒക്കെ ഇത്രയധികം ഉൾക്കൊണ്ട ഒരു മലയാളകവി വേറെയില്ല. എന്നിട്ടും അദ്ദേഹത്തിന്റെ കവിമനസ്സ് അലഞ്ഞുനടന്നത് ഉജ്ജയിനിയിലും ഹിമാലയത്തിലും ആണ്. അദ്ദേഹത്തിന്നു, പ്രണയഗാനവും സ്വാതന്ത്ര്യഗീതവും സുപ്രഭാതകീർത്തനവും എല്ലാം ഒരേ ആർജവത്തോടെയും ലയത്തോടെയും എഴുതാം.

നമ്പൂതിരിമാരുടെ പൊതുവായ സംഭാവനയെക്കുറിച്ചു ചോദിച്ചപ്പോൾ, മാസ്റ്റർക്ക് ഒരു സംശയവുമുണ്ടായില്ല.

'ഇവിടത്തെ സാധാരണക്കാർ വളരെകുറച്ച് അക്ഷരങ്ങളേ ഉപയോഗിച്ചിരുന്നുള്ളു. അവ അധികവും ഖരാക്ഷരങ്ങളായിരുന്നു. അക്ഷരങ്ങളുടെ ഉച്ചാരണശുദ്ധി മലയാളിയെ പഠിപ്പിച്ചത് നമ്പൂതിരിമാരാവാം. ഉച്ചാരണമാണ് ഭാഷയുടെ അടിസ്ഥാനം. എന്നാൽ അവർതന്നെ അവരുടെ അന്തർജനങ്ങൾക്കുവേണ്ടി തനിനാടൻ വാക്കുകളും ഉണ്ടാക്കി. അങ്ങനെയാണ് ശ്രാദ്ധം ചാത്തമായത്. ദേവകി തേതിയായത്.

'നമ്പൂതിരിമാരെപ്പോലെ ഫലിതം കൈമുതലായവർ വേറെയില്ല. സ്വയം ചിരിക്കാനും ചിരിപ്പിക്കാനും അവർക്കു പ്രയാസമില്ല. പരിഹസിക്കുമ്പോഴും പരിഹസിക്കപ്പെടുമ്പോഴും സംയമനം പാലിക്കാൻ അവർക്കറിയാം.

'സമ്പത്തും സമയവും ധാരാളം ഉണ്ടായിരുന്നതുകൊണ്ട് അവർ കലയും കവിതയും പ്രോത്സാഹിപ്പിച്ചു. എല്ലാം നഷ്ടപ്പെട്ട അവസരത്തിലും അത് ഉപേക്ഷിച്ചില്ല. അവരിൽപ്പലരും കാലത്തിനൊത്ത് മാറാൻ തയ്യാറായി. എന്റെ നാട്ടിൽ ആദ്യം പരിഷ്ക്കാരം സ്വീകരിച്ചത് ഏഴിക്കോട് മനക്കാരാണ്. കച്ചവടം തുടങ്ങിയവരും ബസ് -സർവീസ് തുടങ്ങിയവരും ഒക്കെയുണ്ട്. ഏറനാട്ടിലെ നമ്പൂതിരിമാരിൽ ആദ്യം റബ്ബർ കൃഷി തുടങ്ങിയത് മരനാട്ടുമനക്കാർ തന്നെയാവാം. എന്നാൽ പരിചയിച്ച വഴിയിൽനിന്ന് മാറാത്തവരും ഉണ്ട്.'

'നമ്പൂതിരിമാരുടെ ഗദ്യം എടുത്തു പരിശോധിച്ചാലും നവോത്ഥാനം തുടങ്ങിയതിന്ന് ധാരാളം തെളിവുകളുണ്ട്. ലളിതാംബിക അന്തർജനവും കെ.ബി. ശ്രീദേവിയും മാടമ്പും സ്ത്രീകഥാപാത്രങ്ങളെ നിഷേധിക



## കെ.പി.ശങ്കരൻ: ജീവിത രേഖ

മലയാള സാഹിത്യനിരൂപണ രംഗത്തെ സൗമ്യസാന്നിധ്യമാണ് കെ.പി.ശങ്കരൻ. കൃതികൾക്കുനേരെ വാളെടുക്കുന്നതിനുപകരം തൊട്ട് തലോടിക്കൊണ്ടുള്ള ആസ്വാദനമാണ് പലപ്പോഴും പിൻതുടർന്നത്. തനിക്ക് പ്രിയപ്പെട്ട രചനകളിലൂടെ സഞ്ചാരമാണ് ശങ്കരൻ മാഷിന്റെ സാഹിത്യജീവിതം. 'പറയാൻ എന്തെങ്കിലും ഉണ്ടെങ്കിലേ എഴുതിത്തുടങ്ങാറുള്ളൂ, കുറ്റപ്പെടുത്താൻ മാത്രമായി ഒന്നും എഴുതാറില്ലെന്ന' കെ.പി.ശങ്കരന്റെ വാക്കുകൾ തന്നെ ആ സാഹിത്യയാത്രയുടെ വഴി ബോധ്യപ്പെടുത്തുന്നു.

കേരള സാഹിത്യ അക്കാദമിയുടെ സമഗ്രസംഭാവന പുരസ്കാരവും വിശിഷ്ടാംഗത്വവും ലഭിച്ചു. രണ്ട് തവണ കേരള സാഹിത്യ അക്കാദമി അവാർഡ് നേടി. ചെറുകാട് അവാർഡ്, സി.പി.മേനോൻ സ്മാരക പുരസ്കാരം, ദേവീപ്രസാദം ട്രസ്റ്റ് അവാർഡ്, കെ.പി.നാരായണ പിഷാരടി പുരസ്കാരം, എസ്.ഗുപ്തൻ നായർ ഫൗണ്ടേഷൻ അവാർഡ്, വൈലോപ്പിള്ളി ജയന്തി പുരസ്കാരം തുടങ്ങി ഒട്ടേറെ അംഗീകാരങ്ങൾ നേടി. ഋതുപരിവർത്തനം, നവകം, മറ്റൊരു വൈലോപ്പിള്ളി, കവിതാഹൃദയം, അധ്യാത്മ രാമായണം-സംശോധനം, വ്യാഖ്യാനം, ഹരിനാമകീർത്തനം വ്യാഖ്യാനം, മഹാഭാരതം ഒരു പുനർവായന, അക്കിത്തപ്പെരുമ, ഗാന്ധികവിതകൾ -പഠനം, ജ്ഞാനപ്പാന-വ്യാഖ്യാനം തുടങ്ങിയ കൃതികൾ രചിച്ചു.

1939 മേയ് 15 ന് ഷൊർണ്ണൂരിന് സമീപം തൃശൂർ ജില്ലയിലെ പൈങ്കുളം പൊതുവാട്ടിൽ ജനനം. അച്ഛൻ നാരായണപ്പൊതുവാൾ, അമ്മ ശ്രീദേവി പൊതുവാൾസ്യാർ. ചെറുതുരുത്തി ഹൈസ്കൂൾ, ശ്രീകേരള വർമ്മ കോളേജ്, മഹാരാജാസ് കോളേജ് എന്നിവിടങ്ങളിൽ പഠനം. ചങ്ങനാശ്ശേരി എസ്.ബി.കോളേജ്, ശ്രീകേരളവർമ്മ കോളേജ്, മൈസൂരിലെ റീജിയനൽ കോളേജ് ഓഫ് എജ്യുക്കേഷൻ എന്നിവിടങ്ങളിൽ അധ്യാപകനായിരുന്നു. 2001-ൽ വിരമിച്ചു. കേരള സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗം, പബ്ലിക്കേഷൻ കമ്മിറ്റി കൺവീനർ എന്നീ നിലകളിൽ പ്രവർത്തിച്ചു.

ഭാര്യ കമലാദേവിക്കൊപ്പം കോഴിക്കോട് ചെലവൂരിന് അടുത്ത കോട്ടാമ്പറമ്പിലാണ് താമസം. മക്കൾ: ചിത്ര, രഘു.

കെ പി ശങ്കരൻ, ചൈത്രം, പട്ടാളമുക്ക്, കോട്ടംപറമ്പ്
കോഴിക്കോട്-673 008 മൊബൈൽ : 9846549456

ളും എതിരാളികളും പോരാളികളും ആക്കിയിട്ടുണ്ട്. അതിന്നുമുമ്പുതന്നെ അന്തർജനങ്ങളെ അടുക്കളയിൽ നിന്ന് അരങ്ങത്ത് എത്തിക്കാനുള്ള ശ്രമങ്ങളുണ്ടായിട്ടുണ്ട്. ഇന്ന് അവർ നമ്മുടെ നഗരങ്ങളിൽ മാത്രമല്ല വിദേശനഗരങ്ങളിൽപ്പോലും തിളങ്ങുന്നുണ്ടല്ലോ.'

'ചമ്പുപ്രസ്ഥാനകാലത്തെ നമ്പൂതിരിക്കവികൾ ഒരുപക്ഷെ മുന്നോട്ടുപോവാതെ നിന്നേടത്തു തന്നെ നിലയുറപ്പിച്ച്, സംബന്ധവും വിനോദവും കൂത്തും കൂടിയാട്ടവും കഥകളിയുമായി ചുരുങ്ങിയപ്പോൾ ശൃംഗാരശ്ലോകങ്ങളും പൂരപ്രബന്ധങ്ങളും എഴുതിക്കൂട്ടിയിരിക്കാം. അത് ആ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. ആവശ്യവുമായിരുന്നിരിക്കാം. അതാണ് നമ്പൂതിരി സമുദായത്തിന്റെ നവോത്ഥാനത്തിന്ന് പിന്നീടു നിമിത്തമായത്.'

യുവതലമുറയ്ക്കുള്ള ശങ്കരൻ മാഷിന്റെ സന്ദേശം .

'എല്ലാവരും വായിക്കണം വളരണം. ചരിത്രവും സാഹിത്യവും വായിക്കണം. ശാസ്ത്രത്തിന്റെ മുന്നേറ്റമാണല്ലോ ഇപ്പോൾ നടക്കുന്നത്. അതു പ്രത്യേകിച്ചു പറയുന്നില്ല. വായന ഒരുകാലഘട്ടത്തിലേക്കോ ഒരു വിഷയത്തിലേക്കോ ചുരുങ്ങരുത്. കക്കാടിന്റെ 'സഫലമീയാത്ര' വായിക്കുമ്പോൾ വൈലോപ്പിള്ളിയുടെ 'ഊഞ്ഞാലും' വായിക്കണം. ഒളപ്പമണ്ണയെ വായിക്കുമ്പോൾ അക്കിത്തത്തേയും വായിക്കണം. ഒന്നിലെ സാമൂഹ്യബോധം മറ്റൊന്നിലെ ദാർശനികതലത്തിലും താഴെയല്ല. അതുപോലെ നാരായണീയം പഠിക്കുമ്പോൾ ജ്ഞാനപ്പാനയും പഠിക്കാൻ ശ്രമിക്കണം. ഒന്ന് ആര്യസംസ്കാരത്തിന്റെ വൈജ്ഞാനിക മേഖലയാണ്. ജ്ഞാനയോഗമാർഗ്ഗങ്ങളുടെ ഭക്തിസംഗ്രഹമാണ്. മറ്റേത് പൊതുവിജ്ഞാനത്തിന്റെയും ജീവിതാനുഭവത്തിന്റെയും ദ്രാവിഡത്തോറ്റമാണ്.

'എല്ലാ നല്ലസാഹിത്യവും അനുഭവവും അറിവും ആണ്. അതു ജ്ഞാനമാക്കി മാറ്റണം. ജീവിതവിജയത്തിന്നു പ്രയോജനപ്പെടുത്തണം. പാരമ്പര്യമായി ലാളിത്യവും എളിമയും വിനയവും സ്വീകരിച്ചവർക്ക് അതിന്നു വിഷമമില്ല. ജീവിതത്തിന്റെ രണ്ടുകരയും കണ്ടവർ, കാണിച്ചുതരുന്ന മൂന്നാമത്തെ കരയാണ് സാഹിത്യം.

**'വലിയ സൗകര്യങ്ങൾ ഒഴിവാക്കി എന്റെ വീട്ടിലെ സൗകര്യം മതി എന്നു പറയാൻ ഒരു ഋഷി മനസ്സിനേ കഴിയൂ. ഒരു നമ്പൂതിരിക്കു മാത്രം എന്നു പറഞ്ഞാൽ പോരാ. അക്കിത്തം അതിൽ പരിപൂർണ്ണ തൃപ്തനായിരുന്നു.**

'ലോകാസ്സമസ്താഃ സുഖിനോ ഭവന്തു'

എന്നു പ്രാർത്ഥിക്കുന്നവർക്കും 'ഇദം ന മമ'

എന്ന് ചിന്തിക്കുന്നവർക്കും മറ്റു നിർദ്ദേശങ്ങളൊന്നും വേണ്ട.

'ഒരു കണ്ണീർക്കണം മറ്റു -
ള്ളവർക്കായ് ഞാൻ പൊഴിക്കേവേ
ഉദിക്കയാണെന്നാത്മാവി -
ലായിരം സൗരമണ്ഡലം'

എന്ന അക്കിത്തത്തിന്റെ വരികൾ ആ വലിയ സംസ്കാരത്തിന്റെ ദാനമാണ്. അത് നഷ്ടപ്പെടാതെ സൂക്ഷിച്ചാൽ മതി. അടുത്ത തലമുറയ്ക്ക് കൈമാറാൻ കഴിഞ്ഞാൽ അതിലും വലിയ ധന്യതയില്ല.'

'വലിയ ജന്മികുടുംബമായിരുന്ന മരനാട്ടു മനയ്ക്കലെ കാർ ഡ്രൈവർ വേലു പെരുങ്കൊല്ലനായിരുന്നു. മുത്തശ്ശിമാരേയും അന്തർജനങ്ങളെയും ഗുരുവായൂർക്കും അങ്ങാടിപ്പുറത്തേയ്ക്കും കരിക്കാട്ടേക്കും ക്ഷേത്രദർശനത്തിന്ന് വേലുവാണ് കൊണ്ടുപോയിരുന്നത്. അവർക്കാർക്കും അയിത്തത്തിന്റെ ഒരു പ്രശ്നവുമുണ്ടായിരുന്നില്ല. ഇപ്പോഴല്ല എഴുപതു കൊല്ലം മുമ്പു തന്നെ അവർ അക്കാര്യങ്ങളിൽ മുന്നിലായിരുന്നു. മഞ്ചേരി സ്കൂളിൽ പഠിക്കുമ്പോൾ എന്നേയും തമ്പാന്മാരുടെ കൂടെ കൊണ്ടുപോയിരുന്നു. ഞങ്ങൾക്കു താമസിക്കാൻ പിന്നെ മഞ്ചേരിയിലുള്ള മരനാട്ടുമന വക സ്ഥലവും വീടും ഒഴിഞ്ഞു തന്നിട്ടുമുണ്ട്. ഒരുയാഥാസ്ഥിക ജന്മികുടുംബത്തിൽ ഇങ്ങനെ സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിഞ്ഞത് ഞങ്ങളുടെ അപൂർവ്വഭാഗ്യമാണ്.

'അക്കിത്തം കോഴിക്കോട്ട് ആകാശവാണിയിൽ ആയിരുന്നപ്പോൾ രണ്ടു തവണ മൈസൂരിൽ റീജനൽ കോളേജ് അതിഥിയായി വന്നു. രണ്ടു തവണയും അതിഥിമന്ദിരം ഒഴിവാക്കി എന്റെ ക്വാർട്ടേഴ്സിലാണ് താമസിച്ചത്. കൂടെ ഏഴുവയസ്സായ മകളും ഉണ്ടായിരുന്നു. 'ഞാൻ ശങ്കരന്റെ കൂടെ കൂടിക്കോളാം . എംടിയും ഏയെസ്സും അവിടെ കൂടിക്കോട്ടെ. നമുക്ക് എന്തെങ്കിലുമൊക്കെ സംസാരിക്കാലോ. എന്റെ കുട്ടിയെ കുളിപ്പിക്കാനും ഊട്ടാനും ഉറക്കാനും ഇവിടെയാണ് സൗകര്യം. '

'വലിയ സൗകര്യങ്ങൾ ഒഴിവാക്കി എന്റെ വീട്ടിലെ സൗകര്യം മതി എന്നു പറയാൻ ഒരു ഋഷിമനസ്സിനേ കഴിയൂ. ഒരു നമ്പൂതിരിക്കു മാത്രം എന്നു പറഞ്ഞാൽ പോരാ......അദ്ദേഹം അതിൽ പരിപൂർണ്ണ തൃപ്തനായിരുന്നു.

'അതുപോലെ എടപ്പാളിലെ വള്ളത്തോൾ വിദ്യാപീഠത്തിലെ സാഹിത്യപരിപാടിക്കു പോയിരുന്നപ്പോൾ ഞാൻ അക്കിത്തത്തിന്റെ ആതിഥ്യമാണ് സ്വീകരിച്ചിരുന്നത്. പാലക്കാട് സാഹിത്യയോഗങ്ങളിൽ പങ്കെടുക്കാനെത്തിയാൽ രാത്രി താമസിക്കേണ്ടിവന്നാൽ ഒളപ്പമണ്ണ ജെയിനിമേട്ടിലെ ഇല്ലത്തേക്കു ക്ഷണിച്ചിരുന്നു. അവിടെയെത്തിയാൽ അദ്ദേഹത്തിന്റെ ഒപ്പമായിരുന്നു ഊണും വിശ്രമവും.

'തിരുവനന്തപുരത്തു പോകേണ്ടി വരുമ്പോൾ വിഷ്ണുവിന്റെ സ്ഥലത്തായിരുന്നു താമസം. വിഷ്ണു പതിവായി രാവിലെ ഭാഗവതവും ഗീതയും വായിക്കുന്നതോടൊപ്പം ദേവസ്സി മാസ്റ്ററുടെ സംസ്കൃതത്തിലുള്ള ക്രിസ്തുഭാഗവതവും അതേഭക്തിയോടെയും ശ്രദ്ധയോടെയും വായിച്ചിരുന്നു. വിഷ്ണുവിനെ നന്നായി അറിയാവുന്നതുകൊണ്ട് അതിൽ ഒരു അത്ഭുതവും തോന്നിയില്ല. മറിച്ച് ബഹുമാനം കൂടുകയായിരുന്നു. സർവ്വമതങ്ങളുടെ പൊരുളും ഇത്ര ആഴത്തിൽ ഉൾക്കൊണ്ടവർ ചുരുക്കമാണ്. ഇതൊക്കെ എല്ലാവർക്കും പാഠമാക്കാവുന്നതാണ്. എനിക്കുറപ്പാണ് സസ്യാഹാരികളായതുകൊണ്ടാണ് ഇവർക്കൊക്കെ ഇത്ര നന്നായി പെരുമാറാനും സാത്വികത പുലർത്താനും കഴിയുന്നത്.

ഏതായാലും സംതൃപ്തിയുടെ ലയത്തിൽ, അങ്ങനെയൊരു ധന്യതയുടെ സ്പന്ദനങ്ങളുമായാണ് ഞങ്ങൾ യാത്രപറഞ്ഞ് ഇറങ്ങിയത്. ●

പി.എൻ വിജയൻ
പുളിക്കത്തൊടി മന,
കരിക്കാട്, മഞ്ചേരി
മൊബൈൽ 70250 70863




## ഒരു നമ്പൂതിരിപ്പാടുമുണ്ട് 8000ത്തോളം പേർ പങ്കെടുത്ത

# പാരീസ് സൈക്ലിംഗിൽ

**താമരക്കുളം ദിവാകരൻ നമ്പൂതിരി**



പാരീസ് ബ്രെസ്റ്റ് പാരീസ് സൈക്ലിംഗ് ലോക പ്രശസ്തമാണ്. ആധുനിക ഒളിംപിക്സിനേക്കാളും മുമ്പേ1891 ൽ ആരംഭിച്ചത്. 1951 വരെ മത്സരാധിഷ്ഠിതമായിരുന്നെങ്കിലും പിന്നീട് അമേച്വർ രീതിയിലായി. 4 വർഷം കൂടുമ്പോൾ ആഗസ്റ്റിലാണ് പതിവ്. 2023 ആഗസ്തിൽ 8000ത്തോളം പേരാണ് പങ്കെടുത്തത്. അതിൽ ഒരു നമ്പൂതിരിപ്പാടുമുണ്ട്.

എറണാകുളം ചെങ്ങമനാട് ഇടപ്രാംപിള്ളിമനയിലെ രതീഷ് ലക്ഷ്മണൻ നമ്പൂതിരിപ്പാട്. 1200 കിലോമീറ്റർ വരുന്ന പാരീസ് - ബ്രെസ്റ്റ് - പാരീസ് സൈക്ലിംഗ് നിർദ്ദിഷ്ടസമയ ദൈർഘ്യമായ 90 മണിക്കൂറിൽ താഴെ സമയം കൊണ്ടുതന്നെ പൂർത്തിയാക്കി.

ബാംഗ്ളൂരിൽ എൽ ആന്റ് ടി ടെക്നോളജി സർവ്വീസസ് ലിമിറ്റഡിൽ ഡെലിവറി ഹെഡാണ്. ഇതോടൊപ്പം കുടുംബ പരാധീനങ്ങളും. സൈക്ലിംഗ് കമ്പം തുടങ്ങുന്നത് നാലു വയസ്സിലല്ല, 2016 ൽ നാൽപ്പതാം വയസ്സിലാണ്. കഴിഞ്ഞ 7 വർഷത്തെ നിരന്തരശ്രമമാണ് ഈ വിജയത്തിന് പിന്നിൽ.

ഒരു 3 ടയർ സംവിധാനമാണ് ഇതിനുള്ളത്. ബാംഗളൂർ റാൻഡോന്നേർസ് ( ബി.ആർ ), തിരുവനന്തപുരം റാൻഡോന്നേഴ്സ്, കൊച്ചിൻ റാൻഡോന്നേഴ്സ്, കോഴിക്കോട് റാൻഡോന്നേഴ്സ് എന്നിങ്ങനെ ബേസിക് ഗ്രൂപ്. അവ ഓഡക്സ് ഇൻഡ്യ റാൻഡോനേഴ്സുമായി (എ.ഐ.ആർ) അഫിലിയേറ്റ് ചെയ്തിരിക്കുന്നു. ഇത്തരം റാൻഡോനേഴ്സിനെ ഓഡക്സ് ക്ലബ് പാരീസുമായി ( എ.സി.പി) അഫിലിയേറ്റ് ചെയ്തിരിക്കുന്നു. 4 വർഷങ്ങൾ കൂടുമ്പോൾ നടത്തുന്ന പാരിസ് - ബ്രെസ്റ്റ് - പാരീസിൽ (1200 കി.മീ) ക്വാളിഫൈ ചെയ്യുക എന്നതാണ് ഓരോ റൈഡറുടേയും സ്വപ്നം.




മൂന്നുതരം സൈക്കിളുകളാണ് ഉപയോഗിക്കാറ്. മൌണ്ടൻ സൈക്കിൾ, ഹൈബ്രിഡ് സൈക്കിൾ , റോഡ് സൈക്കിൾ. വീതിയുള്ള ടയറുള്ളതാണ് മൌണ്ടൻ സൈക്കിൾ, റോഡ് സൈക്കിൾ വീതി കുറഞ്ഞ ടയറുള്ളത്. ഇടത്തരം വീതി ഉള്ളത് ഹൈബ്രിഡ്. ഏറ്റവും തൂക്കം കുറവുള്ളതും ഉറപ്പുള്ളതുമായ സൈക്കിളാണ് അഭികാമ്യം. പൂർണ്ണമായും കാർബൺ കൊണ്ട് നിർമ്മിക്കുന്നവയാണിവ. രതീഷ് ഉപയോഗിച്ചത് റോഡ് ടൈപ്പ് ആണ്. പാരീസിൽ മത്സരത്തിനിടെ 2 പേർ ചവിട്ടുന്നതും, 3 പേർ ചവിട്ടുന്നതും കിടന്നു ചവിട്ടുന്നതുമായ സൈക്കിളുകളും ഉപയോഗിക്കുന്നുണ്ടായിരുന്നു.

രതീഷ് ഉപയോഗിച്ചിരുന്ന സൈക്കിളിന് ഫിറ്റിംഗ്സ് അടക്കം ഒന്നേകാൽ ലക്ഷമാണ് വില. 11 കിലോ തൂക്കവും. 10 ലക്ഷം വില വരുന്ന വയുമുണ്ട്. 11 കിലോയിൽ നിന്ന് 9 കിലോ ആയാൽ ചിലപ്പോൾ വില 3 ലക്ഷമാകും. സൈക്കിളിന്റെ കൂടെ ടയർ. ട്യൂബ്, ചെയിൻ മുതലായവും കയ്യിൽ കരുതണം. അത്യാവശ്യം റിപ്പയറും പഠിച്ചിരിക്കണം.

ഏഴു വർഷമായി പ്രാക്റ്റീസ് തുടങ്ങിയിട്ട്. കോവിഡ് കാലത്താണ് ഏറ്റവും കൂടുതൽ പേർ സൈക്ലിംഗ് തുടങ്ങുന്നത്. പീക് 2021 ൽ. വളരെ നന്നായി നടക്കുന്ന ഒരു യൂനിറ്റാണ് ബാംഗളൂർ റാൻഡോന്നേഴ്സ്. ഇന്ത്യയിൽ നിന്ന് ഏറ്റവും കൂടുതൽ പേർ പാരിസിൽ പങ്കെടുക്കുന്നതും ബാംഗളൂരിൽ നിന്നു തന്നെ.

രതീഷ് ദിവസവും പ്രാക്റ്റീസ് ചെയ്യാറുണ്ട്. 50 കിമീ എങ്കിലും. അതു കഴിഞ്ഞ് ഓഫീസിൽ പോകും. വൈകിട്ടും പ്രാക്റ്റീസ്. വീക്കെൻഡിൽ ചുരുങ്ങിയത് 100 അല്ലെങ്കിൽ 200 കി മീ ആണ് ടാർജറ്റ്. മാസത്തിൽ രണ്ടോ മൂന്നോ തവണ 400 അല്ലെങ്കിൽ 600 കിലോമീറ്ററും.

ഇവിടെ നടക്കുന്ന ഓരോ റൈഡിലും ഒരു ലീഡറും കുറച്ചു വൊളന്റിയേഴ്സുമുണ്ടാകും. ഏതു റൂട്ടാണോ പറഞ്ഞത് അതിലൂടെ തന്നെ പോകണം. വിവിധ ടെറേയ്നുകളിൽ കൂടി പോകണം. ഓരോ ചെക്ക് പോയന്റിലും സ്റ്റാമ്പ് ചെയ്തു സിഗ്നേച്ചർ വാങ്ങിക്കണം. 1000 അല്ലെങ്കിൽ 1200 ന്റെ ഒരു റൈഡെങ്കിലും മുഴുമിപ്പിച്ചാലേ പാരീസിൽ പ്രീ രജിസ്റ്റർ ചെയ്യാൻ പറ്റൂ. അത് കഴിഞ്ഞ് ഒരു സെറ്റ് 200, 300, 400, 600 കിമീ. റൈഡ് മുഴുമിച്ചിരിക്കണം.

നമ്മുടെ സൈക്കിളും സ്പെയർ പാർട്ട്സുമായി വേണം പോകാൻ. പ്രി രജിസ്ട്രേഷൻ ചാർജസ്, രജിസ്ട്രേഷൻ ചാർജസ്, ഫ്ളൈറ്റ് ചാർജ്, താമസം, ഭക്ഷണം എന്നിവക്ക് ഏകദേശം 2.25 ലക്ഷം ചെലവാകും. എല്ലാം സ്വന്തം കയ്യിൽ നിന്ന് വേണം.

റോഡും കുന്നും മലയുമെല്ലാമുള്ള 1200 കി.മീ മിക്സഡ് ടെറേയ്ൻ ആയിരുന്നു പാരീസിൽ. 18 ചെക്ക് പോയന്റ്സ്. 4 രാത്രികളടക്കം 90 മണിക്കൂർ റൈഡ്. ആകെ രജിസ്റ്റർ ചെയ്തവർ 8000. പങ്കെടുത്തവർ 6800. പൂർത്തിയാക്കിയവർ 4866

### ഓരോ റൈഡിന്റേയും വിവരങ്ങൾ

200 കി.മീ – 13.5 മണിക്കൂർ– 3, 4 ചെക്ക് പോയന്റ്സ്
300 കി മി – 20 മണിക്കൂർ 3, 4 ചെക്ക് പോയന്റ്സ്
400 കി.മീ – 27 മണിക്കൂർ – 4–5 ചെക്ക് പോയന്റ്സ്
600 കി.മീ – 40 മണിക്കൂർ– 5–6 ചെക്ക് പോയന്റ്സ്
1000 കി.മീ – 75 മണിക്കൂർ– 8–9 ചെക്ക് പോയന്റ്സ്
1200 കി.മീ – 90 മണിക്കൂർ 10–18 ചെക്ക് പോയന്റ്സ്




ഈ സമയം കൊണ്ട് കുളി, ഭക്ഷണം, ഉറക്കം അടക്കം എല്ലാം പൂർത്തിയാക്കണം.

**4 രാത്രികളടങ്ങിയ 90 മണിക്കൂറിൽ ആകെ ഉറങ്ങിയത് ആറ് മണിക്കൂർ. തുടർച്ചയായി 2 മണിക്കൂർ മാത്രം.**

ഏറ്റവും എനർജി കിട്ടുന്ന ഭക്ഷണം ചോറ്, പരിപ്പ് ചെറുപയർ എന്നിവയാണ്. ഇവിടെ അവ സുലഭം. പക്ഷേ പാരീസിൽ ബ്രഡ്, പഴങ്ങൾ എന്നിവ കൊണ്ട് മാനേജ് ചെയ്യേണ്ടി വന്നു. റൈഡിന്റെ സമയം 90 മണിക്കൂർ കൊണ്ട് ഏകദേശം 30000 കലോറി ചിലവാകും. ഒരു ദിവസം എന്തു ഭക്ഷണം കഴിച്ചാലും 3000 കലോറിയിൽ കൂടുതൽ കിട്ടില്ല. ബാക്കി ബോഡിയിൽ നിന്നെടുക്കും. ഫലമോ 4–5 കിലോ തൂക്കം കുറയും.

(76%). ഇന്ത്യയിൽ നിന്ന് 286 പേർ പങ്കെടുത്തവരിൽ 113 പേർ ഫിനിഷ് ചെയ്തു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പേർ പങ്കെടുത്തത് ബാംഗളൂരിൽ നിന്ന്. 48 പേര് രജിറ്റർ ചെയ്തു അതിൽ രതീഷ് ഉൾപ്പടെ 38 പേരും 90 മണിക്കൂറിൽ ഫിനിഷ് ചെയ്തു.

15 മിനിറ്റ് ഇടവേളകളിൽ 350 പേരുള്ള ഗ്രൂപ് ആയാണ് റൈഡ് സ്റ്റാർട്ട് ചെയ്യുന്നത്. ചെക്പോയന്റുകളിൽ ആണ് പ്രധാനമായും ഭക്ഷണം കിട്ടുക. വെജിറ്റേറിയൻ ഭക്ഷണം കണ്ടുപിടിക്കലായിരുന്നു വലിയ വെല്ലുവിളി.

4 രാത്രികളടങ്ങിയ 90 മണിക്കൂറിൽ ആകെ ഉറങ്ങിയത് ആറ് മണിക്കൂർ. തുടർച്ചയായി 2 മണിക്കൂർ മാത്രം. ബാക്കിയെല്ലാം 30 മിനിറ്റ് വീതമുള്ള പവർ നാപ്. 30 മിനിറ്റിന്റെ പവർ നാപ്കൊണ്ട് 100 കി മീ സൈക്ളിങ്ങിനുള്ള എനർജി കിട്ടും. അങ്ങനെയാണ് ബോഡിയെ ട്യൂൺ ചെയ്യുന്നത്. റൈഡ് കഴിഞ്ഞാൽ ഉറക്കക്കുറവു കൊണ്ട് ഒരു തരം ഹാലൂസിനേഷൻ ആയിരിക്കും. ഉറങ്ങി ഉറങ്ങി മേക്കപ്പ് ചെയ്യണം.

ഏറ്റവും എനർജി കിട്ടുന്ന ഭക്ഷണം ചോറ്, പരിപ്പ് ചെറുപയർ എന്നിവയാണ്. ഇവിടെ അവ സുലഭം. പക്ഷേ പാരീസിൽ ബ്രഡ്, പഴങ്ങൾ എന്നിവ കൊണ്ട് മാനേജ് ചെയ്യേണ്ടി വന്നു. റൈഡിന്റെ സമയം 90 മണിക്കൂർ കൊണ്ട് ഏകദേശം 30000 കലോറി ചെലവാകും. ഒരു ദിവസം എന്തു ഭക്ഷണം കഴിച്ചാലും 3000 കലോറിയിൽ കൂടുതൽ കിട്ടില്ല. ബാക്കി ശരീരത്തിൽ നിന്നെടുക്കും. ഫലമോ 4–5 കിലോ തൂക്കം കുറയും.

കുടുംബത്തിന്റെ പൂർണ സപ്പോർട്ടില്ലെങ്കിൽ ഇതൊന്നും സാദ്ധ്യമാകില്ല. ആ കാര്യത്തിൽ ഞാനാണേറ്റവും ഭാഗ്യവാൻ.

രതീഷ് നമ്പൂതിരിപ്പാട്.
വില്ല 28, സുരക്ഷ ഫെയർവ്യൂ
വില്ല , ബേലത്തൂർ, കടുഗോടി
പി.ഒ, ബാംഗളൂർ–560067
ഫോൺ നമ്പർ : 9986035130

# 1894 ൽ സ്കൂൾ തുടങ്ങിയ നമ്പൂതിരി

സ്വാതന്ത്ര്യലബ്ധിക്ക് അരറ്റാണ്ടുമുമ്പ് ബ്രിട്ടീഷുകാരിൽ മാത്രം ഒതുങ്ങിയിരുന്ന ഇംഗ്ലീഷ് വിദ്യാഭ്യാസം എല്ലാ വിഭാഗം ജനങ്ങൾക്കും സൗജന്യമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തളിപ്പറമ്പ് മൂത്തേടത്ത് മല്ലിശ്ശേരി കുബേരൻ നമ്പൂതിരി സ്വന്തം കയ്യിൽ നിന്ന് പണം മുടക്കി തളിപ്പറമ്പിൽ സ്ഥാപിച്ച സരസ്വതീ ക്ഷേത്രമാണ് മൂത്തേടത്ത് മല്ലിശ്ശേരി സ്കൂൾ.

1861 ജൂൺ 10 ന് ജനിച്ച കുബേരൻ നമ്പൂതിരി തന്റെ 33 ാം വയസ്സിൽ 1894 നവംബർ 14 നാണ് തളിപ്പറമ്പ് ചിറവക്കിൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ തുടങ്ങിയത്. തുടർന്ന് 1895 ൽ മിഡിൽ സ്കൂളായും 1922ൽ ഹൈസ്കൂളായും അപ്ഗ്രേഡ് ചെയ്യപ്പെട്ടു. 1923 മാർച്ച് 6 ന് തന്റെ 62 ആമത്തെ വയസ്സിൽ അദ്ദേഹം വിഷ്ണുപാദം പൂകി. 1925 ൽ ആദ്യ എസ് എസ് എൽ സി ബാച്ച് പുറത്തിറങ്ങി.



1949 ൽ തളിപ്പറമ്പ് എജ്യുക്കേഷനൽ സൊസൈറ്റി രൂപീകരിക്കുകയും സ്കൂളിന്റെ പ്രവർത്തനം ഏറ്റെടുക്കുകയും ചെയ്തു. 2010 ൽ സ്കൂളിൽ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു. ഇപ്പോഴും മൂത്തേടത്ത് മല്ലിശ്ശേരി കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് സ്കൂൾ.

മൂത്തേടം മല്ലിശ്ശേരി കുടുംബത്തിലെ കാരണവർ അടക്കമുള്ള 51 അംഗ സൊസൈറ്റിയാണ് ഭരണം നടത്തുന്നത്.

മറ്റുള്ളവർക്ക് സങ്കൽപ്പിക്കാൻ പോലും പറ്റാതിരുന്ന പ്രവർത്തനങ്ങൾക്ക് കാരണഭൂതനായ കുബേരൻ നമ്പൂതിരിപ്പാട് എന്ന ആ പുണ്യ മഹാത്മാവിന്റെ ജീവൻ തുടിക്കുന്ന ഒരു പ്രതിമ അദ്ദേഹത്തിന്റെ 100 ആം ചരമ വർഷത്തിൽ 2023 നവംബർ 11 ന് സ്കൂൾ അങ്കണത്തിൽ സ്ഥാപിക്കപ്പെട്ടു. ആ മഹാനുഭാവന്റെ സ്മരണക്കു മുൻപിൽ കൂപ്പുകൈകളോടെ.


യോഗക്ഷേമസഭ

സ്വസ്തി

ത്രൈമാസിക

യോഗക്ഷേമ സഭ കോഴിക്കോട് ജില്ലാകമ്മിറ്റി പ്രസിദ്ധീകരണം

*An Exclusive Publication on Namboodiri Life &Life style*

വാർഷിക വരിസംഖ്യ

**300**

രൂപ

അയക്കാൻ ഈ ക്യു ആർ കോഡ് സ്കാൻ ചെയ്യുക

## വരിക്കാരുടെ ശ്രദ്ധക്ക്

2023 വർഷത്തെ വരിസംഖ്യ ഒക്ടോബർ ലക്കത്തോടെ കഴിയുകയാണ്. 2023 ഒക്ടോബർ ലക്കത്തോടെ വരിസംഖ്യ കഴിയുന്നവർ 2024 വർഷത്തേക്കുള്ള വരിസംഖ്യ 300 രൂപ അടച്ച് പുതുക്കുവാൻ അപേക്ഷിക്കുന്നു. QR Code വഴിയും വരിസംഖ്യ അടക്കാം. വരിസംഖ്യ കാലാവധിയുടെ വിവരങ്ങൾ അറിയാൻ 9447332611-ൽ ബന്ധപ്പെടുക.

25-ാം തിയ്യതിക്കുള്ളിൽ സ്വസ്തി കിട്ടിയില്ലെൽ വിളിക്കുക ഫോൺ നമ്പർ -9447332611

വരിസംഖ്യ അടക്കേണ്ട ബാങ്ക് ഡീറ്റെയിൽസ്:

Net Banking / Google Pay

**Name of A/c:** Yogakshema Sabha Kozhikode Dt. Committee
**Bank:** DhanalkshmiBank **Branch:** Chevarambalam
**A/c No.** 013303800000664 **IFSC** DLXB0000133

യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി,
ജില്ലാ ആസ്ഥാനമന്ദിരം,
കോവൂർ വിഷ്ണുക്ഷേത്രത്തിന് സമീപം,
പി.ഒ. ചേവായൂർ, കോഴിക്കോട് 673017

***മാനേജിംഗ് എഡിറ്റർ, 9895621493***

പ്രകൃതിയുടെ പ്രകൃതം അതേപടി നിലനിർത്തിയവരാണ് നമ്പൂതിരിമാർ.
കുളവും കാവും ഉൾപ്പെട്ട ഇല്ലപ്പറമ്പ് തന്നെ ഒരിക്കോസിസ്റ്റമാണ്.
ഹരിത ടെക്നോളജി എന്ന പദം പക്ഷേ നമ്മളിതുവരെ കേട്ടിരിക്കില്ല.
ഹരിത ഉത്പന്നങ്ങളെക്കുറിച്ചറിയില്ല, ചിന്തിച്ചിട്ടുമില്ല.
**എന്നാൽ വായിക്കാം**, ഡോക്ടർ സി എം നാരായണന്റെ പുതിയ പുസ്തകം:
ഹരിത ടെക്നോളജിയും ഹരിത ഉത്പന്നങ്ങളും.



പ്രൊഫ. (ഡോ.)
സി.എം.നാരായണൻ

പരപ്പനങ്ങാടി ചെറമംഗലത്ത് യജ്ഞമൂർത്തി നമ്പൂതിരിപ്പാടിന്റെയും സാവിത്രി അന്തർജനത്തിന്റെയും മകൻ. ദുർഗ്ഗാപ്പൂർ എൻ ഐ ടി കെമിക്കൽ എഞ്ചിനീയറിംഗ് പ്രൊഫസർ ആയി വിരമിച്ചു. ഖരഗ്പൂർ ഐഐടിയിൽ നിന്നും പി എച്ച് ഡി. നൂറിലധികം ഗവേഷണ പ്രബന്ധങ്ങൾ. 8 വിദേശ രാജ്യങ്ങളിൽ നടന്ന ലോക ശാസ്ത്രസമ്മേളനങ്ങളിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു. പന്ത്രണ്ട് പുസ്തകങ്ങളുടെ രചയിതാവ്. ഭാരത് ജ്യോതി അവാർഡ് അടക്കം നിരവധി പുരസ്ക്കാരങ്ങൾ നേടി. ഇപ്പോൾ ഫ്രീലാൻസ് കൺസൾട്ടന്റ്.

ഭാര്യ :പൊൽപ്പാക്കര മകൾ വത്സല. മക്കൾ: ഡോ: വികാസ് നാരായണൻ (റിസർച്ച് എഞ്ചിനീയർ, ബംഗളൂരു) സന്ധ്യ (ഡെലോയിറ്റ് ബംഗളൂരുവിൽ പ്രൊജക്ട് മാനേജർ)മരുമക്കൾ :ഡോ: അനു വികാസ് (ഡെന്റിസ്റ്റ് ), പി ശബരിനാഥ് (പ്രൊജക്ട് ഡയറക്ടർ – IKEA, ബംഗളൂരു) പേരക്കുട്ടികൾ: സാൻവി സന്ധ്യ, വിയാൻ വികാസ്.

# ഹരിത ടെക്നോളജിയും ഹരിത ഉത്പന്നങ്ങളും

മലിനീകരണം ഒട്ടുമുണ്ടാക്കാത്ത പ്രകൃതി സൗഹൃദമായ ടെക്നോളജിയെയും
ഉൽപ്പന്നങ്ങളെയും പറ്റി പുസ്തകം നമ്മോട് പറയുന്നു. ബയോഗ്യാസും
ബയോ ഡീസലും മുതൽ ഹരിത പ്ലാസ്റ്റിക്കുകൾ വരെ നിർമ്മിക്കുന്ന വിദ്യകൾ
ചുരുക്കി നൽകിയിരിക്കുന്നു ഇതിൽ. ഓരോ മലയാളിയും, പ്രത്യേകിച്ച് ഓരോ നമ്പൂതിരിയും,
വായിക്കേണ്ട പുസ്തകമാണ് ഹരിത ടെക്നോളജിയും ഹരിത ഉത്പന്നങ്ങളും.




പ്രസാധനം:
ഡിസി ബുക്ക്സ്

വില: ₹250/-

പുസ്തകം വായിക്കാം; രാജ്യത്ത് ഹരിത ടെക്നോളജിയുടെ
മുൻനിരശാസ്ത്രജ്ഞനായ ഗ്രന്ഥകാരനെ വിളിക്കാം.
Mob:9732051861.

പ്രൊഫസറുടെ വെബ് സൈറ്റ് സന്ദർശിക്കാം. **www.profcmn.com.**

പ്രൊഫ. (ഡോ.) സി.എം. നാരായണൻ • ഹരിത ടെക്നോളജിയും ഹരിത ഉത്പന്നങ്ങളും

EXPRESSION

# വേർപാടിന്റെ രണ്ടാം വർഷം



**(രവി മൂസത്, കിഴക്കേ ഇല്ലം, മൂവാറ്റുപുഴ, റിട്ടയേഡ് ശാന്തി)**

1953 July 22 - 2022 January 02

**ഏറ്റവും പ്രിയപ്പെട്ട അപ്പൂപ്പന്റെ പാദാരവിന്ദങ്ങളിൽ**
**നിത്യവും പ്രണാമമർപ്പിച്ചുകൊണ്ട്**

നവനീത് കൃഷ്ണൻ (കണ്ണൻ)
താന്നിമൂട് മഠം, എരൂർ, തൃപ്പൂണിത്തുറ,
മൊബൈൽ: 9447921212

# പാതിരിക്കുന്നത്ത് മന നാഗകീർത്തി പുരസ്ക്കാരം 2023

## ബ്രഹ്മശ്രീ പാടേരി നാരായണൻ നമ്പൂതിരിപ്പാട്



ഗ്രീൻലാന്റ്, ഇരിങ്ങാടൻപള്ളി റോഡ്, ചേവായൂർ പി.ഒ.,
കോഴിക്കോട്–17. ഫോൺ:9447057687
മലബാറിലെ പ്രശസ്ത തന്ത്രി കുടുംബമാണ് കോഴിക്കോട് പെരുവഴിക്കടവ് ഒഴലൂർ പാടേരി ഇല്ലം. തന്ത്രി വര്യനായ നാരായണൻ നമ്പൂതിരിപ്പാട് നിരവധി ക്ഷേത്രങ്ങളിൽ താന്ത്രിക സ്ഥാനം നിർവ്വഹിക്കുന്നു. ധാരാളം ദേവപ്രതിഷ്ഠകൾ നടത്താൻ നാരായണൻ നമ്പൂതിരിപ്പാട് കാർമ്മികത്വം വഹിച്ചിട്ടുണ്ട്.
ഈ വർ ഷത്തെ പാതിരിക്കുന്നത്ത് മന, പത്താമത് നാഗകീർത്തി പുരസ്കാരം (താന്ത്രിക വിഭാഗം) ഒഴലൂർ പാടേ രി നാരായണൻ നമ്പൂതിരിപ്പാടിന് പ്രശസ്ത സിനിമാ താരം ഭരത് സുരേഷ് ഗോപി സമ്മാനിക്കുന്നു



തന്ത്രശാസ്ത്രത്തിൽ ഈ വർഷത്തെ നാഗകീർത്തി പുരസ്ക്കാരം
നേടിയ പാടേരി നാരായണൻ നമ്പൂതിരിപ്പാട്
പാതിരിക്കുന്നത്തു മനയിൽ നടന്ന ചടങ്ങിൽ ഉപഹാരം
സമ്മാനിച്ചത് ഭരത് സുരേഷ് ഗോപി

Briztey
*For a better view*
സ്റ്റീൽ ജനാലകൾ & കട്ടിളകൾ

വീടിന്റെ സുരക്ഷയിൽ
ഇനി ഭയം വേണ്ട!
സമാധാനമായി ഉറങ്ങൂ..

കുറഞ്ഞ വിലയിൽ കൂടുതൽ സുരക്ഷ!!



എത് കാലാവസ്ഥയേയും
വെല്ലുന്ന കരുത്ത് !

രണ്ടു വർഷത്തോളമായി
കേരളത്തിലുടനീളം
സേവനം നൽകുന്ന
നമ്പൂതിരിമാരുടെ
സംരംഭം

- തുരുമ്പ് പിടിക്കാത്ത മികച്ച ഗുണനിലവാരമുള്ള GI Steel കൊണ്ടുള്ള നിർമ്മാണം
- പരമ്പരാഗതമായ ശൈലിയുടെ ആകൃതിയും ഭംഗിയും നിലനിർത്തി യന്ത്രോപകരണങ്ങളുടെ സഹായത്താൽ നൂതന രീതിയിലുള്ള നിർമ്മാണം
- മരത്തേക്കാൾ ലാഭകരവും കൂടിയ ബലവും ഈടും ലഭിക്കുന്നു
- ചിതൽ, തുരുമ്പ്, തീപിടുത്തം എന്നിവയിൽ നിന്നും ആജീവനാന്ത സുരക്ഷ
- കേരളത്തിലങ്ങോളമിങ്ങോളം വിപുലമായ വിതരണ ശൃംഖല

Office : 9048455840, Vishnu:7306359484, Hari Shyam: 8921357513
info@briztey.com www.facebook.com/briztey www.briztey.com

**പേരിൽ ഋഷിയുള്ളതു കൊണ്ടല്ല, വൈദ്യമഠം ഋഷിയായത്. ഋഷിതുല്യനോ ഋഷിയെ പോലെയോ അല്ല ഋഷി തന്നെയായിരുന്നു കഴിഞ്ഞമാസം യശഃശരീരനായ ഋഷികുമാരൻ നമ്പൂതിരി.**

# പേരിലല്ല പ്രവൃത്തിയിലും ഋഷി

പണമോ പ്രശസ്തിയോ ഒട്ടും വേണ്ടാത്ത ഒരാൾ. പത്തും മുപ്പതും തവണ കൺസൽട്ടേഷൻ നടത്തിയിട്ടും ഒരു രൂപ പോലും പ്രതിഫലം വാങ്ങിയിട്ടില്ലാത്ത എത്രയോ അനുഭവങ്ങൾ. ഋഷിക്കു മാത്രം സാധ്യമായ നിർമ്മമത്വം. രോഗശുശ്രൂഷ തന്റെ ധർമ്മമായി കണ്ട ഭിഷഗ്വരൻ.

ഒരു സംഭവം മാത്രം പറയാം. അദ്ദേഹം വേങ്ങരയിൽ ആയിരിക്കുമ്പോഴാണ്. കാല് നിലം തൊടാനാവാതെ ഒരു ചെറുപ്പക്കാരൻ. നിരവധി ചികിത്സ നടത്തി. ഒന്നും പ്രയോജനം കിട്ടിയില്ല. അലോപ്പതിയിലെ മിടുക്കരായ മണിപ്പാലിലെയും പരിയാരത്തെയും എല്ലാഡോക്ടർമാരും നോക്കി. എക്സ്റേയും സ്കാനിംഗും എന്നു വേണ്ട എല്ലാതരം പരിശോധനയും. ആയുർവേദക്കാർ കുറെക്കാലം ഉഴിച്ചിലും പിഴിച്ചിലും നടത്തി. അങ്ങനെ ഒരു കൊല്ലത്തോളമായി. കുറവില്ല. ആരോ പറഞ്ഞു. വൈദ്യമഠമുണ്ട് വേങ്ങരയിൽ. പോയി കണ്ടു നോക്കൂ.

ആയുർവേദമൊക്കെ പയറ്റിക്കഴിഞ്ഞതിനാൽ അയാൾക്ക് വലിയ വിശ്വാസം തോന്നിയില്ല. എന്നാലും അതും പരീക്ഷിക്കാമെന്നു വച്ചു. തളിപ്പറമ്പിൽ നിന്ന് കാറ് വിളിച്ചെത്തി. പിടിക്കാനും മറ്റും ഒന്നു രണ്ടാളെയും ഒപ്പം കൂട്ടി. കാർ വാടക തന്നെ മൂവായിരത്തിലേറെ രൂപ.

വേങ്ങരയിലെ കുടുസു മുറി കണ്ട് അയാൾക്ക് എന്തോ അതൃപ്തി. പകിട്ടും പത്രാസുമില്ല. ഒരു വിധ ഉപകരണങ്ങളുമില്ല. എന്തിന് രോഗിയെ കിടത്താൻ ഒരു ഡെസ്ക് പോലുമില്ല, അല്പം കുശലം പറച്ചിൽ. വേദനയുടെ സ്വഭാവം ചോദിച്ചു. സ്ഥാനം ചോദിച്ചു. എപ്പോഴൊക്കെ ഉണ്ടാവുന്നു എന്നും ചോദിച്ചു. കാലിനല്ല, കുഴപ്പമെന്നും കാലിലേക്കുള്ള ഞരമ്പിനാവും എന്ന നിഗമനത്തിലുമെത്തി.

ഒരു പരിശോധനയും നടത്തിയില്ല, ഫീസും വാങ്ങിയില്ല, അതിനൊക്കെ ഇനിയും സമയമുണ്ടല്ലോ



*യശഃശരീരനായ വൈദ്യമഠം ഋഷികുമാരൻ നമ്പൂതിരി.*

എന്നായിരുന്നു മറുപടി. കഴിക്കാനും പുരട്ടാനും ഓരോ മരുന്നും നൽകി. രണ്ടാഴ്ച കൊണ്ടു തന്നെ ഫലം കണ്ടുതുടങ്ങി. നിലത്ത് കാലു കുത്താം എന്ന അവസ്ഥ. മൂന്നാമത്തെ ആഴ്ചയായതോടെ നടക്കാൻ തുടങ്ങി. ഇപ്പോൾ അങ്ങനെയൊരു അസുഖം ഉണ്ടായിരുന്നതിന്റെ ഓർമ്മ പോലും ഇല്ലാത്തത്ര ക്ളിയർ. വൈദ്യമഠത്തിന്റ മരണ വാർത്ത വന്നപ്പോൾ ഇതേ പോലുള്ള അനുഭവസ്ഥർ വാട്ട്സ് ആപ്പിൽ കുറിച്ചത് ആ ഋഷിയുടെ അനുഗ്രഹശക്തിയായിരുന്നു. കോഴിക്കാട്ടെ ഒരില്ലത്ത് ചികിത്സക്കെത്തി കാശു വാങ്ങാൻ കൂട്ടാക്കാത്ത അദ്ദേഹത്തിന് പലകമേൽ ദക്ഷിണയായി ഒരു സംഖ്യ വെച്ചു കൊടുത്ത കഥയും അക്കൂട്ടത്തിൽപ്പെടും.

ഫേസ് ബുക്കിൽ അനിയനും മാതൃഭൂമിയിലെ പത്രപ്രവർത്തകനുമായ ദിലീപ് വൈദ്യമഠം എഴുതിയത് ഇങ്ങനെ: 'കേരളത്തിലെ ആയുർവേദ ഡോക്ടർമാരുടെ പട്ടികയെടുത്താൻ അതിൽ ആദ്യപത്തിൽ ഞാൻ കുഞ്ചേട്ടനെ ഉൾപ്പെടുത്തും. അത്ര ഗംഭീരമായിരുന്നു ആ ചികിത്സ. രോഗികളോട് വളരെ സ്നേഹത്തോടെ പെരുമാറി, ആശ്വസിപ്പിച്ച്, പ്രോത്സാഹനം നൽകി, വേറിട്ടൊരു രീതിയായിരുന്നു അത്. കുറഞ്ഞ മരുന്നു കൊണ്ട്, എല്ലായിടത്തും കിട്ടുന്ന മരുന്നുകൊണ്ട് പതിനായിരങ്ങൾക്ക് കുഞ്ചുവേട്ടൻ സ്വാസ്ഥ്യം നൽകി. വ്യാധികൾ വീണ്ടും വരാതിരിക്കാൻ നീണ്ട ചികിത്സവേണ്ടിടത്ത് മടിക്കാതെ അതിന് നിർബന്ധിച്ചു. ആധുനിക ചികിത്സാരീതിയെ മനസ്സിലാക്കി ബഹുമാനിച്ചു. മാതൃഭൂമിയിൽ നിന്നും മറ്റുമുള്ള ഒരുപാടുപേരേ ഞാൻ അങ്ങോട്ട് പറഞ്ഞയച്ചിട്ടുണ്ട്. അതിൽ ഒരാൾ പോലും അവിടെ പോയിട്ട് ഒരു ഗുണവും ഉണ്ടായില്ലെന്ന് പറഞ്ഞിട്ടില്ല.'

മാതൃഭൂമിയിൽ വി.ടി വാസുദേവൻ എഴുതിയത് മേഴത്തൂരിലെ 'ജീവൻ മശായ്' എന്നാണ്.

1945 ജൂലായ് നാലിന് ജനനം. മുത്തച്ഛനും മുത്തശ്ശിയും അടക്കമുള്ളവരുടെ വാത്സല്യത്തിൽ ബാല്യം. മേഴത്തൂരിലും തൃത്താല സ്കൂളിലുമായി വിദ്യാഭ്യാസം. പത്തുകഴിഞ്ഞ് കോട്ടക്കലിലും തൃപ്പൂണിത്തറയിലുമായി ആയുർവേദ പഠനം. 1972-ൽ സർക്കാർ സർവീസിൽ ആയുർവേദ മെഡിക്കൽ ഓഫീസറായി നിയമനം. കാസർകോട്ടെ മുള്ളേരിയയിൽ നിന്ന് തുടങ്ങി. പലനാടുകൾ താണ്ടി പാലക്കാട്ടു ജില്ലാ മെഡിക്കൽ ഓഫീസറായി വിരമിച്ചു.

2021 ജൂലായ് മുതലാണ് വൈദ്യർ രോഗിയാവാൻ തുടങ്ങിയത്. കോഴിക്കോട്ടെ പ്രശസ്ത ഗ്യാസ്ട്രോ എന്ററോളജിസ്റ്റായ ഡോ. വിനയചന്ദ്രൻ നായരുടെ ചികിത്സയിലായിരുന്നു. മരണത്തെ തടുക്കാൻ ഒരു വൈദ്യനും പറ്റില്ലല്ലൊ. ഒടുവിൽ അമൃത ആശുപതിയിൽ ആ ജീവിതത്തിന് അസ്തമയം. ആയിരക്കണക്കിന് രോഗികളുടെ ഹൃദയതാളങ്ങളിൽ ആ സ്മരണകളുടെ മിടിപ്പ് അവശേഷിപ്പിച്ചു കൊണ്ട്. ●



ചന്ദ്രയാൻ പ്രോജക്ടിൽ നേതൃനിരയിൽ പ്രവർത്തിച്ച ജയൻ ഐ എസ് ആർ ഒയുടെ ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്ററിൽ ഗ്രൂപ്പ് ഡയറക്ടർ ആണ്. ഉപഗ്രഹറോക്കറ്റിന്റെ ക്രയോജനിക് റോക്കറ്റ് എൻജിൻ വികസിപ്പിച്ച ഗ്രൂപ്പിന്റെ മേധാവി.

# ചന്ദ്രയാനിലെ ജയൻ

## ജയന്റെ അച്ഛൻ ഡോ എ പി ജെ അബ്ദുൾ കലാമിനൊപ്പം പ്രവർത്തിച്ച ശാസ്ത്രജ്ഞൻ

**പന്താവൂർ കൃഷ്ണൻ നമ്പൂതിരി**



കഴിഞ്ഞ ജൂലൈ 14 ന് വെള്ളിയാഴ്ച ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നും ചന്ദ്രയാൻ-3 പേടകം ഉയർന്നു പൊങ്ങിയപ്പോൾ, ലോകമെമ്പാടുമുള്ള ജനതയുടെ പ്രതീക്ഷയോടൊപ്പം തിരുവനന്തപുരം പേരൂർക്കടയിലുള്ള കറുത്തേടത്തു മനയിൽ ജയന്റെ കുടുംബാംഗങ്ങളുടെ ആത്മാഭിമാനവും ആവേശവും വാനോളം ഉയർന്നു.

ചന്ദ്രയാൻ-3 ന്റെ പ്രോജക്ടിൽ നേതൃനിരയിൽ ഭാഗഭാക്കാകുവാൻ അവസരം ലഭിച്ച ജയൻ ഐ എസ് ആർ ഒയുടെ വലിയമല ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്ററിൽ ഗ്രൂപ്പ് ഡയറക്ടർ ആണ്. ഉപഗ്രഹത്തെ ഭ്രമണപഥത്തിൽ എത്തിച്ച എൽ വി എം3 എന്ന റോക്കറ്റിൽ ഉപയോഗിക്കുന്ന അതിസങ്കീർണ്ണമായ ക്രയോജനിക് റോക്കറ്റ് എൻജിൻ വികസിപ്പിച്ചെടുക്കുന്ന ഗ്രൂപ്പിന്റെ മേധാവി.

ഇന്ത്യ ആദ്യമായി പൂർണ്ണമായും തദ്ദേശീയമായി വികസിപ്പിച്ച സിഇ20 ക്രയോജനിക് എൻജിൻ വികസന പ്രവർത്തനങ്ങളിൽ മുഖ്യ പങ്കാളിയായിരുന്നു ജയൻ.



*ജയൻ ലാൻഡറിനൊപ്പം*

ലാൻഡറിന്റെ സോഫ്റ്റ് ലാൻഡിങ്ങിൽ ഏറ്റവും നിർണ്ണായക പങ്ക് വഹിച്ചത് അതിലെ 12 എൻജിനുകൾ അടങ്ങുന്ന പ്രൊപ്പൽഷൻ സിസ്റ്റം ആണ്. ഈ എൻജിനുകളുടെ ക്രമമായ ജ്വലനം വഴിയാണ് ലാൻഡറിന്റെ വേഗത ചിട്ടയായി കുറച്ച് ലാൻഡറിനെ നിയന്ത്രിച്ച് കൃത്യമായ സ്ഥലത്ത് സോഫ്റ്റ് ലാൻഡിങ് നടത്തിയത്.

ഈ ലാൻഡർ പ്രൊപ്പൽഷൻ സിസ്റ്റത്തിന്റെ ഡിസൈൻ റിവ്യൂ കമ്മിറ്റി ചെയർമാൻ ആയിരുന്നു ജയൻ.

ആഗസ്റ്റ് 23 വൈകീട്ട് 6.30ന് സോഫ്റ്റ് ലാൻഡിങ് വിജയകരമായ ശേഷമാണ് സത്യത്തിൽ എല്ലാവരുടേയും ശ്വാസം നേരെ വീണത്, ജയന്റേതടക്കം.

കേരളത്തിലെ ഏറ്റവും പുരാതനവും ശ്രേഷ്ഠവുമായ ഗ്രാമങ്ങളിൽ ഒന്നായ ശുകപുരം ഗ്രാമക്കാരായ തലമുണ്ട കറുത്തേടത്തു നാരായണൻ നമ്പൂതിരിയുടെയും പന്താവൂർ മഹൾ ലീലയുടെയും രണ്ടാമത്തെ മകനാണ് ജയൻ. ശ്രീശുക ബ്രഹ്മർഷി ദക്ഷിണാമൂർത്തിയെ ഈ ഗ്രാമത്തിൽ പ്രതിഷ്ഠിച്ചതിനാലാണ് ശുകപുരം ഗ്രാമം എന്ന പേര് കൈവന്നത് എന്നാണ് ഐതിഹ്യം.

കേരളത്തിലെ തന്നെ ഏറ്റവും പ്രാചീനവും പ്രസിദ്ധവുമായ ശുകപുരം ശ്രീ ദക്ഷിണാമൂർത്തി ക്ഷേത്രത്തിലെ ഊരാളർ കൂടിയാണ്

തലമുണ്ട കറുത്തേടത്ത് മനക്കാർ. 'കുഞ്ചേട്ടൻ' എന്ന് ഞങ്ങൾ എല്ലാവരും സ്നേഹത്തോടെ വിളിക്കുന്ന നാരായണൻ നമ്പൂതിരി ബിരുദ പഠനത്തിനു ശേഷം ഏതാണ്ട് അഞ്ചു വർഷത്തോളം ബോംബെയിൽ ബാർക്കിൽ ജോലി ചെയ്തു.

അക്കാലത്താണ് തിരുവനന്തപുരത്ത് ഐ എസ് ആർ ഒ സ്ഥാപിതമാകുന്നതും കുഞ്ചേട്ടൻ അവിടെ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജോലിയിൽ പ്രവേശിക്കുന്നതും. ഇന്ത്യയുടെ പ്രസിഡന്റായിരുന്ന ഡോക്ടർ അബ്ദുൾ കലാമിന്റെ കൂടെ ജോലി ചെയ്യുവാൻ ഭാഗ്യം ലഭിച്ച ഒരു നമ്പൂതിരി ശാസ്ത്രജ്ഞൻ കൂടി ആയിരുന്നു കുഞ്ചേട്ടൻ.

ഏതാണ്ട് 35 വർഷത്തെ സേവനത്തിനു ശേഷം ഐ എസ് ആർ ഒയിൽ നിന്നും വിരമിച്ച കുഞ്ചേട്ടന്റെ അനുഭവങ്ങൾ, മകൻ ജയന്റെ ഔദ്യോഗിക ജീവിതത്തിന്റെ വികസനത്തിന് ഒരുപാട് സ്വാധീനിച്ചിട്ടുണ്ട്.

ജയന്റെ മുത്തശ്ശൻ തലമുണ്ട കറുത്തേടത്തു കൃഷ്ണൻ നമ്പൂതിരി പൊന്നാനി ഹൈസ്കൂൾ അദ്ധ്യാപകനായിരുന്നു. വളരെ കൃത്യനിഷ്ഠയോടെയുള്ള ജീവിതം നയിച്ചിരുന്ന അദ്ദേഹം നമ്പൂതിരിമാരുടെ എല്ലാ ദിനചര്യകളും അനുവർത്തിച്ചു പോന്നതിനോടൊപ്പം പുരോഗമനപരമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നു.

മുത്തശ്ശന്റേയും അച്ഛന്റേയും ചിട്ടയായ ജീവിത ദിനചര്യകളും ശിക്ഷണങ്ങളും വളരെ ചെറുപ്പം മുതൽക്കേ തന്നെ, മൂത്ത സഹോദരൻ ഹരിയോടൊപ്പം ജയനും അനുവർത്തിച്ചു പോരേണ്ടി വന്നിട്ടുണ്ട്. അതിന്റെയെല്ലാം ഫലമായിരിക്കാം, ജയന് ജീവിതത്തിൽ വലിയ നേട്ടങ്ങൾ കരസ്ഥമാക്കാൻ സാധിച്ചത്, ഒപ്പം കഠിനാധ്വാനവും.കുട്ടിയായിരിക്കുമ്പോൾ തന്നെ ജയൻ എന്തിനേയും ഏതിനെയും എത്തിപ്പിടിക്കാനുള്ള ഒരു അധിക ഉത്സാഹം കാണിച്ചിരുന്നു. ആ ഉത്സാഹമാണ് ജയനെ ഇപ്പോൾ ചന്ദ്രയാൻ വരെ എത്തിച്ചത്.



*ജയൻ അച്ഛൻ, അമ്മ, ഭാര്യ ശോഭ എന്നിവരോടൊപ്പം*



**ഞങ്ങളുടെ കുടുംബ സദസ്സുകളിലെല്ലാം സജീവ സാന്നിധ്യമായിരിക്കും ജയൻ. ഈ കഴിഞ്ഞ ഒക്ടോബറിൽ കന്യാകുമാരിയിൽ വെച്ച് ഞങ്ങളുടെ ഒരു കുടുംബ സംഗമം ഉണ്ടായി. അറുപതോളം പേർ പങ്കെടുത്ത ഈ സംഗമത്തിന്റെ മുഖ്യ സംഘാടകരിൽ ഒരാൾ ജയനായിരുന്നു. അപ്പോൾ ചന്ദ്രയാൻ ദൗത്യത്തെ കുറിച്ച് വിവരിക്കവെ, ജയൻ പറയുകയുണ്ടായി:**
**'കുടുംബത്തിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും ലഭിക്കുന്ന അംഗീകാരം മറ്റേതിനേക്കാൾ വിലമതിക്കുന്നതാണ്.'**

മത്സരബുദ്ധിയിൽ ഒട്ടും പിറകിലല്ലാത്ത ജയൻ, തിരുവനന്തപുരം എൻജിനിയറിംഗ് കോളജിൽ നിന്നും ബിടെക് മെക്കാനിക്കൽ ഒന്നാം റാങ്കോടെയാണ് പാസ്സായത്. പിന്നീട്, ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ നിന്നും എംടെക് ഗോൾഡ് മെഡലോടെ പൂർത്തിയാക്കുകയും ചെയ്തു. നല്ല സുഹൃദ് ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിലും അവ നിലനിർത്തുന്നതിലും ജയൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതുകൊണ്ട് തന്നെയാവണം ചന്ദ്രയാൻ-3 ന്റെ വിജയത്തിന് ശേഷം സ്കൂൾ സുഹൃത്തുക്കൾ എല്ലാവരും ചേർന്ന് ജയനെ ആദരിച്ചത്.

ഭാര്യ:ശോഭ ജയൻ, കേന്ദ്ര ഗവണ്മെന്റ് ഫിനാൻസ് ഡിപ്പാർട്മെന്റിൽ ജോലി ചെയ്യുന്നു.മകൾ ശ്വേത ബെംഗളൂരു ഒറാക്കിൾ കമ്പനിയിൽ സോഫ്റ്റ് വെയർ എഞ്ചിനീയർ. മകൻ സ്കൂൾ വിദ്യാർത്ഥി സിദ്ധാർഥ്.സഹോദരങ്ങൾ:അബുദാബിയിൽ പൈപ്പിങ് എഞ്ചിനീറായ ഹരികൃഷ്ണൻ.അമേരിക്കയിൽ കമ്പ്യൂട്ടർ എഞ്ചിനീയറായ രാജു ●

### പുരസ്കാരങ്ങൾ:

❑ അസ്ട്രണോട്ടിക് സൊസൈറ്റി ഓഫ് ഇന്ത്യയുടെ 'സ്പേസ് ഗോൾഡ് മെഡൽ' - ഇന്ത്യയുടെ ബഹിരാകാശ മേഖലക്ക് നൽകിയ മികച്ച സംഭാവനകൾ മാനിച്ച് നൽകിയത്.

❑ ഐ എസ് ആർ ഒ ടീം അവാർഡ് തദ്ദേശീയമായി ക്രയോജനിക് എൻജിൻ വികസിപ്പിക്കുന്നതിലുള്ള പങ്ക് മാനിച്ച്

❑ സബിത ചൗധരി മെമ്മോറിയൽ സ്വർണ്ണമെഡൽ - ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ഏറോസ്പേസ് എൻജിനിയറിങ് വിഭാഗത്തിൽ ഏറ്റവും മികച്ച വിദ്യാർത്ഥിക്കുള്ള പുരസ്കാരം.

❑ വൈദ്യനാഥൻ മെമ്മോറിയൽ സ്വർണ്ണമെഡൽ - കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഏറ്റവും മികച്ച വിദ്യാർത്ഥിക്കുള്ള പുരസ്കാരം.

ജയൻ.എൻ, കറുത്തേടത്ത്മന,
മണ്ണമ്മൂല, പേരൂർക്കട
തിരുവനന്തപുരം,പിൻ:695005.
ഫോൺ: 9747149710
കൃഷ്ണൻ നമ്പൂതിരി,
പന്താവൂർ മന, മൂക്കുതല
പിൻ:679574, ഫോൺ:7012990406



*അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് നാടകത്തിലെ അഭിനേതാക്കൾ*

# ഈ അരങ്ങത്തെ അന്തർജനങ്ങളൊന്നും പെണ്ണുങ്ങളല്ല

## പുരുഷസുന്ദരിമാരെ സൃഷ്ടിച്ച പരിയാനംപറ്റയുടെ മേയ്ക്കപ്പ് ജാലവിദ്യ

**ഉദയൻ നമ്പൂതിരിപ്പാട്**



അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകത്തിലെ നടീനടന്മാരാണ് ഈ ചിത്രത്തിൽ. അന്തർജനങ്ങളെ അരങ്ങത്ത് എത്തിക്കാൻ വേണ്ടി യത്നിച്ച ആ നാടകത്തിൽപ്പോലും അരങ്ങത്ത് നടിമാരായി പരകായപ്രവേശം നടത്തിയത് നമ്പൂരാരായിരുന്നു. മാറു മറയ്ക്കാത്ത സ്ത്രീകളെ ഒന്നു സൂക്ഷിച്ചു നോക്കൂ. ഫോട്ടൊഷോപ്പും മോർഫിംഗുമൊന്നുമില്ലാത്ത അക്കാലത്ത് പുരുഷന്മാരെ സ്ത്രീകളാക്കി മാറ്റുന്ന വിദ്യ പയറ്റിയത് പരിയാനംപറ്റയായിരുന്നു.

ഇന്നത്തെ തലമുറയിൽപ്പെട്ടവർ ഒരു പക്ഷേ പരിയാനംപറ്റയെ കേട്ടിട്ടുണ്ടാവില്ല. അവർ മറക്കുടയ്ക്കുള്ളിലെ മഹാനരകങ്ങളിൽ കഴിഞ്ഞിരുന്ന സ്വസമുദായത്തിലെ അന്തർജ്ജനങ്ങളെ ഇല്ലങ്ങളിലെ നാലുചുമരുകളിൽനിന്ന് അരങ്ങത്തേക്ക് എത്തിക്കാൻ ശ്രമിച്ച വി.ടി.ഭട്ടതിരിപ്പാടിനെപ്പറ്റി കേട്ടിരിക്കും. 'അടുക്കളയിൽനിന്നു അരങ്ങത്തേക്ക്' എന്ന നാടകത്തെപ്പറ്റി കേട്ടിട്ടുണ്ടാവും. ആ നാടകത്തിൽ അഭിനയിച്ചിരുന്ന ഇ.എം.എസ്, പ്രേംജി, എം.ആർ.ബി എന്നിവരേയും കേട്ടിരിക്കും. പക്ഷേ ആ നാടകത്തിൽ ഒരേ സ്റ്റേജിൽ നാലു കഥാപാത്രങ്ങളെവരെ അവതരിപ്പിച്ച് കാണികളെ വിസ്മയിപ്പിച്ച പരിയാനംപറ്റ എന്ന നടനെപ്പറ്റി കേട്ടുകാണില്ല .

1929 ഡിസംബർ 24 നു യോഗക്ഷേമസഭയുടെ ഇരുപത്തിരണ്ടാം വാർഷികത്തിനോടനുബന്ധിച്ചായിരുന്നു നമ്പൂതിരിമാരെ ഇളക്കിമറിച്ച 'അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്ക്' എന്ന നാടകം അരങ്ങേറിയത്. യോഗക്ഷേമസഭയുടെ അമരക്കാരായിരുന്ന ഉണ്ണി നമ്പൂതിരിമാരായിരുന്നു അഭിനേതാക്കളായി അരങ്ങത്തു വന്നത്. ആ നാടകത്തിൽ അഭിനയിച്ചിരുന്ന നമ്പൂതിരിമാരെ, കർക്കിടാംകുന്നത്ത് അച്ഛൻ നമ്പൂരിയും തേതിയും, മുത്തശ്ശിയും, കുറുംബയും, ഇട്ടങ്ങേലിയുമാക്കി മാറ്റിയ മേക്കപ്പ്മാൻ പരിയാനംപറ്റയായിരുന്നു എന്നത് പക്ഷെ എത്രപേർക്കറിയാം. വി ടിയുടെ എൺപതാം പിറന്നാളിന് മേഴത്തൂരിൽവെച്ചു ഈ നാടകം വീണ്ടും അവതരിപ്പിച്ചപ്പോൾ ഇന്നു ജീവിച്ചിരിക്കുന്ന പലരും ആ സർഗ്ഗ വൈഭവം നേരിട്ടു കണ്ടിട്ടുണ്ടാവും.

ഒറ്റമുണ്ടും തോർത്തുമായി നടന്നിരുന്ന സാധാരണക്കാരായ നമ്പൂതിരിമാരെ അകത്തളങ്ങളിലെ അർദ്ധനഗ്നകളായ സ്ത്രീ കഥാപാത്രങ്ങളാക്കിയ അദ്ദേഹത്തിന്റെ സിദ്ധി കണ്ട്

കാണികൾ വിസ്മയിച്ചിട്ടുണ്ടെന്നു കേട്ടിട്ടുണ്ട്. പുരുഷ സുന്ദരിമാരുടെ സ്രഷ്ടാവായാണ് അദ്ദേഹം അക്കാലത്ത് അറിയപ്പെട്ടിരുന്നത്. മേക്കപ്പ് ഇന്നത്തെ പോലെ വികസിക്കാതിരുന്ന കാലത്താണ് അദ്ദേഹം ഇത്തരം അത്ഭുതം കാണിച്ചിരുന്നത്. റോസ് പൗഡറും വിവിധ ലേപനങ്ങളുമൊന്നും ഇല്ലാതിരുന്ന കാലത്ത് കരിക്കട്ടയും അരിപ്പൊടിയും ഉപയോഗിച്ചായിരുന്നു അദ്ദേഹത്തിന്റെ മാന്ത്രിക വിദ്യകൾ. അഭിനയിക്കുന്നത് സ്ത്രീകളല്ല എന്ന് നാടകം കാണാനെത്തിയ സ്ത്രീകൾ പോലും വിശ്വസിച്ചിരുന്നില്ലത്രെ. അത്രക്കും തന്മയത്വം നിറഞ്ഞതായിരുന്നു ആ കലാകാരൻ നടത്തിയ മെയ്ക്കപ്പും നാടകത്തിന്റെ രംഗ സംജ്ജീകരണങ്ങളും. ഇല്ലത്തെ പൂമുഖവും മേലടുക്കളയും തേവാരമുറിയും അതേ പോലെ രംഗത്ത് പുന:സൃഷ്ടിച്ചു. കൂടാതെ നാടകത്തിൽ

കർക്കിടാംകുന്നത്ത് അച്ഛൻ നമ്പൂരി, ഉഴത്ര വാരിയർ, ചോമാതിരി, മുത്തശ്ശിയമ്മ എന്നീ നാലു വ്യത്യസ്ത കഥാപാത്രങ്ങളെ ഒരേ സ്റ്റേജിൽ തന്നെ പലപ്പോഴും പരിയാനംപറ്റ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തേതിയും മാധവനും ഒഴിച്ച് മറ്റെല്ലാ കഥാപാത്രങ്ങളായും അദ്ദേഹം അഭിനയിച്ചിട്ടുണ്ടെന്നു കേട്ടിട്ടുണ്ട്. ഏതെങ്കിലും വേഷക്കാർ നാടക ദിവസം വന്നില്ലെങ്കിൽ ആ വേഷം മിക്കവാറും പരിയാനംപററക്കാവും. 'മറക്കുടക്കുള്ളിലെ മഹാനരകം' 'ഋതുമതി' എന്നീ നാടകങ്ങളിലും പ്രധാന വേഷങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ട്. 'ഋതുമതി'യിലെ യാഥാസ്ഥിതികനായ പൊറോത്തപ്പഫൻ പരിയാനംപറ്റ അഭിനയിച്ച പ്രശസ്ത കഥാപാത്രമായിരുന്നു.

ദിലീപും ജയറാമും സിദ്ധിക്കുമടക്കം മലയാളസിനിമയിലെ ഇന്നത്തെ പ്രധാനതാരങ്ങളെല്ലാം കോമഡി ഷോകളിലൂടെയും ഏകാഭിനയത്തിലൂടെയും വളർന്നുവന്നവരാണ്. എന്നാൽ അറുപതുകൊല്ലങ്ങൾക്കുമുമ്പ് ഒരു നമ്പൂതിരി ഏകാഭിനയവുമായി സ്റ്റേജിൽനിന്നു സ്റ്റേജുകളിലേക്കു ഓടിനടന്നിരുന്നു എന്നുപറഞ്ഞാൽ വിശ്വസിക്കുമോ?

അന്നു ഏകാഭിനയം എന്നൊരു കലാരൂപം തന്നെ പ്രചാരത്തിൽ ഇല്ല. കലാഭവൻ പോലുള്ള ട്രൂപ്പുകളുമില്ല. ടി.വി യോ ചാനലുകളോ ഇല്ല. റേഡിയോ പോലും വ്യാപകമാവുന്നതേയുള്ളൂ. ശബ്ദക്രമീകരണത്തിനു വിവിധവലിപ്പത്തിലുള്ള ബോക്സുകളില്ല. ഓഡിറ്റോറിയസൗകര്യങ്ങളില്ല. കൊയ്ത്തുകഴിഞ്ഞ പാടങ്ങളിലും ഉത്സവപ്പറമ്പുകളിലും സന്ധ്യക്കു ശേഷമാവും പരിപാടി. ബഞ്ചുകൾ കൂട്ടിക്കെട്ടിയ സ്റ്റേജിലേക്ക് വേഷപ്പകിട്ടുകളില്ലാതെ ആ നമ്പൂതിരി ഒറ്റക്ക് കയറിവരും. കാണികൾക്ക് ഉള്ളുതുറന്നു ചിരിക്കാനുള്ള വിഭവങ്ങൾ വാരിവിതറും.



*പരിയാനംപറ്റ*

**അന്നു ഏകാഭിനയം എന്നൊരു കലാരൂപം തന്നെ പ്രചാരത്തിൽ ഇല്ല. കലാഭവൻ പോലുള്ള ട്രൂപ്പുകളുമില്ല. ടി.വി യോ ചാനലുകളോ ഇല്ല. റേഡിയോ പോലും വ്യാപകമാവുന്നതേയുള്ളൂ. ശബ്ദക്രമീകരണത്തിനു വിവിധവലിപ്പത്തിലുള്ള ബോക്സുകളില്ല. ഓഡിറ്റോറിയസൗകര്യങ്ങളില്ല. കൊയ്ത്തുകഴിഞ്ഞ പാടങ്ങളിലും ഉത്സവപ്പറമ്പുകളിലും സന്ധ്യക്കു ശേഷമാവും പരിപാടി.**



*നാടകത്തിൽ പരിയാനംപറ്റ സ്ത്രീ വേഷം കെട്ടിച്ച കവി മുല്ലനേഴി*

സ്റ്റേജിന്റെ വലത്തോട്ടു പോകുമ്പോൾ അദ്ദേഹം തമിഴും മലയാളവും കലർത്തി സംസാരിക്കുന്ന പാലക്കാടൻ അയ്യരാവും. ഇടത്തോട്ടു നടക്കുമ്പോൾ അസ്സൽ ഏറനാടൻ മുസ്ലീം കാരണവരാകും. മുന്നിലേക്കു നടന്നാൽ പിച്ചക്കാരിയാവും. പിന്നിലേയ്ക്കു നടന്നാലോ ശരിക്കും കുടിച്ചുപൂസായ കള്ളുകുടിയനുമാവും.

മൂസ്സാമ്പൂരി ആവാനും കാര്യസ്ഥൻ ആവാനും അദ്ദേഹത്തിനു നിമിഷങ്ങൾ മതി. കുംഭാരനും കുംഭാരത്തിയും തമ്മിലുള്ള ശണ്ഠ അവരുടെ ഭാഷയിൽ നിന്നനില്പിൽ തന്നെ അവതരിപ്പിക്കും. ശരിക്കുമൊരു പരകായപ്രവേശം തന്നെ. പരിയാനംപറ്റ എന്ന പേരിൽ ആ കാലത്ത് പ്രസിദ്ധനായിരുന്ന കുഞ്ചുണ്ണി നമ്പൂതിരിപ്പാട് ആയിരുന്നു അന്നത്തെ ഏകാഭിനയക്കാരൻ.

ആരാണീ പരിയാനംപറ്റ എന്നല്ലേ. തന്റെ ചുററും കൂടിയ കാണികളെ ജാലവിദ്യകളിലൂടെ വിസ്മയ ലോകത്തിലേക്കു നയിക്കുന്ന ഇന്ദ്രജാലക്കാരൻ, നാടകകൃത്ത് ഭാവനയിൽ കാണുന്ന കഥാപാത്രത്തിനെ രംഗ

ത്തെത്തിക്കുന്ന വിദഗ്ധനായ മേക്കപ്പ്മാൻ, ദിശാബോധവും, സാമൂഹ്യ പ്രതിബദ്ധതയും ഉള്ള ഏകാഭിനയക്കാരൻ. സ്വസമുദായത്തിലെ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ പോരാടിയ പരിഷ്ക്കർത്താവ്. അഭിനയ സിദ്ധികൊണ്ട് സാമൂഹികനാടകങ്ങളെ ജനപ്രിയങ്ങളാക്കിയ നാടകനടൻ. വിരലിലെണ്ണാവുന്ന സിനിമകളിൽ മാത്രം അഭിനയിച്ച് സഹനടന്റെ അവാർഡിനുവരെ അർഹത നേടിയ സിനിമാനടൻ. അതെ പരിയാനംപറ്റ ഇതെല്ലാമായിരുന്നു.

അക്കാലത്തു നിലവിലുണ്ടായിരുന്ന നാടക സമ്പ്രദായങ്ങളെ മാറ്റിമറിച്ച് സാമുദായിക നാടകങ്ങളിൽ അരങ്ങത്തു വരുന്ന ഒരോ കഥാപാത്രങ്ങളിലൂടെയും കാണികൾ തങ്ങളെയും തങ്ങളുടെ ഇല്ലങ്ങളിലെയും പരിതാപകരമായ അവസ്ഥ കാണുകയായിരുന്നു. എന്തായാലും വി.ടി യുടെ നാടകം ഇത്രമാത്രം ഉള്ളിൽ തട്ടുന്നതാവാനും, സ്ത്രീ പുരുഷ ഭേദമില്ലാതെ നമ്പൂതിരി സമുദായത്തിൽ ഉള്ളവരെ ഇളക്കിമറിച്ച് അവരെ സമുദായ നവോത്ഥാനത്തിനു പ്രേരിപ്പിച്ചതിലുമുള്ള പരിയാനംപറ്റയുടെ പങ്ക് നമുക്ക് വിസ്മരിക്കാനാവില്ല.

ഇതിൽ മാത്രം ഒതുങ്ങുന്നില്ല അദ്ദേഹത്തിന്റെ യോഗക്ഷേമസഭ പ്രവർത്തനങ്ങൾ. സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ ഒരു കൊടുങ്കാറ്റുപോലെ അദ്ദേഹം പൊരുതി. യാചനായാത്ര, യുവജന സംഘം എന്നി സമുദായ പ്രവർത്തനങ്ങളിൽ വിടി യോടൊപ്പം ഒരനിയനെപ്പോലെ അദ്ദേഹം നിന്നു. വി ടി യുമായുള്ള ചങ്ങാത്തത്തിന്റയും യോഗക്ഷേമസഭാ പ്രവർത്തനങ്ങളുടേയും പേരിൽ കുലുക്കല്ലൂരിലുള്ള തറവാട്ടിൽ നിന്നു പുറത്താക്കപ്പെടുന്ന അവസ്ഥ വരികയും പട്ടാമ്പിക്കടുത്തുള്ള പെരിങ്ങന്നൂരിലേക്കു മാതാപിതാക്കൾക്കും സഹോദരങ്ങൾക്കുമൊപ്പം അദ്ദേഹത്തിനു താമസം മാറ്റേണ്ടിവരികയും ചെയ്തിട്ടുണ്ട്.

1946 ൽ ലക്കിടി ചെറമംഗലത്തു മനയിൽ നമ്പൂതിരി സ്ത്രീകൾ തുടങ്ങിയ 'പാർവ്വതി നെമ്മിനിമംഗലം' തൊഴിൽകേന്ദ്രത്തിന്റെ ചുക്കാൻ പിടിച്ചിരുന്ന ശ്രീദേവി കണ്ണംമ്പിള്ളി പരിയാനംപറ്റയുടെ സഹോദരി ആയിരുന്നു. ഇന്നത്തെ കുടുംബശ്രീ പോലെ,ഒരേ സാമൂഹിക പശ്ചാത്തലമുള്ള സ്ത്രീകൾ ഒന്നിച്ച് ഒരിടത്തു താമസിച്ചു തൊഴിൽ സംരഭം തുടങ്ങി ജീവിക്കുക എന്ന ആശയമാണ് അവിടെ പ്രാവർത്തികമാക്കിയത്. എന്തുകൊണ്ടോ അവർക്ക് കുടുബശ്രീയുടെ ചരിത്രത്തിൽ സ്ഥാനം പിടിക്കാനായില്ല. അവിടത്തെ അന്തേവാസികൾ അവതരിപ്പിച്ച സമ്പൂർണ്ണ സ്ത്രീ നാടകത്തിനു പിന്നിൽനിന്നു ചരടുവലിച്ചതും പരിയാനംപറ്റ തന്നെ . രചനയും സംവിധാനവും അഭിനയവുമൊക്കെ സ്ത്രീകൾ തന്നെ നിർവഹിച്ച സമ്പൂർണ്ണ സ്ത്രീ നാടകമായിരുന്നു അത്.



*പ്രസിദ്ധ ജാലവിദ്യക്കാരൻ വാഴകുന്നത്തിനൊപ്പം*

**അന്നത്തെ കുട്ടിക്കളികളിലെ കഥകളി പാട്ടുകാരൻ മിക്കപ്പോഴും അമ്മാമനായ ഇ.എം.എസ് ആയിരുന്നു എന്ന് ഒരു അഭിമുഖത്തിൽ പരിയാനംപറ്റ പറഞ്ഞിട്ടുണ്ട്. സംസാരിക്കുമ്പോൾ വിക്കുള്ള ഇ.എം.എസ് ദോശക്കല്ലോ പൂപ്പാലികയോ ചേങ്ങലയാക്കി വെങ്കിടകൃഷ്ണ ഭാഗവതരായി കുട്ടികളുടെ അരങ്ങു വാഴുന്ന രംഗം കാണേണ്ടതു തന്നെയായിരുന്നു.**

ഇന്ത്യൻ സ്വാതന്ത്ര്യ സമരങ്ങളിലെ മുന്നണി പോരാളിയായിരുന്ന കെ.കേളപ്പന്റെ കൂടെ ഉപ്പുസത്യാഗ്രഹം, വിദേശവസ്ത്ര ബഹിഷ്ക്കരണം, മദ്യവർജ്ജനം. അയിത്തോച്ചാടനം പന്തിഭോജനം, ക്ഷേത്ര പ്രവേശനം തുടങ്ങിയ സമരങ്ങളിൽ അദ്ദേഹം സജീവമായി പങ്കെടുത്ത് പോലീസുകാരുടെ ലാത്തി പ്രഹരങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഉറച്ച കമ്മ്യൂണിസ്റ്റ് സഹയാത്രികനായിരുന്നു.

രണ്ടു തവണ കേരളത്തിന്റെ മുഖ്യമന്ത്രിയും കമ്മ്യൂണിസ്റ്റ് നേതാവും ആയിരുന്ന ഇ എം എസ് നമ്പൂതിരിപ്പാടിന്റെ മൂത്തസഹോദരി സാവിത്രി അന്തർജനത്തിന്റെയും പരിയാനംപറ്റ മനക്കൽ നാരായണൻ നമ്പൂതിരിപ്പാടിന്റെയും മകനായി 1912 ൽ ജനനം. കുട്ടിക്കാലം അമ്മാത്തായ ഏലംകുളം മനയിലായിരുന്നു. അവിടെ വെച്ച് മലയാളം എഴുതാനും അത്യാവശ്യം കണക്കും പഠിച്ചു. അന്നു സമപ്രായക്കാരനായിരുന്ന ഇ എം എസ് അടക്കമുള്ള കുട്ടികൾ ഒത്തുകൂടി നാലുകെട്ടിൽ കഥകളിയും നാടകങ്ങളും അവതരിപ്പിക്കുമായിരുന്നു.

കമുങ്ങിൻ പാളകളും കുരുത്തോലയും മുറിച്ച് കിരീടങ്ങൾ ഉണ്ടാക്കിയും മാറോടിന്റെ കഷ്ണങ്ങളും ഇലകളും പൊടിച്ച് മുഖത്തെഴുതിയും ആയിരുന്നു കളികൾ. അന്നത്തെ കുട്ടിക്കളികളിലെ കഥകളി പാട്ടുകാരൻ മിക്കപ്പോഴും അമ്മാമനായ ഇ.എം.എസ് ആയിരുന്നു എന്ന് ഒരു അഭിമുഖത്തിൽ പരിയാനംപറ്റ പറഞ്ഞിട്ടുണ്ട്. സംസാരിക്കുമ്പോൾ വിക്കുള്ള ഇ.എം.എസ് ദോശക്കല്ലോ പൂപ്പാലികയോ ചേങ്ങലയാക്കി വെങ്കിടകൃഷ്ണ ഭാഗവതരായി കുട്ടികളുടെ അരങ്ങു വാഴുന്ന രംഗം കാണേണ്ടതു തന്നെയായിരുന്നു. (അഭിമുഖം ആർ. നഗർ, ദേശാഭിമാനി വാരിക 1986 മെയ്).

ഇല്ലത്തെ കലാപരിപാടികളുടെ

നേതൃത്വം സമപ്രായക്കാരനായിരുന്ന അമ്മാമനായിരുന്നു. ഇ എം.എസ് സ്കൂൾ പഠനത്തിനായി ഇല്ലം വിടുന്നതു വരെ ഇത്തരം കുട്ടിക്കളികൾ നീണ്ടു നിന്നു. അമ്മാമന് അതെല്ലാം ബാല കുതൂഹലം മാത്രമായി എങ്കിലും മരുമകൻ പിന്നീട് തന്റെ ജീവിതം തന്നെ കലാ പ്രവർത്തനങ്ങൾക്കായി സമർപ്പിക്കുകയാണ് ഉണ്ടായത്.

ഉപനയനവും സമാവർത്തനവും ഇല്ലത്തു വെച്ചു അച്ഛൻ തന്നെ നടത്തി. വേദാഭ്യാസം ഓതിക്കൻ കുത്തുള്ളി കൃഷ്ണൻ നമ്പൂതിരിയുടെ കീഴിലായിരുന്നു. അർത്ഥമറിയാതെ ഉരുവിട്ടു പഠിക്കുന്ന വേദ പഠനത്തിൽ താല്പര്യമില്ലാതിരുന്ന കുഞ്ചുണ്ണിക്ക് പലപ്പോഴും ഗുരുനാഥന്റെ ശിക്ഷകൾ ഏറ്റുവാങ്ങേണ്ടി വന്നിരുന്നു. ആ കാലത്ത് ശിക്ഷകളിൽ നിന്നു രക്ഷപ്പെടാനായി ഇല്ലം വിട്ടോടുകയും ബന്ധുഗൃഹങ്ങളിൽ പോയി പല ഉപായങ്ങളും പറഞ്ഞ് താമസിക്കുകയും പതിവായിരുന്നു.

അങ്ങനെയൊരു താമസക്കാലത്താണ് പ്രശസ്ത മാന്ത്രികനായ പ്രൊഫസർ വാഴകുന്നം നമ്പുതിരിയുടെ മുൻപിൽ ചെന്നു പെടുന്നത്. വലിയൊരു ഗുരുശിഷ്യ ബന്ധത്തിന്റെ തുടക്കമായിരുന്നു അത്. വാഴകുന്നം പോകുന്ന വേദികളിലെല്ലാം കുഞ്ചുണ്ണിയേയും കൂടെ കൂട്ടി. അദ്ദേഹത്തിന്റെ അരുമ ശിഷ്യനായി. ജാലവിദ്യയിൽ തനിക്കുണ്ടായിരുന്ന എല്ലാ അറിവുകളും വാഴകുന്നം ശിഷ്യനു പകർന്നു നല്കി. ചെപ്പും പന്തും എന്ന അപൂർവ്വ സിദ്ധി പോലും പഠിപ്പിച്ചു.

എന്നാൽ ഗുരുവിന്റെ കയ്യടക്കമോ വേഗതയോ ഇല്ലാതിരുന്ന പരിയാനംപറ്റ ചെപ്പും പന്തും എന്ന വിദ്യ പിൽക്കാലത്ത് എവിടേയും പ്രയോഗിക്കുകയുണ്ടായില്ല. വാഴകുന്നം തന്റെ ചെപ്പും പന്തും ആരും ഏറ്റുവാങ്ങാനില്ലാതെ ജീവിതാവസാന കാലത്ത് ഗുരുവായൂരപ്പനു സമർപ്പിക്കുകയാണുണ്ടായത്. വാഴകുന്നത്തിനോടൊപ്പം സഹമാന്ത്രികനായും പിന്നെ ഒറ്റക്കും മായാജാലത്തിന്റെ മാസ്മരിക പ്രകടനങ്ങൾ കുഞ്ചുണ്ണി നാടായ നാടെല്ലാം കാഴ്ചവെയ്ക്കാൻ തുടങ്ങി. നമ്പൂതിരി ഇല്ലങ്ങളിലെ വേളി പെങ്കൊടകളിലും മറ്റു ഗൃഹ സദസ്സുകളിലും ഇവരുടെ മായാജാല പ്രകടനം അവിഭാജ്യഘടകമായി തീർന്നു. അവിശ്വസനീയവും അവിസ്മരണീയവും ആയ ഒരു പാടു മുഹൂർത്തങ്ങൾ കാഴ്ചവെച്ചു കൊണ്ട് പരിയാനംപറ്റ കുഞ്ചുണ്ണി ഉത്സവവേദികളിൽ പരിയാനംപറ്റ എന്ന പേരിൽ



*പരിയാനംപറ്റ ജാലവിദ്യ കാണിക്കുന്നു*

**വാഴകുന്നം പോകുന്ന വേദികളിലെല്ലാം കുഞ്ചുണ്ണിയേയും കൂടെ കൂട്ടി. അദ്ദേഹത്തിന്റെ അരുമ ശിഷ്യനായി. ജാലവിദ്യയിൽ തനിക്കുണ്ടായിരുന്ന എല്ലാ അറിവുകളും വാഴകുന്നം ശിഷ്യനു പകർന്നു നല്കി. ചെപ്പും പന്തും എന്ന അപൂർവ്വ സിദ്ധി പോലും പഠിപ്പിച്ചു.**

പ്രസിദ്ധനാവാൻ അധികകാലം വേണ്ടി വന്നില്ല. തികഞ്ഞ കലാകാരനായ പരിയാനംപറ്റ കാണികളെ പിടിച്ചിരുത്താനാണ് മാജിക്കിനു മേമ്പൊടിയായി മോണോ ആക്ടും നടത്താൻ തുടങ്ങിയത്.

വി ടി യും കൂട്ടരും സാമുദായിക പ്രവർത്തനങ്ങൾ നിർത്തി പൊതുരംഗത്തു നിന്നു പിന്മാറി നിന്നപ്പോൾ പ്രേംജിക്കൊപ്പം തന്റെ കലാജീവിതത്തിന്റെ തുടർച്ചയായി സാമൂഹിക പ്രതിബദ്ധതയുള്ള മേഖലകളിലേക്ക് ചുവടു മാറുകയാണ് പരിയാനംപറ്റ ചെയ്തത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ കാലം തൊട്ട് മാറ്റങ്ങൾക്കു വിധേയമാവാൻ തുടങ്ങിയ മലയാള നാടക വേദിയെ ജനകീയമാക്കിയവരിൽ പരിയാനംപറ്റയും ഉണ്ടായിരുന്നു. അന്ന് അരങ്ങിൽ തകർത്താടിയിരുന്ന രാഷ്ട്രീയ നാടകങ്ങളിലെല്ലാം പരിയാനംപറ്റ അഭിനയിച്ചു. ചെറുകാടിന്റെ നമ്മളൊന്ന് , ജന്മഭൂമി, കെ.ദാമോദരന്റെ പാട്ടബാക്കി ഇവയെല്ലാം അതിൽ ചിലതാണ്. നമ്മളൊന്നിലെ അവറാൻ എന്ന തനി നാടൻ കർഷകന്റെ വേഷവും ഇയ്യങ്കോട് ശ്രീധരന്റെ 'ഒരേ വർഗ്ഗം ഒരേ മാർഗ്ഗ' ത്തിലെ അപ്പുണ്ണി നായരും പരിയാനംപറ്റ അനശ്വരമാക്കിയ കഥാപാത്രങ്ങളാണ്.

പിൽക്കാലത്ത് അഭിനയത്തിന് ഭരത് അവാർഡ് നേടിയ പ്രേംജി പങ്ങനായും പരിയാനംപറ്റ അവറാനായും നമ്മളൊന്ന് കളിക്കുന്ന കാലത്തെ ഒരു കഥയുണ്ട്. രണ്ടു പേരും തങ്ങളുടെ കഥാപാത്രങ്ങളെ വെച്ചു മാറി. നാടകം നന്നായി. പക്ഷേ പ്രേംജി പറഞ്ഞത്രെ 'ഇനി മുതൽ താൻ തന്നെ അവറാനായാൽ മതി. തന്നെ പോലെ മാപ്പിള ഭാഷ പറഞ്ഞ് അഭിനയിക്കാൻ എന്നെ കൊണ്ടു പറ്റില്ല. ഒരു മുസ്ലിം അഭിനയിച്ചാൽ പോലും ഇത്ര നന്നാവും ന്നു തോന്ന്ണില്ല'.

കലാമണ്ഡലം സ്ഥാപിച്ച കാലത്ത് മഹാകവി വള്ളത്തോളിനെ പല കഥകളിവേഷങ്ങളും പരിഷ്ക്കരിക്കാൻ തന്റെ മെയ്ക്കപ്പ് പാടവം ഉപയോഗിച്ച് പരിയാനംപറ്റ സഹായിച്ചിട്ടുണ്ടെന്നു കേട്ടിട്ടുണ്ട്. അന്നത്തെ കാലത്ത് പരശുരാമൻ ചുട്ടി കുത്തി കിരീടം വെച്ചായിരുന്നു അരങ്ങിൽ വന്നിരുന്നത്. നാടകത്തിലെ പോലെ മുടി കെട്ടി വെച്ച താടിയും മീശയുമുള്ള വേഷമായി പരശുരാമനെ അരങ്ങത്തു കൊണ്ടുവന്നത് ആ കാലത്തായിരുന്നു. അതിന് കഥകളി കമ്പക്കാരിൽ നിന്നു വള്ളത്തോൾ ഒരു പാട് പഴി കേട്ടു. കഥകളിയെ നാടകമാക്കുന്നു എന്നായിരുന്നു ആക്ഷേപം. അതുപോലെ സുന്ദര ബ്രാഹ്മണ വേഷത്തിൽ വന്ന കുചേലനെ ശരിയായ കുചേലനായി തോന്നിപ്പിക്കാൻ നാട്ടിലെ നമ്പൂതിരിമാരെ പോലെ ഓലക്കുടയും കുടുമയുമെല്ലാമായി തറ്റുടുപ്പിച്ചു അരങ്ങത്തേക്ക് അയച്ചതും മഹാകവിയുടെ കാലത്തായിരുന്നു.

1974 ൽ പി എൻ മേനോൻ സംവിധാനം ചെയ്ത ഓളവും തീരവും എന്ന സിനിമയിലെ അഭിനയത്തിന് ആ കൊല്ലത്തെ ഏറ്റവും നല്ല സഹനടനുള്ള സ്റ്റേറ്റ് അവാർഡ് അദ്ദേഹത്തിനു ലഭിച്ചു. പക്ഷേ അവാർഡ് വെറും പ്രഖ്യാപനം മാത്രമായി ഒതുങ്ങി. തനിക്കു കിട്ടാതിരുന്ന അവാർഡിനെപ്പറ്റി പരിയാനംപറ്റ ഹാസ്യ രൂപേണ ഇങ്ങനെ പറയാറുണ്ട്. അച്ഛൻ മരിച്ച അയൽക്കാരനോടു നാട്ടിലെ പ്രമാണി പറഞ്ഞു. 'എന്താ കൃഷ്ണൻ നായരെ അപ്പുണ്യാര് മരിച്ചു പോയി അല്ലേ. എന്തായാലും ചിലവിലേക്ക് ഞാൻ കുറച്ചു നെല്ലു തരാംന്നു വിചാരിക്കുണു. ദാ ഈ പറഞ്ഞതന്നേണ്ടാവുള്ളയ്' .

അടിയന്തരച്ചെലവിന് അതെങ്കിലു മായല്ലോ എന്ന് ആശ്വസിച്ച അയൽ ക്കാരൻ ചാക്കുമായി പ്രമാണിയുടെ അടുത്തു ചെന്നു. വന്നകാരണം തിര ക്കിയ പ്രമാണി പറഞ്ഞു 'താനെന്തൊ രു മന്തനാ ഞാനപ്പളേ പറഞ്ഞില്ലേ, ഈ പറഞ്ഞതേ ണ്ടാവുള്ളൂന്ന്' . അതു പോലെ കേരള സംഗീത അക്കാദമി അഖില കേരളാ അടിസ്ഥാനത്തിൽ പാലക്കാട്ടു വെച്ച് അമേച്വർ നാടക ങ്ങളുടെ മത്സരം നടത്തി. ഇയ്യങ്കോടു ശ്രീധരൻ രചിച്ച ഒരേ വർഗ്ഗം ഒരേ മാർഗ്ഗം എന്ന നാടകത്തിന് രചന, സം വിധാനം, നടൻ എന്നിവക്ക് ഒന്നാം സ്ഥാനം പ്രഖ്യാപിച്ചു. പക്ഷേ ചില തല്പരകക്ഷികളുടെ കുത്തിത്തിരി പ്പു കാരണം സമ്മാനദാന സമയ ത്തു അത് നല്ല നടനു മാത്രമായി. പുരസ്ക്കാരം ലഭിച്ച പരിയാനംപറ്റ യോഗ്യതാപത്രം കീറി അക്കാദമിയി ലെ എല്ലാ അംഗങ്ങൾക്കും അയച്ചു കൊടുത്തു. അന്നതൊരു വാർത്ത ആയിരുന്നു. എന്നാൽ വർഷങ്ങൾക്കു ശേഷം അക്കാദമി തന്നെ പ്രഖ്യാപിച്ച നല്ല നടനുള്ള പ്രഥമ പുരസ്ക്കാരം അദ്ദേഹം നന്ദി പൂർവം സ്വീകരിക്കു കയും അവാർഡിനോടൊപ്പം കിട്ടിയ ആയിരം രൂപ തന്റെ കണ്ണോപ്പറേഷ ന് സഹായമായി എന്നു പറയുകയും ഉണ്ടായിട്ടുണ്ട്.

ശ്യാമളച്ചേച്ചിയിലെ നമ്പൂതിരിയും ഓളവും തീരവും എന്ന ചിത്രത്തിലെ കടത്തുകാരൻ മമ്മദ്ക്കയും, നഗരമേ നന്ദിയിലെ തുണി കച്ചവടക്കാരനായ റാവുത്തരും പ്രേക്ഷകർ ഒരിക്കലും മറക്കാത്ത പരിയാനംപറ്റ കഥാപാ ത്രങ്ങളാണ്. ലക്ഷ്മീ വിജയം എന്ന സിനിമയിലായിരുന്നു അവസാനമായി അഭിനയിച്ചത്. ആ കാലത്ത് സിനിമക ളെല്ലാം മദിരാശിയിലാണ് ചിത്രീകരി ച്ചിരുന്നത്. അവിടെ പോയി താമസി ക്കാനുള്ള സാമ്പത്തിക ശേഷിയോ ആരോഗ്യമോ ഇല്ലാത്തതു കൊണ്ട് വളരെ കുറച്ചു സിനിമകളേ അഭി നയിച്ചതായുള്ളൂ. സിനിമാ രംഗത്തു തുടർന്നിരുന്നെങ്കിൽ മലയാള സിനി മയിലെ തിരക്കുള്ള ഒരു നടനായി മാറുമായിരുന്നു.

നാടക അഭിനയത്തിനു ഒരുപാ ടു പുരസ്ക്കാരങ്ങളും ആദരങ്ങളും ലഭിച്ചിട്ടുണ്ട്. അമ്പതുവർഷം നീണ്ട കലാജീവിതത്തിൽ പ്രതിഭ കൊണ്ട് സമ്പന്നനായിരുന്നെങ്കിലും സാമ്പത്തി കമായി അദ്ദേഹത്തിനു ഒന്നും നേടി വെക്കാനായില്ല. ജീവിതത്തിൽ നിർഭാ ഗ്യവനായിരുന്നു. അന്ത്യകാലമാകട്ടെ



**മോഹിപ്പിക്കുന്ന മേയ്ക്കപ്പ്വിദ്യ:**
*മുമ്പിൽ നിലക്കുന്നത് കവി മുല്ലനേഴി ചെറുമിയായി വേഷമിടുന്നു. പിന്നിലേത് നെഡ്ഡം കുഞ്ചു തേതിയുടെ അമ്മ ഇട്ടങ്ങേലിയായി വേഷമിടുന്നു. ഗ്രീൻ റൂമിൽ നിന്നെടുത്ത ചിത്രം*

**ഒന്നിനു പുറകെ ഒന്നായി ദുര ന്തങ്ങൾ. നല്ലൊരു ഗായകനും പുല്ലാങ്കുഴൽ വാദകനുമായിരുന്ന സഹോദരൻ കാവ് നമ്പൂതിരി പ്പാട് കിണറിൽ വീണു മരിച്ചു. നൃത്ത സംവിധായകനും കഥകളി നടനും ഗായകനുമായിരുന്ന മൂ ത്ത മകനും പേവിഷബാധയാൽ അകാലമരണം സംഭവിച്ചു.**

ഏകാന്തതയുടേയും കഷ്ടപ്പാടുകളുടേ യും. ഒന്നിനു പുറകെ ഒന്നായി ദുരന്ത ങ്ങൾ. നല്ലൊരു ഗായകനും പുല്ലാങ്കു ഴൽ വാദകനുമായിരുന്ന സഹോദരൻ കാവ് നമ്പൂതിരിപ്പാട് കിണറിൽ വീ ണു മരിച്ചു. നൃത്ത സംവിധായകനും കഥകളി നടനും ഗായകനുമായിരുന്ന മൂത്ത മകനും പേവിഷബാധയാൽ അകാലമരണം സംഭവിച്ചു.

നമ്പൂതിരി സ്ത്രീകളിലെ ആദ്യ കഥകളി വേഷക്കാരിയായി പറയപ്പെ ടുന്ന ദേശമംഗലം സാവിത്രിയോടൊ പ്പം ദേശമംഗലം മനയിലെ കളരിയി ലായിരുന്നു മകൻ ചൊല്ലിയാടിയത്. ഇവരുടെ വേർപ്പാടുകൾ അദ്ദേഹത്തെ ജീവിത നാടകത്തിൽ വല്ലാതെ തളർ ത്തി. പതുക്കെ അദ്ദേഹം അരങ്ങു വി ട്ട് അണിയറയിലേക്ക് പിൻവലിഞ്ഞു. അതിനു ശേഷം മാനസിക വ്യഥകൾ അദ്ദേഹത്തെ നിത്യരോഗിയാക്കി . അതിനിടെ സഹധർമ്മിണിയും മരിച്ചു. രണ്ടാമത്തെ മകനും കഥകളി നടനു മായ ദിവാകരന്റെ ഒപ്പമായി അന്ത്യകാ ലം. സിനിമാക്കാരോ നാടകക്കാരോ സ്വസമുദായക്കാരോ തിരിഞ്ഞു നോ ക്കാത്ത ഏകാന്തമായ ജീവിതമായി രുന്നു പിന്നെ മരണം വരെ.

പരിയാനംപറ്റയുടെ മകൻ ദിവാക രനും നല്ലൊരു കലാകാരനായിരുന്നു. പക്ഷേ അച്ഛനേ പോലെ മകനേയും ഭാഗ്യദേവത കടാക്ഷിച്ചില്ല. തന്റെ പ്രതിഭയ്ക്കൊത്ത് പേരെടുക്കാനോ ഉയരങ്ങളിൽ എത്താനോ ദിവാകരനും ആയില്ല. വേഷഭംഗി പോരാ എന്നു പറഞ്ഞു കഥകളി കമ്പക്കാർ തഴഞ്ഞ ആ നടന് ചുവന്ന താടി എന്ന വേ ഷത്തിൽ മാത്രം ഒതുങ്ങേണ്ടിവന്നു. നെല്ലിയോട് എന്ന പ്രശസ്ത നടന്റെ നിഴലായി സുഗ്രീവനും വീരഭദ്രനും, ദ്വാപരനുമായി മാത്രം ആടേണ്ടി വന്നു. ഒടുവിൽ പ്രശസ്തനാവാൻ തുടങ്ങിയ പ്പോഴേക്കും ആമവാതം വന്ന് അരങ്ങ് ഒഴിയേണ്ടതായും വന്നു. ദിവാകരനും ഇപ്പോൾ ജീവിച്ചിരിപ്പില്ല.

പരിയാനംപറ്റ എന്ന മഹാനായ കലാകാരനോടു നാം വേണ്ടത്ര നീതി പുലർത്തിയോ. അദ്ദേഹത്തി ന്റെ നാടായ പെരിങ്കന്നൂരിൽ പോ ലും അദ്ദേഹത്തിനൊരു സ്മാരക മില്ല. നമ്പൂതിരിമാരുടെ സാമൂഹിക മാറ്റങ്ങൾക്കു തിരികൊളുത്തിയ പ്രസ്ഥാനത്തിനായി തന്റെ ജീവിതം അർപ്പിച്ച അദ്ദേഹത്തിന്റെ ഓർമ്മകൾ ക്കു മുമ്പിൽ നമിക്കുന്നു. ●

ഉദയൻ നമ്പൂതിരിപ്പാട്,
കിഴക്കേടത്തു മന,
വയപ്പാറപ്പടി, മഞ്ചേരി.
മൊബൈൽ .8281926325.



## ആനന്ദ് നാരായണനും ഐശ്വര്യ വിനോദ് കുമാറും

തിരുവനന്തപുരം പൂജപ്പുര 'നവനീത'ത്തിൽ ഡോക്ടർ വിനോദ് കുമാർ കേശവന്റെയും (പറമ്പൂർ ഇല്ലം )ശ്രീമതി മഞ്ജുവിന്റെയും മകൾ ഐശ്വര്യ വിനോദ് കുമാറും, തിരുവനന്തപുരം അരുവിക്കര അരിയന്നൂർ ഇല്ലത്തു ബ്രഹ്മശ്രീ നാരായണൻ നമ്പൂതിരിയുടെയും ശ്രീമതി സുമാദേവിയുടെയും മകൻ ഈശ്വർ ആനന്ദ് നാരായണനും തമ്മിലുള്ള വേളി 2023 നവംബർ 29 ന് തിരുവനന്തപുരം ഇടപ്പഴഞ്ഞി ആർ.ഡി.ആർ. കൺവെൻഷൻ സെന്ററിൽവച്ച് സമംഗളം നടന്നു. മൊബൈൽ: 9447657775

## വിഷ്ണുവും ഹരിതയും



കൂടപ്പുഴ തോട്ടത്തിൽ മനയിൽ കൃഷ്ണൻ നമ്പൂതിരിയുടെയും വിനോദിനി കൃഷ്ണന്റെയും മകൾ ഹരിതയും കുന്നംകുളം മാനമ്പിള്ളി ഇല്ലത്ത് ശ്രീകുമാരൻ നമ്പൂതിരിയുടെയും ലീല അന്തർജ്ജനത്തിന്റെയും മകൻ വിഷ്ണുവും 2023 സെപ്തംബർ 16 ന് വരന്റെ ഇല്ലത്ത് വെച്ച് വിവാഹിതരായി.

## രവികൃഷ്ണനും അംഗിതയും



കോഴിക്കോട് ചേളന്നൂർ ചാത്തനാട്ട് ഇല്ലത്ത് രമേശൻ നമ്പൂതിരിയുടെയും ശ്രീമണി അന്തർജനത്തിന്റെയും മകൻ രവികൃഷ്ണനും മൂവാറ്റുപുഴ വാളകം കുന്നക്കൽ ഈരാറ്റുമന വാസുദേവൻ നമ്പൂതിരിയുടെയും ശ്രീലത അന്തർജ്ജനത്തിന്റെയും മകൾ അംഗിതയും 2023 ഒക്ടോബർ 26 ന് കോഴിക്കോട് അഴകൊടി ദേവി ക്ഷേത്രം ഓഡിറ്റോറിയത്തിൽ വിവാഹിതരായി.

# Pal Dental Clinic

## Root Canal & Laser Dentistry

**Family Medical Centre Building, Perumanna**

**Working time 9:30 AM to 6pm for Appointment: 9567127007**

The services of all specialist doctors are available here

Root Canal Treatment (പല്ലിന്റെ വേരു ചികിത്സ)
Dental Cleaning (പല്ലിന്റെ ക്ലീനിംഗ്)
All types of dentures (സെറ്റു പല്ലുകൾ)
Dental Implants (ഡെന്റൽ ഇംപ്ലാന്റ്സ്)
Dental Filling (പല്ല് അടയ്ക്കൽ)
Periodontal Surgery (മോണ ശസ്ത്രക്രിയകൾ)
Paediatric Dentistry (കുട്ടികളുടെ ദന്തചികിത്സ)
Invisible aligner (ഇൻവിസിബിൾ അലൈനർ)
Orthodontic Treatment (പല്ലിന്റെ നിര നേരെയാക്കൽ)
Dental Impactions (താടിയെല്ലിൽ കുടുങ്ങിയ പല്ല് എടുക്കൽ)
Dental Extraction (പല്ലെടുക്കൽ)
Desensitization therapy (പല്ലിന്റെ പുളിപ്പ് പരിഹരിക്കൽ)
Dental Bleaching (പല്ല് വെളുപ്പിക്കൽ)
Dental Crowns & bridges (പല്ലിന് കാപ്പിടൽ)
Laser Dentistry (ലേസർ ചികിത്സ)
Myofunctional & habit breaking treatment (ദന്തദുശ്ശീലങ്ങൾക്കുള്ള ചികിത്സ)
Dental Composite (ദന്തൽ കോമ്പോസിറ്റ്)

ഇവിടെ എല്ലാ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്



PAL DENTAL

## പൽ ഡെന്റൽ ക്ലിനിക്ക്

റൂട്ട് കനാൽ & ലേസർ ഡെന്റിസ്ട്രി
ഫാമിലി മെഡിക്കൽ സെന്റർ ബിൽഡിംഗ്, പെരുമണ്ണ






# ബദരീ കൃഷ്ണൻ

കൽക്കത്തയിൽ വെച്ച് നടന്ന കേന്ദ്രീയ വിദ്യാലയ വിദ്യാർത്ഥികളുടെ രാഷ്ട്രീയ ഏക്താ പർവ്വിൽ ഏകാഭിനയത്തിന് ഒന്നാം സ്ഥാനം നേടി. 25 റീജിയനുകളിൽ നിന്നും വന്ന മത്സരാർത്ഥികളെ പിന്തള്ളിയാണ് ബദരീകൃഷ്ണൻ വിജയിയായത്. തുഞ്ചത്തെഴുത്തച്ഛൻ– ജാതിവ്യവസ്ഥയോടും ദാരിദ്ര്യത്തോടും എതിരിട്ട് വിദ്യ നേടിയ കഥയാണ് ബദരീകൃഷ്ണൻ അവതരിപ്പിച്ചത്.

ആശംസകളോടെ,

അച്ഛൻ ജയകൃഷ്ണൻ (മാനേജർ, എസ്.ബി.ഐ. തൃശൂർ), അമ്മ രശ്മി (മങ്കട വി.എച്ച്.എസ്.സി. അദ്ധ്യാപിക), സഹോദരൻ വാസുദേവ് (പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റി വിദ്യാർത്ഥി). വിലാസം: ഗായത്രി (കരങ്ങാട് മന), കാവുതെരുവ്, ശേഖരീപുരം പി.ഒ., പാലക്കാട്–10. ഫോൺ: ജയകൃഷ്ണൻ– 9846704455.

അറിയേണ്ട അന്തർജനം



പ്രിയ കോടനാട് : സൗമ്യമായ മുഖത്തെ ഭാവമാറ്റം

# ഏത് പുരുഷ വില്ലനെയും വെല്ലും ഈ ആത്തേമ്മാർ

**പാലേലി മോഹൻ**



അരങ്ങിൽ സ്ത്രീവേഷം കെട്ടിയ പുരുഷന്മാരെപ്പറ്റി നമുക്കറിയാം. ഇവിടെയിതാ പുരുഷ വേഷം കെട്ടി അരങ്ങ് തകർക്കുന്ന സ്ത്രീ. നരകാസുരനായും ദശമുഖനായും ഭാർഗവരാമനേയും കരുത്തുറ്റ വില്ലൻ കഥാപാത്രങ്ങളെ തീർക്കുന്ന കഥാനായക. പുരുഷ കേസരികൾ രംഗം അടക്കിവാഴുന്ന അതേ അമരത്തോടെ അരങ്ങിൽ ജ്വലിക്കുന്നത് ആത്തേമ്മാർ. അത്ഭുതം.

കഥകളി അരങ്ങിൽ വനിതകൾ ഒട്ടേറെ ഉണ്ട്. അതിൽ ഒരു പടി ഉയരത്തിലേക്കു കുതിക്കുകയാണ് ശ്രീകൃഷ്ണപുരം കോടനാട്ടെ പ്രിയ. പ്രിയനമ്പൂതിരി എന്ന് അറിയപ്പെടുന്ന പൊൽപ്പാക്കര ആത്തേമ്മാരെ സമ്മതിക്കാതെ തരമില്ല. മറക്കാത്ത അനുഭവവുമായിട്ടാണ് അരങ്ങിൽ നിന്നും കാണികൾ പിരിയുക.

മുംബൈയിലും, ബംഗളൂരുവിലും അതിലുപരി ആശാന്മാർ വിഹരിക്കുന്ന നമ്മുടെ അമ്പലമുറ്റത്തും പ്രിയ ആസ്വാദകവൃന്ദത്തിന്റെ അഭിനന്ദനം ഏറ്റുവാങ്ങുകയാണ്.

തീർത്തും വീട്ടമ്മയായ ഇവരെ അരങ്ങിന്റെ പൊൻ വിളക്കായിത്തീർത്തത് കലാമണ്ഡലം സി.ഗോപാലകൃഷ്ണനാണ്. മുബൈയിൽ നിരവധി പേർക്ക് ഗുരുവായിത്തീർന്ന വലിയ കലാകാരൻ. നിത്യേന വീട്ടിൽ വന്ന് ക്ലാസെടുത്തത് ഒരു പന്തീരാണ്ടു കാലമാണ്. രണ്ടാമത്തെ നിലയിൽ താമസിക്കയായിരുന്നു. കലാശത്തിന് ചവിട്ടുമ്പോൾ താഴെ താമസിക്കുന്ന വരെ പറഞ്ഞ് മനസ്സിലാക്കി. തന്റെ പ്രയത്നത്തിന് ഉദ്ദേശിച്ചതിലും വിളവു കൊയ്യാനായതിന്റെ സന്തോഷത്തിലാണ് ആ ആശാൻ. ഒരു ജന്മം നേടിയ ഗുരുത്വത്തിന്റെ മികവിനാലാവും ആശാനും ശിഷ്യയും. ചിട്ടയിൽ അടിയുറച്ച കോട്ടം തീർന്ന കോട്ടയം കഥകൾ പഠിക്കുകയും അതെല്ലാം അരങ്ങിൽ ചെയ്യുവാനും സാധിച്ചത് പ്രിയയുടെ ശിരോലിഖിതം തന്നെ.

റിസർവ്വ് ബാങ്കിലെ ഉദ്യോഗസ്ഥനായ കോടനാട്ടെ ശങ്കരനാരായണൻ

നമ്പൂതിരി വേദപഠനം അച്ഛനിൽ നിന്നും വിധിയാം വണ്ണം അഭ്യസിച്ചയാളാണ്. അതിനു ശേഷമാണ് ഒമ്പതാം ക്ലാസിലെ പരീക്ഷ എഴുതിയത്. പഠനാനന്തരം മഹാരാഷ്ട്രയിൽ ജോലിയിൽ പ്രവേശിച്ചു. നല്ലേടത്തെ ദേവിയെ വിവാഹം ചെയ്തു. അവരുടെ രണ്ടാമത്തെ പുത്രിയാണ് പ്രിയ. വെക്കേഷൻ കാലത്ത് ഇവർ നാട്ടിലെത്തും.

കാറൽമണ്ണ,വെള്ളിനേഴി, ശ്രീകൃഷ്ണപുരം എന്നീ നാടുകളിൽ ഉത്സവക്കാലം.പത്തോളം അരങ്ങിൽ കഥകളി കാണും. അച്ഛന്റെ സഹോദരി മാർക്കൊപ്പം പോയി കഥകളി കാണും. കുട്ടിക്ക് കഥകൾ പറഞ്ഞ് കൊടുക്കും. അങ്ങിനെ കഥകളിയെ ഹൃദയത്തിൽ ഉറപ്പിച്ചു. മുപ്പതോളം കഥകൾ കാണും. ആശാന്മാരുടെ അവതരണം മനസ്സിലേക്ക് ആഴ്ന്നിറങ്ങും. മുജ്ജന്മ ബന്ധം പ്രിയയെ കഥകളി കാർന്നെടുത്തു.പ്രിയയുടെ പ്രാണനായിത്തീർന്നു കഥകളി.

മുംബൈയിൽ കുറുപ്പാശാനും, രാമൻകുട്ടി നായരും ചേർന്ന കീചകവധം. പ്രിയ മാമ്പറ്റ കൃഷ്ണേട്ടന്റെ മടിയിൽ. പക്ഷേ ആശാന്മാർ അന്ന് പറഞ്ഞു. കുട്ടിയെ കഥകളി പഠിപ്പിക്കണം. ശ്രദ്ധാപൂർവ്വം ആസ്വദിക്കുന്നത് എല്ലാവരും കണ്ടു. അതൊരു തീരുമാനമായിരുന്നു. ആടാത്ത ആട്ടകഥയില്ല കെട്ടാത്ത വേഷമില്ല. എന്നാൽ പെൺകരിക്ക് ഇതേ വരെ അവസരം വന്നിട്ടില്ല.

പൊരിഞ്ഞ മേളക്കൊഴുപ്പിൽ തെല്ലും ക്ഷീണിക്കാതെ ഒരു കുട്ടിയുടെ അമ്മ പുരുഷന്മാർ തന്നെ കൈവക്കാത്ത വേഷം മടികൂടാതെ അരങ്ങിൽ എത്തിക്കയാണ്. പ്രിയയുടെ അരങ്ങനുഭവം കാണാത്തവർ അടിയന്തരമായി അരങ്ങൊരുക്കുക. അത് നഷ്ടമാവില്ല. കഥകളിയെ ആരാധിക്കുന്നിടത്തെല്ലാം വേഷവുമായി എത്തിക്കൊണ്ടിരിക്കയാണ്. മുമ്പ് മുംബൈയിലായിരുന്നു താമസം.

ദാ ഇപ്പോൾ ബെംഗളൂരുവിലാണ്. അവിടെ നിന്നും ക്ഷണം കിട്ടിയാൽ ഓടി എത്തും. മധ്യ കേരളത്തിലുള്ളവരും അറിഞ്ഞു കഴിഞ്ഞു.

ഭരതനാട്യം പഠിക്കുവാൻ ഒരു വർഷം കളഞ്ഞു. അത്രയ്ക്കും വെറുപ്പായി. മുംബൈയിൽ കഥകളി വീട്ടിലെത്തി പഠിപ്പിക്കുവാൻ ആളെത്തിരക്കി. സി.ഗോപാലകൃഷ്ണനെ ഏൽപ്പിച്ചു പിന്നെയും രണ്ട് വഷം കഴിഞ്ഞു പഠനക്ലാസിന്. ഒരു പന്തീരാണ്ടുകാലം

### പുരസ്കാരങ്ങൾ:

- ❑മൂന്ന് വർഷം തൃപ്പൂണിത്തുറ കഥകളി ക്ലബ്ബിന്റെ ചൊല്ലിയാട്ട പുരസ്കാരം
- ❑യോഗക്ഷേമസഭ മുംബൈ 16 ൽ നൽകിയ ആദരവ്.
- ❑2016 ലെ കൾച്ചറൽ മന്ത്രാലയത്തിന്റെ ജൂനിയർ ഫെല്ലോഷിപ്പ്
- ❑2019 ൽ ചാലക്കുടി കഥകളി ക്ലബ്ബ് പുരസ്കാരം
- ❑2022 ൽ മുംബൈ കേളി സമർപ്പിച്ച രജത ശംഖ്

ചൊല്ലിയാട്ടം തന്നെയായിരുന്നു. 1992 ൽ ഗുരുവായൂരപ്പ സവിധത്തിലായിരുന്നു അരങ്ങേറ്റം. മുംബൈ നഗരത്തിലായതിനാലായിരുന്നു പഠനം നന്നായി നടന്നത്. ആശാന് സമയം ഇഷ്ടം പോലെയായിരുന്നു.

കഥകളിയെ കാണുന്നത് എന്തു മാനദണ്ഡത്താലാണെന്ന് ഉദാഹരണ സഹിതം ഗോപാൽജി പറഞ്ഞു. മുഖ്യമന്ത്രി കരുണാകരൻ മുംബൈയിൽ വരുന്നു. എന്ന വാർത്ത കണ്ടപ്പോൾ പ്രിയക്ക് ഏറെ സന്തോഷമായി. ഇതു പറഞ്ഞയാൾ തുടർന്നു. കുട്ടി കരുണാകരൻ ആരെന്നറിയാമോ ? വൈക്കം കരുണാകരാശാനല്ലേ വേഷം ചെയ്യുന്നത്. ഞാനിതേവരെ കണ്ടിട്ടില്ല. വന്നാൽ ആശാനെ കാണാലോ എന്ന ചിന്തയാലായിരുന്നു. ഇതാണ് പ്രിയ.

സി. ഗോപാലകൃഷ്ണൻ എന്ന ആശാൻ പഠനം തീർന്ന കാലത്ത് മുംബൈക്ക് ചെന്നെത്തുകയായിരുന്നു. അതിനാൽ തന്നെ പഠിച്ചെടുത്ത പല കഥാപാത്രങ്ങളേയും അരങ്ങിൽ ചെയ്തിട്ടില്ല . ഇപ്പോഴും അവരെല്ലാം മനസിൽ തിരനോട്ടം നടത്തുകയാണ്. എന്നാൽ തന്റെ ശിഷ്യ അതിനെല്ലാം അപ്പുറത്തെത്തി. ആ സന്തോഷത്തിലാണു ഞാൻ. ആശാൻ പറഞ്ഞു. മുംബൈയിൽ പഠിക്കുന്ന കാലത്ത് അവിടെ അരങ്ങേറുന്ന മേജർ കഥകളികളിൽ കുട്ടിത്തരം വേഷങ്ങൾ ചെയ്തു. പിന്നെ കുട്ടികൾ തീർക്കുന്ന അരങ്ങുകളിൽ നായക കഥാപാത്രങ്ങളെ തീർത്തു. നളചരിതത്തിലെ ബാഹുകന്മാരെ പ്രിയ അരങ്ങിൽ ചെയ്തിട്ടില്ലെന്ന് പറഞ്ഞു.

സീതാസ്വയംവരത്തിലെ ഭാർഗവരാമനെ അനായാസമായാണ് പ്രിയ അവതരിപ്പിക്കുന്നത്. രാമൻകുട്ടി ആശാൻ ചെയ്തിരുന്നതിനൊപ്പം വരും എന്നു പറഞ്ഞാൽ കടുപ്പമാവുമോ എന്നറിയില്ല. അതിനൊപ്പം നിൽക്കും. കേരളത്തിൽ അത് അമിട്ടു പൊട്ടും പോലെ വിരിഞ്ഞിറങ്ങും. അതിനെല്ലാം പ്രിയതമൻ പൊൽപ്പാക്കര സുദീപ് അകമഴിഞ്ഞ പിന്തുണ നൽകുന്നു. മകൾ അനന്യക്ക് കഥകളി ഒട്ടും താൽപ്പര്യമില്ല. എം.കോം പൂർത്തിയാക്കി. കുറച്ചു കാലം ജോലിയുംനോക്കി. കഥകളിക്ക് പോകുവാൻ

സുദീപിൽ ഒരു വിസമ്മതവുമില്ല,പൂർണ പിന്തുണ നൽകും. ഒന്നിച്ച് വരണമെന്നു പറയരുതെന്നാണ് കരാർ. അതു തന്നെയാണ് പൊൽപ്പാക്കര ഇല്ലത്തുള്ളവർക്കും.

അമ്മ നല്ലേടത്തെ മഹൾ ദേവി പറയും കുട്ടിക്കാലത്ത് മുംബൈയിൽ പാലേലിയുടെ വായന കേൾക്കുക വലിയ ഇഷ്ടമാണ്. അദ്ദേഹം ഉദാഹരണങ്ങൾ പറയുക അധികവും കഥകളിയാവും. അത് പ്രിയയെ ഹരം കൊള്ളിച്ചിരുന്നു. പ്രഹ്ളാദ വേഷം അദ്ദേഹം കാണാൻ ചെന്നിരുന്നു. നല്ല ഭക്തനാണല്ലോ അതെല്ലാം അരങ്ങിൽ കാണിക്കണമെന്നുപദേശിച്ചു. അദ്ദേഹത്തിനും സന്തോഷമായി. നാമം ജപിക്കുന്നത് ഇന്നത്തെ കുട്ടികൾക്ക് ആറ്, ഏഴ് എന്നിവ കാണിക്കുന്നതിന് ഇടത്തെ വിരലും വേണം. പ്രിയ വലത്തെ വിരലിൽ ത്തന്നെ പത്തു വരെ എണ്ണും. പാലേലി അതും ശ്രദ്ധിച്ചിരുന്നു.

പത്താംക്ലാസിൽ എത്തിയതോടെ ക്ലാസ്സുകൾക്ക് മാറ്റം വന്നു. കലാക്ഷേത്ര എന്ന സ്ഥാപനത്തിൽ ആശാന്റെ ക്ലാസിലായി. ബസിന് ഒറ്റക്ക് പോയിവരും. അതോടെ ആഴ്ചയിൽ ക്ലാസുകൾ 2 ദിവസമാക്കി ചുരുക്കി. നാളത്തെ ക്ലാസിനെ കുറിച്ച് ധാരണ മാഷ് വരുത്തുമായിരുന്നു. അത് വിദ്യാർത്ഥിക്ക് ഗുണപ്രദമായി. പച്ചായി മുതൽ കാണുന്ന കോട്ടക്കൽ നന്ദകുമാറിന്റെ ശിക്ഷണം മോഹിച്ചിരുന്നു. അദ്ദേഹം നാട്യസംഘ ത്തിലല്ലേ . മുംബെ നഗരത്തിൽ നിന്നും ഇതു പോലൊരു തിളക്കമാർന്ന മുത്തിനെ കഥകളിക്കു ലഭിച്ചത് കഥകളിയുടെ ഭാഗ്യം എന്നാണ് കഥകളി വേഷക്കാരുടേയും പക്ഷം ●

Priya, A001, Sraddha Splendor,
Ramagondanahalli,
Borewell road,Whitefield.
Bengaluru:560066 Mob:9892097353
പാലേലി മോഹൻ, പാലേലി മന,
ചൊവ്വര, ആലുവ, പിൻ: 683571
മൊബൈൽ: 8304909076

# പ്രഭാത നടത്തത്തിന്റെ കരുത്ത്

2023 ആഗസ്റ്റ് മാസത്തിൽ, കോഴിക്കോട് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ വെച്ച് നടന്ന മാസ്റ്റേഴ്സ് അതിലേറ്റിക് മീറ്റിൽ അയ്യായിരം മീറ്റർ, ആയിരത്തി അഞ്ഞൂറ് മീറ്റർ എന്നിവയിൽ വെള്ളി മെഡൽ നേടി. കൊൽക്കത്തയിൽ ദേശിയ മാസ്റ്റേഴ്സ് മീറ്റിൽ അയ്യായിരം മീറ്റർ ഓട്ടത്തിൽ ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ മത്സരിക്കാനുള്ള യോഗ്യതയും നേടി.

കുട്ടിക്കാലത്ത് ഒരു ഇനത്തിലും പങ്കെടുത്തിട്ടില്ല, അമ്പത് മീറ്റർ ഓട്ടത്തിൽ പോലും. ബാഗ്ലൂരിൽ ജോലിചെയ്യുന്ന മകളുടെ അടുത്ത് പോയ സമയത്താണ് അവിടെ ഒരു മിഡ്നൈറ്റ് മാരത്തോൺ നടക്കുന്നത് ശ്രദ്ധയിൽ പെട്ടെത്. മുൻപരിചയമോ പരിശീലനമോ ഇല്ലാതെ ആ ഓട്ടത്തിൽ പങ്കെടുത്തു. അഞ്ച് കിലോമീറ്റർ 27 മിനിറ്റിൽ ഓടിയപ്പോഴാണ് കായികശേഷി തിരിച്ചറിഞ്ഞത്.

അടുത്ത മാരത്തൺ പോണ്ടിച്ചേരിയിലായിരുന്നു 2014 ൽ 21 കിലോമീറ്റർ ഓടി. ഹൈദരബാദിൽ പങ്കെടുത്ത മാരത്തോണിൽ വെറ്ററൻ വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. അതിന് ശേഷം ഡൽഹി, മുംബൈ, ഹൈദരാബാദ്, ബാംഗ്ലൂർ, താണേ, ഡെഹ്റാദൂൺ, കാത്ഗോദം (യുകെ) കൊച്ചി, കണ്ണൂർ, കോഴിക്കോട്, തലശ്ശേരി, ഏഴിമല, തൃശൂർ, ഇരിഞ്ഞാലക്കുട, എറണാകുളം, പാലക്കാട് കോയമ്പത്തൂർ, മംഗലാപുരം തുടങ്ങി ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ മാരത്തോൺ ഓടിയിട്ടുണ്ട്.

കാലാവസ്ഥയും മറ്റു പരിതസ്ഥിതികളും ഓരോ സ്ഥലത്തും വ്യത്യസ്തമായിരിക്കും. ഡെഹ്റാദൂൺ മാരത്തോൺ കഠിനമായിരുന്നു. വലിയ കയറ്റവും, ചെങ്കുത്തായ ഇറക്കവുമുള്ള പാതകളായിരുന്നു. 2023 ആഗസ്റ്റ് മാസത്തിൽ, കോഴിക്കോട് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ വെച്ച് നടന്ന മാസ്റ്റേഴ്സ് അതിലേറ്റിക് മീറ്റിൽ അയ്യായിരം മീറ്റർ, ആയിരത്തി അഞ്ഞൂറ് മീറ്റർ എന്നിവയിൽ വെള്ളി മെഡൽ നേടി. കൊൽക്കത്തയിൽ ദേശിയ മാസ്റ്റേഴ്സ് മീറ്റിൽ അയ്യായിരം മീറ്റർ ഓട്ടത്തിൽ ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ മത്സരിക്കാനുള്ളയോഗ്യതയും നേടി.

അസാധ്യമായത് ഒന്നുമില്ല എന്ന തിരിച്ചറിവാണ് മുന്നോട്ട് വഴിതെളിയിച്ചത്. ഒരു അത്‌ലറ്റിന് വളരാൻ നിരന്തര പരിശീലനവും, മികച്ച കോച്ചിന്റെ സാന്നിദ്ധ്യവുമാണ് പ്രധാനമെങ്കിലും ആദിത്യന്റെ കോച്ച് ആദിത്യൻ തന്നെയാണ്. പല പ്രദേശങ്ങളിലും പരിശീലന ഓട്ടത്തിന് പോകാറുണ്ട്. സ്വന്തമായ പരിശീലനങ്ങളിലൂടെ ആദ്യം ശരീരം പാകപ്പെടുത്തുക. അതിനായി പ്രഭാതനടത്തവും, ഓട്ടവും ശീലമാക്കി.

ദിവസം മുടങ്ങാതെ അഞ്ച് മുതൽ പതിനഞ്ച് കിലോമീറ്റർ വരെ പ്രഭാത സവാരി പതിവാണ്. ഇതേവരെ മുപ്പതോളം മാരത്തോണുകളിൽ പങ്കെടുത്തിട്ടുണ്ട്.

ഹാഫ് മാരത്തോൺ 21 കിലോമീറ്റർ 97 മീറ്റർ, 2 മണിക്കൂറും 14 മിനിറ്റ് 42 സെക്കന്റുമാണ് ആദിത്യന്റെ റെക്കോർഡ്. പത്തു കിലോമീറ്റർ, ഒരു മണിക്കൂർ നാല്പത്തി രണ്ട് മിനിറ്റിൽ ഓടിയെത്തിയിട്ടുണ്ട്. കാലുകളും, മനസ്സും ശരവേഗത്തിൽ ഓടിത്തകർക്കാൻ വെമ്പൽ കൊണ്ടിരുന്നത് റെക്കാഡുകൾ സ്ഥാപിക്കാനായിരുന്നില്ല.

എടപ്പാൾ തുയ്യം എളങ്ങല്ലൂര് മനയിലെ, പരേതനായ പരമേശ്വരൻ നമ്പൂതിരിയുടേയും ഉമാദേവി അന്തർജ്ജനത്തിന്റേയും മകനായി 1950ൽ അമ്മയുടെ തറവാടായ കുന്നംകുളത്തിനടുത്തുള്ള അഞ്ഞൂരിലെ പൂങ്ങാട്ട് മനയിൽ ജനനം. ബി.കോമിന് ശേഷം ഡൽഹിയിലെത്തി. പലകമ്പനികളിലും മാറിമാറി ജോലിചെയ്തു. 1974 ൽ ഭാരത് ഇലക്ട്രോണിക്സിൽ അക്കൗണ്ടന്റ് ആയി. 2010ൽ ഭാരത് ഇലക്ട്രോണിക്സിലെ ഉപസ്ഥാപനമായ സെൻട്രൽ റിസർച്ച് ലബോറട്ടറിയിൽ നിന്ന് ഫൈനാൻസ് മാനേജർ പദവിയിൽ നിന്നും റിട്ടയർ ചെയ്തു.

2016ൽ പത്നി അനിതയും ജോലിയിൽ നിന്ന് വിരമിച്ചതോടെ രണ്ട് പേരും ഡൽഹിവിട്ടു. അനുപമ, അമ്പിളി എന്നീ രണ്ട് മക്കളും വാത്സല്യനിധിയായ കൊച്ചുമകനുമാണ് കൂട്ടിന്. 73ന്റെ നിറവിലും ഇന്നും ദിനചര്യ തെറ്റിക്കാതെ നടത്തവും ഓട്ടവും എഴുത്തുമായി പ്രായത്തേയും സമയത്തേയുംവെല്ലുവിളിച്ച് മുന്നേറുകയാണ് ആദിത്യൻ ●




ആദിത്യൻ ഇ. എം.
എളങ്ങല്ലൂർ മന, തുയ്യം,
എടപ്പാൾ, മലപ്പുറം ജില്ല,
മൊബൈൽ 9871278233

അത്യപൂർവമായ അദ്ധ്യാപക അനുഭവം

# ആ പെൺകുട്ടി എന്റെ പേരാണ്



എം.സി. മനോജ്

കുറച്ച് ദിവസങ്ങൾക്കു മുൻപ് ഒരു സാഹിത്യോത്സവത്തിൽ പങ്കെടുക്കാൻ കോഴിക്കോട്ട് എത്തിച്ചേർന്ന പല എഴുത്തുകാരും വാരികകൾക്ക് അഭിമുഖങ്ങൾ നൽകിയിരുന്നു. അത്തരത്തിൽ ഒരുഅഭിമുഖത്തിൽ പങ്കെടുത്ത പ്രമുഖ എഴുത്തുകാരികളിലൊരാൾ ഏറ്റവും പ്രിയപ്പെട്ട ടീച്ചർ ആര് എന്ന ചോദ്യത്തിന് എന്റെ പേരാണ് പറഞ്ഞത് എന്ന് ഒരു സുഹൃത്ത് വിളിച്ചറിയിച്ചപ്പോഴാണ് ആരാണെന്നും പറഞ്ഞതെന്തെന്നും ഞാനൊന്ന് അന്വേഷിച്ചത്.

ഇതിനകം 12 പതിപ്പുകൾ പിന്നിട്ട നിരവധി പുരസ്കാരങ്ങൾ നേടിയ 'നടവഴിയിലെ നേരുകൾ' എന്ന ആത്മകഥാപരമായ നോവലിന്റെ രചയിതാവ് ഷെമിയുമായിട്ടായിരുന്നു പ്രസ്തുത അഭിമുഖം. മൂന്ന് പതിറ്റാണ്ടിലേറെ നീണ്ട അധ്യാപക ജീവിതം ധന്യമെന്ന് തോന്നിച്ച പല നിമിഷങ്ങളിലൊന്ന്. ജെ.ഡി.ടി അനാഥശാലയോട് ചേർന്ന വൊക്കേഷനൽ ഹയർ സെക്കണ്ടറി സ്കൂളിലെ അധ്യാപകരായ ഒട്ടു മിക്ക പേർക്കും ഇടപെടേണ്ടി വന്നത് ദരിദ്രരിൽ ദരിദ്രരും ജീവിത മോഹങ്ങൾക്ക് ചിറകുവിടർത്താൻ കഴിയുമെന്ന് പ്രതീക്ഷക്ക് വകയില്ലാത്തവരുമായ വിദ്യാർഥികളുമായായിരുന്നു.

മലബാറിലെ അനാഥരായ ആയിരങ്ങൾക്ക് താങ്ങും തണലുമായി നിൽക്കുന്ന ജെ.ഡി.റ്റി.എന്ന സ്ഥാപനത്തെക്കുറിച്ച് കേരളത്തിൽ അറിയാത്തവർ ചുരുക്കമായിരുന്നു. ഈ സ്ഥാപനത്തെക്കുറിച്ച് മനസ്സിലാക്കി ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറുകളുടെ തുടക്കത്തിൽ കണ്ണൂർ ജില്ലയിൽ നിന്ന് സ്വയം യാത്ര തിരിച്ച് സഹോദരികളായ രണ്ട് പെൺകുട്ടികൾ കോഴിക്കോട്ട് ജെ.ഡി.ടി. അനാഥശാലയിൽ എത്തി ചേർന്നത് അന്ന് ഒരു വാർത്തയായി ചില പത്രങ്ങളിൽ വന്നിരുന്നു.

1993ൽ അവരിൽ അനിയത്തിയായ ഷെമി ഉന്നതവിദ്യാഭ്യാസം നേടുന്നതോടൊപ്പം ഒരു തൊഴിലും പഠിക്കാൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി തിരഞ്ഞെടുത്തു. ജന്തുശാസ്ത്രം അധ്യാപകനായ എന്റെ മുന്നിലേക്കു വന്ന ഈ സഹോദരിമാർക്ക് പല പ്രത്യേകതകളുമുണ്ടായിരുന്നു. പ്രത്യേകിച്ചും അനിയത്തി ഷെമിയുടെ സ്വപ്നം കാണുന്ന കണ്ണുകളിൽ തിളങ്ങിയിരുന്ന അതിജീവനത്തിന്റെ നിശ്ചയദാർഢ്യം അധ്യാപകരായ ഞങ്ങളിൽ പലരും ശ്രദ്ധിച്ചിരുന്നു. ഇരുവരും പഠന, പാഠ്യേതര പ്രവർത്തനങ്ങളിൽ മിടുക്കികളായിരുന്നു.

സ്കൂൾ കലോത്സവത്തിന്റെ നൃത്തപരിശീലനം നടക്കുകയാണ്. നാദാപുരം പള്ളിയിലെ എന്ന് തുടങ്ങുന്ന പഴയ പാട്ടിന്റെ ഈണത്തിനൊപ്പിച്ച ഒരു നൃത്തശിൽപമാണെന്നു തോന്നുന്നു കുട്ടികൾ പ്രാക്ടീസ് ചെയ്തു കൊണ്ടിരുന്നത്. വേദിയിൽ അവതരിപ്പിക്കാൻ ഇനി രണ്ടു ദിവസമേയുള്ളൂ. അപ്പോഴാണ് നൃത്തത്തിൽ ഉപയോഗിക്കേണ്ട പ്രത്യേക വസ്ത്രം വാടകക്ക് എടുക്കേണ്ടതിനെ പറ്റിയും ചമയത്തിന് അവശ്യമായ കുപ്പിവളകൾ വാങ്ങുന്നതിനെക്കുറിച്ചും പരിശീലകയായ നൃത്ത അധ്യാപികപറഞ്ഞത്.

ഡ്രസ് വാടകക്ക് എടുക്കണം. ചുവന്ന കുപ്പിവളകൾ വേണം. നൂറു രൂപ വേണം. ഇതു ടീച്ചർ പറഞ്ഞു കേട്ടപ്പോൾ അവളുടെ മുഖം കുനിയുന്നതും കണ്ണുകൾ നിറയുന്നതും ഞാൻ ശ്രദ്ധിച്ചു. കാരണം അന്ന് നൂറു രൂപ സാമാന്യം വലിയ തുകയാണ്. അതും അനാഥശാലയിലെ കുട്ടികൾക്ക്. അന്ന് സ്കൂൾ വിട്ടു പോകുമ്പോൾ എനിക്ക് തൊട്ടു പിറകെ അവൾ ഉണ്ടെന്ന് മനസ്സിലാക്കിയ ഞാൻ നടത്തം പതുക്കെയാക്കി അവളെ കാത്തുനിന്നു. അടുത്തെത്തിയപ്പോൾ 100 രൂപ എടുത്ത്

# പറഞ്ഞത്

*ഷമിയുടെ അഭിമുഖം
കേൾക്കാം കാണാം
ഈ ക്യു ആർ കോഡ്
സ്കാൻ ചെയ്താൽ*



അവളുടെ കൈയിൽ വെച്ചു കൊടുത്തു. പിന്നെ തിരിഞ്ഞു നോക്കാതെ നടന്നു.

ഞങ്ങളുടെ വിദ്യാലയത്തിലെ ഒട്ടുമിക്ക അധ്യാപകരും വിദ്യാർഥികളെ പല നിലയിൽ സഹായിച്ചിരുന്നു. അത് ആരെയും അറിയിക്കാറുമില്ലായിരുന്നു. കലോത്സവ ദിനം ഓർമയിലുണ്ട്. വേദിയിൽ നൃത്തം അരങ്ങേറി. അവളും നന്നായി നൃത്തം ചെയ്തു. നൃത്തത്തിന്റെ അവസാനം കൈയിലെ കുപ്പിവളകൾ പൊട്ടിക്കുന്ന രംഗമുണ്ട്. ഡാൻസ് കഴിഞ്ഞ് വേദിയിൽ ചിതറി വീണ കുപ്പിവളകൾ പെറുക്കിയെടുക്കുന്നതിനിടെ അവളുടെ കണ്ണുകൾ എന്നെ തേടുന്നത് ഞാൻ ശ്രദ്ധിക്കാതിരുന്നില്ല. ഞങ്ങൾക്ക് അത് അസാധാരണ സംഭവമല്ലാത്തതിനാൽ ഞാൻ അതു മറന്നു. കോഴ്സ് കഴിഞ്ഞ് അവളും പോയി.

പിന്നീട് ഞാൻ കേട്ടു ഷെമി അറിയപ്പെടുന്ന എഴുത്തുകാരിയായിരിക്കുന്നു. അവളുടെ നോവൽ നടവഴിയിലെ നേരുകൾ ഞാൻ വായിക്കുകയും ചെയ്തു. അനുഭവങ്ങളുടെ ചൂടും ചൂരും കണ്ണീരും നിറഞ്ഞ ആത്മകഥാപരമായ നോവൽ. പക്ഷെ എനിക്ക് അതിലെ പല പരാമർശങ്ങളോടും യോജിക്കാനായില്ല. പ്രത്യേകിച്ച് ഞങ്ങളുടെ സ്ഥാപനത്തെ കുറിച്ച് ചില പരാമർശങ്ങൾ. ഷെമിയുടെ സഹോദരിയെ കണ്ടപ്പോൾ ഞാനത് പറയുകയും ചെയ്തു. ഷെമിയോട് എന്റെ എതിർപ്പ് അറിയിക്കണമെന്നും പറഞ്ഞു.

അങ്ങനെയിരിക്കെയാണ് ദുബായിൽ കഴിയുന്ന അവൾ കോഴിക്കോട്ട് വന്ന് ചില പരിപാടികളിൽ പങ്കെടുത്തു കൊണ്ടിരിക്കുന്നതിനിടയിൽ ഗൃഹലക്ഷ്മി വാരികക്കായി അഭിമുഖം നടത്തിയത്. ഇന്റർവ്യൂവറുടെ പ്രിയപ്പെട്ട അധ്യാപകനെ കുറിച്ച ചോദ്യത്തിന് മറുപടിയായാണ് എൻെ പേരും ഈ സംഭവവും ഷെമി വളരെ ആദരവോടെ സ്മരിച്ചത്. നിസ്സാരമെന്ന് കണ്ട് ഞാൻ മറന്നു കളഞ്ഞ ഒരു കാര്യം ഇത്ര കാലത്തിന് ശേഷം അവളോർത്തുവെക്കുകയും പറയുകയും ചെയ്തുവല്ലോ എന്നത് അധ്യാപക ജീവിതത്തിലെ ധന്യമായ ഒരു പാട് അനുഭവങ്ങളിലേക്ക് എന്റെ മനസ്സിനെ കുറേ നേരത്തേക്ക് കൊണ്ടുപോയി. പലപ്പോഴും ജോലിയിൽ നിന്നും വിരമിച്ച എന്നെ പോലെയുള്ള അദ്ധ്യാപകരുടെ ഓർമ്മ ചെപ്പുകൾ തുറന്നാൽ ഇതുപോലെയുള്ള സുഗന്ധം പരത്തുന്ന സ്മരണകൾ ചുറ്റും പരക്കും. ശേഷമുള്ള അവരുടെ ജീവിതത്തിന്റെ നീരൊഴുക്കും പച്ചപ്പും സ്നിഗ്ദ്ധമായ ഇത്തരം ചില ഓർമ്മകളിലാണ് ഒളിച്ചിരിക്കുന്നത്.●

എം.സി. മനോജ്, ചെമ്പകശ്ശേരി ഇല്ലം
പി ഒ ചേവായൂർ കോഴിക്കോട് 17
മൊബൈൽ: 98465 05145
(കോഴിക്കോട് ജെ.ഡി.റ്റി ഇസ്ലാം സ്കൂളിൽ
അദ്ധ്യാപകനായിരുന്നു ലേഖകൻ)



# ഒരു തൊണ്ണൂറുകാരിയുടെ ആത്മകഥ

**ആദ്യഭാര്യയുടെ സമ്മതമുണ്ടായാൽ കുഴപ്പമില്ലെന്നു ഉൽസാഹക്കാർ പറഞ്ഞു. അങ്ങനെ അമ്മയും വിവരങ്ങളറിഞ്ഞു. തലമുറ നിലനിൽക്കാൻ വേണ്ടി ഭർത്താവിനെ പങ്കുവെക്കലല്ലാതെ മറ്റൊരു വഴിയുമില്ലെന്നറിഞ്ഞ് അമ്മ സമ്മതിച്ചു. ഒരു കടലാസിൽ ശ്രീ എന്നുവരച്ച് കണ്ണീരോടെ ഒപ്പിട്ടു നൽകി.**

**മിനി പി.എസ്.**

പെൺകുട്ടികൾക്ക് വളർച്ചയുടെ ഓരോ ഘട്ടത്തിലും ഏറെ ഉപദേശങ്ങൾ ലഭിക്കും. അമ്മയായിരിക്കും ഇതിന്റെ കേന്ദ്രം. വളർത്തു ദോഷമേശാതെ കുട്ടികളെ ഉത്തമ കുടുംബിനികളായി വളർത്തേണ്ടത് അമ്മയാണെന്ന് അലിഖിത നിയമം തന്നെയുണ്ട്.

പലവേഷത്തിലും ഭാവത്തിലുമുള്ള ഇവ കൗൺസിലിങ്ങിന്റെ പ്രാചീന രൂപമായിരിക്കാം.

അവക്കുള്ളിലെ തത്ത്വം ഇഷ്ടമായില്ലെങ്കിലും കേൾക്കാൻ ഇമ്പമുള്ള കവിതകളും അതിൽപ്പെടും. എന്റെ ബാല്യ കൗമാരങ്ങളിൽ ഏറ്റവും കൂടുതൽ കേട്ടുപഠിച്ച ശ്ലോകം മാതൃശിക്ഷയെന്ന പുസ്തകത്തിലെ

'ആരാന്റെ കൈയിലൊരു സാധനമങ്ങു കണ്ടാൽ
പാരാതതിന്നു സമമൊന്നുലഭിപ്പതിന്നായ്
പാരം കൊതിച്ചു ഹൃദയത്തെ വലപ്പതൊട്ടും
ചേരുന്നതല്ല കുലകന്യകമാർക്കു ബാലേ'

എന്ന വരികളാണ്. കൂട്ടുകാരുടെയോ ബന്ധുക്കളുടെയോ കൈവശമുള്ള പാവാടക്കും കമ്മലിനും പുസ്തകത്തിനുമൊക്കെ ആവശ്യമുന്നയിക്കുമ്പോളാണ് അമ്മ ഇത് ചൊല്ലാറുള്ളത്.

എല്ലാവരേയും പോലെ ഉപദേശങ്ങളെ വെറുത്തിരുന്നു. മധ്യവയസ്സിലെത്തിയപ്പോഴാണ് ഇതിന്റെ അർത്ഥമൊക്കെ ശരിക്ക് മനസ്സിലാവുന്നത്.

കോവിഡ് കാലത്തിന്റെ അടച്ചുപൂട്ടൽ സമയത്ത് അമ്മ എന്നോടൊപ്പം കരുമലയിലായിരുന്നു. ദിവസം പ്രതി വരുന്ന വാർത്തകൾ അമ്മയെ ആശങ്കയിലാഴ്ത്തി. അതിൽ നിന്നു ശദ്ധ തിരിക്കാനാണ് ഞങ്ങൾ തമ്മിൽ സംസാരിച്ചു തുടങ്ങിയത്. അത് പലപ്പോഴും കുട്ടിക്കാലത്തേക്ക് കുതറിയോടും. പട്ടാമ്പിക്കടുത്ത് മുതുതലയാണ് അമ്മയുടെ ഇല്ലമായ ശ്രീധരൻ ചുമരത്ത്. കൂട്ടുകുടുംബത്തിൽ തുടർച്ചയായി ഉണ്ടായ പെൺകുട്ടികൾ എല്ലാവരേയും വേദനിപ്പിച്ചു. അമ്മ



*മകൾ പി എസ് മിനിക്കൊപ്പം പാലാഞ്ചേരി ഉമാദേവി അന്തർജനം*

ഉണ്ടായപ്പോൾ പണിക്കാരികൾ പോലും വാവിട്ടുകരഞ്ഞ കഥ പല തവണ ഞാൻ കേട്ടിട്ടുണ്ട്.

എന്നാൽ തലേത്തട്ടിയെന്നു വിളിക്കുന്ന കോളറയെക്കുറിച്ച് ആദ്യമായാണ് കേൾക്കുന്നത്. കോളറ ബാധിച്ചവർ നിമിഷങ്ങൾക്കകം മരിക്കുകയും ചിലയിടത്ത് കുട്ടികൾ മാത്രം അവശേഷിക്കുകയും ചെയ്തത്രേ.

ഈ സമയത്ത് എന്റെ അധ്യാപകനും തൃശൂർ ഗവ.കോളേജ് പ്രിൻസിപ്പലുമായിരുന്ന കർമ്മ ചന്ദ്രൻ ഇതെല്ലാം കുറിപ്പുകളായി എഴുതി നോക്കാൻ നിർദേശിച്ചു. അതിനെത്തുടർന്ന് ഇവ ലഘുകുറിപ്പാക്കിവെച്ചു. സമൂഹ്യമാധ്യമങ്ങളിൽ ഇടാമെന്നു തോന്നി.

അമ്മ അടുത്ത ദിവസം പറയുന്നത് ഇന്നലത്തേതിന്റെ തുടർച്ചയല്ല. അത് പുതിയതാവും. എന്നാൽ ഭൂതകാലക്കാറ്റേറ്റ് അമ്മ തണുത്തു. ഓർമ്മകൾ പലതും തളിർത്തു പൂത്തു.

ആയിടക്കാണ് അമ്മ മുത്തശ്ശിയെക്കുറിച്ച് ഒരു കഥപറഞ്ഞത്. പടിഞ്ഞാറെപ്പാട്ട് നിന്ന് വേളി കഴിച്ച അവരുടെ കഥ സത്യമോ എന്നു പല തവണ ചോദിച്ചു. അമ്മയുടെ സഹോദര പത്നിയാണ് ഇതു പറഞ്ഞതത്രേ. എനിക്ക് വല്ലാത്ത ഉൽക്കണ്ഠയും അദ്ഭുതവുമുണ്ടായി. കാരണം നൂറ്റാണ്ടിനപ്പുറത്ത് ഇത്ര മനോവീര്യമുള്ള സ്ത്രീകൾ ജീവിച്ചിരുന്നു എന്നത് തന്നെ. പുരുഷ കേന്ദ്രീകൃതമായ ഇല്ലങ്ങളിൽ വിധവയായോ മറ്റു കാരണത്താലോ തിരിച്ചു വരുന്ന പെൺകുട്ടിക്ക് യാതൊരു സ്വീകാര്യതയുമില്ല. അങ്ങനെ ജന്മഗൃഹത്തിലേക്ക് പോയവരെക്കുറിച്ച് കേട്ടറിവുമില്ല. അക്കാലത്താണ് തന്റെ ഭർത്താവിന്റെ സംബന്ധത്തിൽ പ്രതിഷേധിച്ച് കുട്ടികളെയും കൂട്ടി ഇല്ലത്തേക്കുപോയി മരണം വരെ അവിടെക്കഴിഞ്ഞത്.

അവരെ രണ്ടു കൈയ്യും നീട്ടി ആശ്ലേഷിച്ച ആ ഇല്ലവും ബന്ധുക്കളും സ്വപ്നത്തിൽ വന്നു. യാതൊരു വിപ്ലവപ്രസ്ഥാനത്തിന്റെയും പിൻബലമില്ലാതെ നടത്തിയ ഇത്തരം പോരാട്ടങ്ങളാണ് വി.ടി.ക്കും മുമ്പേ നമുക്ക് വഴി തെളിച്ചത്.

ഈ കുറിപ്പ് എഴുതിയ ദിവസം ഞാനുറങ്ങിയില്ല. ഇത്തരം ജ്വലിക്കുന്ന എന്തെല്ലാം അനുഭവങ്ങളാവും ഇന്നത്തെ സ്വാതന്ത്ര്യം നേടിത്തന്നത്.



*മറക്കുടയ്ക്കു കീഴിലെ മാനം എന്ന ഈ പുസ്തകം കല്പറ്റ നാരായണൻ പ്രകാശനം ചെയ്യുന്നു*

## ഒരു സാധാരണ അന്തർജ്ജനത്തിന്റെ വാമൊഴി

തൊണ്ണൂറുവയസ്സിൽ എഴുത്തിലേക്കു വന്ന ഒരു സ്ത്രീയുടെ ആത്മകഥാഖ്യാനമാണ് ഈ പുസ്തകം. സ്വാതന്ത്ര്യവും എഴുത്തും നിഷിദ്ധമായ ഒരു കുടുംബവ്യവസ്ഥയിൽ ജനിച്ചുവളർന്ന ഒരു സാധാരണ അന്തർജ്ജനത്തിന്റെ വാമൊഴിത്തഴക്കമാർന്ന വാക്കുകളിലൂടെ കേരളത്തിലെ നമ്പൂതിരി സമുദായത്തിന്റെ ഒരു കാലഘട്ടം നമുക്കു മുന്നിൽ പ്രത്യക്ഷപ്പെടുകയാണ്. പുരുഷാധിപത്യത്തിന് അടിമപ്പെട്ടു ഒരു സമുദായത്തിലെ സ്ത്രീകളനുഭവിച്ച ദുരിതപർവ്വത്തിന്റെ ആഖ്യാനമാണെന്ന് പറയുമ്പോഴും സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു തേടുന്ന തേതിയെപ്പോലുള്ള മനുഷ്യജീവികളും ഈ ആഖ്യാനത്തിൽ തന്റെ ഭാഗധേയം കണ്ടെടുക്കുന്നുണ്ട്.

**പ്രസാധകക്കുറിപ്പിൽ എബ്രഹാം**

## വായനക്കാരാണ് പറയേണ്ടത്

ഞങ്ങളുടെ കാലത്ത് ഏതെങ്കിലും നിലയിൽ പ്രശസ്തരായവർ ആണ് ആത്മകഥ എഴുതിയിരുന്നത്. എന്തെങ്കിലും എഴുതാം എന്ന തോന്നൽ പോലും ഉണ്ടായില്ല. കോവിഡ് കാലത്ത് മകളോടൊപ്പം താമസിച്ചപ്പോഴാണ് അലകും പിടിയുമില്ലാത്ത സ്മരണകളെ ഒന്ന് അടുക്കി ഒതുക്കിയാലോ എന്ന് തോന്നിയത്. അവളുടെ സഹായത്തോടെ എന്നാലാവും വിധം ശ്രമിച്ചു. കാലത്തോടൊപ്പം നടക്കാനാണ് ശ്രമിച്ചത്. അതു വിജയിച്ചുവോ എന്ന് വായനക്കാരാണ് പറയേണ്ടത്.

**ആമുഖത്തിൽ ഉമാദേവി അന്തർജ്ജനം**

## കാലം മറന്ന മറക്കുട

നമ്പൂതിരി സമുദായത്തിന്റെ നവോത്ഥാന കാലത്തുണ്ടായ സാഹിത്യകൃതികൾക്കുശേഷം ആ വിഭാഗത്തിൽ ഒരനുഭവമെഴുത്തായി ശ്രദ്ധിക്കപ്പെടുന്നത് ദേവകി നിലയങ്ങോടിന്റെ രചനകളാണ്. വീണ്ടും ഒരിടവേളയ്ക്കു ശേഷം ഉമാദേവി എഴുതിയ 'മറക്കുടയ്ക്കു കീഴിലെ മാനം' എന്ന ഈ പുസ്തകം കൂടി ആ ശ്രേണിയിലേയ്ക്ക് എത്തുകയാണ്.

**അവതാരികയിൽ അഷ്ടമൂർത്തി**

# പെണ്ണായ എന്നെ പ്രസവിച്ചപ്പോൾ എല്ലാവരും അലമുറയിട്ടുകരഞ്ഞു



**( ആത്മകഥയിലെ ഒരദ്ധ്യായത്തിൽ നിന്ന് )**

എന്റെ അച്ഛൻ ശ്രീധരൻ നമ്പൂതിരിപ്പാട്. അമ്മ അത്തിപ്പറ്റ മനയിലെ നങ്ങേലിയും. മൂത്തമകൻ മാത്രം വേളി കഴിക്കുന്ന രീതിയാണ് പരിവേദനം. സ്ഥിതികൊണ്ട് മൂത്തയാളൊഴികെയുള്ള ആൺമക്കൾ സംബന്ധമായി ജീവിക്കും. വേളി കഴിക്കാൻ ആളില്ലാതെ പല അന്തപുരങ്ങളിലും പെൺകുട്ടികൾ ജീവിച്ചുപോന്നു. ആനുപാതികമല്ലാത്ത ഈയവസ്ഥയാവാം ഒരാൾ രണ്ടും മൂന്നും നാലും വേളി കഴിക്കുന്നതു വരെയെത്തിച്ചത്. വല്യച്ഛൻ രണ്ടു വേളി കഴിച്ചു. അതിൽ ആറു പെൺകുട്ടികളുമുണ്ടായി. ഉണ്ണിയുണ്ടാവാതെ തലമുറ നിലനിൽക്കില്ല. വല്യച്ഛൻ മരിച്ചതോടെ അച്ഛൻ വേളി കഴിക്കേണ്ടതായി വന്നു.

അച്ഛനു പണിക്കരുവീട്ടിൽ അതിനു മുമ്പേ സംബന്ധമുണ്ടായിരുന്നു. അതിൽ മൂന്നുമക്കളും. എന്നാൽ വല്യച്ഛന്റെ മൂത്ത മകളായ ഏടത്തിയെക്കൊടുത്ത് അച്ഛൻ അത്തിപ്പറ്റനിന്ന് വേളി കഴിക്കാൻ നിശ്ചയിച്ചു. ഒരു തരം മാറ്റക്കല്യാണങ്ങളാണ് അധികവും. അങ്ങനെ എന്റെ അമ്മയെ സന്തതിയുണ്ടാവാനായി അച്ഛൻ ഭാര്യയാക്കി. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ അമ്മ ആദ്യം പ്രസവിച്ചത് വീണ്ടുമൊരു പെൺകുഞ്ഞിനെയാണ്. ഇല്ലക്കാരൊക്കെ ദുഃഖത്തിലാഴ്ന്നു. എന്താണ് പരിഹാരമെന്ന ആലോചനയിലാണ് പാഴൂർ കണിയാനെ കാണാൻ പോയത്. അവിടുത്തെ പടിപ്പുരയിൽ വെച്ച് പ്രശ്നം വെച്ച് എന്തുപറഞ്ഞാലും സത്യമാവുമത്രേ!

മൂന്നു പടിപ്പുരകൾ ചേർന്ന പടിപ്പുരയാണ് പാഴൂർ ഉള്ളത്. ബുധശുക്രന്മാരുടെ പ്രതിഷ്ഠയാണുള്ളത്. പണ്ട് മലബാറുകാരനായ ഗോവിന്ദഭട്ടതിരി തനിക്കു

എന്തായാലും എഴുതാതെ വയ്യ എന്നു തോന്നി.

പിറ്റേന്നു സുഹൃത്തും പ്രസാധകനുമായ അബ്രഹാമിനോടു സംസാരിച്ചു. അദ്ദേഹവും എഴുതി നോക്കാനാവശ്യപ്പെട്ടു. എന്നാലും ആത്മകഥയുടെ ചിന്തയോ എഴുത്തോ ആയിരുന്നില്ല. ഏതാണ്ട് പകുതിയോളം എഴുതിക്കഴിഞ്ഞപ്പോൾ കോവിഡ് നിയന്ത്രണങ്ങൾ അയവു വന്നു. അമ്മ തിരിച്ച് പോവുകയും ചെയ്തു.

പിന്നെയുള്ള എഴുത്തിന് വസ്തുതാ ശേഖരണത്തിനും പ്രയാസം നേരിട്ടു. അമ്മ പഴയപോലെ സംസാരിക്കാൻ താൽപര്യപ്പെട്ടില്ല. ചിലപ്പോൾ കാലത്തിനനുസരിച്ച് അനുഭവങ്ങൾ ഓർമ്മിക്കാനും കഴിഞ്ഞില്ല. വീണ്ടുമൊരു ആറു മാസത്തിനു ശേഷം അമ്മയുടെ കൂടെ പോയി താമസിച്ചാണ് എഴുതിയത്. പ്രായത്തിന്റെ യാതൊരു പരാധീനതകളും സ്മരണകളെ ബാധിച്ചില്ല..

എഴുതിത്തുടങ്ങിയപ്പോൾ ആത്മകഥയിലേക്കെത്തി. ഞാൻ എന്ന രസംകൊല്ലിയെ മാറ്റിനിർത്താൻ ആവുന്നത്ര ശ്രമിച്ചു. പല കഥകളുടേയും വിവരങ്ങൾ ഗൂഗിളിൽ നോക്കേണ്ടി വന്നു. അമ്മയുടെ അമ്മാത്തെ നാഗിനിയെപ്പറ്റി പറയുമ്പോഴൊന്നും അത് നാഗകന്യകയാണെന്നു മനസ്സിലായില്ല. ഇത്തരത്തിൽ വാമൊഴിയും പ്രാദേശിക പ്രയോഗങ്ങളും ഏറെയുണ്ടായിരുന്നു.

എഴുതിയപ്പോൾ ആത്മവിശ്വാസം വർധിച്ചു. കാലത്തിലൂടെയുള്ള നടത്തം രസകരമായിരുന്നു.

എഴുതിക്കഴിഞ്ഞത് അമ്മ പലയാവർത്തി വായിച്ചു.

ഭ്രഷ്ട് വരുമെന്നു മനസ്സിലാക്കി ഇല്ലം വിട്ടുപോന്നുവത്രേ. പാഴൂർ പെരുംതൃക്കോവിലപ്പന്റെ നടയിൽ ഭ്രഷ്ടകാലം കഴിയുംവരെ കഴിയാമെന്നും വെച്ചു. വഞ്ചിയുമായി പുഴയിലിറങ്ങിയ ഭട്ടതിരി പേമാരിയിൽപ്പെട്ടു വഞ്ചി തകർന്നു കരയ്ക്കണഞ്ഞപ്പോൾ ഒരു തീരത്തടുത്തു. അവിടെ ഒരു ബ്രാഹ്മണഗൃഹത്തിന്റെ അവശിഷ്ടം കണ്ടു. അവിടെക്കഴിഞ്ഞാൽ ഭ്രഷ്ട് വരില്ലെന്നുറപ്പിച്ച് അവിടെ കിടന്നുറങ്ങി. രാത്രിയിൽ അകത്തുനിന്ന് ഒരു സ്ത്രീ ഇറങ്ങി വന്ന് അവരുടെ ഭർത്താവെന്നു ധരിച്ച് ഭട്ടതിരിയുടെ അടുത്തു കിടന്നു. ഈ സംഭവത്തെത്തുടർന്ന് ഭ്രഷ്ടായ അദ്ദേഹം അവർക്ക് ഒരാൺകുട്ടിയുണ്ടാവുമെന്നും പന്ത്രണ്ടുവർഷം കഴിയുമ്പോൾ താൻ വന്ന് അവനെ ഗണിതവും ജ്യോതിഷവും പഠിപ്പിക്കാമെന്നും വാക്കു കൊടുത്തു. പിന്നീട് ഭട്ടതിരി മരിക്കുമ്പോൾ വരിക്കപ്ലാവിന്റെ തടി കൊണ്ട് സമാധിയൊരുക്കണമെന്നു പറഞ്ഞു. ആ സമാധിയുടെ തലയ്ക്കലിരുന്നു ഫലം പറഞ്ഞാൽ സത്യവാക്കാവുമെന്നനുഗ്രഹിച്ചു. ഈ കഥകളുറങ്ങുന്ന പാഴൂർ പടിപ്പുരയിൽ പോയാണ് അച്ഛൻ പ്രശ്നം വെച്ചത്.

അടുത്തൊരു വേളി കൂടി കഴിച്ചാൽ സന്താനസൗഭാഗ്യമുണ്ടാവുമെന്നും ആദ്യപത്നിയിലും ഉണ്ണിയുണ്ടാവുമെന്നും ഉറപ്പിച്ചു പറഞ്ഞു. അങ്ങനെയാണ് അച്ഛൻ രണ്ടാം വേളിക്കൊരുങ്ങുന്നത്. അപ്പോഴേക്കും വി.ടി.ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ അനാചാരങ്ങൾക്കെതിരെ സമരവുമായി നമ്പൂതിരി യുവാക്കൾ രംഗത്തിറങ്ങിയിരുന്നു. രണ്ടാമത്തെ വേളി വല്യച്ഛന്റെ രണ്ടാമത്തെ മകളെ കൊടുത്ത് കാറൽമണ്ണ കൊയ്ത്തടിയിലെ മകളെ അച്ഛൻ കൊണ്ടുവന്നു. വേളി നിശ്ചയം കഴിഞ്ഞപ്പോൾ ത്തന്നെ പലഭാഗത്തുനിന്നും എതിർപ്പുകൾ ഉയർന്നു വന്നു. വേളി തടയുമെന്നുവരെ പറഞ്ഞു. ആദ്യഭാര്യയുടെ സമ്മതമുണ്ടായാൽ കുഴപ്പമില്ലെന്നു ഉൽസാഹക്കാർ പറഞ്ഞു. അങ്ങനെ അമ്മയും വിവരങ്ങളറിഞ്ഞു. തലമുറ നിലനിൽക്കാൻ വേണ്ടി ഭർത്താവിനെ പങ്കുവെക്കലല്ലാതെ മറ്റൊരു വഴിയുമില്ലെന്നറിഞ്ഞ് അമ്മ സമ്മതിച്ചു. ഒരു കടലാസിൽ ശ്രീ എന്നുവരച്ച് കണ്ണീരോടെ ഒപ്പിട്ടു നൽകി. കൊയ്ത്തടിയിൽ വെച്ചു നടന്ന വിവാഹത്തിനെത്താതിരിക്കാൻ വരനെ തടയാൻ പലഭാഗത്തും യുവാക്കൾ വന്നുവത്രെ. പിന്നെ കുളപ്പുരയിലൂടെ അകത്തുകടക്കുകയായിരുന്നു.'അധിവേദനപ്പിശാചിന്റെ വേളിക്രിയ' എന്നു പറഞ്ഞ് പുറത്ത് പ്രതീകാത്മകമായ ഒരു ചടങ്ങുകൂടി നടന്നു. അവസാനം പിശാചിന്റെ കോലമുണ്ടാക്കി ഹോമകുണ്ഡത്തിലേക്കെറിഞ്ഞ് ആർപ്പുവിളിച്ചു. അകത്ത് ക്രിയ നടക്കുകയായിരുന്നു. ചെറിയമ്മയെ ഇല്ലത്തേക്കു കുടിവെച്ചു.

ചെറിയ അസ്വാരസ്യങ്ങൾക്കിടയിലും അമ്മയും ചെറിയമ്മയും ഒരുമിച്ചു തന്നെ ജീവിച്ചു. വൈകാതെ അമ്മ ഗർഭിണിയായി. കണിയാൻ പറഞ്ഞതുപോലെ ഇത്തവണ ഉണ്ണിയാവുമെന്ന പ്രതീക്ഷ വാനോളമുയർന്നു. പുംസവനവും വ്രതാനുഷ്ഠാനങ്ങളുമൊക്കെയായി അമ്മ ഭക്തിയോടെയിരുന്നു. എന്നാൽ എടവമാസത്തിൽ ഉത്രം നാളിൽ ഉമാദേവിയെന്ന ഞാൻ പിറന്നു. അമ്മമാരും മുത്തശ്ശിമാരും പണിക്കാരുമെന്നുവേണ്ടാ എല്ലാവരും അലമുറയിട്ടുകരഞ്ഞു. ഇനിയുമൊരു സ്ത്രീജന്മത്തെ താങ്ങാൻ ഉണ്ണിയെക്കാത്തിരിക്കുന്ന ആ ഇല്ലത്തിനു കഴിയുമായിരുന്നില്ല. എന്നാൽ ഒരൽഭുതമുണ്ടായി. ഞാനുണ്ടായി മൂന്നാം നാൾ യേശുദേവൻ മരണത്തിൽ നിന്നുയിർത്തെണീറ്റതു പോലെ ചെറിയമ്മ ഒരുണ്ണിയെ പ്രസവിച്ചു. അതോടെ ഞാൻ ഭാഗ്യവതിയായി മാറി. എന്റെ അശ്രീകരം ശ്രീകരമായി ത്തീർന്നു. രാജകുമാരനു വരാൻ വഴിയൊരുക്കുന്ന ദാസിയെപ്പോലെ ഞാനും ശ്രദ്ധാകേന്ദ്രമായി. ഭാഗ്യജാതകക്കാരിയായി. അനിയനെ വാത്സല്യത്തോടെ കുഞ്ഞുകുട്ടനെന്നു വിളിച്ചു. ആ പ്രഭയിൽ ഞാൻ മുങ്ങിപ്പോയി. കുഞ്ഞുകുട്ടന്റെ ചോറൂണ് കേമമായി നടന്നു. തലേന്നു രാത്രിയിൽ എന്റെ ചോറൂണ് നടത്തി. പാകമാവാത്ത വളകളും അരഞ്ഞാണവും എനിക്കു കിട്ടി. പാനേങ്കളിയോടെയായിരുന്നു ആഘോഷം. ഞാനും അമ്മയും കുഞ്ഞുകുട്ടന്റെ നിഴലിലേക്കൊതുങ്ങിപ്പോയി. ●

( ഉമാദേവി അന്തർജ്ജനം: 1932 ജൂൺ 15-ന് പാലക്കാട് ജില്ലയിലെ മുതുതലയ്ക്കടുത്ത ശ്രീധരൻ ചുമരത്തുമനയിൽ ജനനം. അച്ഛൻ ശ്രീധരൻ നമ്പൂതിരിപ്പാട്. അമ്മ: നങ്ങേലി അന്തർജ്ജനം. 15-ാം വയസ്സിൽ വിവാഹിതയായി. ഭർത്താവ് അധ്യാപകനായ പാലാഞ്ചേരി ശങ്കരൻ നമ്പൂതിരി. ഇപ്പോൾ കോടഞ്ചേരിയിൽ താമസം. മക്കൾ: ശ്രീധരൻ, മിനി, വിലാസം: പാലാഞ്ചേരി ഇല്ലം പോസ്റ്റ്: മുറംപാത്തി, വഴി: കോടഞ്ചേരി, കോഴിക്കോട് ജില്ല )

തൊണ്ണൂറുകാരി എഴുതിയ മലയാളത്തിലെ ആദ്യത്തെ ആത്മകഥയാണ്. വായിച്ചറിഞ്ഞവർ വിളിക്കുമ്പോൾ പറയുമ്പോൾ ഏറെ സന്തോഷമാണ്. എന്നാൽ ആത്മകഥ ഒരു മുള്ളു നിറഞ്ഞ പൂമരമാണ്. അതുകൊണ്ടു തന്നെ ചിലർക്ക് പിണക്കവുമുണ്ട്. എന്തൊക്കെയായാലും ഇങ്ങനെയൊന്നു പ്രസിദ്ധീകരിക്കാനായതിൽ അഭിമാനവും സംതൃപ്തിയുമുണ്ട്. വേണ്ടവിധം വായനക്കാരിലേക്കെത്തിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസാധകൻ തൃശൂർക്കാരനായതാണ് അതിനു കാരണം. ഇനിയും വായിക്കപ്പെടുമെന്ന് ആശിക്കുന്നു. ●

പ്രിന്റെടുത്ത് അബ്രഹാമിന് അയച്ചു കൊടുത്തു.

പേരിനെക്കുറിച്ച് യാതൊരു ധാരണയുമില്ലായിരുന്നു. അവസാനം വിവർത്തകനും എഴുത്തുകാരനുമായ അബ്രഹാമാണ് പേര് നിർദേശിച്ചത്.

ചിത്രങ്ങൾ കൃഷ്ണൻ പാതിരിശ്ശേരി വരച്ചു. തികച്ചും സൗജന്യമായിത്തന്നെ. അവതാരിക എഴുതാമെന്നു സമ്മതിച്ച കെ.സി നാരായണൻ തിരക്കുമൂലം പിൻമാറി. കഥകൃത്തായ അഷ്ടമൂർത്തി ക്ഷണനേരം കൊണ്ട് ഗംഭീരമായ അവതാരികയും എഴുതിത്തന്നു. പുസ്തകത്തിന്റെ പ്രകാശനം ബാലുശ്ശേരിയിൽ വെച്ച് കഴിഞ്ഞ നവംബറിൽ കൽപ്പറ്റ നാരായണൻ ബിജു കാവിലിനു കൊടുത്ത് നിർവഹിച്ചു.

മിനി പി.എസ്.,മണാട്ടു പൊയിൽ ഇല്ലം
കരുമല ബാലുശ്ശേരി, മൊബൈൽ: 9605317136

# മികവിന്റെ തിളക്കം / എവർക്കും സ്വസ്തിയുടെ അഭിനന്ദനങ്ങൾ

## പൊട്ടക്കുഴി ശ്രീനാഥ് നമ്പൂതിരി ഗുരുവായൂർ മേൽശാന്തി



ഗുരുവായൂർ ക്ഷേത്രത്തിൽ ഒക്ടോബർ ഒന്നുമുതൽ 6 മാസത്തെ മേൽശാന്തിയായി ഓതിക്കൻ കുടുംബാംഗം പാലക്കാട് തെക്കേവാവന്നൂർ പൊട്ടക്കുഴി മനയ്ക്കൽ (വൃന്ദാവനം) ശ്രീനാഥ് നമ്പൂതിരി (31) തിരഞ്ഞെടുക്കപ്പെട്ടു. 12 ദിവസത്തെ ഭജനത്തിനുശേഷം ചുമതലയേറ്റു. ക്ഷേത്രത്തിൽ നിത്യ വും പൂജ ചെയ്യാൻ അവകാശമുള്ള 4 ഓതിക്കൻ കുടുംബങ്ങളിലൊന്നായ പൊട്ടക്കുഴി മനയിൽ തന്ത്രരത്നം നാരായണൻ നമ്പൂതി രിയുടെയും ശങ്കരാചാര്യരുടെ ഇല്ലം എന്നറിയപ്പെടുന്ന അങ്കമാലി കൈപ്പിള്ളി ഇല്ലത്ത് അനിത അന്തർജനത്തിന്റെയും മകനാണ്. അച്ഛനിൽ നിന്ന് തന്ത്രശാസ്ത്രവും കൂറ്റനാട് രാവുണ്ണി പ്പണിക്കരിൽനിന്ന് ജ്യോതിഷവും പഠിച്ചു. 2009ൽ ഗുരുവായൂർ ക്ഷേത്ര ത്തിൽ പൂജകൾ ആരംഭിച്ചു. ഒട്ടേറെ ക്ഷേത്രങ്ങളിൽ വിഗ്രഹ പ്രതിഷ്ഠ അടക്കമുള്ള താന്ത്രിക കർമങ്ങൾ നടത്തിയിട്ടുണ്ട്. അച്ഛൻ നാരായണൻ നമ്പൂതിരി 2003 ഒക്ടോബർ ഒന്നുമുതൽ 6 മാസം മേൽശാന്തിയായിരുന്നു. ശ്രീനാഥ് മേൽശാന്തിയായി തിരഞ്ഞെടുക്കപ്പെട്ടതോടെ ഒരു ഇല്ലത്തെ 3 തലമുറയിലെ 5 പേർ ഗുരുവായൂർ മേൽശാന്തിയായി എന്ന പ്രത്യേകതയും ഉണ്ട്. ശ്രീനാഥിന്റെ മുത്തച്ഛൻ നീലകണ്ഠൻ നമ്പൂതിരിപ്പാട് 1968ൽ മേൽശാന്തിയായിരുന്നു. അച്ഛന്റെ സഹോദരന്മാരായ ദിവാകരൻ നമ്പൂതിരിപ്പാട് – 2004ലും കൃഷ്ണൻ നമ്പൂതിരിപ്പാട് 2014ലും മേൽശാന്തിമാരായി. ശ്രീനാഥ് രണ്ടാമത്തെ തവണയാണ് മേൽശാന്തിയാക്കാൻ അപേക്ഷിക്കുന്നത്. ഭാര്യ ഇരിങ്ങാലക്കുട ഏക്കാട് ഇല്ലത്ത് കാവ്യ അന്തർജനം തൃശൂർ സെന്റ് മേരീസ് കോളജ് അധ്യാപികയാണ്.

## പുത്തില്ലത്ത് മഹേഷ് നമ്പൂതിരി ശബരിമല മേൽശാന്തി



പത്തു തവണ അപേക്ഷ അയച്ചു. ഇപ്പോൾ പതിനൊന്നാം തവണ ആദ്യ നറുക്കിൽ തന്നെ സാക്ഷാൽ ശബരിമല മേൽശാന്തിയായി. ഒരു വർഷത്തോളമായി തൃശൂർ പാറമേക്കാവ് അമ്പലത്തിലെ മേൽശാന്തിയാണ്.

ആലുവ തന്ത്ര വിദ്യാപീഠത്തിലെ പ്രിൻസിപ്പളും തന്റെ ഗുരുവുമായ കൽപ്പുഴ ദിവാകരൻ നമ്പൂതിരിപ്പാടിന്റെ നിർദ്ദേശപ്രകാരമാണ് മൂവാറ്റുപുഴ ഏനാനല്ലൂർ പുത്തില്ലത്ത് മന പി.എൻ മഹേഷ് നമ്പൂതിരി പാറമേക്കാവിൽ എത്തുന്നത്.

പത്താം ക്ലാസ് പാസ്സായ ശേഷം 1995– ൽ തന്ത്ര വിദ്യാപീഠത്തിൽ വേദപഠനത്തിനെത്തിയ മഹേഷ് തന്ത്രരത്നം ഒന്നാം ക്ലാസ്സോടെ പാസ്സായി. പിന്നെ കുടുംബ ക്ഷേത്രത്തിൽ കുറച്ചുനാൾ ശാന്തിക്കാരൻ. 1996–ൽ ജ്യേഷ്ഠനായ മധു പുത്തില്ലത്തിനൊപ്പം ഭാഗവത സപ്താഹത്തിനായി ഡൽഹി അളകനന്ദ ബാലഗോപാല ക്ഷേത്രത്തിലേക്കു പുറപ്പെട്ടു. സപ്താഹം കഴിഞ്ഞതോടെ ആ ക്ഷേത്രത്തിലെ മേൽശാന്തിയാകേണ്ടി വന്നു. അതും ഒരു നിയോഗമായിരുന്നു. പതിനാലു വർഷം ഉണ്ണിക്കണ്ണനായ ആ ഗുരുവായൂരപ്പനെ പൂജിച്ച ശേഷം കോയമ്പത്തൂരിലേക്കു വരേണ്ടി വന്നു.

അവിടെ തടാകം ശിവഗുരു ക്ഷേത്രത്തിൽ രണ്ടു വർഷം മേൽശാന്തിയായി. പിന്നെ തിരിച്ചു നാട്ടിലേക്ക്. ചെറുവട്ടൂർ അടിവാട്ടുകാവ് പരദേവതാ ക്ഷേത്രത്തിൽ നിത്യ ഉപാസകനായി.

തുടർന്ന് അഞ്ചു വർഷം കാലമ്പൂർ മഹാവിഷ്ണു ക്ഷേത്രത്തിൽ പൂജാകർമ്മങ്ങൾ ചെയ്തു. അവിടെ നിന്നുമാണ് പാറമേക്കാവ് ഭഗവതിയുടെ ഉപാസകനായെത്തിയത്. ഇപ്പോഴിതാ ശബരിമലയിൽ. അവിവാഹിതനാണ്.

### മാളികപ്പുറം മേൽശാന്തി



**പി.ജി മുരളി നമ്പൂതിരി**

മാളികപ്പുറം മേൽശാന്തി ബ്രഹ്മശ്രീ മുരളി നമ്പൂതിരി, തൃശൂർ

## ലാവണ്യ മുണ്ടയൂരിന് ഡോക്ടറേറ്റ് ബഹുമതി



ഇൻഷുറൻസ് മേഖലയിലെ സേവനത്തിനും സമഗ്ര സംഭാവനയ്ക്കും ഡോക്ടറേറ്റ് ബഹുമതി നൽകി ആദരിക്കപ്പെട്ട ലാവണ്യ മുണ്ടയൂർ. എരീസ് ഇൻറർനാഷണൽ മറിടൈം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (AIM-RI) ദുബായിയും യൂറോപ്യൻ ഇന്റർനാഷണൽ യൂണിവേഴ്സിറ്റി (EIU) ദുബായിയും സംയുക്തമായാണ് ഡോക്ടറേറ്റ് ബിരുദം നൽകി ആദരിച്ചത്. 1991 ൽ ന്യൂ ഇന്ത്യ അഷ്വറൻസിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് പടവുകളോരോന്നും പിന്നിട്ട് നിലവിൽ ന്യൂ ഇന്ത്യ അഷ്വറൻസ് ദുബായിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ഡോ.ലാവണ്യ ജനറൽ മാനേജർ റാങ്കിലുള്ള ഓഫീസറാണ്. അച്ഛൻ : പരേതനായ എ.ഡി. മാധവൻ, അമ്മ : കവയിത്രിയും ആട്ടക്കഥാകൃത്തും പണ്ഡിതയുമായ രാധ മാധവൻ. ഭർത്താവ് : രഞ്ജിത് മുണ്ടയൂർ (റിട്ട. ഡി.ജി.എം. എച്ച്.പി.സി.എൽ). മക്കൾ.: ഡോ.രാധിക (എം.എസ്. വിദ്യാർത്ഥിനി, AIIMS റായ്പൂർ), നീലിമ (എം.ഫിൽ. വിദ്യാർത്ഥിനി, കേംബ്രിഡ്ജ് യൂ.സിറ്റി, യു.കെ.)

## ശംഭു നമ്പൂതിരി ഐ.എ.സി.സി. കേരള ചെയർമാൻ



കൊച്ചി ഇൻഡോ അമേരിക്കൻ ചേംബർ ഓഫ് കൊമേഴ്സ് (ഐ.എ.സി.സി.) കേരള ചാപ്റ്ററിന്റെ ചെയർമാനായി അസോസിയേറ്റഡ് റബ്ബർ കെമിക്കൽസ് മാനേജിങ് ഡയറക്ടർ ശംഭു നമ്പൂതിരി തിരഞ്ഞെടുക്കപ്പെട്ടു. എറണാകുളം കോട്ടപ്പടിയിലെ കാവിൽ തോട്ടം മനയിലെ നാരായണൻ നമ്പൂതിരിയുടെയും ജാനകി അന്തർജനത്തിന്റെയും മകനാണ്.

കെ.ജെ. തോമസ് ഒന്നാം വൈസ് ചെയർമാനും ജോസഫ് തോമസ് രണ്ടാം വൈസ് ചെയർമാനുമാണ്. ഒരു വർഷത്തേക്കാണ് ഭരണസമിതിയുടെ കാലാവധി.

# മികവിന്റെ തിളക്കം / ഏവർക്കും സ്വസ്തിയുടെ അഭിനന്ദനങ്ങൾ

## നാഗ കീർത്തി പുരസ്കാരം പാടേരി നാരായണൻ നമ്പൂതിരിപ്പാടിന്



10-ാമത് നാഗകീർത്തി പുരസ്കാരത്തിന് പ്രശസ്ത താന്ത്രികാചാര്യനും നമ്മുടെ ഉപസഭാംഗവുമായ ബ്രഹ്മശ്രീ പാടേരി നാരായണൻ നമ്പൂതിരിപ്പാടിനെ തിരഞ്ഞെടുത്തു. താന്ത്രിക രംഗത്തെ സമഗ്ര സംഭാവനകൾ മുൻനിർത്തിയാണ് പുരസ്കാരം. നടൻ സുരേഷ് ഗോപി പുരസ്കാരം സമ്മാനിച്ചു.

## അഞ്ജന കൃഷ്ണൻ പി എച്ച് ഡി നേടി



മോളിക്യൂലാർ വൈറോളജിയിൽ യുഎഇ യൂണിവേഴ്സിറ്റി യിൽ നിന്ന് പി എച്ച് ഡി കരസ്ഥമാക്കിയ ചാത്തമംഗലം (കോഴിക്കോട് ) നെച്ചൂളി കോരമ്പറ്റ ഇല്ലത്തു ലെഫ്റ്റനന്റ് കമാൻഡർ സിദ്ധാർത്ഥിന്റെ ഭാര്യ അഞ്ജന കൃഷ്ണൻ. കോളേജ് ഓഫ് മെഡിസിൻ ആൻഡ് ഹെൽത്ത് സയൻസസ് (CMHS) ലെ ഡിപ്പാർട്മെന്റ് ഓഫ് മൈക്രോബയോളജി ആയിരുന്നു പഠനം. കോരമ്പറ്റ ഇല്ലത്തു ശങ്കരൻ നമ്പൂതിരിയുടെയും പ്രീത യുടെയും ഇളയ മകന്റെ ഭാര്യ ആണ് അഞ്ജന കൃഷ്ണൻ. തിരുവനന്തപുരം ISRO യിലെ സീനിയർ അക്കൗണ്ടന്റ് ആയി റിട്ടയർ ചെയ്ത ദേവകി അന്തർജനത്തിന്റെയും വെള്ളിയോട്ട് ഇല്ലം കൃഷ്ണൻ നമ്പൂതിരി യുടെയും മകളാണ് അഞ്ജന.

## പങ്കജവല്ലി കാരക്കാട് സംസ്ഥാന പ്രസിഡണ്ട്



കേരളാ വ്യാപാരി വ്യവസായി സമിതിയുടെ വനിതാ വിഭാഗം സംസ്ഥാന പ്രസിഡണ്ടായി തെരെഞ്ഞെടുക്കപ്പെട്ട ശ്രീമതി പങ്കജവല്ലി കാരക്കാട്.

കാരക്കാട് ശ്രീ വാസുദേവൻ നമ്പൂതിരിയുടെ സഹധർമ്മിണിയുംയോഗക്ഷേമ വനിതാസഭ കണ്ണൂർ ജില്ലാ വനിതാസഭ സെക്രട്ടറിയുമാണ് (ഫോൺ : 9895548690)



*മാന്നാർ ഉപസഭാംഗമായ അടിമുറ്റത്ത് സുരേഷ് ഭട്ടതിരിപ്പാടിന് ജന്മഭൂമി നൽകിയ താന്ത്രിക കീർത്തി പുരസ്കാരം ഗോവ ഗവർണർ : അഡ്വ. ശ്രീധരൻ പിള്ളയും ജന്മഭൂമി മാനേജിംഗ് ഡയറക്ടർ രാധാകൃഷ്ണനും കൂടി നൽകുന്നു*



*യോഗക്ഷേമ സഭ യുവജനവിഭാഗം ഏർപ്പെടുത്തിയ യുവ ശ്രേഷ്ഠ പുരസ്കാരം നേടിയ പ്രസാദ് വട്ടപ്പറമ്പ് പന്തളത്ത് നടന്ന യോഗക്ഷേമ സഭ സംസ്ഥാന സമ്മേളനത്തിൽ വച്ച് പുരസ്കാരം ഏറ്റുവാങ്ങുന്നു.*



**ബദരി കൃഷ്ണൻ**

കൊൽക്കത്തയിൽ നടന്ന രാഷ്ട്രീയ ഏക്ത പർവ്വിൽ ഏകാഭിനയത്തിൽ ഒന്നാം സ്ഥാനം നേടിയ ബദരി കൃഷ്ണൻ. കരങ്ങാട്ടു മന ജയകൃഷ്ണന്റെയും അത്തിപ്പറ്റ മഹൾ രശ്മിയുടെയും മകനാണ്. കഞ്ചിക്കോട് കേന്ദ്രീയ വിദ്യാലയ വിദ്യാർത്ഥിയാണ് .



**നമന്യ ഉണ്ണികൃഷ്ണൻ**

റീജിയണൽ കലോത്സവത്തിൽ കാറ്റഗറി-3 കുച്ചിപ്പുഡിയിലും ഭരതനാട്യത്തിലും ഒന്നാം സ്ഥാനം നേടിയ നമന്യ ഉണ്ണികൃഷ്ണൻ വെള്ളയോട്ടില്ലം,വടകര ഉപസഭ (അമൃത പബ്ലിക് സ്കൂൾ, പതിയാരക്കര)



**ആർദ്ര. ടി.എസ്.**

കോഴിക്കോട് ജില്ല സാമൂഹ്യ ശാസ്ത്ര മേള ഹയർസെക്കൻഡറി വിഭാഗം പ്രാദേശിക ചരിത്ര രചന ഒന്നാം സ്ഥാനത്തോടെ സംസ്ഥാന തലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആർദ്ര. ടി.എസ്. റഹ്മാനിയ എച്ച്.എസ്.എസ്. വിദ്യാർത്ഥി. മാമ്പറ്റ താമരക്കുളം ബംഗ്ലാവിൽ സുദേവൻ നമ്പൂതിരിയുടേയും നിഷ അന്തർജനത്തിന്റേയും മകളാണ്.



**ശ്രീജിത്ത്**

കലാനിലയം അപ്പുമാരാർ സുവർണ്ണമുദ്ര പുരസ്കാരം ലഭിച്ച അരീക്കോട് യുവജനസഭാഗം ശ്രീജിത്ത് കിഴക്കുമ്പാട്



**ആനന്ദ് എ നമ്പൂതിരി**

കോഴിക്കോട് ജില്ലാ ശാസ്ത്രോത്സവത്തിൽ പ്ലാസ്റ്റർ ഓഫ് പാരീസ് മോൾഡിംഗിൽ എ ഗ്രേഡ് കരസ്ഥമാക്കിയ ആനന്ദ് എ നമ്പൂതിരി. പൊന്നടുക്കം നാരായണൻ നമ്പൂതിരിയുടേയും പ്രസീതയുടേയും മകനാണ്.



**ദേവനന്ദ**

യോഗ ക്ഷേമ സഭ നടത്തിയ സർവജ്ഞം പരീക്ഷയിൽ സമ്മാനിതയായ ദേവനന്ദ. പാലക്കാട് പുതിയേടത്ത് മനയിലെ രഘൂത്തമൻ ശ്രീവിദ്യ ദമ്പതികളുടെ മകളും പാലക്കാട് ഉപസഭ അംഗവുമാണ്.മഞ്ഞപ്ര ഭവൻസ് വിദ്യാമന്ദിറിലെ എട്ടാം ക്ലാസ്സ് വിദ്യാർത്ഥിയാണ്



**സാരംഗ്**

ചാത്തമംഗലം ഉപസഭ അംഗമായ ചെറില്ലത്ത് കണ്ടമംഗലം രമേഷ് അപർണ്ണ ദമ്പതികളുടെ മൂത്ത മകൻ സാരംഗിന് ബോട്ട്സ്വാനയിലെ ഫിഡെ നാഷണൽ ചെസ്സ് ടൂർണമെന്റിൽ അണ്ടർ 9 വിഭാഗത്തിൽ ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി. സാരംഗ് ബോട്ട്സ്വാനയിലെ ലഹായി പ്രൈമറി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ മൂന്നാം ക്ലാസിൽ പഠിക്കുന്നു.

**അനുമോദനങ്ങളിൽ ഉൾപ്പെടുത്താനുള്ള വാർത്തകളും ഫോട്ടോകളും അയക്കുക വാട്സ് ആപ്പ് 9400992823**

## മികവിന്റെ തിളക്കം / ഏവർക്കും സ്വസ്തിയുടെ അഭിനന്ദനങ്ങൾ



**ഡോ സജി**

ഓസ്ട്രേലിയ സിഡ്നി മക്വയറി സർവകലാശാലയിൽ നിന്നും കോക്ലിയർ ഇമ്പ്ലാന്റ് ക്ലിനിക്കൽ കെയർ വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ ഡോ സജി മരുതൂർക്കര. സിഡ്നിയിൽ റിസർച്ച് ഓഡിയോളജിസ്റ്റായി സേവനമനുഷ്ഠിക്കുന്നു. ഭാര്യ ശാലിമ(മെഡിക്കൽ സയന്റിസ്റ്റ്), മക്കൾ വിദ്യാർഥികളായ സാഹസ്, സഖി. പട്ടാമ്പി പരുതൂർ മരുതൂർക്കര സുബ്രഹ്മണ്യൻ നമ്പൂതിരിയുടേയും പരേതയായ രാധ അന്തർജ്ജനത്തിന്റെയും മകനാണ് ഡോ സജി നമ്പൂതിരി.ഏകദേശം ഇരുപത് വർഷത്തോളമായി കുടുംബസമേതം സിഡ്നിയിൽ താമസമാണ്.

നമ്പർ +61 488 076 449

**രേഖ അന്തർജനം**



വെറ്റിലപ്പാറ ഗവൺമെന്റ് ഹൈസ്കൂളിൽ ഫിസിക്കൽ സയൻസ് എച് എസ് എ ആയി പി.എസ് സി മുഖേന ജോലിയിൽ പ്രവേശിച്ച രേഖ അന്തർജനം. വാഴാ മ്പറ്റ സുനിൽ നമ്പൂതിരിയുടെ സഹധർമ്മിണിയാണ്.



**ശ്രീശ്യാം**

നോർവേയിലെ യൂണിവേഴ്സിറ്റി ഓഫ് ഓസ്ലോയിൽ ഹൈഡ്രജൻ ടെക്നോളജിയിൽ ഡോക്ടറൽ ഡിഗ്രി പൊസിഷന് അഡ്മിസ്ഷൻ ലഭിച്ച ശ്രീശ്യാം . കോഴിക്കോട് ബേപ്പൂർ വടക്കേ അടാട്ട് ഇല്ലത്തെ സുരേന്ദ്രൻ രമണി ദമ്പതികളുടെ മകനാണ്. +91 90374 29321



**ആദർശ് ദാമോദരൻ**

തിരുവനന്തപുരത്തു നടന്ന സംസ്ഥാന ഹയർസെക്കൻഡറി വിഭാഗം ഗണിതശാസ്ത്രമേളയിൽ നമ്പർ ചാർട്ട് ഇനത്തിൽ നാലാം സ്ഥാനവും എ ഗ്രേഡും നേടിയ ആദർശ് ദാമോദരൻ എം മങ്ങത്തായ ഇല്ലം. (പി എം എസ് എ പി ടി എച്ച് എസ് എസ് കക്കോവ്) മലപ്പുറം ജില്ല.

**കൃഷ്ണൻ നമ്പൂതിരി**

അന്നമനട പരമേശ്വര മാരാരുടെ പേരിലുള്ള വാദ്യകലാ പുരസ്കാരം നേടിയ മദ്ദളപ്രതിഭ കലാമണ്ഡലം കൃഷ്ണൻ നമ്പൂതിരി






*തിരുവനന്തപുരം ഭാരത് ഭവനിൽ വച്ചുനടന്ന സൗത്ത് ഇന്ത്യൻ ഷോർട്ട് ഫിലിം ഫെസ്റ്റിവലിൽ ഡിവോഷണൽ മ്യൂസിക്ക് ആൽബം 'ശരണാരവ'ത്തിനു ലഭിച്ച എക്സലൻസ് അവാർഡ് പ്രശസ്ത സിനിമാനടൻ ശ്രീ. കരമന സുധീറിൽനിന്നും ഗാനരചയിതാവ് രാജീവ് പരമേശ്വരൻ ഏറ്റുവാങ്ങുന്നു*

**ആദിത്യ നാരായണൻ എൻ**



ഇന്ത്യൻ നാവികസേനയിൽ സബ് ലെഫ്റ്റനന്റ്. അച്ഛൻ പരേതനായ നാരായണൻ പോറ്റി കെ.(റിട്ട. ദേവസ്വം ശാന്തി, കൊട്ടാരക്കര ദേവസ്വം. അമ്മ :ആശാദേവി ബി. സഹോദരൻ:അരുൺ നാരായണൻ (യോഗക്ഷേമ ഉപസഭ വെട്ടിക്കവല യുവജന കൺവീനർ) ഉപസഭ: വെട്ടിക്കവല, വട ക്കേടത്തു മഠം, വെട്ടിക്കവല, കൊട്ടാരക്കര


# വൈദികവിജ്ഞാന കേന്ദ്രം

**പെരുമൻപുറ, പെരുമണ്ണ പി ഒ, കോഴിക്കോട്: 673019**

**(പൂജാ, താന്ത്രിക പഠനത്തിന് ദേവസ്വം റിക്രൂട്ട്മെന്റ് അംഗീകാരമുള്ള സ്ഥാപനം)**

## 23- വാർഷികവും മങ്ങത്തായ കേശവൻ നമ്പൂതിരി സ്മാരക വേദശ്രേഷ്ഠ പുരസ്ക്കാര വിതരണവും

**2024 ഫെബ്രുവരി 11, വേദവാടിക, വൈദികവിജ്ഞാനകേന്ദ്രം, പെരുമണ്ണ.**

| | | |
|---|---|---|
| ഉദ്ഘാടനം | : | **അഡ്വക്കറ്റ് പി എസ് ശ്രീധരൻ പിള്ള** (ആദരണീയ ഗവർണർ, ഗോവ) |
| പുരസ്ക്കാര ജേതാവ് | : | **ഡോക്ടർ തോട്ടം ശിവകരൻ നമ്പൂതിരി** (സാമവേദപണ്ഡിതൻ, ഗുരുവായൂർ ക്ഷേത്രം മുൻ മേൽശാന്തി) |
| അധ്യക്ഷൻ | : | **അഡ്വക്കറ്റ് എം.ജി. അശോകൻ** (പ്രസിഡന്റ്,, ബാർ കൗൺസിൽ കോഴിക്കോട്) |

❖ വേദതന്ത്ര പഠനക്ലാസ്സുകൾ (സർട്ടിഫിക്കറ്റ് കോഴ്സ്) ❖ പൂജാപഠന ശിബിരങ്ങൾ (എല്ലാ ഏപ്രിൽ മാസത്തിലും) ❖ 'വേദശ്രേഷ്ഠ' പുരസ്കാര സമർപ്പണം, വിവിധ മേഖലകളിൽ പ്രശസ്തരെ ആദരിക്കൽ (വാർഷികത്തിന്) ❖ ഷോഡശക്രിയകളും മറ്റു വൈദിക ചടങ്ങുകളും നടത്തുവാനുള്ള എല്ലാ സൗകര്യങ്ങളും ❖ സനാതന ധർമ്മപ്രചരണത്തിനും പോഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സംസ്കൃത-യോഗ-ഇതിഹാസ-പുരാണ പഠനക്ലാസ്സുകൾ സംഘടിപ്പിക്കുന്നു ❖ സംഭാവനകൾക്ക് 80g income tax പ്രകാരമുള്ള കിഴിവ് ❖ 200 പേർക്ക് ഇരിക്കാവുന്ന എല്ലാ സൗകര്യങ്ങളോടും കൂടിയ വിശാലമായ ഹാൾ, ടോയ്‌ലറ്റുകൾ, അടുക്കള എന്നിവ ❖ മറ്റു ചാരിറ്റി പ്രവർത്തനങ്ങൾ

**വയപ്രം നാരായണൻ നമ്പൂതിരി**

ഡയറക്ടർ, വൈദികവിജ്ഞാന കേന്ദ്രം, Phone: 9539583761

# യുവശ്രേഷ്ഠ പുരസ്ക്കാർ 2023

## യോഗക്ഷേമസഭ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചു പന്തളത്ത് നടന്ന യുവജന സമ്മേളനത്തിൽ യുവശ്രേഷ്ഠ പുരസ്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ടവർ

**ശ്രീദത്ത് പാനാട്ട്** കോഴിക്കോട്

ഗവേഷണ പ്രോജക്ടുകളുടെ രാജ്യാന്തര മത്സരത്തിൽ മൂന്നേമുക്കാൽക്കോടി രൂപയുടെ (5.3 ലക്ഷം ഡോളർ) സമ്മാനത്തിന് അർഹനായി. യുഎസിലെ മാസച്യുസിറ്റ് സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് പി. എച്ച്. ഡി. ഇപ്പോൾ ബെംഗളൂരുവിൽ സ്റ്റാർട്ട് അപ് ചെയ്യുന്നു.

**ആര്യ വി എം** തിരുവനന്തപുരം

സിവിൽ സർവീസ് പരീക്ഷയിൽ 36 ആം റാങ്ക് രണ്ടാം ശ്രമത്തിൽ തന്റെ 26 ാമത്തെ വയസിലാണ് തിരുവനന്ത പുരം സ്വദേശിനിയായ ആര്യ സിവിൽ സർവീസിൽ ഈ മിന്നും വിജയം കരസ്ഥമാക്കിയത്.

**ഹരിഗോവിന്ദ്,** വെദിരമന,പുത്തൂർ, പാലക്കാട്

Microsoft PhD Fellowship. ആഗോളവ്യാപകമായി 2021-23ലേക്ക് തെരഞ്ഞെടുത്ത 40 പ്രഗത്ഭ ഗവേഷകരിൽ, ഇന്ത്യയിൽ നിന്നുള്ള രണ്ടു പേരിൽ ഒരാൾ.

**രാഹുൽ വടക്കേടം**, ചാലക്കുടി, തൃശ്ശൂർ

കേരള ഫുട്ബോൾ അസ്സോസിയേഷൻ നടത്തിയ ജൂനി യർ പെൺകുട്ടികളുടെ വിഭാഗം ചമ്പ്യാന്മാരായ ഇടുക്കി ടീമിന്റെ ഹെഡ് കോച്ച്. AIFF D ലൈസൻസ് കോച്ചാണ്.

**വിഷ്ണു വെങ്കിടേഷ്**

ശ്രീവിലാസത്തു മഠം തിരുവനന്തപുരം.

മൾട്ടിമീഡിയ പഠനവും കഴിഞ്ഞ് നിരവധി രാജ്യാന്തര അനിമേഷൻ പ്രോജക്റ്റുകളുടെയും ഭാഗമായി പ്രവർ ത്തിക്കുമ്പോഴാണ് ചാനലുകളിലെ പ്രൊമോഷൻ വർ ക്കുകളിലൂടെ അസിസ്റ്റന്റ് എഡിറ്ററായി മലയാള സിനിമാ മേഖലയിലേയ്ക്കുള്ള വഴി തെളിയുന്നത്. ഈ അടുത്ത കാലത്ത്, Left Right Left, നീ കോ ഞാ ചാ, മംഗ്ലീഷ്, സപ്തമശ്രീ തസ്കര, മകരമഞ്ഞ്, ഞാൻ സംവിധാനം ചെയ്യും, സൂര്യകാന്ത (സംസ്കൃതം), പ്രേമ ബരാഹ (കന്നഡ) സൊള്ളിവിടവാ (തമിഴ്), വില്ലൻ, പ്രേമം, തുടങ്ങിയ ഒരു പാട് ചിത്രങ്ങളുടെ ഭാഗമായി പ്രവർത്തിച്ചു.

**രംഗശ്രീ രേവതി സുബ്രഹ്മണ്യൻ**

അരയാക്കീഴില്ലം, തിരുവല്ല, പത്തനംതിട്ട

ലോക പ്രശസ്ത കൂടിയാട്ടം, നങ്ങ്യാർകൂത്ത് കലാകാരി മാർഗ്ഗി സതിയുടേയും (Late) ഇടയ്ക്ക, മൃദംഗം കലാകാരൻ മാർഗ്ഗി സുബ്രഹ്മണ്യൻ പോറ്റിയുടേയും (Late) മകളാണ്.നങ്ങ്യാർകൂത്ത് കൂടാതെ മോഹിനിയാട്ടം, തിരുവാതിര, അഭിനയം തുടങ്ങിയവയും വ്യക്തി മുദ്ര പതിപ്പി ച്ചിട്ടുണ്ട്.

**യദു പഴയിടം**

'പഴയിടം ടോപ്പ് ടേസ്റ്റ്' എന്ന ബ്രാൻഡിൽ ദക്ഷിണേന്ത്യൻ (വെജിറ്റേറിയൻ) ശീതീകരിച്ച ഭക്ഷ്യ ഉൽപ്പന്നങ്ങളുടെയും ലഘുഭക്ഷണങ്ങളുടെയും വിപുലമായ ശ്രേണി ഓസ്ട്രേലിയയിൽ ഉടനീളം വിപണനം ചെയ്യുന്നു. 'പഴയിടം രുചി' ഹോട്ടൽ ശൃംഘല ഇടിഞ്ഞില്ലം തിരുവല്ല, ചങ്ങരംകുളം മലപ്പുറം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു.

**വിഷ്ണു പ്രസാദ് മീത്തലെ വട്ടപ്പറമ്പ്**

(പ്രസാദ് വട്ടപ്പറമ്പ്)

മനശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം അണ്ണാമലൈ യൂണിവേർസിറ്റിഡിപ്ലോമ ഇൻ സൈക്കോളജിക്കൽ കൗൺസിലിംഗ് കേരള സ്പീച്ച് ഫൗണ്ടേഷൻ പി ജി ഡിപ്ലോമ ഇൻ സൈക്കോളജിക്കൽ കൗൺസിലിംഗ് ഐ.ബി.എം.എസ് ട്രെയിനർ എക്സലൻസ് അവാർഡ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രെയിനിങ് ആൻഡ് എഡ്യൂക്കേഷണൽ റിസർച്ച് (2020) മികച്ച യുവജനസഭ പ്രവർത്തകൻ - യോഗക്ഷേമസഭ (2019)

**വിഷ്ണു ഗോവിന്ദ്**

തോട്ടാശ്ശേരി ഇല്ലം, തിരുവല്ല, പത്തനംതിട്ട

ഏറ്റവും സ്വീകാര്യനായ, റീ-റെക്കോർഡിംഗ് മിക്സറും സൗണ്ട് ഡിസൈനറും സൗണ്ട് എഡിറ്ററുമാണ് വിഷ്ണു ഗോവിന്ദ്. മലയാളം, തമിഴ്, ഹിന്ദി, തെലുങ്ക് ഭാഷകളിലായി 150 ലധികം സിനിമകളിൽ വിഷ്ണു ഇതിനകം പ്രവർത്തിച്ചിട്ടുണ്ട് .

**അരുണിമ കൃഷ്ണൻ.** തൊടുപുഴ, ഇല്ലം : ചൊവ്വേലി

തിരുവനന്തപുരം ദൂരദർശൻ കേന്ദ്രത്തിലെ വാർത്താ വിഭാഗത്തിൽ പ്രവർത്തിക്കുന്നു. സ്വതന്ത്ര മാധ്യമ പ്രവർത്തനത്തിന്റെ ഭാഗമായി മലയാള മനോരമ, മാതൃഭൂമി, കേരളകൗമുദി എന്നീ പ്രിന്റ് & ഡിജിറ്റൽ മീഡിയകളിൽ അഭിമുഖങ്ങളും ഫീച്ചറുകളും ചെയ്യുന്നു.

**സൂരജ് അപ്പു** പുറഞ്ചേരി ഇല്ലം, ബത്തേരി, വയനാട്

സ്കൂളിൽ പഠിക്കുന്ന കാലത്ത് അമ്മയെ സഹായിച്ചു കൊണ്ടാണ് കൃഷിയിലേക്ക് വരുന്നത്. കൃഷിയോടുള്ള താല്പര്യംകൊണ്ട് ആരെ അഗ്രിക്കൾച്ചർ പഠിച്ചു.(കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, മണ്ണുത്തി)മികച്ച കർഷകനുള്ള സ്റ്റേറ്റ് അവാർഡ് ലഭിച്ചു. കേരള സർക്കാരിന്റെ ജൈവ കാർഷിക മണ്ഡലം പ്രോജക്ടിന്റെ ബ്രാൻഡ് അംബാസിഡർ ആയിരുന്നു. 'കൃഷി രത്ന' എന്ന നാഷണൽ അവാർഡ് ലഭിച്ചു.വയനാട് ജില്ലയിലെ മികച്ച വിദ്യാർത്ഥി കർഷകനുള്ള അവാർഡ് നേടിയിട്ടുണ്ട്.



*പന്തളത്ത് യോഗക്ഷേമസഭ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനം*

# ഇല്ലാത്ത അയിത്തം ഉണ്ടെന്നു വേറെ ലക്ഷ്യം:കേന്ദ്രമന്ത്രി വി.

പന്തളം: ഇല്ലാത്ത അയിത്തം ഉണ്ടെന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നവർക്കു ഭിന്നിപ്പിച്ചു ഭരിക്കുകയെന്നഗൂഢലക്ഷ്യമാണുള്ളതെന്നു കേന്ദ്രമന്ത്രി വി.മുരളീധരൻ. യോഗക്ഷേമസഭ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മറ്റു വിവാദങ്ങളിൽനിന്നു രക്ഷപ്പെടാൻ പാവപ്പെട്ട ശാന്തിക്കാരെ ബലിയാടാക്കുന്നതു കടുത്ത അനീതിയാണ്.

അയിത്താചാരണം നടന്നെന്നാണ് ഇപ്പോഴത്തെ വിവാദം. അങ്ങനെ നടന്നെങ്കിൽ നിയമപരമായ നടപടി സ്വീകരിക്കാമായിരുന്നു. എന്നാൽ, 8 മാസത്തോളം മിണ്ടാതിരുന്ന ശേഷം ഒരു മന്ത്രി, വെറും ആരോപണമായി ഉന്നയിക്കുകയാണ്.

ക്ഷേത്രങ്ങളിൽ ആചാരങ്ങൾ പാലിക്കേണ്ടതാണെന്ന വസ്തുത അറിയാത്ത ആളല്ല മന്ത്രി. ഇത്തരം ആരോപണങ്ങളിലൂടെ സാമൂഹിക സംഘർഷം ഉണ്ടാക്കാനാണ്ശ്രമം. പിന്നാക്ക സ്നേഹം പ്രകടിപ്പിക്കേണ്ടതു നമ്പൂതിരിയെയും നായരെയും അധിക്ഷേപിച്ചാണെന്ന മിഥ്യാധാരണയാണു ചിലർക്ക്.

അവകാശ പോരാട്ടങ്ങളോടു വല്ലാത്ത അസഹിഷ്ണുതയുള്ള ഇക്കാലത്തു യോഗക്ഷേമസഭ കൂടുതൽ കരുത്താർജിക്കണം. തിരുവിതാംകൂർ ദേവസ്വം ബോർഡ് പൂജാരിമാരെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായാണു കാണുന്നത്. ക്ലാർക്കിന് 40,000 രൂപ ശമ്പളമുള്ളപ്പോൾ ശാന്തിക്കാരന് 10,000 രൂപ നൽകുന്ന നിലപാടിനു ന്യായീകരണമില്ലെന്നും അദ്ദേഹം പറഞ്ഞു.

യോഗക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് അക്കീരമൻ കാളിദാസൻ



*സ്വസ്തി നവരാത്രി ലക്കത്തിന്റെ പ്രകാശനം ബഹു കേന്ദ്ര മന്ത്രി വി മുരളീധരൻ യോഗക്ഷേമസഭാ സംസ്ഥാന പ്രസിഡണ്ട് ശ്രീ അക്കീരമൺ കാളിദാസഭട്ടതിരിക്ക് നൽകിക്കൊണ്ട് നിർവ്വഹിക്കുന്നു. കോഴിക്കോട് ജില്ലാ പ്രസിഡന്റ് ശ്രീ മധു അരീക്കര സമീപം.*



*കേന്ദ്രമന്ത്രി വി.മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു*

# പറയുന്നവർക്കു മുരളീധരൻ

ഭട്ടതിരിപ്പാട് അധ്യക്ഷത വഹിച്ചു. അച്യുത ഭാരതി സ്വാമികൾ അനുഗ്രഹ പ്രഭാഷണം നടത്തി.

സംസ്ഥാന ജനറൽ സെക്രട്ടറി കൊടുപ്പുന്ന കൃഷ്ണൻ പോറ്റി, വൈസ് പ്രസിഡന്റ് പി.വി.ശിവദാസ്, ശ്രീശങ്കര ട്രസ്റ്റ് ചെയർമാൻ വിജയൻ നമ്പൂതിരി, നഗരസഭാ കൗൺസിലർമാരായ ലസിത നായർ, ബിന്ദുകുമാരി, സംസ്ഥാന ട്രഷറർ ദാമോദരൻ നമ്പൂതിരി, സ്വാഗത സംഘം ജനറൽ കൺവീനർ ഹരികുമാർ നമ്പൂതിരി എന്നിവർ പ്രസംഗിച്ചു. പ്രഫ.കെ.കെ.എസ് ഫൗണ്ടേഷൻ പുരസ്കാരം ചടങ്ങിൽ സമ്മാനിച്ചു. ●



*യോഗക്ഷേമ സംസ്ഥാന സഭാ പ്രസിദ്ധീകരണമായ യോഗക്ഷേമധ്വനിയുടെ പ്രകാശനം സംപൂജ്യ തൃശൂർ നടുവിൽമഠം മൂപ്പിൽ സ്വാമിയാർ അച്ചുതാനന്ദ ഭാരതി സംസ്ഥാന സെക്രട്ടറി ശ്രീ കൊടുപ്പുന്ന കൃഷ്ണൻ പോറ്റിക്ക് നൽകിക്കൊണ്ട് നിർവ്വഹിക്കുന്നു*

യോഗക്ഷേമസഭ എന്നും നവോത്ഥാനത്തിന്റെ കൂടെയായിരുന്നു. പണ്ടൊരു സഭാസമ്മേളനത്തിലാണ് അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് ആദ്യമായി അരങ്ങിലെത്തിയത്. ഘോഷ ഉപേക്ഷിച്ച നമ്പൂതിരി സ്ത്രീകൾ സാരിയും ബ്ലൌസും അണിഞ്ഞ് ആദ്യമായി പൊതുവേദിയിൽ വന്നത് സഭയുടെ മറ്റൊരു സമ്മേളനത്തിലായിരുന്നു.പാട്ടം പിരിവിനും ശാന്തി പ്രവൃത്തിക്കുമപ്പുറത്ത് കൃഷി ചെയ്തും പഠിച്ചും ഭാവി നമ്പൂതിരിമാർ ജീവിതം ചിട്ടപ്പെടുത്തണമെന്ന ആഹ്വാനമുണ്ടായത് വേറൊരു സമ്മേളന വേദിയിൽ.

ഹെജിമണിയും ക്ഷേത്രാചാരങ്ങൾ പാലിക്കുന്നതിലെ രീതികളും ഒക്കെ പറഞ്ഞ് പറഞ്ഞ് നമ്പൂതിരിയെ മാർക്ക് ചെയ്ത് കുറ്റപ്പെടുത്താൻ പലരും ശ്രമിച്ച ഇക്കാലത്താണ് സഭയുടെ പന്തളം സമ്മേളനം നടക്കുന്നത്.ശബരിമല തന്ത്രി മഹേശ് കണ്ഠരരുടെ നേതൃത്വത്തിൽ നടന്ന ഗണപതി ഹോമത്തോടെ തുടക്കം. സന്യാസിവര്യൻ നടുവിൽമഠം അച്യുതാനന്ദഭാരതി സ്വാമിയാരുടെ അനുഗ്രഹം.കേന്ദ്രമന്ത്രി വി മുരളീധരനും കേരള ഡപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറും പത്തനംതിട്ട ജില്ലാ കലക്ടർ ദിവ്യാ അയ്യർ ഐഎഎസും വിദ്യാസാഗർ ഗുരു മൂർത്തിയും പന്തളം രാജപ്രതിനിധിയും പന്തളം മുനി

സിപ്പാലിറ്റി ജനപ്രതിനിധികളും സമ്മേളനത്തിന്റെ വിവിധ സെഷനുകളിൽ മുഖ്യാതിഥികളായി. യോഗക്ഷേമധ്വനിയും യോഗക്ഷേമസഭ സ്വസ്തി ത്രൈമാസികയുടെ നവരാത്രിപ്പതിപ്പും സമ്മേളന വേദിയിൽ വെച്ച് പ്രകാശനം ചെയ്യപ്പെട്ടു. രാഷ്ട്രീയസാംസ്ക്കാരിക രംഗങ്ങളിലെ പല പ്രമുഖരും ഏദൻ ഗാർഡൻ കൺവെൻഷൻ സെന്ററിലെ സമ്മേളന വേദിയിൽ എത്തി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് സഭാപ്രവർത്തകർ ആവേശത്തോടെ പങ്കെടുത്തു. പഴയിടം മോഹനൻ നമ്പൂതിരി യുടെ സംഘം രണ്ടു ദിവസവും അസ്സൽ സദ്യ തന്നെ ഒരുക്കി. ജില്ലയിലെ വനിതകളുടെ നേതൃത്വത്തിൽ അതിഥികൾക്ക് ചിട്ടയായി വിളമ്പി നൽകി. എല്ലാവരെയും ഭംഗിയായി സ്വീകരിക്കാനും താമസ സൗകര്യമൊരുക്കാനും എല്ലാം ചിട്ടയായി തന്നെ നടത്താനും സ്വാഗതസംഘത്തിന് കഴിഞ്ഞു. ഫൈനാൻസ് കമ്മിറ്റിയുടെ കൃത്യമായ പ്രവർത്തനങ്ങൾ സമ്മേളനച്ചിലവിനെ ബഡ്ജറ്റിന്റെ പരിധിയിൽ നിർത്തി.പബ്ളിസിറ്റി സമിതി സമ്മേളന വാർത്തകളെ പത്ര, റേഡിയോ ,ടെലിവിഷൻ മാധ്യമങ്ങളിൽ രാജ്യമെങ്ങും എത്തിച്ചു. സഭാ സംസ്ഥാന ജില്ലാ നേതൃത്വങ്ങളും വനിതാ, യുവജന സംവിധാനങ്ങളും ഒറ്റക്കെട്ടായി സമ്മേളന വിജയത്തിന് പ്രവർത്തിച്ചു എന്നത് എടുത്തു പറയണം. മറ്റു സബ് കമ്മിറ്റികളും സമ്മേളന വിജയത്തിന് കഠിനാധ്വാനം ചെയ്തു.

ഒറ്റവാക്കിൽ പറഞ്ഞാൽ പതിനായിരത്തിനടുത്ത് ആളുകൾ പങ്കെടുത്ത യോഗക്ഷേമസഭ പന്തളംസമ്മേളനം എല്ലാ അർത്ഥത്തിലും ഗംഭീരമായി .

പൊതുസമൂഹത്തെ സഭാ സമ്മേളനം ഓർമ്മിപ്പിച്ചതെന്താവാം? സമ്മേളനം നൽകിയ സന്ദേശമെന്താവാം?

സംശയമില്ല, വേദികളിലും ഘോഷയാത്രയിലും കണ്ട, കേട്ട യുവശക്തിയാണ് തത്വമസി 2023 ന്റെ ഹൈലൈറ്റ്. വേദിയിലെ കലാപ്രകടനങ്ങളിൽ നിറഞ്ഞാടിയത് അവരായിരുന്നു. ബ്രാഹ്മണ്യത്തിന്റെ ശക്തിയിൽ, പാരമ്പര്യത്തിൽ, സമത്വത്തിൽ ,നന്മയിൽ ഞങ്ങളുറച്ചു വിശ്വസിക്കുന്നു എന്ന് സമൂഹത്തോട് ഉറക്കെ വിളിച്ചു പറഞ്ഞത് യുവാക്കളാണ്.

മലപ്പുറം ജില്ല, അരീക്കോട് ഉപസഭയിലെ ഡിഗ്രി വിദ്യാർത്ഥിനിയായ സംഗീത ഘോഷയാത്രയിലെ താരമായി.അവൾ ഉച്ചത്തിൽ വിളിച്ച മുദ്രാവാക്യങ്ങൾ യോഗക്ഷേമസഭയുടെ വിളംബരമായി സംഭാഗങ്ങൾ ഏറ്റെടുക്കുകയായിരുന്നു.

ഇക്കുറി നമ്മുടെ നിറഞ്ഞ അഭിവാദ്യങ്ങളെല്ലാം, ഞങ്ങളാരുടേയും പിന്നിലല്ല, ആരുടേയും മേധാവികളുമല്ല എന്നുറക്കെ പ്രഖ്യാപിച്ച ഉണ്ണിനമ്പൂതിരിമാർക്കും പെൺകിടാങ്ങൾക്കും അന്തർജനങ്ങൾക്കും നേരാം. ●

### ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ

## പൂജാരിമാരെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി കാണരുത്

പന്തളം: രണ്ടുദിവസമായി പന്തളത്തുനടന്നുവന്ന യോഗക്ഷേമസഭ സംസ്ഥാന സമ്മേളനം സാംസ്കാരിക സമ്മേളനത്തോടെ സമാപിച്ചു. നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സമ്മേളനം ഉദ്ഘാടനം ചെയ്തു. യോഗക്ഷേമസഭ ഉന്നയിക്കുന്ന വിവിധ ആവശ്യങ്ങൾ സംസ്ഥാന സർക്കാർ അനുഭാവപൂർവം പരിഗണിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

നമ്പൂതിരിമാരെ മനുഷ്യരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച യോഗക്ഷേമസഭ ദുരാചാരങ്ങൾ ഇല്ലാതാക്കുന്നതിനായി ശക്തമായി പ്രവർത്തിക്കുകയും വിപ്ലവകരമായ ഒട്ടേറെ മാറ്റങ്ങൾക്ക് പങ്കുവഹിക്കുകയുംചെയ്തു. ഒന്നിനും എതിരായി പ്രവർത്തിക്കുകയെന്നതല്ല സംഘടനകളുടെ ലക്ഷ്യം. വേണ്ടത് നേടിയെടുക്കുന്നതിനൊപ്പം സാംസ്കാരികവും വിദ്യാഭ്യാസപരവുമായ മുന്നേറ്റത്തിനായി പ്രവർത്തിക്കുകയെന്നതാണ് പ്രധാനം. സമൂഹം ഏകോദര സഹോദരങ്ങളെപ്പോലെ കഴിയുന്ന ഒരു കാലം ഉണ്ടാകാനുള്ള ശ്രമമാണ് ഉണ്ടാകേണ്ടതെന്നും ചിറ്റയം ഗോപകുമാർ പറഞ്ഞു.

ക്ഷേത്രത്തിന്റെ പവിത്രത കാത്തുസൂക്ഷിക്കുകയും പൂജാകാര്യങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് തന്ത്രിമാരുടേയും മേൽശാന്തിമാരുടേയും കടമയാണെന്ന് അദ്ദേഹം പറഞ്ഞു. പൂജാരിമാരെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി കാണുന്നു എന്ന യോഗക്ഷേമസഭയുടെ ആരോപണം പരിശോധിക്കുമെന്നും വേണ്ടതുചെയ്യുമെന്നും പറഞ്ഞു.

യോഗക്ഷേമസഭ സംസ്ഥാന ജനറൽ സെക്രട്ടറി കൊടുപ്പുന്ന കൃഷ്ണൻ പോറ്റി, അഖിലകേരള തന്ത്രിസമാജം പ്രസിഡന്റ് അഡ്വ. വേഴപ്പറമ്പ് ഈശാനൻ നമ്പൂതിരിപ്പാട്, തന്ത്രി മണ്ഡലം സംസ്ഥാന പ്രസിഡന്റ് പ്രൊഫ. നീലമന വി.ആർ.നമ്പൂതിരി, ശാന്തിക്ഷേമ യൂണിയൻ സംസ്ഥാന പ്രസിഡന്റ് ഹരികുമാർ ശർമ, പന്തളം കൊട്ടാരം നിർവാഹകസംഘം പ്രസിഡന്റ് പി.ജി.ശശികുമാർ വർമ, പന്തളം നഗരസഭാ ചെയർപേഴ്സൺ സുശീല സന്തോഷ്, എ.കെ.ബി.എഫ്. ചെയർമാൻ ടി.എൻ.മുരളീധരൻ, ശിവദ്വിജ സേവാസമിതി പ്രസിഡന്റ് എൻ.സുരേഷ് മൂസത്, മലയാള ബ്രാഹ്മണസമാജം മുൻ സംസ്ഥാന പ്രസിഡന്റ് ടി.വി.നാരായണ ശർമ, സ്വാഗതസംഘം കൺവീനർ എം.ജി. സാന്ദീപ് നമ്പൂതിരി എന്നിവർ പ്രസംഗിച്ചു. പഴയിടം മോഹനൻ നമ്പൂതിരിയെ ആദരിച്ചു ●

# ഷഷ്ട്യബ്ദപൂർത്തി ആശംസകൾ



## കൂനമ്പിള്ളി നാരായണൻ നമ്പൂതിരി



കണ്ടമംഗലം നാരായണൻ നമ്പൂതിരി, വേത്രക്കാട് കൃഷ്ണൻ നമ്പൂതിരി, പെരുമ്പിള്ളി കേശവൻ നമ്പൂതിരി, മൂർക്കന്നൂർ ശ്രീഹരി നമ്പൂതിരി എന്നിവരുടെ നേതൃത്വത്തിൽ വിഷ്ണുസഹസ്രനാമം ജപിച്ചു ഭാഗവതസംഗ്രഹാധ്യായം പാരായണം ചെയ്തു.



കൂനമ്പിള്ളി നാരായണൻ നമ്പൂതിരി, ഭാര്യ: ശൈലജ, മക്കൾ: ശ്രീരാം ഇപ്പോൾ ഫിലോസഫിയിൽ പി.എച്ച്.ഡി. ചെയ്യുന്നു. ശിവപ്രിയ ഇപ്പോൾ ബി.കോം + സി.എം.എ. അവസാന വർഷം

2023 സെപ്തംബർ 27 (1198 കന്നി 11)

**മൊബൈൽ – ശ്രീറാം 9846402930**



ഇല്ലപ്പെരുമ / നെല്ല്യക്കാട്ടു മന

# നെല്ല്യക്കാട്ടുമനയ

**പൊത്തോപ്പുറം കേശവൻ ജയന്തൻ നമ്പൂതിരി**



നെല്ല്യക്കാട്ടു മനയ്ക്ക് ഏക ദേശം ആയിരത്തിഒരുനൂറു വർഷത്തിലേറെപഴക്കമുണ്ടെന്നാണു പറയപ്പെടുന്നത്. നിർഭാഗ്യവശാൽ ചരിത്രം എഴുതിവയ്ക്കുന്ന പതിവൊന്നും പണ്ടുകാലത്ത് ഇല്ലായിരുന്നതുകൊണ്ട് രേഖകളൊന്നും ലഭ്യമല്ല. പരശുരാമൻ 64 ഗ്രാമങ്ങളാണല്ലോ സ്ഥാപിച്ചത്. ഇവയിൽ കേരളത്തിൽ സ്ഥാപിച്ച 32 ഗ്രാമങ്ങളിൽ പെട്ട പ്രസിദ്ധമായ ശുകപുരം ഗ്രാമത്തിലായിരുന്നു ഈ ഇല്ലത്തിന്റെ മൂലകുടുംബം എന്നാണു കേട്ടുകേൾവി. ഇന്നും തിരുമാന്ധാംകുന്നിലമ്മയെ ഈ കടുംബത്തുള്ളവർ പരദേവതാസ്ഥാനത്ത് സങ്കൽപ്പിച്ച് ഉപാസിക്കുന്നു. പൂർവ്വികകാലം തൊട്ടേ ഈ കുടുംബത്തുള്ളവർ പാരമ്പര്യവൈദ്യത്തിലും മന്ത്രവാദത്തിലും അഗ്രഗണ്യരായിരുന്നു.

ഒരിക്കൽ ഈ മനയിലെ കാരണവർക്ക് ഒരു സ്വപ്നദർശനമുണ്ടായെന്നും അതനുസരിച്ചു അദ്ദേഹവും കുടുംബാംഗങ്ങളും പിറ്റേന്നു തന്നെ യാത്ര തിരിച്ച് ഏറെ നാൾക്കു ശേഷം കൂത്താട്ടുകുളത്തെത്തിയെന്നും ഉള്ള ഐതിഹ്യവും പറഞ്ഞു കേൾക്കുന്നുണ്ട്.

പതിനൊന്നാം നൂറ്റാണ്ടിലാണെന്നു പറയപ്പെടുന്നു, കൂത്താട്ടുകുളം കിഴകൊമ്പ് ദേശത്തെ നാടുവാഴികളായിരുന്ന കട്ടിമുട്ടം മനക്കാർ നെല്ല്യക്കാട്ട് മനയിലെ വൈദ്യന്മാരെ ഈ ദേശത്തിന്റെ ആസ്ഥാന വൈദ്യന്മാരായി കൽപ്പിച്ചു നിയമിച്ചത്. അന്നത്തെ കാലത്ത് ഓരോ ദേശത്തും ചികിത്സകരായി ഓരോ കുടുംബത്തെ അവരോധിച്ചിരുന്നു. അക്കാലത്തും സാമാന്യ ചികിത്സയോടൊപ്പം നെല്ല്യക്കാട്ടുമനയിലെ വൈദ്യന്മാർ വിഷ ചികിത്സയിലും നേത്രരോഗ ചികിത്സയിലും വിശേഷമായി ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു

**സാമാന്യ ചികിത്സയോടൊപ്പം നെല്ല്യക്കാട്ടുമനയിലെ വൈദ്യന്മാർ വിഷ ചികിത്സയിലും നേത്രരോഗ ചികിത്സയിലും വിശേഷമായി ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു എന്നാണ് രേഖകളിൽ കാണുന്നത്. ദേശവാഴികളായിരുന്ന കട്ടിമുട്ടം മനയുടെ ഊരാണ്മയിലുണ്ടായിരുന്ന തളിക്കുന്നു മഹാദേവക്ഷേത്രത്തോടു ചേർന്ന് ഇല്ലം പണിയുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തു. തളിക്കുന്നു ക്ഷേത്രത്തിലെ ഊരാണ്മാവകാശ സഹിതമാണ് വൈദ്യരെയും കുടുംബത്തെയും ഇവിടെ താമസിപ്പിച്ചത്.**



# യും ശ്രീധരീയവും


ഡോ.എൻ.പി.പി. നമ്പൂതിരി സ്മൃതിമണ്ഡപം

എന്നാണ് രേഖകളിൽ കാണുന്നത്. കട്ടിമുട്ടം മനയുടെ ഊരാണ്മയിലുണ്ടായിരുന്ന തളിക്കുന്നു മഹാദേവ ക്ഷേത്രത്തോടു ചേർന്ന് ഇല്ലം പണിയുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തു. തളിക്കുന്നു ക്ഷേത്രത്തിലെ ഊരാണ്മാവകാശ സഹിതമാണ് വൈദ്യരെയും കുടുംബത്തെയും ഇവിടെ താമസിപ്പിച്ചത്.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് നെല്ല്യക്കാട്ടില്ലത്തുള്ളവർ വിഷ ചികിത്സയിൽ നിന്നു പൂർണ്ണമായും വിട്ടു മാറി നേത്രചികിത്സയിൽ ശ്രദ്ധ കേന്ദ്രീകരിച്ചത് . അതിനു കാരണമായ ഒരു സംഭവം ഹരി എൻ. നമ്പൂതിരി ഇങ്ങനെ വിവരിക്കുന്നു, ''ഒരിക്കൽ സർപ്പദംശനമേറ്റ ഒരു രോഗിയെ ചികിത്സക്കായി കൊണ്ടുവന്നു. വന്നപ്പോൾ തന്നെ വളരെ മോശമായ സ്ഥിതിയിലായിരുന്നു. ഉടൻ ചികിത്സ ആരംഭിച്ചു. വിഷചികിത്സയിൽ മന്ത്രവാദത്തിനു പ്രധാനമായ സ്ഥാനമുണ്ട്. കാൽ മുതൽ കഴുത്തു വരെ ഒരു കോടിമുണ്ടുകൊണ്ടു പുതപ്പിച്ചു. പിന്നീട് കാല്പാദങ്ങളിലും കൈപ്പത്തികളിലും തലയിലും മരുന്നു പുരട്ടി. വായിൽ അൽപ്പാൽപ്പമായി മരുന്ന് ഇറ്റിച്ചു. പിന്നീട് ഓരോ മന്ത്രങ്ങൾ ചൊല്ലി പുതപ്പിച്ചിരുന്ന മുണ്ട് സാവധാനം മടക്കിയെടുത്തു. മുഴുവൻ മുണ്ടും കൈകളിലായപ്പോൾത്തന്നെ അതു കത്തിച്ചു കളഞ്ഞു. അധികം

താമസിയാതെ രോഗി പൂർണ്ണസുഖം പ്രാപിക്കുകയും ചെയ്തു.''

എങ്കിലും വൈദ്യന് എന്തോ ഒരസ്വസ്ഥത തോന്നി. കഠിനമായ ചികിത്സയുടെ തിരിച്ചടി മറ്റെവിടെയെങ്കിലും ഉണ്ടാകുമോ എന്നദ്ദേഹം ഭയക്കാതിരുന്നില്ല. അദ്ദേഹത്തിന്റെ ആശങ്ക അസ്ഥാനത്തായിരുന്നില്ല. പിറ്റേന്ന് മനയിലെ തൊഴുത്തിൽ കെട്ടിയിരുന്ന എല്ലാ കന്നുകാലികളും, പശുക്കിടാങ്ങൾ ഉൾപ്പെടെ, മരണത്തിനു കീഴടങ്ങി. തുടർന്ന് കുടുംബത്തുള്ളവർക്ക് സാരമായ നേത്രരോഗങ്ങൾ ആരംഭിക്കുകയും ചെയ്തുവത്രേ.

ഇത് ഗൗരവപൂർണമായ ഒരു നിമിത്തമായി കണക്കാക്കി അന്നു മുതൽ വിഷചികിത്സ പൂർണ്ണമായും നിർത്തി. ആവശ്യമായ പരിഹാരക്രിയകൾ നടത്തി, മുഴുവൻ ശ്രദ്ധയും നേത്രചികിത്സാരംഗത്ത് കേന്ദ്രീകരിച്ചു. സാധാരണമായി 'തോറ്റു പിന്മാറുക'യാണു പതിവ്. എന്നാൽ ഇവിടെ 'ജയിച്ചു പിന്മാറുക'യായിരുന്നു. അത്യാസന്ന നിലയിലായിരുന്ന ഒരു രോഗിയെ ചികിത്സിച്ചു സുഖപ്പെടുത്തിയതിനു ശേഷം വിഷചികിത്സയിൽ നിന്നു പിന്മാറുകയാണ് ആ വൈദ്യശ്രേഷ്ഠൻ ചെയ്തത്.

**ഈശ്വരേച്ഛക്ക് എതിരായി പ്രവർത്തിച്ചു എന്നൊരു തോന്നൽ അന്നത്തെ കാരണവന്മാരിൽ ഉണ്ടാക്കിയ പ്രതിഫലനം തീവ്രമായിരുന്നു. അന്നു മുതൽ ചികിത്സയും അതിനോടനുബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും ഭഗവതിക്കും ധന്വന്തരിമൂർത്തിക്കും വേണ്ടി മാത്രം ചെയ്യുക എന്നതായിത്തീർന്നു കുടുംബത്തിന്റെ അനുഷ്ഠാനം.**

ഈശ്വരേച്ഛക്ക് എതിരായി പ്രവർത്തിച്ചു എന്നൊരു തോന്നൽ അന്നത്തെ കാരണവന്മാരിൽ ഉണ്ടാക്കിയ പ്രതിഫലനം തീവ്രമായിരുന്നു. അന്നു മുതൽ ചികിത്സയും അതിനോടനുബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും ഭഗവതിക്കും ധന്വന്തരിമൂർത്തിക്കും വേണ്ടി മാത്രം ചെയ്യുക എന്നതായിത്തീർന്നു കുടുംബത്തിന്റെ അനുഷ്ഠാനം. തിരുവിതാംകൂർ രാജവംശം ശ്രീപദ്മനാഭദാസന്മാർ എന്നതുപോലെ നെല്യാക്കാട്ടുള്ളവർ ഭഗവതീദാസർ ആയെന്നു പറയാം. അറയിൽ വച്ചു പൂജിച്ചിരുന്ന ഭഗവതിക്ക് ക്ഷേത്രം പണി കഴിപ്പിച്ചു പ്രതിഷ്ഠിച്ചു. നാലുകെട്ടിൽ വടക്കിനിയിൽ ധന്വന്തരിപ്രതിഷ്ഠക്ക് മുന്നിൽ അടുപ്പു കൂട്ടി ദേവന് നിവേദ്യം ഉണ്ടാക്കുന്നു എന്നു സങ്കൽപ്പിച്ച് ഔഷധ നിർമ്മാണം നിർവ്വഹിച്ചു.

കുടുംബത്തിലെ എല്ലാ തലമുറ






*ശ്രീധരീയം ഇല്ലം കോംപ്ലക്സ്*



*ശ്രീധരീയം*

യിലും ഉള്ള ആദ്യ സന്താനം വൈദ്യം പഠിക്കുക എന്ന രീതിയാണ് അവലംബിച്ചിരുന്നത്. എങ്കിലും ചില തലമുറയിലെങ്കിലും മൂത്ത ആൾക്ക് എന്തെങ്കിലും കാരണവശാൽ അതു പിന്തുടരാൻ കഴിയാതെ വരുമ്പോൾ ഇളയ ആൾക്ക് ആവശ്യമായ ഉപദേശങ്ങൾ നല്കുക പതിവായിരുന്നു. അങ്ങനെയാണ് ഇപ്പോഴത്തെ ശ്രീധരീയം ചെയർമാൻ ശ്രീ നാരായണൻ നമ്പൂതിരിയുടെ വല്യപ്ഫൻ ത്രിവിക്രമൻ നമ്പൂതിരി വൈദ്യം പഠിച്ചത്. പ്രാഥമികമായ വൈദ്യപഠനവും ഉപദേശവും അച്ഛനിൽ നിന്നു ലഭിച്ച ശേഷം, കുറിച്ചിത്താനത്ത് മഠം ശ്രീധരൻ നമ്പൂതിരിയുടെ കീഴിൽ വിശദമായ പഠനം നടത്തി. ഇവിടെ രണ്ടുപേരും പരസ്പരം ഗുരുക്കന്മാരും ശിഷ്യന്മാരും ആയി വർത്തിച്ചു. ത്രിവിക്രമൻ നമ്പൂതിരി വൈദ്യം പഠിക്കുകയും സംസ്കൃതം പഠിപ്പിക്കുകയും ചെയ്തപ്പോൾ ശ്രീധരൻ നമ്പൂതിരി സംസ്കൃതം പഠിക്കുകയും വൈദ്യം പഠിപ്പിക്കുകയും ചെയ്തു.

> ഇന്നത്തെപ്പോലെ സാങ്കേതിക വിദ്യകൾ വശമില്ലാതിരുന്ന അക്കാലത്ത് രോഗം നിർണ്ണയിച്ചിരുന്നത് തുറന്ന ചർച്ചകളിലൂടെയായിരുന്നു.

ആയിരത്തി തൊള്ളായിരത്തി മുപ്പത്തി ഒന്നിൽ കുറിച്ചിത്താനത്തുമഠത്തോടനുബന്ധിച്ചും കൂത്താട്ടുകുളത്തു നെല്ല്യക്കാട്ടു മനയോടനുബന്ധിച്ചും ശ്രീധരി വൈദ്യശാലകൾ സ്ഥാപിക്കപ്പെട്ടു.

ഇന്നത്തെപ്പോലെ സാങ്കേതിക വിദ്യകൾ വശമില്ലാതിരുന്ന അക്കാലത്ത് രോഗം നിർണ്ണയിച്ചിരുന്നത് തുറന്ന ചർച്ചകളിലൂടെയായിരുന്നു. ചികിത്സക്കായി ഒരു രോഗി വന്നാൽ ലക്ഷണം നോക്കി വൈദ്യനും ശിഷ്യന്മാരും ഓരോ വീക്ഷണകോണുകളിൽ നിന്നുള്ള അഭിപ്രായങ്ങൾ പറയും. അതെല്ലാം ശ്രവിച്ച് അവയിൽ നിന്ന് ഏറ്റവും സാദ്ധ്യതയുള്ള ലക്ഷണമാണ്, അല്ലെങ്കിൽ നിരീക്ഷണങ്ങളുടെ ആകെത്തുകയെടുത്താണ്, രോഗം നിർണ്ണയിക്കുക. ചുരുക്കിപ്പറഞ്ഞാൽ ഒരു രോഗത്തിന്റെ സാദ്ധ്യതയുള്ള എല്ലാ വശങ്ങളും കൂലങ്കുഷമായി പരിഗണിച്ച ശേഷമേ ചികിത്സ തുടങ്ങുമായിരുന്നുള്ളു.

അന്നു ചികിത്സ തേടി വരുന്നവർ മിക്കവാറും സാമ്പത്തികമായി വളരെ കഷ്ടത അനുഭവിക്കുന്നവരായിരുന്നു. കിടത്തിച്ചികിത്സ ആവശ്യമുള്ളവരെ ഇല്ലത്തെ ചായ്പ്പിൽ തന്നെ താമസിപ്പിച്ചിരുന്നു. അതോടൊപ്പം വൈദ്യൻ നിരവധി ദേശങ്ങളിൽ, നിരവധി കുടുംബങ്ങളിൽ പോയി രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുകയും ഉണ്ടായിട്ടുണ്ട് . സാമ്പത്തികമായി വളരെയധികം കഷ്ടപ്പാടനുഭവിക്കുന്ന രോഗികളായിരുന്നു അന്ന് ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്നത് എന്നതുകൊണ്ട്, ചികിത്സ ഒരിക്കലും ഈ കുടുംബം കർമ്മം, എന്നതിനപ്പുറത്തേക്ക് ഒരു വരു



*ഒരു കുടുംബചിത്രം*

മാന മാർഗ്ഗം എന്ന നിലയിൽ ഉപയോഗിച്ചിട്ടേയില്ല. ലാഭേച്ഛയ്ക്ക് വൈദ്യത്തിൽ സ്ഥാനമുണ്ടായിരുന്നില്ല.

വൈദ്യൻ ത്രിവിക്രമൻ നമ്പൂതിരിക്കു ശേഷം കുടുംബത്തിൻറെ വൈദ്യപാരമ്പര്യം കാത്തുസൂക്ഷിക്കാനുള്ള ഭാഗ്യമുണ്ടായത് യശശ്ശരീരനായ ഡോ. എൻ.പി.പി. നമ്പൂതിരിക്കാണ്. തന്റെ ചെറുപ്പത്തിൽ തന്നെ വല്ല്യപ്ഫനിൽ നിന്ന് വൈദ്യത്തിന്റെ പ്രാരംഭ പാഠങ്ങളും ഉപദേശവും സ്വീകരിക്കാൻ ഭാഗ്യം ലഭിച്ച അദ്ദേഹം തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ നിന്നും ബിരുദം നേടി ഗവണ്മെന്റ് സർവ്വീസിൽ പ്രവർത്തനം ആരംഭിച്ചു. ആദ്യം കണ്ണൂരുള്ള മാലൂർ സർക്കാർ ആയുർവ്വേദ ഡിസ്പെൻസറിയിലാണ് ഡോക്ടറായി ചുമതലയേറ്റത്. പിന്നീട് അദ്ദേഹത്തെ പാരമ്പര്യ വിജ്ഞാനത്തിനുള്ള അംഗീകാരമെന്നപോലെ ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിനിൽ കേരളത്തിലെ ആദ്യത്തെ നേത്രരോഗ വിദഗ്ധനായി അംഗീകരിച്ച് തൊടുപുഴ ജില്ലാ ആയുർവേദ ആശുപത്രിയിൽ നിയമിച്ചു. തുടർന്ന് മുപ്പതു വർഷത്തോളം ഒരേ ആശുപത്രിയിൽ നിരവധി രോഗികൾക്ക് കാഴ്ച നൽകുക എന്ന മഹത് കർമ്മം നിർവ്വഹിച്ച അദ്ദേഹത്തെ പലരും തങ്ങളുടെ കൺകണ്ട ദൈവമായി കരുതി.

ഡോ. എൻ. പി. പി. നമ്പൂതിരി സർക്കാർ സർവ്വീസിൽ ഇരിക്കുമ്പോഴും ശ്രീധരി വൈദ്യശാലയും ഔഷധ നിർമ്മാണവും ജ്യേഷ്ഠൻ എൻ. പി. നാരായണൻ നമ്പൂതിരിയുടെ ചുമതലയിൽ മുടക്കമില്ലാതെ നടക്കുന്നുണ്ടായിരുന്നു. വൈദ്യൻ ത്രിവിക്രമൻ നമ്പൂതിരി സ്ഥാപിച്ച നെല്ല്യക്കാട്ടില്ലത്തെ ശ്രീധരി വൈദ്യശാല 1988-ൽ പ്രവർത്തനം അവസാനിപ്പിച്ചു. എന്നാൽ പിന്നീട്, കാരണവന്മാരായി ഇല്ലത്തു നടത്തി വന്നിരുന്ന ഔഷധനിർമ്മാണവും ചികിത്സയും പുരാനാരംഭിക്കണമെന്ന് സഹോദരങ്ങളായ നാരായണൻ നമ്പൂതിരിക്കും ഡോ. എൻ.പി.പി. നമ്പൂതിരിക്കും തോന്നി. അങ്ങനെ, പതിനൊന്നു വർഷങ്ങൾക്കു ശേഷം, 1999-ലെ വിജയദശമി ദിവസം, തറവാടായ നെല്ല്യക്കാട്ടില്ലത്തു തന്നെ ചികിത്സാലയം ആരംഭിക്കാം എന്നു തീരുമാനിച്ചു.

വിജയദശമിക്കു മൂന്നു മാസമേയുള്ളു. സൗകര്യങ്ങളൊന്നുമില്ല. രോഗികൾക്കു താമസിക്കാൻ സൗകര്യം ഉണ്ടാക്കണം, മരുന്നുകൾ നിർമ്മിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കണം, അങ്ങനെ അനേകം കടമ്പ

## ശ്രീ എൻ.പി. നാരായണൻ നമ്പൂതിരി ചെയർമാൻ, ശ്രീധരീയം ഗ്രൂപ്പ്



പതിനെട്ടാം വയസ്സിൽ ഔഷധ നിർമ്മാണത്തിൻറെയും വൈദ്യശാലയുടെയും ചുമതല ഏറ്റെടുത്തു. കൃഷികാര്യങ്ങളും ക്ഷേത്രകാര്യങ്ങളും നോക്കി നടത്തി. കുടുംബത്തിലെ അംഗങ്ങളെ എല്ലാവരെയും ഒത്തൊരുമിച്ചു കൊണ്ടു പോകുന്നതിൽ അതീവ ശ്രദ്ധാലു. ശ്രീധരീയത്തിന്റെ ആരംഭം മുതൽ ഗ്രൂപ്പിന്റെ ചെയർമാൻ. പ്രായാധിക്യം അല്പംപോലും മാനസികാരോഗ്യത്തെ ബാധിക്കാതെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇപ്പോഴും സജീവമായി പങ്കെടുക്കുന്നു.

ഭാര്യ: ശ്രീദേവി അന്തർജ്ജനം. മക്കൾ: ശ്രീ എൻ. പരമേശ്വരൻ നമ്പൂതിരി (മാനേജിങ് ഡയറക്ടർ, ശ്രീധരീയം ആശുപത്രി), ഡോ. എൻ. നാരായണൻ നമ്പൂതിരി (ഡയറക്ടർ ആൻഡ് ചീഫ് ഫിസിഷ്യൻ, ശ്രീധരീയം), ശ്രീ ഹരി എൻ. നമ്പൂതിരി (വൈസ് ചെയർമാൻ, ശ്രീധരീയം ഗ്രൂപ്പ്), രാജൻ എൻ. നമ്പൂതിരി (എക്സിക്യൂട്ടീവ് ഡയറക്ടർ, ശ്രീധരീയം മാനുഫാക്ച്ചറിങ് ഡിവിഷൻ).



**ഒരു കാര്യം നടത്തണം എന്നു തീരുമാനിച്ചാൽ അതു നടത്തിയിരിക്കണം, എന്നതാണ് നാരായണൻ നമ്പൂതിരിയുടെ രീതി. അദ്ദേഹത്തിന്റെ തീരുമാനങ്ങൾ ചോദ്യങ്ങളൊന്നുമില്ലാതെ അനുസരിക്കുക എന്നത് അനുജൻ എൻ.പി.പി.യുടെ സ്വഭാവമായിരുന്നു.**

*ശ്രീ പിണറായി വിജയൻ ശ്രീധരീയം സന്ദർശിച്ചപ്പോൾ*

## ഡോ. എൻ.പി.പി. നമ്പൂതിരി (1949–2018)



വൈദ്യൻ ത്രിവിക്രമൻ നമ്പൂതിരിയുടെ ശിക്ഷണത്തിൽ പ്രാഥമിക ആയുർവേദ പാഠങ്ങൾ അഭ്യസിച്ചു. പൈതൃകമായ, പാരമ്പര്യരീതിയിലുള്ള, പഠനത്തോടൊപ്പം തൃപ്പൂണിത്തുറ സർക്കാർ ആയുർവ്വേദ കോളേജിൽ നിന്നും ബിരുദം നേടി . വളരെയധികം കഷ്ടപ്പാടുകളിലൂടെ ആയുർവ്വേദ നേത്ര ചികിത്സ ലോകമെമ്പാടും പ്രചരിപ്പിച്ച ധീഷണാശാലി. മുപ്പതു വർഷത്തെ സർക്കാർ സേവനത്തിനു ശേഷം സഹോദരനോടൊപ്പം ശ്രീധരീയത്തിന് തുടക്കം കുറിച്ചു.

ഡോ. എൻ.പി.പി. നമ്പൂതിരി രചിച്ച 'സഹസ്രനേത്രയോഗം' ആയുർവ്വേദ നേത്രരോഗചികിത്സയെപ്പറ്റിയുള്ള ഒരു ആധികാരിക ഗ്രന്ഥമാണ്. ഇത് ഇംഗ്ളീഷിലേക്കും ഹിന്ദിയിലേക്കും പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

യോഗക്ഷേമസഭ സംസ്ഥാന വൈസ് പ്രസിഡണ്ട്, യോഗക്ഷേമ സഭ ഇടുക്കി ജില്ലാ പ്രസിഡണ്ട്, ശ്രീശങ്കര ട്രസ്റ്റ് ചെയർമാൻ, ആയുർവ്വേദ സ്പെഷ്യലിസ്റ്റ് മെഡിക്കൽ അസ്സോസിയേഷൻ സംസ്ഥാന പ്രസിഡണ്ട് എന്നിങ്ങനെ നിരവധി സ്ഥാനങ്ങൾ അലങ്കരിച്ചിട്ടുണ്ട്. രണ്ടായിരത്തി പതിനെട്ടിൽ അന്തരിച്ചു.

സഹധർമ്മിണി: ജയശ്രീ അന്തർജ്ജനം. മക്കൾ: ഡോ. ശ്രീകല (ഡെപ്യൂട്ടി ചീഫ് ഫിസിഷ്യൻ, ശ്രീധരീയം), ശ്രീ ശ്രീരാജ് (ഡയറക്ടർ, ശ്രീധരീയം), ഡോ. ശ്രീകാന്ത് (ഡയറക്ടർ ആൻഡ് ചീഫ് മെഡിക്കൽ ഓഫീസർ, ശ്രീധരീയം), ശ്രീദേവി.

കൾ ഉണ്ടായിരുന്നു. ആശുപത്രി ചെറുതാണെങ്കിലും എല്ലാ സൗകര്യങ്ങളും ഒരുക്കണമല്ലോ. രോഗികളെ താമസിപ്പിക്കുന്നതിനായി കഷ്ടിച്ചു നാലു മുറികളെയുണ്ടായിരുന്നുള്ളൂ നാലുകെട്ടിൽ. ഈ മുറികളിലൊന്നിനോടും ചേർന്ന് കുളിമുറിയോ ശൗചാലയമോ ഉണ്ടായിരുന്നില്ല. ഇവ പണിയാനുള്ള ശ്രമം ഉടനേ ആരംഭിച്ചു. നാലു മുറികളും കുറഞ്ഞ സമയം കൊണ്ട് നവീകരിച്ചു. തൊഴുത്തു നവീകരിച്ച് ഫാർമസി സൗകര്യം ഒരുക്കി.

ഒരു കാര്യം നടത്തണം എന്നു തീരുമാനിച്ചാൽ



*ആശുപത്രി കാന്റീനിലെ ഈശ്വരസാന്നിദ്ധ്യം*

അതു നടത്തിയിരിക്കണം, എന്നതാണ് നാരായണൻ നമ്പൂതിരിയുടെ രീതി. അദ്ദേഹത്തിന്റെ തീരുമാനങ്ങൾ ചോദ്യങ്ങളൊന്നുമില്ലാതെ അനുസരിക്കുക എന്നത് അനുജൻ എൻ.പി.പി.യുടെ സ്വഭാവമായിരുന്നു. അത്രയ്ക്കായിരുന്നു അദ്ദേഹത്തിന് ജ്യേഷ്ഠനോടുള്ള സ്നേഹവും ബഹുമാനവും അദ്ദേഹത്തിന്റെ തീരുമാനങ്ങളിലുള്ള വിശ്വാസവും. നാരായണൻ നമ്പൂതിരിയുടെ ആ നിശ്ചയദാർഢ്യവും കഴിവും ആണ് വളരെ ചെറിയ രീതിയിൽ തുടങ്ങിയ ഒരു ആശുപത്രിയെ ഇന്നത്തെ ശ്രീധരീയം എന്ന മഹാപ്രസ്ഥാനമായി വളർത്തിയത്. ആരംഭം മുതൽ നാരായണൻ നമ്പൂതിരിയുടെയും ഡോ. എൻ.പി.പി. നമ്പൂതിരിയുടെയും മക്കൾ പ്രസ്ഥാനത്തിന്റെ ഭാഗമായി കൂടെ നിന്നു.

മുമ്പൊക്കെ സാധാരണമായി വൈദ്യന്മാർ മരുന്നിന്റെ കുറിപ്പടി കൊടുക്കുകയാണു പതിവ്. മരുന്നുകൾ നിർമ്മിക്കാനുള്ള വസ്തുക്കൾ ശേഖരിച്ച് വൈദ്യൻ പറയുന്നതുപോലെ മരുന്ന് ഉണ്ടാക്കേണ്ടത് രോഗികളുടെ ചുമതലയായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ മാറ്റം വരുത്തേണ്ടത് ആവശ്യമായിരുന്നു. അങ്ങിനെ ഒരു ലക്ഷ്യം മുന്നിൽ കണ്ടാണ് 1931–ൽ വൈദ്യൻ ത്രിവിക്രമൻ നമ്പൂതിരി ശ്രീധരി വൈദ്യശാല സ്ഥാപിച്ചത്.

പിന്നീട് 1999–ൽ ശ്രീധരീയം ആരംഭിച്ചപ്പോൾ, മാറിയ കാലത്തിനനുസരിച്ച് പുതിയ സാങ്കേതിക വിദ്യകൾ ആയുർവേദചികിത്സാരംഗത്ത് ചേർത്തുവച്ചേ മതിയാകുമായിരുന്നുള്ളു. ഇല്ലം ആശുപത്രിയാക്കി മാറ്റിയപ്പോൾ വടക്കിനിയിലുണ്ടായിരുന്ന

ധന്വന്തരീമൂർത്തിയുടെ പ്രതിഷ്ഠ ക്ഷേത്രത്തിൽ പ്രത്യേകം പണിത ശ്രീകോവിലിലേക്കു മാറ്റി. അതോടൊപ്പം ഔഷധ നിർമ്മാണത്തിനായി ചെറിയ തോതിലുള്ള ഒരു ഫാക്ടറിയും സ്ഥാപിച്ചു.

വിജയദശമിയുടെ തലേദിവസമാണ് കഷായം നിർമ്മിക്കാനുള്ള പുതിയ വാർപ്പ് വാങ്ങിക്കൊണ്ടു വന്നത് . അതിൽ ആദ്യം തന്നെ ഭഗവതിക്ക് ചതുശ്ശതം ഉണ്ടാക്കി നിവേദിക്കുക എന്നു തീരുമാനിച്ച് അമ്പലത്തിന്റെ മുറ്റത്ത് വച്ചു. പിന്നീടുണ്ടായ ശക്തമായ മഴയിൽ ശുദ്ധമായ മഴവെള്ളം കൊണ്ട് ആ വാർപ്പു നിറഞ്ഞു കവിഞ്ഞു. ഇതു ഭഗവതിയുടെ അനുഗ്രഹമാണെന്നും ഭഗവതി പ്രസാദിച്ചതാണെന്നും നെല്ല്യക്കാട്ടുള്ളവർ വിശ്വസിച്ചു.

ആ വർഷം (1999) വിജയദശമി ദിവസം തന്നെ ആശുപത്രിയുടെ പ്രവർത്തനങ്ങൾ ഔപചാരികമായി ആരംഭിച്ചു. ആദ്യ ദിവസം തന്നെ ചികിത്സയ്ക്കായി പത്തിലേറെ രോഗികൾ എത്തിച്ചേർന്നു. തുടർന്ന് ഓരോ ദിവസവും ശ്രീധരീയത്തിലെ ചികിത്സയുടെ മേന്മയും ഫലപ്രാപ്തിയും കേട്ടറിഞ്ഞ് ധാരാളം രോഗികൾ എത്തിത്തുടങ്ങി. തുടക്കദിനങ്ങളിൽ ചികിത്സക്കായി എത്തിയവർക്ക് ആവശ്യമുള്ളത്ര താമസ സൗകര്യം ലഭ്യമാക്കാൻ കഴിഞ്ഞിരുന്നില്ല. അതിനാൽ പ്രദേശത്തുള്ള ലോഡ്ജുകളിൽ രോഗികളെ താമസിപ്പിക്കുകയും ദിവസവും പ്രത്യേക വാഹനത്തിൽ ആശുപത്രിയിൽ എത്തിച്ച് ചികിത്സക്കു ശേഷം തിരിച്ച് കൊണ്ടുവിടുകയും ചെയ്യേണ്ടി വന്നു. ശ്രീധരീയത്തിന്റെ രണ്ടാം വാർഷിക ദിനമായ വിജയദശമി ദിനത്തിൽ, 2001 ഒക്ടോബർ എട്ടിന്, ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നവർക്കുള്ള ആദ്യ ബ്ലോക്ക് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ഉത്ഘാടനം ചെയ്തു.

പുതിയ ആശുപത്രി മന്ദിരത്തിന്റെ സ്ഥാപനത്തോടൊപ്പം നേത്രപരിശോധനകൾക്കായി ആധുനിക സാങ്കേതിക വിദ്യ ആയുർവേദത്തിൽ ആദ്യമായി ആരംഭിച്ചതും ശ്രീധരീയമാണ്. നേത്രരോഗചികിത്സയെക്കുറിച്ച് കൂടുതൽ പഠിക്കുന്നതിനും ഉരുത്തിരിയുന്ന ഗുണ/ദോഷ ഫലങ്ങൾ ഡിജിറ്റൽ രേഖകളായി സൂക്ഷിക്കുന്നതിനും, കൂടുതൽ ഗവേഷണങ്ങൾ നടത്തുന്നതിനും മറ്റുമായി 2003–ൽ ശ്രീധരീയം ആയുർവ്വേദിക് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനവും ഡോ. എൻ. പി. പി. നമ്പൂതിരിയുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചു.

പാരമ്പര്യമായി ആർജ്ജിച്ച വിജ്ഞാനം ശാസ്ത്രീയമായ കാഴ്ചപ്പാടുകളിലൂടെ, നേത്ര സംരക്ഷണത്തിനുള്ള ഉപാധിയാക്കിയതിന്റെ അംഗീകാരം എന്ന നിലക്ക് ശ്രീധരീയത്തിന് 2005–ൽ, സ്ഥാപനം ആരംഭിച്ചിട്ട് ആറാം വർഷത്തിൽ, ആയുഷ് മന്ത്രാലയത്തിന്റെ, ആദ്യത്തെ ആയുർവ്വേദ നേത്രചികിത്സക്കുള്ള, സെന്റർ ഓഫ് എക്സലൻസ് ഇൻ ആയുർവേദിക് ഒഫ്താൽമോളജി (Centre of Excellence in Ayurvedic Opthalmology) എന്ന ബഹുമതി ലഭിച്ചു.

ഇന്നലെ എന്തായിരുന്നു എന്നതിലുപരി നാളെ എന്തായിരിക്കണം എന്നുള്ള ചിന്തയാണ് ശ്രീധരീയത്തിന്റെ ഇന്നത്തെ പുരോഗതിക്കു കാരണമെന്നു പറയാം.

മുൻ കെനിയൻ പ്രധാനമന്ത്രി റൈല ഒഡിങ്കയുടെ മകൾ റോസ് മേരിക്കു നഷ്ടപ്പെട്ട കാഴ്ച ശ്രീധരീയത്തിലെ ചികിത്സ മൂലം പൂർണ്ണമായും തിരിച്ചുകിട്ടിയ വിവരം പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി അന്തർദ്ദേശീയ ആയുഷ് സമ്മേളനത്തിൽ വിവരിച്ചതും 'മൻ കി ബാത്' എന്ന പരിപാടിയിലൂടെ എടുത്ത് പറഞ്ഞതുമെല്ലാം സ്വന്തം കർമ്മത്തോട് ഈ കുടുംബത്തിനുള്ള ആത്മാർത്ഥയുടെ ഫലമാണെന്ന് നിസ്സംശയം പറയാം.

പാരമ്പര്യമായ അറിവുകൾ തങ്ങളിൽ മാത്രം ഒതുക്കി വയ്ക്കാതെ സെമിനാറുകളും പ്രസിദ്ധീകരണങ്ങളും വഴി ഇവ ശാസ്ത്രലോകവുമായി പങ്കു വക്കുന്നതിൽ ശ്രീധരീയം എന്നും ശ്രദ്ധിച്ചിരുന്നു. ഭാരത സർക്കാരിന്റെ ആയുർവ്വേദ ഗുരു-ശിഷ്യ പദ്ധതിയിലൂടെ നിരവധി യുവഡോക്ടർമാരെ നേത്ര ചികത്സകരാക്കി വളർത്തുന്നതിനും ആവശ്യമായ പഠന സൗകര്യങ്ങൾ ഒരുക്കുന്നതിനും ശ്രീധരീയത്തിനു കഴിഞ്ഞിട്ടുണ്ട്.

ശ്രീ വക്കം പുരുഷോത്തമൻ കേരള നിയമസഭാ സ്പീക്കർ ആയിരുന്നപ്പോൾ, 2003–ൽ, അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം കേരള നിയമസഭയിൽ മന്ത്രിമാർക്കും നിയമസഭാ സാമാജികർക്കുമായി ആദ്യമായി ഒരു നേത്രപരിശോധന ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് ഡൽഹിയിൽ ലോക്സഭാ അംഗങ്ങൾക്കായി അന്നത്തെ സ്പീക്കർ സോമനാഥ് ചാറ്റർജിയുടെ ആവശ്യപ്രകാരം ശ്രീധരീയത്തിന്റെ ആഭിമുഖ്യത്തിൽ പ്രത്യേക നേത്രപരിശോധന ക്യാമ്പ് സംഘടിപ്പിച്ചു.

ഛത്തീസ്ഗഢ് മുഖ്യമന്ത്രിയും ആയുർവ്വേദ ഡോക്ടറുമായ ഡോ. രമൺ സിങ്ങിന്റെ പ്രത്യേക താല്പര്യപ്രകാരം 2006–ൽ ആ സംസ്ഥാനത്തെ നിയമസഭാ സാമാജികർക്കും മന്ത്രിമാർക്കും വേണ്ടി ഒരു നേത്രപരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ഉദ്ഘാടനദിവസം തന്നെ അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം റായ്പൂരിലും ബിലാസ്പൂരിലും രണ്ടു ശ്രീധരീയം നേത്രചികിത്സ ആശുപത്രികൾ ഗവൺമെന്റിന്റെ മുതൽമുടക്കോടെ ആരംഭിക്കുകയുണ്ടായി. ശ്രീധരീയത്തിന്റെ ചീഫ് ഫിസിഷ്യനും ഫൗണ്ടറുമായ ഡോ. എൻ.പി.പി. നമ്പൂതിരിയാണ് ഈ ക്യാമ്പുകൾക്കെല്ലാം നേതൃത്വം നൽകിയത്.

തുടർന്ന് മദ്ധ്യപ്രദേശിലെ ഭോപ്പാലിലും ബീഹാറിലെ പട്നയിലും രാജസ്ഥാനിലെ ജയ്പൂരിലും, ഡൽഹിയിലും സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ സഹകരണത്തോടെ ശ്രീധരീയം നേത്ര ചികിത്സ ആശുപത്രികൾ സ്ഥാപിച്ചു. സർക്കാർ സഹകരണത്തോടെ ആയുർവ്വേദ മേഖലയിൽ ഇത്രയ

**പാരമ്പര്യമായ അറിവുകൾ തങ്ങളിൽ മാത്രം ഒതുക്കി വയ്ക്കാതെ സെമിനാറുകളും പ്രസിദ്ധീകരണങ്ങളും വഴി ഇവ ശാസ്ത്ര ലോകവുമായി പങ്കു വക്കുന്നതിൽ ശ്രീധരീയം എന്നും ശ്രദ്ധിച്ചിരുന്നു.**



*നെല്ല്യക്കാട്ടു ദേവീക്ഷേത്രം*

ധികം സ്ഥാപനങ്ങൾ ആരംഭിക്കാൻ കഴിയുക എന്നത് വേറൊരു സ്ഥാപനത്തിനും സാധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

ഇന്ന് എറണാകുളം ജില്ലയിലെ കൂത്താട്ടുകുളത്തുള്ള പ്രധാന ആശുപത്രിയിൽ നാനൂറിലേറെ രോഗികളെ ഒരേ സമയം കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ലഭ്യമാണ്. അതോടൊപ്പം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി അഞ്ച് ആശുപത്രികളും പന്ത്രണ്ട് ചികിത്സാകേന്ദ്രങ്ങളും ആറു നേത്ര പരിശോധനാകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ഡോക്ടർമാർ, നഴ്സുമാർ, ചികിത്സയുമായി ബന്ധപ്പെട്ടവർ, മരുന്നു നിർമ്മാണവുമായും മറ്റു അനുബന്ധ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ടവർ, നടത്തിപ്പുകാർ തുടങ്ങി ആയിരത്തിലേറെ പേർ നേരിട്ടും അതിലേറെപ്പേർ പരോക്ഷമായും ശ്രീധരീയത്തിനു വേണ്ടി പ്രവർത്തിക്കുന്നു.

അണുകുടുംബങ്ങൾ പെരുകിവരുന്ന ഇക്കാലത്ത് അമ്പതിലേറെ അംഗങ്ങൾ ഒരേ അടുക്കളയിൽ ആഹാരം പാകം ചെയ്ത്, ഒരേ മേൽക്കൂരയ്ക്ക് കീഴിൽ അന്തിയുറങ്ങുന്ന അപൂർവ്വമായ കാഴ്ച നെല്ല്യക്കാട്ടു മനയിൽ കാണാം. ശ്രീധരീയം ഗ്രൂപ്പിനെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാനാകാത്ത സ്ഥാനമാണ് നെല്ല്യക്കാട്ടില്ലത്തിന്റെ കുടുംബക്ഷേത്രങ്ങളായ നെല്ല്യക്കാട്ട് ഭഗവതി ക്ഷേത്രം, ധന്വന്തരി ക്ഷേത്രം, തളിക്കുന്നു മഹാദേവ ക്ഷേത്രം എന്നിവയ്ക്കുള്ളത്. ഇന്നും രോഗികൾക്കുള്ള ഔഷധങ്ങൾ ഭഗവത് പ്രീതിക്കായി സമർപ്പിച്ചതിനു ശേഷം മാത്രമേ രോഗികൾക്ക് കൊടുക്കാറുള്ളു. അതുപോലെ, ഭഗവദ് സന്നിധിയിൽ പ്രാർത്ഥിച്ചതിനു ശേഷം മാത്രമേ ചികിത്സ ആരംഭിക്കുക പതിവുള്ളു.

ശ്രീധരീയം ആയുർവേദ നേത്രചികിത്സാകേന്ദ്രത്തിനൊപ്പം ആശുപത്രി സമുച്ചയത്തിൽ തന്നെയാണ് അത്യാധുനിക ഔഷധ നിർമ്മാണശാലയും പ്രവർത്തിക്കുന്നത്. ആയുർവ്വേദ മേഖലയിൽ സ്റ്റെറൈൽ സാങ്കേതിക വിദ്യ (sterile technology) ഉപയോഗിച്ച് ഔഷധങ്ങൾ തയ്യാറാക്കുന്ന പ്രമുഖ ഔഷധശാലയാണ് ഇത്. ഭാരതത്തിലെ പ്രധാന എല്ലാ അംഗീകാരങ്ങൾക്കൊപ്പം ലോകത്തിലെ തന്നെ ഏറ്റവും കർശനമായ US എഫ് ഡി എ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

ഗുണനിലവാരമുള്ള ഔഷധ സസ്യങ്ങളുടെ ലഭ്യതക്കായി ശ്രീധരീയത്തിന്റെ കീഴിൽ ഔഷധകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമവും നടന്നു വരുന്നു. അതിനായി വിശാലമായ ഔഷധ സസ്യനേഴ്സറിയും ഇവിടെ പരിപാലിക്കപ്പെടുന്നു.

***വാൽക്കഷണം:*** ഇത് എഴുതുന്നതിന്റെ ഭാഗമായി ശ്രീധരീയം ഗ്രൂപ്പിന്റെ വൈസ് ചെയർമാൻ ശ്രീ ഹരി എൻ. നമ്പൂതിരിയുമായി നീണ്ട ചർച്ചകൾ നടത്തുകയുണ്ടായി. ശ്രീധരീയത്തിലെ ചികിത്സ സ്വീകരിച്ചിട്ടുള്ള അതിപ്രധാനവ്യക്തികളുടെ പേരുകൾ ചോദിച്ചപ്പോൾ അങ്ങനെയൊരു പട്ടിക പരസ്യപ്പെടുത്തുന്നതിൽ അദ്ദേഹം അത്ര താല്പര്യം പ്രകടിപ്പിച്ചില്ല.

''ശ്രീധരീയത്തിൽ ചികിത്സയ്ക്കു വരുന്നവർ ഏതു നിലയിൽ ഉള്ളവരാണെങ്കിലും ഇവിടെ വരുമ്പോൾ എല്ലാവരും തുല്യരാണ്. ചികിത്സയുടെ കാര്യത്തിൽ പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ അധികാരമുള്ളയാൾ എന്നോ ഉള്ള യാതൊരു വ്യത്യാസവും കാണിക്കാറില്ല. എല്ലാവരേയും ഒരുപോലെ കാണുന്നു, ചികിത്സിക്കുന്നു, അത്ര തന്നെ.''

തങ്ങൾ ചെയ്യുന്ന ഏറ്റവും ചെറിയ കാര്യങ്ങൾ കൂടി പെരുപ്പിച്ചു കാണിച്ച് അതിന്റെ മേന്മ അവകാശപ്പെടുന്നതു സാധാരണമായിട്ടുള്ള ഇക്കാലത്ത് ഇത്തരത്തിലൊരു ചിന്താഗതി തീരെ വിരളവും ഏറെ പ്രശംസനീയവും തന്നെ. ഒരു പക്ഷെ ശ്രീധരീയത്തിന്റെ വളർച്ചക്കും പ്രശസ്തിക്കും ഈ ചിന്താഗതിയും അതിനനുസരിച്ചുള്ള പ്രവൃത്തികളും തീർച്ചയായും കാരണമായിട്ടുണ്ടാകും. ●

***പൊത്തോപ്പുറം കേശവൻ ജയന്തൻ*** *(9810453289)*
*സരസിജം (പൊത്തോപ്പുറം), കനാൽ റോഡ്, പട്ടരുകുന്ന്, വെളിയന്നൂർ പോസ്റ്റ്, വഴി ഉഴവൂർ, കോട്ടയം ജില്ല. 686634.*

***ഹരി എൻ. നമ്പൂതിരി*** *(9745005928)*
*വൈസ് ചെയർമാൻ, ശ്രീധരീയം, നെല്ല്യക്കാട്ടു മന, കിഴകൊമ്പ് പോസ്റ്റ്, കൂത്താട്ടുകുളം, എറണാകുളം ജില്ല. 686662.*




*2019 ഏപ്രിൽ ലക്കം സ്വസ്തിയിൽ വന്ന കവർ സ്റ്റോറിയിൽ സരസ ഞാളൂർ.*

# സരസോപ്പോളെ കണ്ടു മതിയായിട്ടില്ല

**വി.ടി.വാസുദേവൻ**



സരസോപ്പോളെ എനിക്കു കണ്ടു മതിയായിട്ടില്ല. 'അനിയാ' പരമ്പരാഗതമായ ഒരു വിളി. വാത്സല്യാർദ്രമായ ആ വിളി ഓപ്പോളിൽനിന്നേ ഞാൻ കേട്ടിട്ടുള്ളൂ. ആ വിളിയിൽ ഒരു ആത്മാവു കുടികൊള്ളുന്നു, നാട്യങ്ങളില്ലാതെ.

എന്റെ കൊച്ചുവീട്ടിൽ (മേഴത്തൂർ) ഏട്ടനും ഞാനും പിറന്നുവീണ മുറിയിൽത്തന്നെയാണ് സരസോപ്പോളെയും പ്രസവിച്ചത്. ഓപ്പോളുടെ അമ്മ ശ്രീദേവി അന്തർജ്ജനവും ഞാളൂർ നാരായണൻ നമ്പൂതിരിയും തമ്മിലുള്ള വിപ്ലവാത്മകമായ വിവാഹം ഞങ്ങളുടെ വീട്ടിലാണ് നടന്നത്(1940). ഞങ്ങൾ ഒരേ കുടുംബത്തിലെ അംഗങ്ങളായി ജീവിച്ചു. ഒരേ കളിപ്പാട്ടവും കളിക്കൂത്തുമായി ശൈശവ ബാല്യങ്ങളിൽ എന്റെ ഏട്ടനും (വി.ടി.വിജയകുമാരൻ) സരസോപ്പോളും ഞാനും ആ മുറ്റത്ത് വളർന്നു.

**നാലുകെട്ടിൽ പിറന്ന് പിന്നീട് അനാഥരോടൊപ്പമുള്ള ജീവിതം. കേരളത്തിലെ ഒരു അന്തർജ്ജനത്തിനും ഇങ്ങനെയൊരു പരിത:സ്ഥിതി വേണ്ടിവന്നിട്ടില്ല. അനേകം അലച്ചിലുകൾക്കുശേഷം കോഴിക്കോട്ടെ അനാഥസമാജത്തിലായിരുന്നു ജീവിതം. അനാഥാലയമായിരുന്നു അവരുടെ ഇല്ലം**

അടുത്താഴ്ച കോഴിക്കോട്ടു ഞാളൂർഭവനിൽ ചെന്ന് ഓപ്പോളെ കാണാൻ തീർച്ചപ്പെടുത്തിയതാണ്. ഒരു കൊല്ലമായി ചെന്നൈയിൽ മക്കളോടൊപ്പമാണെന്ന് ഞാൻ അറിഞ്ഞുമില്ല. ടെലിഫോണിൽ പലതവണ

വിളിച്ചെങ്കിലും ബാധിര്യത്താൽ ഓപ്പോളിൽനിന്ന് മറുപടിയുമുണ്ടായില്ല. ചെന്നൈയിൽ അരുമ്പാക്കത്തെ മകളുടെ വീട്ടിൽ കുഴഞ്ഞുവീണ് മരിക്കുകയായിരുന്നു. എന്തായാലും ഓപ്പോൾ എനിക്കുവേണ്ടി ഇനി കാത്തുനിൽക്കില്ല. ജീവിതത്തിന്റെ ഉയിർപ്പും അനുഭവങ്ങളും പങ്കിടാൻ ഇനി അവളില്ല. ഒരു വയസ്സേ(1941ൽ ജനനം) ഓപ്പോൾക്ക് എന്നേക്കാൾ കൂടുതലുള്ളൂ.

'ഏടത്തീ' എന്ന വിളിയുമായി തൂവെള്ള ഖദർവേഷ്ടിയും മുണ്ടു മുടുത്ത് ഞങ്ങളുടെ വീട്ടിലേക്ക് വരാറുള്ള വെളുവെളുത്ത ശ്രീദേവിയന്തർജ്ജനത്തെ മറക്കാനാവില്ല. അച്ഛനും അമ്മയും അവരെ വിളിക്കുന്നത് മിസ്സിസ് ഞാളൂരെന്നാണ്. ആ അധികാരത്തോടെ അമ്മയുടെ സ്ഥാനമുണ്ടെങ്കിലും മിസ്സിസ് ഞാളൂർ എന്നുതന്നെ ഞങ്ങളും വിളിച്ചു പോന്നു.

കോഴിക്കോട്ടെ അനാഥമന്ദിരത്തിൽ (പുവർഹോം സൊസൈറ്റി) ജീവിതം നയിക്കുമ്പോഴും പിറന്നേടത്തേക്കെന്നപോലെ മാസാന്ത്യങ്ങളിൽ വന്നിരുന്നത് മേഴത്തൂർക്കായിരുന്നു. അവരുടെ തോളിൽ തൂങ്ങിയ ഖദർസഞ്ചിയിൽ കോഴിക്കോടൻ ഹലുവയോ ഈത്തപ്പഴമോ കായവറുത്തതോ ഉണ്ടാകും. പിന്നെ തിളങ്ങുന്ന ചിരിയുമായി മകൾ സരസോപ്പോളും കൂടെയുണ്ടാകും. അനാഥമന്ദിരത്തിൽ അമ്മയോടൊപ്പം താമസിച്ച് സ്കൂളിൽ പഠിക്കുകയാണ് സരസോപ്പോൾ. അവിടത്തെ ബാലമന്ദിരത്തിൽ മേട്രനാണ് മിസ്സിസ് ഞാളൂർ. നമ്പൂതിരി സ്ത്രീകളുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ഈ അമ്മയ്ക്കും മകൾക്കും സ്ഥാനമുണ്ട്.

ആലൂരിലെ രസികസദനത്തിൽ നടന്ന ആദ്യത്തെ പുനർവിവാഹം (അമ്മയുടെ അനുജത്തി ഉമയും മുല്ലമംഗലത്ത് രാമൻ ഭട്ടതിരിപ്പാടും തമ്മിൽ–1934) കോളിളക്കമുണ്ടാക്കി. എങ്കിൽ സമുദായത്തിലെ രണ്ടാമത്തെ വിധവാവിവാഹത്തിലെ നായിക മിസ്സിസ് ഞാളൂരാണ്. പുതുശ്ശേരി പശുപതി നമ്പൂതിരിയുടെ വിധവയായ ശ്രീദേവി, അച്ഛന്റെ (വി.ടി. ഭട്ടതിരിപ്പാട്) അനുയായിയും സമുദായ പ്രവർത്തകനുമായ ഞാളൂർ നാരായണൻ നമ്പൂതിരിയെ പുനർവിവാഹം ചെയ്യുകയായിരുന്നു. രണ്ട് ആചാരവിപ്ലവത്തിനും ഞങ്ങളുടെ വീട് സാക്ഷ്യം വഹിച്ചു. ആദ്യവിവാഹം ഒച്ചപ്പാടോടെ. രണ്ടാമത്തേത് ഒച്ചയുമനക്കവുമില്ലാതെ മേഴത്തൂരിലെ ഇപ്പോഴത്തെ വീട്ടിലും.

എങ്ങനെ നാൾ കഴിക്കുമെന്ന് ആശങ്കിക്കുന്ന പ്രഭാതങ്ങളായിരുന്നു ഞങ്ങൾക്ക്. അതിനാൽ ചുരുക്കം നാട്ടുകാരുടെയും സുഹൃത്തുക്കളുടെയും സാന്നിദ്ധ്യത്തിൽ കൊട്ടിഘോഷിക്കാതെയായിരുന്നു വിവാഹം. ഞാളൂർ ദമ്പതികൾക്ക് ഒരു പെൺകുട്ടി പിറന്നു. പിന്നാലെ ഞാളൂരിന്റെ അകാലചരമവും സംഭവിച്ചു. രണ്ടുവട്ടം വൈധവ്യം പൂണ്ട ഈ അമ്മയെ പിന്തുടർന്നത് ആത്മാവിൽ മുറിവേൽപ്പിക്കാൻ പോന്ന ക്ലേശാനുഭവങ്ങളാണ്.

ഭർതൃഗൃഹവും പിതൃഗൃഹവും ഉറ്റവരും വെടിഞ്ഞ ആ നാളുകളിൽ കൈക്കുഞ്ഞിനെ എങ്ങനെ പുലർത്തും എന്ന് ആ അമ്മ ആശങ്കപ്പെട്ടു.

കുറിയേടത്ത് ആര്യാ അന്തർജനവുമായുള്ള പ്രേംജിയുടെ പ്രസിദ്ധമായ വിധവാവിവാഹം 1948–ൽ ആയിരുന്നു. മിസ്സിസ് പ്രേംജിയും മിസ്സിസ് എം.ആർ.ബി.യും ക്ലേശങ്ങൾ അനുഭവിച്ചിട്ടുണ്ട്. പക്ഷേ അവരുടെ സഹധർമസുഖദുഃഖങ്ങൾ പങ്കിടാൻ ആദർശവാന്മാരും കരുത്തരുമായ ഭർത്താക്കന്മാർ കൂട്ടിനുണ്ടായിരുന്നു. മിസ്സിസ് ഞാളൂരാകട്ടെ വിധിയെ നേരിട്ടത് ഒറ്റയ്ക്കും. മുപ്പതാം വയസ്സിൽ ഈ വിധവ മകളോടൊപ്പം എഴുതാനും വായിക്കാനും പഠിച്ചു. ഇല്ലത്തുനിന്ന് കിട്ടാത്ത അക്ഷരം ലക്കിടിയിലെ അന്തർജ്ജനതൊഴിൽ കേന്ദ്രത്തിൽ നിന്നായിരുന്നു സമ്പാദിച്ചത്. അനേകം അലച്ചിലുകൾക്കു ശേഷം കോഴിക്കോട്ടെ അനാഥസമാജം അവരെ സ്വീകരിച്ച് അഭയം നൽകി.

നാലുകെട്ടിൽ പിറന്ന് പിന്നീട് അനാഥരോടൊപ്പമുള്ള ജീവിതം. കേരളത്തിലെ ഒരു അന്തർജ്ജനത്തിനും ഇങ്ങനെയൊരു പരിത:സ്ഥിതി

## നടക്കാതെ പോയ സ്വപ്നം

2019 ഏപ്രിൽ ലക്കം സ്വസ്തിക്ക് വേണ്ടി സരസ ഞാളൂരിനെ കണ്ടപ്പോൾ അവർ ഒരു കാര്യം പറഞ്ഞിരുന്നു. സ്വന്തം ഇല്ലമായ ഞാളൂർ കണ്ടിട്ടേയില്ലെന്ന്. അവിടെ പോട്ടേയില്ലെന്ന്. പേരിന്റെ വാലായി ചേർത്തത് ഞാളൂർ. കോഴിക്കോട്ടെ പാറേപ്പടിയിൽ സ്വന്തമായി വീടുണ്ടാക്കിയപ്പോൾ അതിന് ഇട്ട പേര് ഞാളൂർ. ഭർത്താവ് ബാലകൃഷ്ണൻ ബസ് സർവീസ് തുടങ്ങിയപ്പോൾ ഇട്ട പേരിലും ഞാളൂർ ഉണ്ട്. ബി എസ് എൻ (ബാലകൃഷ്ണൻ, സരസ, ഞാളൂർ എന്നതിന്റെ ചുരുക്കമായിരുന്നല്ലൊ അത്) എന്നിട്ടും ആ ഇല്ലം കാണാതെ എൺപതു വർഷം! ആ ഓണത്തിന് അവരെ സ്വസ്തിയുടെ വകയായി ഞാളൂർ ഇല്ലത്ത് കൂട്ടിക്കൊണ്ടുപോയി ഓണസദ്യ നൽകണമെന്ന് ആഗ്രഹിച്ചിരുന്നു. എന്നാൽ അപ്പോഴേക്കും ചെന്നൈയിൽ മകളുടെ അടുത്തേക്ക് താമസം മാറ്റി. ഇപ്പോൾ ശതാഭിഷേകം പൂർത്തിയായി വിട പറയുമ്പോഴും ഞാളൂർ എന്ന ആ ഇല്ലം കാണാൻ യോഗമുണ്ടായില്ല അവർക്ക്.




*സരസ ഞാളൂർ സ്വസ്തിയുടെ മുഖചിത്രമായ 2019 ഏപ്രിൽ ലക്കം*

വേണ്ടിവന്നിട്ടില്ല.'നമ്പൂതിരിയെ മനുഷ്യനാക്കുക' എന്ന ആഹ്വാനം മുഴങ്ങിക്കേട്ട ഓങ്ങല്ലൂർ ഗ്രാമത്തിലെ പേരാങ്ങല്ലൂർ നാരായണൻ നമ്പൂതിരിയുടെയും ശ്രീദേവിയന്തർജ്ജനത്തിന്റെയും മകളാണ് ശ്രീദേവി. മുത്തച്ഛന്റെ മൂന്നു വിവാഹത്തിൽ പതിനഞ്ചു മക്കളുണ്ട്. അതിൽ പത്തും പെണ്ണ്. മൂത്ത സഹോദരി കൊടുക്കാൻ മാറ്റമായി അച്ഛൻ വിവാഹം ചെയ്തു. അതിൽ ശ്രീദേവി ജനിച്ചു. ശ്രീദേവിക്ക് ഒന്നരവയസ്സുള്ളപ്പോൾ മറ്റൊരു സഹോദരിയെ കൊടുക്കാൻ അച്ഛൻ പിന്നെയും വേട്ടു. അച്ഛന് രണ്ടാംവേളി, സഹോദരിയെ വേട്ടാൾക്ക് മൂന്നാംവേളിയും! പ്രാരാബ്ധവാനെങ്കിലും വാത്സല്യവാനായ അച്ഛൻ ശ്രീദേവിക്ക് പത്തുവയസ്സുള്ളപ്പോൾ മരണമടഞ്ഞു. ചിലരെ ചുരുങ്ങിയ സ്ത്രീധനത്തിന് വടക്കൻ കേരളത്തിലെ വൃദ്ധർക്ക് നൽകി. ചിലർക്ക് ധർമ്മവേളി. പതിനെട്ടാം വയസ്സിൽ ശ്രീദേവിക്കും വിവാഹം തരപ്പെട്ടു. അഞ്ഞൂറുരൂപ സ്ത്രീധനം നിശ്ചയിച്ച് കാരണവർ ശ്രീദേവിയെ പുതുശ്ശേരിക്ക് ദാനംചെയ്തു. ചില്ലറ വാദ്ധ്യാൻവൃത്തിയുമായി കൂടുന്ന പുതുശ്ശേരിക്ക് സ്വന്തമായ ഇടമില്ല. പലേടത്തും താമസിച്ചു. പിറന്ന ഉണ്ണിക്ക് പനിയായി. ചികിത്സിക്കാൻ പണമില്ലാതെ ആ കുരുന്നു ജീവൻ പൊലിഞ്ഞു. പുതുശ്ശേരിക്കും പനി ബാധിച്ചു. അദ്ദേഹവും മരിച്ചു. ശ്രീദേവി ഒറ്റയ്ക്കായി. കാൽ കുഴയുന്തോറും ചവിട്ട്, കുഴഞ്ഞാലും ചവിട്ട്-ഏതൊരു പരിത്യക്തയേയും പോലെയായിരുന്നു മിസ്സിസ് പുതുശ്ശേരിയുടെ അവസ്ഥയും.

മിസ്സിസ് പുതുശ്ശേരിയെ മിസ്സിസ് ഞാളൂരാക്കി പുനരുജ്ജീവിപ്പിച്ചതിലും ഞാളൂർ കുടുംബസ്ഥനായതിലും എന്റെ അച്ഛനോടൊപ്പം അമ്മയും ആഹ്ലാദംകൊണ്ടു. വിവാഹത്തിനു കുറച്ചുനാൾ മുമ്പുതന്നെ വധു ശ്രീദേവിയന്തർജ്ജനത്തെ ഞങ്ങളുടെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്നു. എം.ആർ.ബി.ദമ്പതികൾ, കുത്തുള്ളി നാരായണൻ നമ്പൂതിരി, അച്ഛന്റെ അനുജത്തി പാർവ്വതിയെ വിവാഹംചെയ്ത രാഘവപ്പണിക്കർ തുടങ്ങി അടുത്ത വേണ്ടപ്പെട്ടവരുടെ സാന്നിദ്ധ്യത്തിൽ ഞങ്ങളുടെ വീട്ടുമുറ്റത്തെ അനലംകൃതമായ പന്തലിൽ ചരിത്രപ്രധാനമായ ഈ വിവാഹവും നടന്നു.

**ലക്കിടിയിൽ തുടങ്ങിയ തൊഴിൽ കേന്ദ്രത്തിൽ മിസ്സിസ് ഞാളൂരിനെ പ്പോലെ സ്കൂളിന്റെ പടി കാണാതെ ജീവിതപ്പെരുവഴികളിൽനിന്നു ബഹിഷ്കൃതരായവരുടെ കൂടെയായി ജീവിതം. എഴുത്ത്, വായന, നെയ്ത്ത്,നൂൽപ്പ് തുടങ്ങിയവയിൽ പരിശീലനം നേടി. തൊഴിൽകേന്ദ്രം ഇല്ലാതായപ്പോൾ ആര്യാപള്ളത്തിന്റെ വസതിയോട് ചേർന്ന് നെയ്ത്തുശാല തുടങ്ങി. പേരൂർ ഗാന്ധിസേവാസദനം തുടങ്ങിയ കാലത്ത് അവിടേയും മകളോടൊത്തു താമസിച്ചു.**

താമസിയാതെ ഞാളൂരിനോടൊപ്പം ശ്രീദേവിയന്തർജ്ജനം മേഴത്തൂരിൽ ഞങ്ങളുടെ വീടിനടുത്തുള്ള മറ്റൊരുസ്ഥലം വാടകയ്ക്കെടുത്ത് അവിടെ താമസമാക്കി. തൊടിയിൽ കൊത്തിക്കിളച്ചും കൃഷി ചെയ്തും ഞാളൂർ അദ്ധ്വാനിച്ചു. ക്രമേണ അവർക്ക് ഒരു മകൾ പിറന്നു. പ്രസവം അമ്മയുടെ പരിചരണത്തിൽ ഞങ്ങളുടെ ഒറ്റ മുറിയിലാണുണ്ടായത്. എന്നാൽ അനുഭവം വീണ്ടും മിസ്സിസ് ഞാളൂരിനെതിരായി. അവർ രണ്ടാമതും വിധവയായി. ഇല്ലത്തുനിന്ന് കിട്ടിയ ഭാഗവിഹിതം അമ്മയുടെയും മകളുടെയും പേരിൽ മരിക്കുന്നതിനുമുമ്പ് ഞാളൂർ രജിസ്റ്റർ ചെയ്തിരുന്നു.

ഇരുപത്താറാം വയസ്സിൽ മിസ്സിസ് ഞാളൂരും മകളും ഒറ്റയ്ക്കായി. ഞാളൂരിന്റെ ആധാരം പണയം വെച്ചു ശേഖരിച്ച രൂപ കൊണ്ട് താമസിക്കുന്ന സ്ഥലം സ്വന്തമാക്കി. മകളെ ഞങ്ങളോടൊപ്പം സ്കൂളിൽ ചേർത്തു. പിന്നീടു നീലിമംഗലസ്സു മുഖേന (അഗ്നിസാക്ഷിയിലെ നായിക) കോട്ടയത്തെ മഹിളാ സേവാസദനത്തിലായി താമസം. മകളെ മേഴത്തൂരിൽനിന്ന് വിടർത്തി സദനത്തിലെ സ്കൂളിൽ ചേർത്തു. സദനത്തിലെ നൂൽനൂൽപ്പു കേന്ദ്രത്തിലും അടുക്കളയിലും സഹായിയായി കുറച്ചുകാലം അമ്മയും അവിടെക്കൂടി. പാർവ്വതി നെന്മിനിമംഗലത്തിന്റെ സ്മരണയ്ക്ക് ലക്കിടിയിൽ തുടങ്ങിയ തൊഴിൽകേന്ദ്രത്തിൽ മിസ്സിസ് ഞാളൂരിനെപ്പോലെ സ്കൂളിന്റെ പടി കാണാതെ ജീവിതപ്പെരുവഴികളിൽനിന്നു ബഹിഷ്കൃതരായവരുടെ കൂടെയായി ജീവിതം. എഴുത്ത്, വായന, നെയ്ത്ത്,നൂൽപ്പ് തുടങ്ങിയവയിൽ പരിശീലനം നേടി. തൊഴിൽകേന്ദ്രം ഇല്ലാതായപ്പോൾ ആര്യാപള്ളത്തിന്റെ വസതിയോട് ചേർന്ന് നെയ്ത്തുശാല തുടങ്ങി. പേരൂർ ഗാന്ധിസേവാസദനം തുടങ്ങിയ കാലത്ത് അവിടേയും മകളോടൊത്തു താമസിച്ചു. പിന്നീടാണ് കോഴിക്കോട് പുവർഹോം സൊസൈറ്റിയിലെത്തുന്നത്(1951). അനാഥസമാജം സൂപ്രണ്ടായിരുന്ന കെ.എൻ. കുറുപ്പ് രക്ഷകനായി. മിസ്സിസ് ഞാളൂരിനെ സ്പിന്നിങ്ങ് ടീച്ചറായി നിയമിച്ചു. പിന്നെ ബാലമന്ദിരത്തിലെ മേട്രനുമായി 1968–ൽ വിരമിച്ചു.

സരസോപ്പോൾ പഠിക്കാൻ മിടുക്കിയായിരുന്നു. കോഴിക്കോട്ടെ ഹൈസ്കൂൾ വിദ്യാഭ്യാസം പലരുടെയും പ്രോത്സാഹനത്തോടെ നടന്നു. പ്രോവിഡൻസ് കോളേജിൽ നിന്ന് ബിരുദം. ടെലിഫോൺസിൽ (ബി.എസ്.എൻ.എൽ.) ഉദ്യോഗസ്ഥയായി. വിവാഹിതയായി. മർച്ചന്റ് നേവിയിലായിരുന്ന ബാലേട്ടനായിരുന്നു ഭർത്താവ്. പാറോപ്പടിയിൽ സ്വന്തമായി വീടുണ്ടായി – ഞാളൂർ ഭവൻ. ബി.എസ്.എൻ. എന്ന പേരിൽ (ബാലകൃഷ്ണൻ, സരസ്വതി, ഞാളൂർ) ബസ്സ് സർവീസുപോലും തുടങ്ങി. ജീവിതത്തിന്റെ താഴ്ചയും ഉയർച്ചയും കണ്ട് പേരമക്കളോടൊപ്പം ജീവിതം നയിച്ച മിസ്സിസ് ഞാളൂർ 2000 ത്തിൽ അന്തരിച്ചു. ബാലേട്ടനും ഇന്നില്ല.

കേരളീയ നവോത്ഥാനത്തിലെ കഥാപാത്രമായിരുന്നു താൻ എന്ന ഒരു നാട്യവുമില്ലാതെ സിന്ധു, സന്ദീപ് എന്നീ മക്കളും പേരമക്കളുമൊത്ത് സരസ്വതി മുത്തശ്ശി വിശ്രമജീവിതത്തിലായിരുന്നു. ഉല്പതിഷ്ണുക്കളും പരിശ്രമശാലികളുമായി മാറിയ പേരാങ്ങല്ലൂർ, ഞാളൂർ മനകളിലെ പുതുതലമുറകളും ഈ മുത്തശ്ശിയെ സന്ദർശിച്ച് ആദരിക്കാൻ മറക്കാറില്ല.

മുത്തശ്ശിയുടെയും (മിസ്സിസ് ഞാളൂർ) മകളുടെയും (സരസോപ്പോൾ) വാത്സല്യം അനുഭവിച്ച സുകൃതികളായ മക്കളുടെയും പേരമക്കളുടേയുമൊപ്പം ഞാനും നമസ്കരിക്കുന്നു. ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു ●

വി. ടി വാസുദേവൻ
DEEPAKAM,Green gardens
Opposite to ground,
P.O.Chittilappilly,
Thrissur: 680551
Mobile: 9447837902

# 250 നു രണ്ടു പുസ്തകം




മലയാള സാഹിത്യ ചരിത്രത്തിൽ
90 കാരിയുടെ ആത്മകഥ
ഇതാദ്യമായി.

**ആധുനിക കവിതയിൽ**
**അടുക്കളയുടെ വേദാന്തം**




**മേഘ ബുക്ക്സ്**
**9495 424227**



# ഷഷ്ട്യബ്ദപൂർത്തി ആശംസകൾ

## ചേക്രക്കൽ ഇല്ലം വേണു നമ്പൂതിരി



2023 ജാനുവരി 11 വ്യാഴം പൂരാടം
നക്ഷത്രത്തിൽ ഷഷ്ട്യബ്ദപൂർത്തി
ആഘോഷിക്കുന്ന രാമല്ലൂർ ഉപസഭ
ചേക്രക്കൽ ഇല്ലം വേണു നമ്പൂതിരിക്ക്
പിറന്നാളാശംസകൾ.

ഭാര്യ സരസ്വതി അന്തർജനം,
കുടുംബാംഗങ്ങൾ
Mob:9745128719

അറിയേണ്ട അന്തർജനം /മൂത്തേടത്ത് മല്ലിശ്ശേരി സരസ്വതി അന്തർജനം

# ഫേസ്ബുക്കിലെ 'കൃഷിഭൂമി'യിൽ
# വാക്കിംഗ് സ്റ്റിക്കുമായി

സരസ്വതി ടീച്ചർക്ക് വയസ്സ് എഴുപത്തഞ്ചായി. പ്രായത്തിന്റെതായ ബുദ്ധിമുട്ടുകളൊക്കെയുണ്ട്. മുട്ടുവേദന, നടുവേദന അങ്ങനെയങ്ങനെ. സ്കൂൾ ടീച്ചറായിരുന്നതിനാൽ ജീവിക്കാൻ പെൻഷനുമുണ്ട്. അതും വാങ്ങി പേരക്കുട്ടികളെയും നോക്കി ഒഴിവ് സമയത്ത് ടീവി സീരിയലും കണ്ട് കഴിഞ്ഞാൽ മതി.

പക്ഷേ ഈ മുത്തശ്ശി അങ്ങനെയല്ല. കൃഷിയാണ് പ്രധാന പരിപാടി. അതും ഫേസ്ബുക്കിലെ കൃഷിഭൂമിയിൽ നിന്ന് പുത്തൻ കാർഷികവിവരങ്ങൾ മനസ്സിലാക്കിക്കൊണ്ട്. 81 സെന്റ് ഇല്ലപ്പറമ്പുണ്ട്. രാമച്ചവും തക്കാളിയും വെണ്ടയും മത്തനും പയറും ചീരയും മുളകുമെല്ലാം സമൃദ്ധം. എന്തിന് നാഗ്പൂരിൽ നിന്ന് എത്തിച്ച ചെറി പോലും ഈ കൃഷിയിടത്തിലുണ്ട്. ഉറുമാമ്പഴം, മാതളം, ശീമപ്ലാവ്, പൈനാപ്പിൾ, ഷായാ മൻസ, തുടങ്ങി പലതും.

പത്തനം തിട്ടയിലെ തിരുവല്ലയിൽ നിന്ന് കണ്ണൂരിലെ തളിപ്പറമ്പിലെത്തിയത് വേളിയോടെയാണ്. വടക്കേ കാരയ്ക്കലെ തേവണംകോട്ട് ഇല്ലത്ത് നിന്ന് ഏഴോത്തെ മൂത്തേടത്ത് മല്ലിശ്ശേരി മനയിലേക്ക്. 26വർഷം മാടായി ഗേൾസ് ഹൈസ്കൂളിൽ മലയാളം അദ്ധ്യാപികയായിരുന്നു. ഭർത്താവ് കുബേരൻ നമ്പൂതിരി ആദ്യം പട്ടാളത്തിലായിരുന്നു. പിന്നെ ബി എസ് എൻ എല്ലിൽ ക്ളാർക്കായി. രണ്ടു പേരും പെൻഷൻ പറ്റി. അങ്ങനെയിരിക്കുമ്പോഴാണ് കൃഷിയിലേക്കിറങ്ങിയത്.

ബാക്കി ടീച്ചർ പറയും.

കൃഷിഭവനിൽ നിന്നുള്ള ഉദ്യോഗസ്ഥരൊക്കെ തേടി വരും. കൃഷി വകുപ്പിൽ നിന്നുള്ള എല്ലാ സഹായവും നൽകാറുണ്ട്. സൗജന്യമായി വിത്തും തൈകളും മറ്റും കിട്ടും. മണ്ണുപരിശോധന പോലുള്ള സഹായങ്ങളും. ഇപ്പോൾ അതിലേറെ അത്യാവശ്യം നടക്കാൻ ഒരു കൈത്താങ്ങാണ്. അതിന് ഓൺ ലൈനിൽ വാക്കിംഗ് സ്റ്റിക്ക് വരുത്തി. മൂന്നായി മടക്കി ബാഗിൽ വയ്ക്കാവുന്നത്. തട്ടിത്തടഞ്ഞു വീഴാതെയിരിക്കാൻ അതാണ് സഹായം.

പതിനഞ്ചു വർഷമായി രാമച്ചമിട്ട വെള്ളമാണ് കുടിക്കുന്നത്. രണ്ടു തൈ കൊണ്ടു വന്നതാണ്. ഇപ്പോൾ അഞ്ഞൂറിലേറെയുണ്ട്. അച്ഛൻ ടി. ജി നമ്പൂതിരി സ്കൂൾമാഷായിരുന്നു. കൃഷിക്കാരനും. കുട്ടിക്കാലത്ത് അച്ഛനിൽ നിന്ന് കണ്ടു പഠിച്ചതാണ് പ്രയോഗങ്ങൾ. ഇപ്പോൾ പുത്തൻ കൃഷിരീതികൾ പഠിക്കുന്നത് സോഷ്യൽ മീഡിയയിൽ നിന്നാണ്. ഫേസ്ബുക്കിലെ കൃഷിഭൂമി ഗ്രൂപ്പിൽ അംഗമാണ്.



*സരസ്വതി ടീച്ചർ അടുക്കള വേസ്റ്റിൽ നിന്ന് ഉണ്ടാക്കിയ കമ്പോസ്റ്റ് തക്കാളി തൈകൾക്ക് വിതറുന്നു*

**കൃഷിഭവനിൽ നിന്നുള്ള ഉദ്യോഗസ്ഥരൊക്കെ തേടി വരും. കൃഷി വകുപ്പിൽ നിന്നുള്ള എല്ലാ സഹായവും നൽകാറുണ്ട്. സൗജന്യമായി വിത്തും തൈകളും മറ്റും കിട്ടും. മണ്ണുപരിശോധന പോലുള്ള സഹായങ്ങളും. ഇപ്പോൾ അതിലേറെ അത്യാവശ്യം നടക്കാൻ ഒരു കൈത്താങ്ങാണ്. അതിന് ഓൺ ലൈനിൽ വാക്കിംഗ് സ്റ്റിക്ക് വരുത്തി. മൂന്നായി മടക്കി ബാഗിൽ വയ്ക്കാവുന്നത്. തട്ടിത്തടഞ്ഞു വീഴാതെയിരിക്കാൻ അതാണ് സഹായം.**

- ❑ **കുടിക്കുന്നത് രാമച്ചമിട്ട വെള്ളം**
- ❑ **അടുക്കള വേസ്റ്റിൽ നിന്ന് കമ്പോസ്റ്റ്**
- ❑ **കഞ്ഞിയും കാടിയും വളമാക്കുന്നു**
- ❑ **സീരിയൽ കാണാറില്ല ന്യൂസ് മാത്രം**
- ❑ **പുത്തൻ കൃഷിരീതികൾക്ക് എഫ് ബി ഗ്രൂപ്പ്**
- ❑ **ഇതിപ്പോൾ അഞ്ചാമത്തെ മൊബൈൽ**
- ❑ **എഫ്ബി, മെസഞ്ചർ, വാട്ട്സ്ആപ്പ് എല്ലാമുണ്ട്**
- ❑ **നടക്കാൻ വാക്കിംഗ് സ്റ്റിക്കിന്റെ സഹായം**

വാട്ട്സ് ആപ്പ്, മെസഞ്ചർ തുടങ്ങിയതിലെല്ലാം ആക്ടീവാണ്. പുതിയ കൃഷിരീതികൾ ഈ പ്ളാറ്റ്ഫോമുകളിലൂടെ ലഭിക്കും.

2004 മുതൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നു. ഇതിപ്പോൾ അഞ്ചാമത്തെ മൊബൈലാണ്. ടി. വി കാണുന്നത് ന്യൂസ് കേൾക്കാൻ വേണ്ടി മാത്രമാണ്. സീരിയലുകൾ കാണാറേയില്ല. പത്രം വായിക്കാറുമില്ല.ടി. വി വഴിയുള്ള ന്യൂസ് മാത്രം.

രാവിലെ ഒമ്പതു മണിയോടെ കൃഷിയിടത്തിലേക്കിറങ്ങും. രണ്ടു മണിക്കൂർ കൊണ്ട് എല്ലാ ചെടികൾക്കിടയിലൂടെയും ഒരു വട്ടം നടക്കും. പരിചരണങ്ങൾ ചെയ്യും. പുഴുക്കൾ വരുന്നതും മറ്റും തടയാനായി തളിരിലകൾ പരിശോധിക്കും. വേപ്പിലയും മുരിങ്ങയിലയും ചേർത്തരച്ച കീടനാശിനിയാണ് ഉപയോഗിക്കുക. രാസവളമോ രാസകീടനാശിനികളോ വാങ്ങാറില്ല. പിന്നെ വൈകീട്ടും മൂന്നു മണിക്കൂർ ചെലവഴിക്കും. വൈകീട്ടാണ് വിളവെടുപ്പ്.

ചാണകപ്പൊടി വരുത്തിക്കും, വേപ്പിൻ പിണ്ണാക്ക് കടലപ്പിണ്ണാക്ക്, എല്ലുപൊടി എന്നിവയും. കാട്ടുപന്നികൾ ഇറങ്ങി കൃഷി നശിപ്പിക്കുമെങ്കിലും ടീച്ചർ തോറ്റു പിൻമാറിയിട്ടില്ല. അവയുടെ വിഹിതം കഴിഞ്ഞുള്ളത് മതി ടീച്ചർക്ക്.

എന്റെ അടുക്കളയിൽ വേസ്റ്റ് ഇല്ല. വേസ്റ്റ് മുഴുവനും കമ്പോസ്റ്റാക്കും. കാടിവെള്ളവും കഞ്ഞിവെള്ളവും പത്തുദിവസം മൂപ്പിച്ച് വെള്ളത്തിൽ നേർപ്പിച്ച് ചെടികൾക്കൊഴിക്കും. ഉള്ളി മാത്രമേ പുറമെ നിന്ന് വാങ്ങേണ്ടതുള്ളൂ. മറ്റെല്ലാം ഇവിടെ വിളയുന്നതാണ്. അധികം വരുന്നത് വിൽക്കാറില്ല. ബന്ധുക്കൾക്കോ അടുത്ത വീട്ടുകാർക്കോ കൊടുക്കും. പിന്നെയും ബാക്കി വരുന്ന കൈപ്പ, പയർ, വെണ്ട, മുളക് എന്നിവ കൊണ്ടാട്ടമാക്കും.

കഴിഞ്ഞ ഒമ്പത് വർഷമായി യോഗക്ഷേമസഭ തളിപ്പറമ്പ് ഉപസഭയുടെ വനിതാ വിഭാഗം പ്രസിഡണ്ടാണ്. പേരിലല്ല പ്രവൃത്തിയിലും ഉണ്ട്. ആതുരശുശ്രൂഷാനിധി വഴി ചില അംഗങ്ങൾക്ക് സഹായമെത്തിക്കാൻ കഴിഞ്ഞ ചാരിതാർത്ഥ്യം ടീച്ചർക്കുണ്ട്. ശങ്കരായണത്തിന്റെ കണ്ണൂർ ജില്ലാ കോ ഓർഡിനേറ്ററാണ്. ഇതെല്ലാം കഴിഞ്ഞ് മറ്റൊന്നു കൂടിയുണ്ട്. കവിതയെഴുത്ത്. രാത്രിയിലെ പണികളെല്ലാം എട്ടു മണിയോടെ തീർത്ത് പിന്നെ സാക്ഷാൽ സരസ്വതിയെ ധ്യാനിക്കലാണ് പണി. പലപ്പോഴും അതെല്ലാം കവിതയായി പേനത്തുമ്പിലെത്തും. പെൻഷനേഴ്സിന്റെ മീറ്റിംഗിലും മറ്റും ഒരു ഇനം കവിതയാണ്.



*കായ്ച്ചു നിൽക്കുന്ന ചെറി*

കൃഷിക്ക് കൂട്ട് ഭർത്താവാണ്. രണ്ടു മക്കൾ. മൂത്ത മകൻ സന്തോഷ് ബെംഗളൂരുവിൽ, ഭാര്യ തൃശൂർ ആനാംപറമ്പ് മനയിലെ പ്രീതി. മകൾ പത്താം ക്ളാസ് വിദ്യാർത്ഥി അർച്ചന. രണ്ടാമത്തെ മകൻ സന്ദീപ് ഷാർജയിൽ യു എ ഇ എക്സ്ചേഞ്ചിലായിരുന്നു ഇപ്പോൾ നാട്ടിൽ. ഭാര്യ വള്ളികുന്നത്ത് മനയിലെ മഞ്ജുശ്രീ. മകൻ സിദ്ധാർത്ഥ് അഞ്ചാം ക്ളാസിൽ.

ടി. വി സരസ്വതീ ദേവി, റിട്ട ടീച്ചർ, മൂത്തേടത്ത് മല്ലിശ്ശേരിമന, പി.ഓ ഏഴോം, കണ്ണൂർ ജില്ല, പിൻ 670334 മൊബൈൽ 9495535990



**കേരളത്തിൽ ലഭിക്കാത്ത ആദരവും സ്വീകരണവുമായിരുന്നു മദ്ധ്യപ്രദേശിലെ ഓംകാരേശ്വറിൽ കൈപ്പിള്ളി മനയിലെ ഉണ്ണിക്കൃഷ്ണൻ ഭട്ടതിരിപ്പാടിന് ലഭിച്ചത്. 108 അടി ഉയരത്തിൽ സ്ഥാപിച്ച ശ്രീ ശങ്കരാചാര്യരുടെ പ്രതിമയുടെ അനാവരണത്തിന് മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാന്റെ നേരിട്ടുള്ള ക്ഷണം. സ്വീകരണ മുറിയിലെത്തിയപ്പോൾ ആരതിയുഴിഞ്ഞ് നെറ്റിയിൽ സിന്ദൂരമണിയിച്ചു. കഴുത്തിൽ പൂമാല ചാർത്തി. പൂജ ചെയ്ത് കാൽ തൊട്ടു വന്ദിച്ച് സ്വീകരിച്ചു. ശങ്കരാചാര്യരുടെ കുടുംബത്തിലെ ആളാണ് എന്ന് പരിചയപ്പെടുത്തിയത് അഭിമാനത്തോടെ.**

### മധ്യപ്രദേശ് മുഖ്യമന്ത്രി ആ ചടങ്ങിലേക്ക് ക്ഷണിച്ചു

# ശങ്കരാചാര്യരുടെ ഇല്ലക്കാരെ

**കൈപ്പിള്ളി ഉണ്ണിക്കൃഷ്ണൻ ഭട്ടതിരിപ്പാട്**



അവിചാരിതമായാണ് തൃശ്ശൂർ തെക്കെ മഠത്തിൽ നിന്ന് മദ്ധ്യ പ്രദേശിലെ ഓംകാരേശ്വറിൽ 108 അടി ഉയരത്തിൽ സ്ഥാപിക്കുന്ന ശ്രീ ശങ്കരാചാര്യരുടെ പ്രതിമയുടെ അനാവരണത്തിന് കൈപ്പിള്ളി മനയിൽ നിന്ന് ആരെങ്കിലും പ്രതിനിധീകരിക്കണമെന്ന സന്ദേശം ലഭിച്ചത്. രണ്ടു ദിവസത്തിനുള്ളിൽ പ്രതിനിധീകരിക്കുന്ന ആളുടെ അഡ്രസ്സും പേരും നല്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇല്ലത്തു നിന്ന് വേറെ ആരും പോകാനില്ലാത്തതിനാൽ ഞാൻ തന്നെ പോകാമെന്ന് തീരുമാനിച്ചു. പിറ്റെ ദിവസമായപ്പോഴേക്കും മധ്യ പ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഒപ്പിട്ട ഓർഡർ വന്നു.

സാധാരണ ശങ്കരാചാര്യ പരമ്പരയിൽപ്പെട്ട സന്യാസമഠങ്ങളിലെ ശ്രേഷ്ഠ സന്യാസിമാരെയാണ് ഇത്തരം പരിപാടിക്ക് പങ്കെടുക്കാൻ ക്ഷണിക്കാറ്. എന്നാൽ ഇത്തവണ അതുമാത്രമല്ല രാമകൃഷ്ണ മഠം, ചിന്മയാമിഷൻ,കന്യാകുമാരി ശ്രീ വിവേകാനന്ദ കേന്ദ്രം, തുടങ്ങിയവരെയും ശ്രീ ശങ്കരാചാര്യരുമായി ബന്ധമുള്ള ഇല്ലങ്ങളെയും ചില തന്ത്രിമാരെയും ക്ഷണിച്ചിട്ടുണ്ടെന്ന് മനസ്സിലായി. കൈപ്പിള്ളി, മേൽപ്പാഴൂർ, സ്വർണ്ണത്ത്, കാപ്പിള്ളി, തലയാറ്റുംപിള്ളി, പുലിയന്നൂർ ശങ്കരനാരായണൻ, കോതാംഗലം, വടക്കുംപാട്, കൊടുങ്ങല്ലൂർ ശ്രീ ത്രിവിക്രമഅടികൾ തുടങ്ങിയവർക്കും ക്ഷണമുണ്ടായിരുന്നു. ഇതിൽ സ്വർണ്ണത്തു നിന്ന് ആരും വരാനുണ്ടായില്ല.

ഇവിടെ നിന്ന് പോകുന്നവരെല്ലാം ഒരേ വിമാനത്തിൽ ആയിരുന്നാൽ നന്നായി എന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും അത് നടന്നില്ല. എനിക്ക് നിശ്ചയിച്ച ഫ്ളൈറ്റ് 20 ന് രാവിലെ 6.05 നായിരുന്നു. ഗോവ വഴി ഇൻഡോറിലേക്ക്. ഗോവയിൽ നിന്നുള്ള കണക്ഷൻ ഫ്ളൈറ്റിന് 7 മണിക്കൂർ ഗോവയിൽ കാത്തിരിക്കണമായിരുന്നു. ആ ഫ്ളൈറ്റിൽ ഞാനൊറ്റക്കായിരുന്നതിനാൽ ഗോവയിലെ കാത്തിരുപ്പ് ഏറെ ദുസ്സഹവും മടുപ്പും ഉളവാക്കി. വൈകുന്നേരം 4.05 കൂടി ഇൻഡോറിൽ എത്തി ചേർന്നു.

ഫ്ളൈറ്റ് ഇറങ്ങിയ വഴി എനിക്ക് ഫോൺ വിളി വരികയും ലഗ്ഗേജ് കിട്ടിയാലുടൻ എയർപോർട്ടിന് പുറത്തുള്ള സ്വീകരണ മുറിയിലേക്ക് ചെല്ലാനും നിർദ്ദേശിച്ചു. ഹിന്ദി സംസാരിക്കാൻ അറിയാവുന്നതു കൊണ്ട് ആശയ വിനിമയത്തിന് ഒട്ടും ബുദ്ധിമുട്ടുണ്ടായില്ല.

സ്വീകരണ മുറിയിലെത്തിയപ്പോൾ ആരതിയുഴിഞ്ഞ് സിന്ദൂരം

നെറ്റിയിൽ കുറിയിടുവിച്ച് പൂമാല കഴുത്തിൽ ചാർത്തി പൂജ ചെയ്ത് കാൽ തൊട്ടു വന്ദിച്ച് സ്വീകരിച്ചു. ശങ്കരാചാര്യരുടെ കുടുംബത്തിലെ ആളാണ് ഞാൻ എന്ന് എന്നെ പരിചയപ്പെടുത്തി. അവരെല്ലാവരും തൊഴുകയ്യോടെ നില്ക്കുന്നത് വലിയ ഒരു അനുഭവമായി.

അതിന് ശേഷം വ്യവസ്ഥയെപ്പറ്റി പറഞ്ഞു തന്നു. താമസം ഷെറട്ടൺ എന്ന സ്റ്റാർ ഹോട്ടലിൽ ഏർപ്പാടാക്കിയിട്ടുണ്ടെന്നും രണ്ടു പേർ എന്നെ സഹായിക്കുവാൻ ഉണ്ടാകുമെന്നും പറഞ്ഞു. ഇതിന് പുറമെ സെക്യൂരിറ്റിക്ക് ഒരു പോലീസുകാരൻ എന്റെ കൂടെ എപ്പോഴും ഉണ്ടാകുമെന്നും പറഞ്ഞു.

പിറ്റെ ദിവസം 21 ന് രാവിലെ ആറു മണിക്ക് ഓംകാരേശ്വറിലേക്ക് പോകാൻ തയ്യാറായി നിൽക്കണമെന്നും പറഞ്ഞു.

വൈകുന്നേരം 6 മണിയോടെ ഹോട്ടലിൽ എത്തി. ഹോട്ടലിന്റെ സ്വീകരണഹാളിൽ മാനേജരടക്കം മുഴുവൻ ജീവനക്കാരും വരിവരിയായി ഒരു അർദ്ധവൃത്തത്തിൽ തൊഴുകയ്യോടെ നില്ക്കുന്നുണ്ടായിരുന്നു. അവർ കുറച്ചു നേരമായി പ്രതീക്ഷിച്ചു നിൽക്കുകയായിരുന്നുവെന്ന് തോന്നി. അവരിൽ പലരും പാദം തൊട്ട് വണങ്ങി. മാനേജർ എന്റെ ലഗ്ഗേജസ് കയ്യിൽ നിന്ന് വാങ്ങി മറ്റൊരാളെ ഏല്പിച്ച് എന്നെ ലിഫ്റ്റിന്നടുത്തേക്ക് കൂട്ടി കൊണ്ടുപോയി. നാലാം നിലയിലായിരുന്നു എന്റെ മുറി.

എല്ലാവരും പോയതിന് ശേഷം സ്വസ്ഥമായപ്പോൾ ഞാൻ ഒരു കാപ്പി ഓർഡർ ചെയ്തു. കുറച്ചു കഴിഞ്ഞപ്പോൾ കാപ്പി കൊണ്ടു വന്നു. കാപ്പി കൊണ്ടു വന്ന ആൾ ട്രേ ഒരിടത്തു വച്ച് എന്റെ കാൽ തൊട്ടു വന്ദിച്ചാണ് ട്രേ മുറിയിൽ വച്ചത്. ഇതേ അനുഭവം രാത്രി ഭക്ഷണം ഓർഡർ ചെയ്തപ്പോളും ഉണ്ടായി. അന്നത്തെ ദിവസം അങ്ങിനെ കഴിഞ്ഞു. യാത്രാക്ഷീണം കൊണ്ട് ഞാൻ പെട്ടെന്നുറങ്ങി.

പിറ്റേന്നു കാലത്ത് 6 മണിക്കു തന്നെ കാർ വന്നു. വഴിയിൽ വച്ച് പ്രഭാത ഭക്ഷണം കഴിച്ചു. ഇൻഡോറിൽ നിന്ന് 90 കിലോ മീറ്ററോളം വരും ഓംകാരേശ്വറിലേക്ക്. ഇടക്കു വെച്ച് വഴിയിലുള്ള ശനി നവഗ്രഹ ക്ഷേത്രത്തിൽ കയറി നവഗ്രഹങ്ങളെ വണങ്ങി.



*മദ്ധ്യപ്രദേശിലെ ഓംകാരേശ്വറിൽ 108 അടി ഉയരത്തിൽ സ്ഥാപിച്ച ശ്രീ ശങ്കരാചാര്യരുടെ പ്രതിമയുടെ അനാവരണത്തിന് മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാന്റെ ക്ഷണമനുസരിച്ച് എത്തിയ കൈപ്പിള്ളി മനയിലെ ഉണ്ണിക്കൃഷ്ണൻ ഭട്ടതിരിപ്പാട്.*

ശ്രീ ശങ്കര പ്രതിമ സ്ഥാപിച്ചിരിക്കുന്നത് ഒരു കുന്നിൻ മുകളിലാണ്. താഴ്വാരത്തോളമേ കാർ അനുവദിക്കയുള്ളു. അവിടെ നിന്ന് ഒരു ട്രാവലറിൽ ഞങ്ങളെ കുന്നിൻ മുകളിലേക്ക് കൊണ്ടുപോയി. ഞങ്ങൾ ചെന്നപ്പോൾ ഒരു കച്ചേരി നടക്കുകയായിരുന്നു. പ്രതിമയുടെ അടുത്തു പോയി നോക്കിക്കണ്ടു. അനാവരണം ചെയ്യുന്നതിന്റെ സാന്നിദ്ധ്യമായി കൈപ്പിള്ളി മനയുടെയും മറ്റു ഇല്ലക്കാരുടെയും പേരുക ൾ ശിലയിൽ ആലേഖനം ചെയ്തിരുന്നു.

മദ്ധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഏകദേശം 10.30 യോടെ എത്തി. പഞ്ചവാദ്യം, കഥകളി വേഷങ്ങൾ, തെയ്യം തുടങ്ങിയവയുടെ അകമ്പടിയോടെയാണ് മുഖ്യമന്ത്രി വന്നത്. എത്തിയ ശേഷം മറ്റു സന്യാസി വര്യന്മാരോടൊപ്പം മുകളൽ കയറി വിസ്തരിച്ചു പൂജ ചെയ്ത് ശങ്കര പാദങ്ങളിൽ നമസ്കരിച്ച് പ്രതിമ അനാവരണം ചെയ്തു.

തിരിച്ച് താഴെ ഇറങ്ങി വേദമന്ത്രോച്ചാരണങ്ങളുടെ അകമ്പടിയോടെ അദ്വൈത ധാമത്തിന്റെ ശിലാന്യാസം ചെയ്തു. കെട്ടിടത്തിന്റെ മാതൃകയും അനാവരണം ചെയ്തു. എല്ലാ വർക്കും വിഭവ സമൃദ്ധമായ സദ്യ(നോർത്ത് ഇന്ത്യനും സൗത്ത് ഇന്ത്യനും) ഒരുക്കിയിരുന്നു.

വൈകുന്നേരം അഞ്ചരക്ക് സന്യാസി വര്യന്മാരുടെയും പൊതുജനങ്ങളുടെ സംയുക്ത സദസ്സിൽ രാവിലത്തെ പരിപാടിയെ പറ്റി വിശകലനം നടത്തി. ഞാൻ അതിലും പങ്കെടുത്തു.

തികച്ചും വ്യത്യസ്തമായ അനുഭവമായിരുന്നു ഓംകാരേശ്വറിലേത്. അനുഭവ സമ്പന്നരും അർപ്പണമനോഭാവം തപസ്യയുമാക്കിയ കാര്യ കർത്താക്കൾ, പരിഭവത്തിന് ഒരു തരിമ്പു പോലും വക നല്കാത്തസംഘാടകർ. അവരെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല. ഓംകാരേശ്വറിലെ ഈഅദ്വൈത വിളംബരാഘോഷം വരും നാളുകളിൽ ഗ്രാമങ്ങൾ തോറും നഗരങ്ങൾ തോറും അലയടിക്കട്ടെ. ●

( റിസർവ് ബാങ്കിൽ നിന്ന് റിട്ടയർ ചെയ്ത ഉണ്ണിക്കൃഷ്ണൻ ഭട്ടതിരിപ്പാട്. പുന്നയൂർകുളം കരുമത്താഴത്ത് മണ്ണൂർ മനയിലെ ദേവിയാണ് ഭാര്യ. രണ്ടു മക്കൾ. അരുൺ ചെന്നൈയിൽ ഐ ടി ജോലി.അനൂപ് പൂജപ്പുര എസ് ബി ഐ മാനേജർ.

വായനയാണ് ഹോബി. എഴുപതാം വയസ്സിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസും ആൻഡ്രോയ്ഡ് മൊബൈൽ ആപ്ളിക്കേഷനുകളും എല്ലാം പഠിക്കുന്നു. എ ഐ സാങ്കേതിക വിദ്യ പഠിച്ചെടുത്ത് സ്വന്തമായി വീഡിയോ പ്രോഗ്രാമുകളും ഉണ്ടാക്കാറുണ്ട്. മാത്രമല്ല ബ്രഹ്മസ്വം മഠത്തിലും ഇല്ലങ്ങളിലും ക്രിയക്കു ആവശ്യം വന്നാൽ പോവുന്നതും പതിവാണ്. യോഗക്ഷേമസഭയുടെ സംസ്ഥാന കൗൺസിൽ അംഗമാണ്.)

കൈപ്പിള്ളി മന, ചേർപ്പ്,
തൃശൂർ, പിൻ: 680561
മൊബൈൽ:8547469455/9349449455

**ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടും മുമ്പ് കേരളം പിറക്കും മുമ്പ് മലയാള സിനിമയ്ക്ക് വെറും പത്തു വയസ്സ് പോലൻും ആവും മുമ്പ് സിനിമ കാണാൻ അറിയുന്ന പ്രേക്ഷകർ ഉണ്ടാവും മുമ്പ് ഒരു നമ്പൂതിരി സഞ്ചരിക്കുന്ന സിനിമാശാല നടത്തിയിരുന്നു. മലയാളത്തിൽ സിനിമകൾ ഇല്ലാതിരുന്നപ്പോൾ ബോംബെയിൽ നിന്നും മദ്രാസിൽ നിന്നും ഹിന്ദി തമിഴ് സിനിമകൾ വരുത്തിയായിരുന്നു പ്രദർശനം ഒരു പക്ഷേ, ഇങ്ങനെ ചെയ്ത ഒരേ ഒരു നമ്പൂതിരി. ഗുരുവായൂർ നെന്മിനി കൃഷ്ണൻ ഭട്ടതിരിപ്പാടാ യിരുന്നു ആ നമ്പൂതിരി. അദ്ദേഹ ത്തോടൊപ്പം പ്രവർത്തിച്ച കരി ക്കാട് പാലശ്ശേരി ഉണ്ണികൃഷ്ണൻ നമ്പൂതിരി അതേപ്പറ്റി എഴുതുന്നു**


ഇന്നു രാത്രി! 6-നും ; 9-നും ; രണ്ടു കളികൾ !!

മഞ്ചേരി

[illegible] ടൂറിങ്ങ് ടാക്കീസിൽ.

S. P. L. പാഷാ ; B. R. ത്രിപതി ; C. N. പണ്ഡുരംഗൻ ; P. M. ദേവൻ ; V. ശർമ്മാ ; S. P. L. ധനലക്ഷ്മി ; T. S. ദമയന്തി ; B. ശാരദാംബാൾ. മീനാക്ഷി, അമീർ കർണ്ണാടകി മുതലായ അനേകം സുപ്രസിദ്ധ നടീനടന്മാരുടെ കായികാഭ്യാസവും, ആയുധവിദ്യകളും, അത്ഭുതപരാക്രമങ്ങളും നിറഞ്ഞ അതിശയനീയവും കാണികളുടെ വികാരങ്ങളെ [illegible] സ്തംഭിപ്പിക്കുന്നതുമായ തമിഴ് സൗണ്ട് പടം.

ദേശഭക്തി.

കഥാഗതി:—

ജയപുരി രാജാവിൻെറ പദവി [illegible]

P. T. O.

*മഞ്ചേരിയിലെ ആദ്യ ടൂറി ങ്ങ് ടാക്കീസിൽ പ്രദർശിപ്പി ച്ചിരുന്ന സിനിമയുടെ പോസ്റ്റർ*

# സഞ്ചരിക്കുന്ന സിനിമാശാല

**എം.പി.ഉണ്ണികൃഷ്ണൻ നമ്പൂതിരി**



മഞ്ചേരിക്കാരുടെ തിരുമേനി തന്റെ കൂടാരത്തിൽ ജനങ്ങളെ കയറ്റി ഇരുത്തി , അവരെ പൊട്ടിച്ചിരിപ്പിക്കും, കരയിപ്പിക്കും. ആ ചിരിക്കും, കണ്ണീരിനുമൊടുവിൽ, മുതലാളിയായാലും, തൊഴിലാളിയായാലും മനസ്സിന് തെല്ലൊരാശ്വാസമാണ് ലഭിക്കുക.. കണ്ണീരൊലിപ്പിച്ച് മൂക്കുചീറ്റി പുറത്തിറങ്ങി വരുന്ന സ്ത്രീജനങ്ങളുടേയും ഉള്ളിൽ സംതൃപ്തിയുടെ സന്തോഷമാണ് ലഭിക്കുക..

നല്ല ഒരു സിനിമ കണ്ട സംതൃപ്തി.

സിനിമകൾ കണ്ട് ജനങ്ങൾ ആസ്വദിക്കുമ്പോഴും തീരുമേനി മഞ്ചേരിയിലെ വാടകവീട്ടിൽ ഏകാന്തജീവിതം ആസ്വദിച്ചുകൊണ്ടിരുന്നു. ആ ഏകാന്തതക്കു ഭംഗം വരുത്തുന്നത് പലപ്പോഴും രസീതുബുക്കുമായി വരുന്നവരാണ്. മഞ്ചേരിയിലെ എല്ലാ രാഷ്ട്രീയ പാർട്ടിക്കാരും, എല്ലാ സാംസ്കാരികപ്രവർത്തകരും, മഞ്ചേരിയിലേയും, സമീപപ്രദേശങ്ങളിലേയും ക്ഷേത്ര പരിപാലന സമിതിക്കാരും തീരുമേനിയോട് സംഭാവന പിരിക്കാൻ പോവുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കാറുണ്ട്. തിരുമേനിയുടെ അടുത്തെത്തിയാൽ പെട്ടെന്നു പോരാൻ കഴിയില്ല. എല്ലാ നാട്ടു വർത്തമാനങ്ങളും പറഞ്ഞ് വളരെ സൗഹാർദ്ദമായി പെരുമാറി അവസാനം സംഭവാനയുടെ വിവരങ്ങൾ ചോദിക്കും. ഇത്ര തരണമെന്ന് പിരിവുകാർ പറയില്ല. ഒടുവിൽ തിരുമേനി പറയും. 'ഞാൻ മൊയ്തുണ്ണിയോട് പറയാം തിയേറ്ററിൽ പോയി മൊയ്തുണ്ണിയോട് സംഖ്യ വാങ്ങിക്കോളു. രസീറ്റ് അവിടെ കൊടുത്താൽ മതി'. പലപ്പോഴും പിരിവുകാർ വിചാരിച്ചതിനേക്കാൾ ഒരു സംഖ്യ യായിരിക്കും മൊയ്തുണ്ണിയെ ഏല്പിച്ചിട്ടുണ്ടായിരിക്കുക. അങ്ങനെ എല്ലാ വിധ പിരിവുകാരേയും സന്തോഷത്തോടെയാണ് തീരുമേനി തിരിച്ചയച്ചിരുന്നത്.

മഞ്ചേരിക്കാരുടെ തിരുമേനിയായ,

ഗുരുവായൂർ നെന്മിനി കൃഷ്ണൻ ഭട്ടതിരിപ്പാടിന്ന് സിനിമ പ്രദർശന കമ്പം ചെറുപ്പകാലം മുതൽക്കേ തുടങ്ങിയതാണ്. ആദ്യകാലത്ത് ടൂറിങ്ങ് ടാക്കീസിലായിരുന്നു സിനിമാ പ്രദർശനം നടത്തിയിരുന്നത്.

സർക്കസ്സ് കമ്പനികളെപ്പോലെ എല്ലാ സാമാഗ്രികളുമായി ഒരിടത്തെത്തി , കൂടാരം കെട്ടി, മൂന്നോ ആറോ മാസം അവിടെ സിനിമ പ്രദർശനം നടത്തുന്ന ടൂറിങ്ങ് ടാക്കീസ് ആയിരുന്നു ആ കാലത്ത് തിരുമേനിക്ക് ഉണ്ടായിരുന്നത്. മൂന്നു മാസം പ്രദർശനത്തിന്നുള്ള ലൈസൻസായിരുന്നു അക്കാലത്ത് പഞ്ചായത്തുകളിൽ നിന്നും ലഭിച്ചിരുന്നത്. ചില പഞ്ചായത്തുകൾ ആറ് മാസം ലൈസൻസ് കൊടുക്കും.

മഞ്ചേരിയിൽ വറൈറ്റി ടൂറിങ്ങ് ടാക്കീസ് എന്നൊരു സിനിമ പ്രദർശനശാല ഉണ്ടായിരുന്നു. 1946 നും 1950 നും നു ഇടയിലാകാം വറൈറ്റി ടാക്കീസ് ഉണ്ടായിരുന്നത്. ആ ടാക്കീസിൽ 'ദേശഭക്തി' എന്ന തമിഴ് സിനിമ കളിച്ചതിന്റെ നോട്ടീസ് ഈ ലേഖകന്റെ കൈവശമുണ്ട്. ഈ ടാക്കീസിനെക്കുറിച്ച് കൂടുതൽ അറിയുവാൻ കഴിഞ്ഞിട്ടില്ല. വറൈറ്റി ടാക്കീസ് എവിടെയാണ് ഉണ്ടായിരുന്നത്, ഉടമസ്ഥൻ ആരായിരുന്നു എന്നെല്ലാംഅന്വേഷിച്ച് അറിയേണ്ടിയിരിക്കുന്നു.

മഞ്ചേരിയിൽ തിരുമേനിയുടെ ആദ്യ ടൂറിങ്ങ് ടാക്കീസ് ഉണ്ടായിരുന്നത് , ഇപ്പോൾ ടൗൺഹാൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു. അക്കാലത്ത് ആ ഭാഗങ്ങൾ ഒഴിഞ്ഞു കിടക്കുന്ന പറമ്പും, ബാക്കി ഒറ്റവിള (നെല്ല്) എടുക്കുന്ന പള്ളിയാളിയുമായിരുന്നു.

പിന്നീട് ' ശ്രീശൻ ടാക്കീസ് ' എന്ന പേരിൽ ഇപ്പോൾ ശ്രീകൃഷ്ണ തിയേറ്റർ സ്ഥിതിചെയ്യുന്ന സ്ഥലത്ത് സിനിമ പ്രദർശനം തുടർന്നു . ഒന്നാം ക്ലാസ്സ് (കസേര ) ,രണ്ടാം ക്ലാസ്സ് (ചാരുബഞ്ച്) ,ബഞ്ച്(മരപ്പലക) തറ (മണൽ). ഇങ്ങനെ നാലു തരം ടിക്കറ്റുകളാണുണ്ടായിരുന്നത്. ഒന്നാം ക്ലാസ്സിന് കസേരയായിരുന്നു , രണ്ടാം ക്ലാസ്സുകാർക്ക് ചാരുബഞ്ച്, മൂന്നാം ക്ലാസ്സ് മരപലക വെച്ചടിച്ച ഇരിപ്പിടം. പിന്നെ തറ ടിക്കറ്റും.

തിരുമേനി ടൂറിങ്ങ് ടാക്കീസുമായി കുന്നംകുളം, തിരൂർ, താനൂർ, നിലമ്പൂർ, മേലാറ്റൂർ, പെരിന്തൽമണ്ണ എന്നിവിടങ്ങളിലും പ്രദർശനം നടത്തിയിട്ടുണ്ട്.


*ശ്രീകൃഷ്ണ തീയേറ്റർ*


*ഗുരുവായൂർ നെന്മിനി*
*കൃഷ്ണൻ ഭട്ടതിരിപ്പാട്*

അവിവാഹിതനായ തിരുമേനി, ബന്ധുക്കളാരും ഇല്ലാതെ ചുററിക്കറങ്ങുമ്പോഴും തീരുമേനിക്കൊപ്പം അവസാന നിമിഷം വരെ വിശ്വസ്തനായ ഒരാൾ കൂടെയുണ്ടായിരുന്നു. മൊയ്തുണ്ണി.

സിനിമാടാക്കീസ് തുടങ്ങുന്നതിനു മുമ്പെ തിരുമേനിക്ക് ഗുരുവായൂരിൽ 'വാണീവിലാസം ' എന്ന അച്ചടിശാലയുണ്ടായിരുന്നു. ആ പ്രസ്സിന്നടുത്താണ് മൊയ്തുണ്ണിയുടെ ചായക്കട . അന്ന് മൊയ്തുണ്ണിയുടെ ചായ തിരുമേനി കുടിച്ചിട്ടുണ്ടാവില്ല. എങ്കിലും മൊയ്തുണ്ണിയും തിരുമേനിയും അടുത്ത സുഹൃത്തുക്കളായി. ചായക്കടക്കുവേണ്ടി മൊയ്തുണ്ണിയെ പലപ്പോഴും സഹായിച്ചിട്ടും കച്ചവടത്തിലൊരു പുരോഗതി കണ്ടില്ല. ഈ സമയത്താണ് തീരുമേനി സിനിമവ്യവസായത്തിലേക്കിറങ്ങിയത്. കൂടെ സഹായത്തിനായി സുഹൃത്തായ മൊയ്തുണ്ണിയേയും തീരുമേനി കൂട്ടി. കൃത്യമായി അറിയില്ലെങ്കിലും 1945 – 1950 കളിലായിരിക്കാം തിരുമേനി ടൂറിങ്ങ് ടാക്കീസ് തുടങ്ങിയിട്ടുണ്ടായിരിക്കുക. പലനാട്ടിലും കറങ്ങി സിനിമ പ്രദർശനം നടത്തി ഒടുവിൽ മഞ്ചേരി സ്ഥിരമായ ഒരു ടാക്കീസ് തുടങ്ങി.

ഇപ്പോഴത്തെ ശ്രീകൃഷ്ണ തിയേറ്റർ ഉണ്ടായിരുന്ന സ്ഥലത്ത് ' രാധാകൃഷ്ണ ടാക്കീസ് ' എന്ന പേരിലാണ് ടാക്കീസ് തുടങ്ങിയത്. അന്ന് തേക്കുകൊണ്ടുള്ള ഉയരമുള്ള കാലിൻമേൽ കെട്ടിയുണ്ടാക്കിയ പുല്ല് മേഞ്ഞ സിനിമാ കോട്ടയായിരുന്നു. ചുറ്റിലും ചുമരിനുപകരം പരമ്പ് കൊണ്ട് മറക്കും. മഞ്ചേരിയിലെ ആദ്യകാലത്തെ മൂന്നു ബസ്സുടമകളിൽ ഒരാളായ വാരിയംതൊടി അച്ചുതൻ നായരുടെ (ഭാരതമോട്ടോർസ് ) സ്ഥലത്താണ് പുല്ല് മേഞ്ഞ രാധാകൃഷ്ണടാക്കീസ് പണിതത്. (മറ്റു രണ്ട് ബസ്സുടമകൾ 1 ഇന്ത്യൻ അച്യുതൻ നായർ. 2 കൊരമ്പയിൽ മുഹമ്മദ് ഹാജി)

1956 ലാണ് ശ്രീകൃഷ്ണ ടാക്കീസ് എന്ന പേരിൽ തുടങ്ങിയത് . ഒരേ ഒരു പ്രൊജക്ടറിലൂടെയായിരുന്നു അന്ന് പ്രദർശനം നടത്തിയിരുന്നത്. 12, 16, 20 റീലുകളുള്ള രണ്ടര , മൂന്ന് മണിക്കൂർ ഇരുന്ന് കണേണ്ട വലിയ പടങ്ങളായിരുന്നു അന്ന്

പ്രദർശിപ്പിച്ചിരുന്നത് . നാല് റിൽ കാണിച്ച് കഴിഞ്ഞാൽ അടുത്ത 4റീൽ പ്രൊജക്ടറിൽ കയറ്റുന്നതുവരെ ഒരു ഇടവേളയാണ്. ഈ ഇടവേളയിലാണ് വ്യാപാരസ്ഥാപനങ്ങളുടെ പരസ്യങ്ങൾ (Slide) കാണിക്കൽ.

1970 ലാണെന്നു തോന്നുന്നു ഡബിൾ പ്രൊജക്ടർ വെച്ചത്. കോഴിക്കോട് ക്രൗൺ തിയേറ്ററിൽ പുതിയ പ്രൊജക്ടർ വാങ്ങിയപ്പോൾ അവിടുത്തെ പഴയ പ്രൊജക്ടർ വാങ്ങി ശ്രീകൃഷ്ണയിൽ സ്ഥാപിച്ചു.

തിരുമേനി ഇക്കാലത്ത് കോഴിക്കോട് റോഡിന്റെ സമീപത്തുള്ള വയ്പ്പാറ ക്ഷേത്രത്തിനു സമീപം വാടക വീട്ടിലായിരുന്നു താമസം. മൂന്നുനേരവും ഭക്ഷണം സ്വാമിയുടെ ഹോട്ടലിൽ നിന്നും കൊണ്ടുവരും.

ഇക്കാലത്ത് തിയേറ്ററിൽ sound system ഒന്നുക്രമപ്പെടുത്തി, Seat കൾ മോടിക്കൂട്ടി. പടങ്ങൾ റിലീസിഗ് തുടങ്ങി. പല പടങ്ങളും രണ്ടു മൂന്നും നാലും വാരങ്ങൾ ഓടി തുടങ്ങി. നല്ല കലക്ഷനുള്ള തിയേറ്ററുകളുടെ പട്ടികയിലെത്തി. എന്നാൽ പല തിയേറ്ററുകളിലും സംഭവിക്കുന്നതു പോലെ സാമ്പത്തിക ചോർച്ചയിൽ നിന്ന ശ്രീകൃഷ്ണ തിയേറ്റർ മുക്തമായിരുന്നില്ല.




*വി ടി ഭട്ടതിരിപ്പാട് നയിച്ച യാചനാ യാത്രയിലും ഗുരുവായൂർ നെന്മിനി കൃഷ്ണൻ ഭട്ടതിരിപ്പാട് സജീവമായിരുന്നു*

## പണം തൊടാത്ത വ്യവസായി

തിരുമേനിയുടെ വിശ്വസ്തനായ മൊയ്തുണ്ണിയുടെ പ്രായാധിക്യവും, അനാരോഗ്യവും കാരണം മൊയ്തുണ്ണിയുടെ സഹായത്തിനായി ഒരു വിശ്വസ്തനെ നിയമിക്കാനുള്ള അന്വേഷണം എന്നിലെത്തി. അങ്ങനെ ഞാൻ 1975 ൽ തിയേറ്ററിൽ ജോലിക്കാരനായി. രാത്രി രണ്ടാമത്തെ show വിന് നിൽക്കാതെ ആദ്യത്തെ Show കഴിഞ്ഞാൽ 9-30 ന് മഞ്ചേരിയിൽ നിന്നുള്ള അവസാന ബസ്സിന് ഞാൻ കരിക്കാട്ടേക്കു പോരും.

മൊയ്തുണ്ണിക്ക് അടിയന്തരപ്രശ്നങ്ങൾ കാരണം കുറച്ചു ദിവസം വീട്ടിൽ നിൽക്കേണ്ടി വന്നു. ഈ സമയത്ത് രാത്രി രണ്ടാമത്തെ Show കഴിഞ്ഞു കലക്ഷൻ തിരുമേനിക്ക് കൊണ്ടു കൊടുത്ത ശേഷമേ എനിക്ക് കരിക്കാട്ടേക്ക് പോരാൻ പറ്റിയിരുന്നുള്ളു. പണമെല്ലാം എണ്ണി തിട്ടപ്പെടുത്തി അന്നത്തെ തിയേറ്റർ ചിലവ് എഴുതിയ ഒരു കടലാസും പണവും തിരുമേനിയുടെ അടുത്ത് വെച്ചു കൊടുക്കും. അതിൽ നിന്നും കണക്കെഴുതിയ കടലാസ് മാത്രമെടുത്ത് അന്നത്തെ വരവ് ചിലവുകൾ പരിശോധിക്കും.എന്നിട്ട് പറയും ' പണം ഷെൽഫിൽ കൊണ്ടു പോയി വെച്ചോളു. ' നോട്ടുകെട്ടുകളെടുത്ത് ഞാൻ തീരുമേനിയുടെ Bed Room ൽ വെച്ച പഴയ കാലത്തുള്ള ഇരുമ്പു സൈഫിൽ വെക്കും. ഒരു പടം കലകഷൻ കുറഞ്ഞ് Pack up ആയാൽ അതുവരെയുള്ള Share സംഖ്യ അവർക്ക് cash ആയി കൊടുക്കുകയാണ് അന്നത്തെ പതിവ്. വലിയൊരു സംഖ്യയുണ്ടാകും കൊടുക്കാൻ. സൈഫ് തുറന്ന് തന്ന് തിരുമേനി പറയും ' കൊടുക്കാനുള്ളത് എണ്ണി എടുത്തോളു ' എന്നും പറഞ്ഞ് തിരുമേനി പുറത്തെ ചാരുകസേരയിൽ വന്നു കിടക്കും. പണം കൈകൊണ്ടു തൊടാത്ത തിയേറ്റർ ഉടമയായിരുന്നു തിരുമേനി. വല്ല പിച്ചക്കാരും വന്നാൽ അവർക്കു കൊടുക്കാനായി ഒറ്റരൂപ നാണ്യങ്ങൾ ഒരു പാത്രത്തിൽ വെച്ചിട്ടുണ്ടാകും. അവർക്ക് കൊടുക്കാനും, എന്നും അടുത്തുള്ള ശ്രീകൃഷ്ണ ക്ഷേത്രത്തിൽ ദീപരാധന തൊഴുത് ഭണ്ഡാരത്തിൽ ഇടാനുള്ള ഒരു പിടി നാണ്യങ്ങളും മാത്രമേ തിരുമേനി കൈ കൊണ്ടു തൊടുകയുള്ളു.

ഒരു കാലഘട്ടത്തിലെ ജനതക്ക് നല്ല ഓർമ്മകളുടെ ഗൃഹാതുരത്വം നൽകുന്ന ശ്രീകൃഷ്ണ തിയേറ്റർ ഇനി ഓർമ്മയാവുകയാണ്.

എം.പി.ഉണ്ണികൃഷ്ണൻ നമ്പൂതിരി,
പാലശ്ശേരി മന, കരിക്കാട്,
പി ഒ തൃക്കലങ്ങോട്
മഞ്ചേരി. 676123
മൊബൈൽ 9496702912.


GIM
Guruvayurappan
Institute of Management
Approved by AICTE , Affiliated to Bharathiar University, Coimbatore
ADMISSION
OPEN
2024-'26
Research centre in Management
MBA @ GIM
Skills for a lifelong career
29 Years
of Excellence
Call us:
+91 - 9443930896
0422 - 2656213 / 515
DON'T MISS IT
REGISTER NOW
THE BEST EDUCATION CENTER
Dr. U.C.G. Namboothiri
Chairman, SGECT
Mr. K. M. Sankaranarayanan Namboothiri
Vice Chairman , SGECT
Mr. M. K. Krishnan Namboodiripad
Secretary, SGECT
Dr. N. Maheswaran Bhattathiripad
Treasurer, SGECT
FOCUS on SKILL
Dreaming of MBA ? You are at the right place as GIM is a powerful
cornerstone for your career. One of a kind B-School!
Coimbatore - Palakkad Highway, Navakkarai, Coimbatore - 641105
website : www.gimat.org
email : info@gimat.org

# ശതാഭിഷേക ആശംസകൾ



## ത്രിവിക്രമൻ നമ്പൂതിരി

ശതാഭിഷിക്തനായ വടക്കുമ്മ്യാൽ ത്രിവിക്രമൻ നമ്പൂതിരി. ചന്ദ്രികാലയം, എസ്.എച്ച്. മൗണ്ട് പി.ഒ, നട്ടാശ്ശേരി, കോട്ടയം. ഫോൺ: 9446513048.

ആശംസകളോടെ...

ഭാര്യ: സാവിത്രീദേവി (വടക്കിനിയേടത്ത് മഹൾ, ആമ്പല്ലൂർ) മക്കൾ: സുബ്രഹ്മണ്യൻ, നാരായണൻ, സിന്ധുദേവി, സന്ധ്യാദേവി. മരുമക്കൾ: ഉമാദേവി, അജിതൻ മാടശ്ശേരി, നാരായണൻ നമ്പൂതിരി.



## വിഷ്ണുവും കൃഷ്ണപ്രിയയും

കോഴിക്കോട് ചാത്തമംഗലം കുഴിപ്പുറത്തില്ലത്ത് രാമചന്ദ്രൻ നമ്പൂതിരിയുടേയും അർച്ചന രാമചന്ദ്രന്റേയും മകൾ കൃഷ്ണപ്രിയയും പെരുമ്പാവൂർ വളയൻചിറങ്ങര എടാട്ട് ഇല്ലത്ത് ശ്രീ. നാരായണൻ നമ്പൂതിരിയുടേയും ജയശ്രീ അന്തർജ്ജനത്തിന്റേയും മകൻ വിഷ്ണുവും 2023 ഡിസംബർ 10 ന് പെരുമ്പാവൂർ ഐരാപുരം ശ്രീ ഭദ്ര ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹിതരായി.

# സപ്തതി ആശംസകൾ



**സപ്തതി ആഘോഷിക്കുന്ന**

## നടുവിലേടം ഉണ്ണിമായ അന്തർജ്ജനത്തിന്

**ആശംസകൾ**

വിനോദ്, മഞ്ജു, ആര്യ, അഞ്ജന,
ബന്ധു മിത്രാദികൾ



# എൺപതിന്റെ നിറവിൽ കാഞ്ഞിരത്തോട്ടം ദാമോദരൻ നമ്പൂതിരി

*ആശംസകളോടെ,*

പാർവതി അന്തർജനം (ഭാര്യ)
നാരായണൻ നമ്പൂതിരി (മകൻ)
മിനി (മരുമകൾ)
പാർവതി, ഐശ്വര്യ (പേരക്കുട്ടികൾ)




# ഡോ. സുധിശർമ്മ

കാൾട്ടൺ യൂണിവേഴ്സിറ്റി (കാനഡ)യിൽ നിന്നും കമ്പ്യൂട്ടേഷണൽ മെക്കാനിക്സിൽ പി.എച്ച്.ഡി. നേടിയ ഡോ. സുധിശർമ്മ പാടിയില്ലത്ത്. കോവിഡ് വ്യാപനത്തെയും ഭൂകമ്പ തരംഗങ്ങളെയും കുറിച്ച് സൂപ്പർ കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് നടത്തിയ പഠനത്തിലായിരുന്നു പി.എച്ച്.ഡി. ലഭിച്ചത്. പാടിയില്ലത്ത് വാസുദേവൻ നമ്പൂതിരിയുടെയും ഇടമന സരസ്വതി അന്തർജ്ജനത്തിന്റെയും മകനാണ്. പത്നി കാവ്യശ്രീ അംബങ്കോട് മന. ചെറുവത്തൂർ കൂട്ടമത്ത് താമസം.
മൊബൈൽ: 8113030960
അഭിനന്ദനങ്ങളോടെ സഹോദരി: ചന്ദന പി ദേവ് , എഞ്ചിനീയർ / സയന്റിസ്റ്റ്. (കാനഡ)

## പൂനെയിലെ നാഷണൽ കെമിക്കൽ ലബോറട്ടറി തേടിയെത്തി

# ഈ റാങ്കുകാരനെ

പൊത്തോപ്പുറം കേശവൻ ജയന്തൻ



ശാസ്ത്രത്തിന്റെ ഓരോ മേഖലയിലും ഗവേഷണങ്ങളും പഠനങ്ങളും നടത്താനായി കൗൺസിൽ ഓഫ് സൈന്റിഫിക് ആളഡ് ഇൻഡസ്ട്രിയൽ റിസർച്ച് ( സി ഐ എസ് ആർ ) ഭാരതത്തിൽ പലയിടങ്ങളിലുമായി ലബോറട്ടറികളും ഗവേഷണസ്ഥാപനങ്ങളും സ്ഥാപിച്ചിട്ടുണ്ട്. അവയിൽ രസതന്ത്രത്തിൽ ഗവേഷണം നടത്തുന്ന സ്ഥാപനമാണ് പൂനെയിലുള്ള നാഷണൽ കെമിക്കൽ ലബോറട്ടറി. കുസാറ്റിലെ ഒന്നാം റാങ്കുകാരനായതിനാൽ ആ ലബോറട്ടറി വെളിയന്നൂർ പൊത്തോപ്പുറത്ത് ഇല്ലത്ത് വിജയിനെ തേടി വന്നു. ഇപ്പോൾ അവിടത്തെ ഒരു പ്രോജക്ടിൽ അസ്സോസിയേറ്റ്-വൺ ആണ്.

ജർമ്മനിയിലെ മാക്സ് പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ടിൽ പി.എച്ച്.ഡിക്കു ചേരാനുള്ള അവസരം അവസാന സ്റ്റേജിൽ എത്തിയതാണ്. ഇതിനു രണ്ടു ഘട്ടം അഭിമുഖങ്ങളാണ് ഉള്ളത്. അതിൽ ആദ്യഘട്ടം അഭിമുഖത്തിൽ വിജയിച്ചു. എന്നാൽ രണ്ടാമത്തെ ഘട്ടം അഭിമുഖത്തിനു ഹാജരായില്ല. ഇടയ്ക്ക് ഒരു കൺഫ്യൂഷൻ. പിഎച്ച്.ഡി. തന്നെയാണോ ചെയ്യേണ്ടത് ? ഗവേഷണം തന്നെയാണോ തനിക്കു ചേർന്ന പ്രവർത്തനരംഗം? വളരെ പ്രധാനപ്പെട്ട കാര്യം ആയതുകൊണ്ട് ധൃതി പിടിച്ചൊരു തീരുമാനം വേണ്ടെന്നു വച്ചു.

ആ സമയത്താണ് അനുയോജ്യമായ ജോലി തേടിയെത്തിയത്. ഭാവി പ്രവർത്തനം എന്തെന്ന് തീരുമാനിക്കാൻ ഈ ജോലി സഹായകമാകുമെന്നു തോന്നിയതുകൊണ്ട് രണ്ടാമത് ഒന്ന് ആലോചിച്ചില്ല.

കുസാറ്റിൽ നിന്ന് ഒന്നാം റാങ്കോ



കുസാറ്റിൽ നിന്ന് ഒന്നാം റാങ്കോടെ പാസായതിന്റെ ബലത്തിലാണ് പ്രശസ്തമായ ഈ ദേശീയ ലബോറട്ടറി അവസരം നൽകിയത്.

ടെ പാസായതിന്റെ ബലത്തിലാണ് പ്രശസ്തമായ ഈ ദേശീയ ലബോറട്ടറി അവസരം നൽകിയത്. വേറൊരു കാരണം കൂടിയുണ്ട്. എം.എസ്.സി.യുടെ ഗവേഷണ പ്രബന്ധം സമർപ്പിച്ചതും ഇതേ സ്ഥാപനത്തിലാണ്. ഇലക്ട്രോകെമിക്കൽ ബയോമാസ് ഓക്സിഡേഷൻ എന്ന പഠന വിഭാഗത്തിൽ ഡോ. ചിന്നക്കൊണ്ട എസ്. ഗോപിനാഥിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം. ദേശീയ രസതന്ത്ര ലബോറട്ടറിയിൽ സമർപ്പിച്ച എം.എസ്.സി.യുടെ ഗവേഷണ പ്രബന്ധവും അവർക്ക് ബോധ്യമായി. അതിന്റെയെല്ലാം ഫലമാണ് ഇപ്പോഴത്തെ നിയോഗം.

ഇനി വിജയിനെപ്പറ്റി പറയാം. എനിക്ക് ഡെൽഹിയിലായിരുന്നു ജോലി. വല്ലപ്പോഴുമാണ് നാട്ടിൽ വരിക. വന്നാൽ തറവാട്ടിൽ പോകും. കുറെ വർഷങ്ങൾക്കു മുമ്പ് ഇത്തരമൊരു സന്ദർഭം. അന്ന് അപ്ഫന്റെ പൗത്രൻ ഉണ്ണിക്ക് മൂന്നോ നാലോ വയസ്സ്. ചെന്നപ്പോൾ ഉണ്ണി മുമ്പിലത്തെ വരാന്തയിൽ ഉണ്ട്. പോരാറായപ്പോൾ ഭാര്യ ജയശ്രീ സംസാരിച്ചുകൊണ്ട്, ശ്രദ്ധിക്കാതെ, മറ്റാരുടെയോ ചെരുപ്പ് ഇടാൻ തുടങ്ങി. ഉണ്ണി ഉടനെ വിളിച്ചു പറഞ്ഞു, 'ചെറിയമ്മേ, അതല്ല ചെറിയമ്മയുടെ ചെരുപ്പ്, ദാ ഇതാണ് .

ആ നിരീക്ഷണ പാടവവും ഓർമ്മ ശക്തിയും ഇന്നുമുണ്ട് ഉണ്ണി എന്ന വിജയിന്. കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ



*കുസാറ്റ് എമെരിറ്റസ് പ്രൊഫസർ എസ്. പ്രതാപനിൽ നിന്ന് ഒന്നാം റാങ്ക് ലഭിച്ചതിൻറെ സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നു.*

**ഓരോ തവണയും പരീക്ഷക്കു പുറപ്പെടുന്നതിനു മുമ്പ് അന്നെഴുതാനുള്ള പേന പീഠത്തിൽ വച്ചു പൂജിക്കുന്നതു പതിവായിരുന്നു. സന്തോഷമോ സങ്കടമോ എന്തു വന്നാലും അതെല്ലാം ശ്രീകോവിലിൽ ഇരുന്ന് അമ്മയോടു പങ്കു വയ്ക്കും. സ്വന്തം അമ്മയോട്, അല്ലെങ്കിൽ ഒരു ഉറ്റ സുഹൃത്തിനോട്, അല്ലെങ്കിൽ ഏറ്റവും പ്രിയപ്പെട്ട ഗുരുനാഥനോട്, സംസാരിക്കുന്നതുപോലെ.**

(കുസാറ്റ്) സംയോജിത ബി.എസ്‌സി.–എം.എസ്‌സി. രസതന്ത്രം പരീക്ഷയിൽ 2023 ലെ ഒന്നാം റാങ്ക് നേടിയത് വെറുതെയല്ല.

കുട്ടിക്കാലത്ത് തൻറെ തൊട്ടു ചുറ്റുപാടും നടക്കുന്ന കാര്യങ്ങളിൽ മാത്രമായിരുന്നു വിജയിനു താല്പര്യം. അതിനു പുറത്തെന്തു നടക്കുന്നു എന്നറിയാൻ ഒരുത്സാഹവും കാണിക്കാറില്ല. കുണ്ടിനു വെളിയിലേക്ക് ഒന്ന് എത്തിനോക്കാൻ പോലും ധൈര്യപ്പെടാത്ത ഒരു തവളക്കുഞ്ഞായിരുന്നു. ഇതിനൊരു മാറ്റം വന്നത് പ്ലസ് ഒന്നിലും രണ്ടിലും പഠിക്കുമ്പോഴായിരുന്നു.

കുസാറ്റിൽ ചേർന്നതിനു ശേഷം ഹോസ്റ്റൽ ജീവിതവുമായി ഇഴുകിച്ചേർന്നപ്പോൾ സ്വയം തീരുമാനങ്ങൾ എടുക്കാൻ തുടങ്ങി. ഇപ്പോൾ എല്ലാ കാര്യങ്ങളും സ്വയം തന്നെയാണു ചെയ്യുന്നത്. എങ്കിലും ഇല്ലത്തു വരുമ്പോൾ മാത്രം ചിലപ്പോൾ താൽക്കാലികമായി പഴയ രീതിയിലേക്ക് തെന്നി മാറും!

രസതന്ത്രമല്ലായിരുന്നു, ജീവശാസ്ത്രം ആയിരുന്നു ഇഷ്ടവിഷയം. പത്തും പന്ത്രണ്ടും ക്ലാസ്സുകളിൽ ഈ വിഷയത്തിനു 100 ശതമാനം മാർക്കും ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ ജീവശാസ്ത്രം ആയിരുന്നു ഉന്നതപഠനലക്ഷ്യം.

പക്ഷെ കാലത്തിന്റെ തീരുമാനം ആർക്കു മാറ്റാൻ പറ്റും? നീറ്റിന്റെ എൻട്രൻസ് കോച്ചിങ്ങിനു ഒരു വർഷം പാലായിലെ ബ്രില്യന്റ് ട്യൂട്ടോറിയൽസിൽ പോയെങ്കിലും, തിരുവനന്തപുരം കേരള കാർഷിക സർവ്വകലാശാലയിൽ ബി.എസ്സി.–എം.എസ്സി. ബയോടെക്നോളജി സംയോജിത പഠന എൻട്രൻസ് പരീക്ഷയിൽ അഖില കേരളാടിസ്ഥാനത്തിൽ പൊതുവിഭാഗത്തിൽ (ജനറൽ കാറ്റഗറി) ഇരുപത്തിമൂന്നാം റാങ്ക് കിട്ടിയെങ്കിലും ഒടുവിൽ ചെന്നുപെട്ടത് സംയോജിത രസതന്ത്രം ബി.എസ്സി.–എം.എസ്സി. പഠനത്തിന് കുസാറ്റിൽ. അതിലാണ് ഇപ്പോൾ വിജയ് ഒന്നാം റാങ്ക് കരസ്ഥമാക്കിയിരിക്കുന്നത്.

വിജയ് പത്താം ക്ലാസ്സു വരെ മുത്തോലപുരം സെൻറ് പോൾസ് ഹൈസ്കൂളിലും ( ഫുൾ എ പ്ളസ്) പ്ലസ് ടു വഴിത്തല സെന്റ് സെബാസ്ററ്യൻസ് ഹയർ സെക്കണ്ടറി സ്കൂളിലും (93.8%) ആണു പഠിച്ചത്.

മുത്തോലപുരം സെന്റ് പോൾസ് ഹൈസ്കൂളിൽ എട്ടു മുതൽ പത്തു വരെ ക്ലാസ്സുകളിൽ വിജയിന്റെ അദ്ധ്യാപികയായിരുന്ന ജോളി ഫിലിപ്പ് ടീച്ചർ പറയുന്നു, 'എല്ലാ ക്ലാസ്സുകളിലും എല്ലാ പരീക്ഷകളിലും വിജയ് ആയിരുന്നു ഒന്നാമൻ.

### അങ്ങനെ ചെയ്യണമെന്നു എന്നെ പ്രേരിപ്പിച്ചത് അഭിജിത്



*അഭിജിത്*

സഹപാഠികളാണ്, പ്രത്യേകിച്ച് അഭിജിത് എന്ന സഹപാഠിയാണ്, ആ ശലഭകോശത്തിൽ നിന്നു വെളിയിൽ വരാൻ വിജയിനെ പ്രോത്സാഹിപ്പിച്ചതും പ്രേരിപ്പിച്ചതും നിർബ്ബന്ധിച്ചതും. വിജയിന്റെ തന്നെ വാക്കുകളിൽ, 'എന്നെ സ്വപ്നം കാണാൻ പഠിപ്പിച്ചത് അഭിജിത് ആണ്. നമ്മുടെ ചുറ്റുപാടുമുള്ളതു മാത്രമല്ല, അതിനും വെളിയിൽ വിശാലമായ മറ്റൊരു ലോകമുണ്ടെന്നും അതു നമ്മെ കാത്തിരിക്കുന്നുവെന്നും അതിനെ നമുക്കു വെട്ടിപ്പിടിക്കാൻ സാധിക്കുമെന്നും അങ്ങനെ ചെയ്യണമെന്നും എന്നെ പ്രേരിപ്പിച്ചതു അഭിജിത് ആണ്. അവൻ ധാരാളം സ്വപ്നം കാണുന്ന കൂട്ടത്തിലായിരുന്നു. എന്നെയും അവൻ തന്റെ സ്വപ്നലോകത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. എൻറെ മാറ്റത്തിന്റെ പ്രധാന കാരണം അഭിജിത്തിന്റെ സ്നേഹപൂർവമായ നിർബ്ബന്ധം ആണ്.'

ഇംഗ്ലീഷ് മീഡിയവും മലയാളം മീഡിയവും ഒരുമിച്ചു കണക്കാക്കുമ്പോഴും ഒന്നാമൻ മലയാളം മീഡിയത്തിൽ പഠിച്ചിരുന്ന വിജയ് തന്നെ. ഉപന്യാസം, ക്വിസ് തുടങ്ങിയ മത്സരങ്ങളിൽ ഉപജില്ലാതലത്തിലും, ജില്ലാതലത്തിലും സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്. പങ്കെടുക്കാൻ സൗകര്യമുണ്ടായിരുന്ന എല്ലാ ശാസ്ത്ര ക്ലബ്ബുകളിലും വിജയ് പങ്കെടുത്തിട്ടുണ്ട്, സമ്മാനങ്ങളും നേടിയിട്ടുണ്ട്. ശാസ്ത്ര ക്ലബ്ബുകളിൽ പങ്കെടുക്കുന്നത് ഒരു തരം ആവേശമായിരുന്നു. സഹപാഠികൾക്ക് ആൺ -പെൺ വ്യത്യാസമില്ലാതെ എന്തു സംശയവും തീർത്തു കൊടുക്കാൻ എപ്പോഴും സന്നദ്ധനായിരുന്നു. എന്നാൽ ഈ സന്നദ്ധത പരീക്ഷയിൽ കോപ്പി അടിക്കുന്നതിലേക്കു വ്യാപിപ്പിക്കാൻ തയ്യാറായിരുന്നില്ല. കോപ്പി അടിക്കാൻ ആരേയും സഹായിച്ചിരുന്നില്ല, അനുവദിച്ചിരുന്നുമില്ല.'

അന്നന്നു ക്ളാസ്സിൽ പഠിപ്പിക്കുന്ന കാര്യങ്ങൾ അന്നന്നു പഠിക്കുക, നോട്ടുകൾ തയ്യാറാക്കുക, ആ വിഷയത്തെ സംബന്ധിച്ചുള്ള പുസ്തകങ്ങൾ വായിക്കുക, ഇവ കൃത്യമായി ചെയ്തിരുന്നു. ഇക്കാര്യങ്ങളിൽ വിട്ടുവീഴ്ചക്ക് തയ്യാറായിരുന്നില്ല. എല്ലാ ദിവസവും ഇത്ര മണിക്കൂർ പഠിക്കുക എന്നൊന്നും നിശ്ചയിച്ചിരുന്നില്ല. ഒരു ദിവസവും ക്ലാസ്സുകൾ നഷ്ടപ്പെടാൻ ഇട വരുത്താറില്ല. അസുഖം മൂലമോ മറ്റോ ഒന്നോ രണ്ടോ ദിവസം പോകാൻ പറ്റിയില്ലെങ്കിൽ പോകാത്ത ദിവസങ്ങളിലെ നോട്ടുകൾ എഴുതിയെടുക്കുന്നതും നിർബ്ബന്ധമായിരുന്നു.

തികഞ്ഞ ഈശ്വര വിശ്വാസിയാണ്. അമ്മാത്തെ മുത്തശ്ശൻ കൃഷ്ണൻ നമ്പൂതിരിയിൽ നിന്നു പൂജകളും മറ്റും പഠിച്ചു. പറ്റുമ്പോഴൊക്കെ കുടുംബ ക്ഷേത്രത്തിൽ പൂജയും ചെയ്യും. ഓരോ തവണയും പരീക്ഷക്കു പുറപ്പെടുന്നതിനു മുമ്പ് അന്നെഴുതാനുള്ള പേന പീഠത്തിൽ വച്ചു പൂജിക്കുന്നതു പതിവായിരുന്നു.

സന്തോഷമോ സങ്കടമോ എന്തു വന്നാലും അതെല്ലാം ശ്രീകോവിലിൽ ഇരുന്ന് അമ്മയോടു പങ്കു വയ്ക്കും. സ്വന്തം അമ്മയോട്, അല്ലെങ്കിൽ ഒരു ഉറ്റ സുഹൃത്തിനോട്, അല്ലെങ്കിൽ ഏറ്റവും പ്രിയപ്പെട്ട ഗുരുനാഥനോട്, സംസാരിക്കുന്നതുപോലെ. ദേവിയോട് സംസാരിച്ചു കഴിയുമ്പോൾ ഏറെ സമാധാനം ലഭിക്കും. വിജയിന്റെ മാതാപിതാക്കളാണെങ്കിൽ തങ്ങളുടെ ഇഷ്ടങ്ങൾ ഒരിക്കലും അടിച്ചേൽപ്പിച്ചിരുന്നില്ല. വിജയിന്റെ താല്പര്യങ്ങൾക്കനുസരിച്ച് നിന്നു.



ഇരിക്കുന്നവർ (ഇടത്തുനിന്ന്): പി.എൻ.ശ്രീധരൻ (അപ്ഫൻ), പി.എസ്. നാരായണൻ നമ്പൂതിരി (മുത്തശ്ശൻ), തങ്കമണി അന്തർജ്ജനം (മുത്തശ്ശി), പി.എൻ. മോഹനൻ (അച്ഛൻ). നിൽക്കുന്നവർ (ഇടത്തുനിന്ന്): ഗീത ശ്രീധരൻ (ചെറിയമ്മ), പി.എസ്. ശ്രീദേവ് (അപ്ഫന്റെ മകൻ), പി.എം. അജയ് (ജ്യേഷ്ഠൻ), പി.എൻ. വിജയ്, ആശ മോഹൻ (അമ്മ).

### അവാർഡുകളും സ്കോളർഷിപ്പുകളും:

- ❑കുസാറ്റ് ഇന്റഗ്രേറ്റഡ് എം എസ് സി : ഒന്നാം റാങ്ക്
- ❑ഗ്രാജുവേറ്റ് ആപ്ട്ട്യൂട്ട് ടെസ്റ്റ് ഇൻ എഞ്ചിനീയറിംഗ് (ഗേറ്റ്)2 023: അഖിലേന്ത്യാ റാങ്ക് 1965
- ❑കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ആസ്പയർ സ്കോളർഷിപ്പ് ഗവേഷണ അവാർഡ്;
- ❑റൂസ കൂസാടെക് ഇന്റേൺഷിപ്പ് സ്കോളർഷിപ്പ്;
- ❑കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ശാസ്ത്ര വ്യാവസായിക ഗവേഷണ കൗൺസിലിന്റെ കീഴിലുള്ള ദേശീയ രസതന്ത്ര ലബോറട്ടറിയിൽ അസ്സോസിയേറ്റ്-വൺ

ബ്രില്ല്യന്റിലെ ഒരു വർഷത്തെ കോച്ചിങ്ങ് തുടർപഠനത്തിന് വളരെ ഗുണം ചെയ്തു. സംയോജിത ബി.എസ്സി.-എം.എസ്സി. പരീക്ഷയുടെ എൻട്രൻസിൽ അഖിലേന്ത്യാതലത്തിൽ അഞ്ഞൂറാം റാങ്ക് ലഭിച്ചു. അങ്ങനെയാണ് കുസാറ്റിൽ പ്രവേശനം കിട്ടിയത്. സംയോജിത ബി.എസ്സി.-എം.എസ്സി.യിൽ ബയോളജി ഇല്ലായിരുന്നു. പിന്നെ അതിനോട് ഏറ്റവും ചേർന്ന് നിൽക്കുന്ന വിഷയമായ രസതന്ത്രം എടുക്കുകയാണുണ്ടായത്. സമ്മർ ഗവേഷണ ഫെല്ലോഷിപ്പ് പ്രോഗ്രാം ബാംഗ്ലൂരിലുള്ള ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയന്റിഫിക് റിസർച്ചിൽ ആയിരുന്നു, സിങ്ക് എയർ ബാറ്ററിയെ അധികരിച്ച്.

അച്ഛൻ പി.എൻ. മോഹനൻ മൂവാറ്റുപുഴയിൽ ബിസിനസ്സിനൊപ്പം കുടുംബക്ഷേത്രത്തിലെ പൂജാദികാര്യങ്ങളും നോക്കി നടത്തുന്നു. അമ്മ ആശ മോഹൻ കുടുംബിനിയാണ്. ജ്യേഷ്ഠൻ അജയ് ബാങ്കിലെ ജോലി വേണ്ടെന്നു വച്ച് ബിസിനസിലും പൂജാദികാര്യങ്ങളിലും അച്ഛനെ സഹായിക്കുന്നു ●

വിജയ് പി.എം, പൊത്തോപ്പുറത്ത് ഇല്ലം, വെളിയന്നൂർ പി.ഓ, വഴി: ഉഴവൂർ, കോട്ടയം ജില്ല, പിൻ 686634, ഫോൺ: 6282824014.

പൊത്തോപ്പുറം കേശവൻ ജയന്തൻ, (സരസിജം, കനാൽ റോഡ്, പട്ടരുകുന്ന്, വെളിയന്നൂർ പോസ്റ്റ്, വഴി ഉഴവൂർ, കോട്ടയം ജില്ല. പിൻ 686634 മൊബൈൽ:9810453289

**ഇന്ത്യ–പാകിസ്ഥാൻ വിഭജനത്തിന്റെ ദുരന്തത്തിനിരയായ ഒരേയൊരു നമ്പൂതിരി. കീഴാർനെല്ലൂർ പരമേശ്വരൻ നമ്പൂതിരിയുടെ (പാച്ചൻ) അസാധാരണവും പ്രക്ഷുബ്ധവുമായ ജീവിതത്തിലേക്ക് ഒരെത്തിനോട്ടം. വിഭജന കാലത്ത് പാകിസ്ഥാനിലെ റാവൽപിണ്ടിയിൽ നിന്ന് അതി സാഹസികമായി രക്ഷപ്പെട്ട് വന്ന അനുഭവം. ലാഹോറിൽ പഠിക്കാൻ പോയതായിരുന്നു ആ ഉണ്ണിനമ്പൂതിരി. മഹാത്മാ ഗാന്ധിയെ ആശ്രമത്തിൽ നേരിട്ടു ചെന്ന് കണ്ട് അനുഗ്രഹം ലഭിച്ച ആൾ. നമ്പൂതിരി സമുദായത്തിൽ ആണായി ജനിച്ചതിൽ സങ്കടപ്പെടുകയും പെണ്ണായിരുന്നെങ്കിൽ എന്ന് മോഹിച്ചു പോവുകയും ചെയ്ത ആൾ. വിചിത്രമായ അനുഭവങ്ങളും ആഗ്രഹങ്ങളും**

# പഠിച്ചത് പാകിസ്ഥാനിൽ

**കെ. എം. എസ് ഭട്ടതിരിപ്പാട്**



കീഴാർനെല്ലൂർ പരമേശ്വരൻ നമ്പൂതിരിയെ കേരള ചരിത്രത്തിലെങ്ങും കാണില്ല. നമ്പൂതിരിമാർക്കു പോലും അധികമറിയില്ല. എന്നാൽ നമുക്കാർക്കുമില്ലാത്ത അപൂർവമായ ചരിത്രപ്രാധാന്യമുണ്ട് അദ്ദേഹത്തിന്. ആദ്യമേ പറയാം ഇന്ത്യാ വിഭജന കാലത്ത് പാകിസ്ഥാനിലെ റാവൽപിണ്ടിയിൽ നിന്ന് അതി സാഹസികമായി രക്ഷപ്പെട്ട് വന്ന ആളാണ്. ലാഹോറിൽ പഠിക്കാൻ പോയ ആദ്യത്തെ നമ്പൂതിരിയാണ്.

വേറെ ചിലതു കൂടി പറയാം. ഗാന്ധിയുടെ ആശ്രമത്തിൽ നേരിട്ടു ചെന്ന് കണ്ട് അനുഗ്രഹം ലഭിച്ച ആളാണ്. കുട്ടിക്കാലത്ത് സ്വന്തം അച്ഛൻ മരിച്ചു പോവണമെന്ന് ആഗ്രഹിച്ചു പോയ ആളാണ്. നമ്പൂതിരി സമുദായത്തിൽ ആണായി ജനിച്ചതിൽ സങ്കടപ്പെടുകയും പെണ്ണായിരുന്നെങ്കിൽ എന്ന് മോഹിച്ചു പോവുകയും ചെയ്ത ആളാണ്.

ഇതിൽ പലതും അദ്ദേഹം എഴുതിയ ആത്മകഥയിലുണ്ട്. രണ്ടു നോട്ടു പുസ്തകങ്ങളിൽ എഴുതി പ്രസിദ്ധീകരിക്കാതെ വച്ചത്. അദ്ദേഹം ഹിന്ദിയിൽ നിന്നു മൊഴിമാറ്റം നടത്തിയ വൈദികസമ്പത്ത് എന്ന പുസ്തകത്തിന്റെ ആമുഖത്തിലും ചിലത് രേഖപ്പെടുത്തിയിട്ടുണ്ട്. ആ നോട്ടുബുക്കുകളിൽ നിന്ന് പകർത്തിയതും അദ്ദേഹം പലപ്പോഴായി നേരിട്ടു പറഞ്ഞതും മക്കളിൽ നിന്ന് ചോദിച്ചറിഞ്ഞതും വെച്ച് എഴുതിയതാണ് ഈ കുറിപ്പ്.

ജനനം കീഴാർനെല്ലൂർ അഥ



**ഇതിൽ പലതും അദ്ദേഹം എഴുതിയ ആത്മകഥയിലുണ്ട്. രണ്ടു നോട്ടു പുസ്തകങ്ങളിൽ എഴുതി പ്രസിദ്ധീകരിക്കാതെ വച്ചത്. അദ്ദേഹം ഹിന്ദിയിൽ നിന്നു മൊഴിമാറ്റം നടത്തിയ വൈദികസമ്പത്ത് എന്ന പുസ്തകത്തിന്റെ ആമുഖത്തിലും ചിലത് രേഖപ്പെടുത്തിയിട്ടുണ്ട്.**

വാ കിഴക്കുംകര ഇല്ലം. ചേർപ്പിൽ നിന്നു കടമ്പഴിപ്പുറത്തേക്കും അവിടെ നിന്നു ഒറ്റപ്പാലത്തെ പാലപ്പുറത്തേക്കും പറിച്ചു നട്ടവരാണ്.

അച്ഛൻ നാരായണൻ നമ്പൂതിരി 18ാം വയസ്സിൽ അഷ്ടത്തു നിന്നു വേളി കഴിപ്പിച്ചു. വധുവിന് 12 വയസ്സ്. കുഞ്ഞിക്കാൽ കാണാൻ വൈകിയതുകൊണ്ടു മേയ്ക്കാട്ടു നിന്നു വീണ്ടും വേട്ടു. രണ്ടു വേളിയിലും കൂടി നാരായണൻ നമ്പൂതിരിക്ക് അഞ്ചുവീതം മക്കൾ.

വളരെ കർക്കശക്കാരനായിരുന്നു അച്ഛൻ. നിസ്സാര തെറ്റിനു പോലും കടുത്ത ശിക്ഷ. അച്ഛൻ മരിക്കണമെന്നു പോലും ചിലപ്പോൾ പാച്ചൻ ആഗ്രഹിച്ചിരുന്നുവത്രെ. അതുകൊണ്ടാണോ എന്നറിയില്ല പാച്ചന്റെ എട്ടാമത്തെ വയസ്സിൽ 1929 ൽ അച്ഛൻ വാതം പിടിച്ചു മരണമടഞ്ഞു.

പാച്ചൻ തന്നെ നോട്ടുബുക്കിൽ എഴുതിയ ആ ഭാഗം ഇങ്ങനെ.

'ഇടവത്തിലാണു എട്ടു തികയുക. അതിനു മുമ്പത്തെ ധനുവിൽ അച്ഛൻ മരിച്ചു. അദ്ദേഹത്തിന്റെ കർശനനിയന്ത്രണത്തിലായിരുന്നു അതുവരെ. ചങ്ങലക്കിട്ട ശ്വാവെന്നൊണം. വെളുപ്പിന് നാലടിച്ചാൽ അച്ഛനുണരും. ഉടനെ കേൾക്കാം പാച്ചാ എന്നൊരുവിളി, ഇടിവെട്ടു പോലെ. വെണ്ണീറിൽ ചുരുണ്ടു കിടക്കുന്ന ശ്വാവിനേറു കൊണ്ടതുപോലെ പിടഞ്ഞെഴുന്നേൽക്കും. അമ്പലക്കുളത്തിലാണ് കുളി. കുളിച്ചു അച്ഛന്റെ തേവാരം കഴിയുന്നതുവരെ പഞ്ചാക്ഷരജപം തന്നെ. നട്ടെല്ലു വളയാതെ ചമ്രം പടിഞ്ഞിരുന്നു കൈപ്പത്തി തുടകളിൽ മലർത്തി വെച്ചു, കണക്കുപിടിച്ചു ജപിയ്ക്കണമെന്നാണ് നിബന്ധന. ലേശമൊന്നിളകിയാൽ പുറത്ത് അടി വീഴുന്നതറിയില്ല.

പിന്നെ ഇല്ലത്തു വന്നു ഔപാസനം, വൈശ്യം മുതലായ അച്ഛന്റെ നിത്യകർമ്മങ്ങൾക്കും, പുഷ്പാഞ്ജലി, ഓത്തു നമസ്കാരം ഇത്യാദിയും മറ്റു ഉപാസനകൾക്കുമിടയിൽ കിട്ടുന്ന സമയത്ത് പ്രാതൽ. പ്രാതൽ കഴിഞ്ഞാൽ സഹസ്രനാമം ചൊല്ലിപ്പയ്ക്കലായി. പന്ത്രണ്ടു മണി വരെ. ഉച്ചഭക്ഷണമായി പിന്നെ. അതു കഴിഞ്ഞാൽ അച്ഛനൊരു പൂച്ചൊറക്കമുണ്ട്, അരമണിക്കൂറ്. ആ ഒഴിവാണ് കളിക്കാനുള്ള, അല്ലല്ല, സ്വതന്ത്രമായി ശ്വസിക്കാനുള്ള സമയം.

പാച്ചാ എന്ന നാമത്തോടെയാണ് അദ്ദേഹം ഉണരുക. പിന്നീട് ഊക്കാറാവുന്നതുവരെ ഒഴിവില്ല. അതേ

ഇരിപ്പ്, അതേ സഹസ്രസ നാമം, കൂട്ടിലിട്ട തത്തയ്ക്കൊത്തു കഴിഞ്ഞു. 7 വർഷം 7 മാസം എത്ര കഠോരമായിരുന്നെന്നോ അദ്ദേഹത്തിന്റ ശിക്ഷണം. ഹാവൂ! നിരീച്ചാലിപ്പോഴും കിടുകിടാ വിറയ്ക്കും. '

പെൺകിടാവായി ജനിച്ചാൽ മതിയായിരുന്നുവെന്ന് ആശിച്ചിട്ടുണ്ട്. അവർക്ക് അതിരാവിലെ നാലുമണിക്കെഴുന്നേൽക്കണ്ട, ഈറൻ കോണകമുടുത്തു നാമം ജപിയ്ക്കണ്ട, ഓർക്കാപ്പുറത്തു അച്ഛന്റെ അടി വാങ്ങണ്ട. അവർക്കു ഉപ്പിട്ടു വാർത്ത കഞ്ഞി കുടിക്കാം. ആങ്കുട്ടികൾക്കു പാടില്ലത്രെ. എന്താ കാരണമെന്നു ചോദിച്ചാൽ തർക്കുത്തരമായി. അടി ഉറപ്പാണ്. ഉള്ളിച്ചമ്മന്തി കട്ടെടുത്തു ഒരിക്കൽ അതു കൂട്ടി കഞ്ഞി കുടിച്ചു. എന്തു സ്വാദാണെന്നോ. ഉള്ളി ഉണ്ണികൾക്കു പാടില്ലത്രെ. അതു സാത്വികാഹാരമല്ല. ഉത്തേജകമാണത്രെ. പച്ചമാങ്ങയും, മുളകും, ഉള്ളിയും, ഉപ്പും, നാളികേരവും കൂടി അരച്ചത്. കുറച്ചു വെളിച്ചണ്ണയുമായാൽ വിശേഷായി. പെൺകിടാങ്ങൾക്കു പരസ്യമായി കൂട്ടാം. ഉണ്ണികൾക്കു കപ്പയും നിഷിദ്ധമാണ്. വികാരോദ്ദീപകവും ബുദ്ധിമാന്ദ്യം തരുന്നതുമാണത്രെ. പെണ്ണുങ്ങൾ ബുദ്ധിമതികളാവേണ്ടതില്ലെന്നാണ് അമ്മ പറയാറ്.'

മറെറാരിക്കൽ പാച്ചൻ ചെയ്തൊരു സാഹസത്തിന്റ കഥ കരളലിയിക്കുന്നതാണ്.

പാച്ചന് അമ്മാത്ത് പോകാൻ അച്ഛൻ അനുവാദം കൊടുക്കാറില്ല.



ഒരിക്കൽ അമ്മയും ഓപ്പോളും കൂടി അമ്മാത്തു പോകുമ്പോൾ, സൂത്രത്തിൽ പാച്ചൻ ഒളിച്ചോടി വഴിയിൽ വെച്ചു കൂടെക്കൂടി. മകനെ പ്രതീക്ഷിക്കാതെ കണ്ടതും അമ്മ പേടിച്ചമ്പരുന്നു. വിവരമറിയുമ്പൊ ഇന്നു 'നമ്പൂരി' തട്ടുപൊളിക്കും. അമ്മ തിരിച്ചു ഇല്ലത്തേക്ക് മടങ്ങാൻ തീരുമാനിച്ചു. അച്ഛനെ നേരിടാൻ അമ്മക്കും പേടിയാണ്.

'നോക്കിക്കോ, അവിടെ ചെല്ലുമ്പോ കാണാം വടി കൊണ്ടൊരു പൊടിപൂരം' എന്നൊരു താക്കീതു തരാൻ മറന്നില്ല അമ്മ. ഇതൊക്കെ കേട്ടു എന്റെ ഉള്ളിൽ ഭയാശങ്കകൾ അലതല്ലിയിരുന്നു. ഓപ്പോളാകട്ടെ അമ്മാത്ത് പോവാനാവാത്തതിന്റെ ദേഷ്യത്തിൽ എന്നെ കൊഞ്ഞനം കാട്ടി. മുഖം വീർപ്പിച്ചു നിന്നു.

മടങ്ങി എന്നെ അച്ഛന്റെ കോടതിയിൽ ഹാജരാക്കി. പിന്നത്തെ കഥ പറയണ്ട. പച്ചച്ചമതകൊണ്ടു പൊതിരെ തല്ലി. ചോര പൊടിഞ്ഞിട്ടും നിർത്താനല്ല ഭാവം. കോലു നുറുങ്ങി കഷ്ണം കഷ്ണമായി. പിന്നെ പുറത്തൊരു ചവിട്ടും കിട്ടി മെമ്പൊടിയായി. പിന്നീടും അടിക്കാൻ തുനിഞ്ഞപ്പോൾ അമ്മ അച്ഛന്റെ ഏന്തിയ മുളം കോലു പിടിച്ചു തടഞ്ഞു. അവർ തമ്മിൽ പിടിയും വലിയുമായി. അപ്പോഴെക്കും ചിലരോടി വന്നു അച്ഛനെ പൂണ്ടറഞ്ഞു പിടിച്ചു നിർത്തിയില്ലായിരുന്നുവെന്നിരിക്കട്ടെ എനിക്കിന്നമ്മ കൂടി .......' അദ്ദേഹം കുറിച്ചിട്ടു. ഈ സംഭവം അദ്ദേഹത്തെ വല്ലാതെ ഉലച്ചു കളഞ്ഞു. അച്ഛനില്ലാത്ത കാലം സ്വപ്നം കണ്ടതപ്പോഴാണ്.

പിന്നീടു അച്ഛൻ പക്ഷവാതം പിടിച്ചു കിടപ്പായപ്പോൾ ചിലപ്പോൾ പാച്ചനെപ്പറ്റി ചിന്തിച്ചു കണ്ണിൽ വെള്ളം നിറഞ്ഞു കണ്ടിട്ടുണ്ട്. അമ്മയുമായി എന്റെ ഭാവിയെപ്പറ്റി ഓർത്തു വിഷമിച്ചിട്ടുണ്ട്.

'എല്ലാം ശര്യാവും. ഓരോന്നാലോചിച്ചു മനസ്സു പുണ്ണാക്കരുതെന്നു വൈദ്യര് പറഞ്ഞിട്ടില്ലെ' അമ്മ സമാധാനിപ്പിക്കും. അപ്പോൾ ഞാൻ ഉറക്കം നടിച്ചു കട്ടിലിന് താഴെ കണ്ണീരൊലിച്ചതു തുടയ്ക്കാനാവാതെ അനങ്ങാതെ കിടക്കും. അവസാനം





*നാരായണൻ നമ്പൂതിരി, ഭാര്യ നിർമ്മല, മകൾ നമിത, മകൻ അർജുൻ, മരുമകൻ പ്രവീൺ. (നടുവിൽ മണ്ണഴി)*

മരിക്കുന്നതിനു മുമ്പ് അച്ഛൻ ശക്തി ചോർന്നൊലിച്ച മെലിഞ്ഞ കൈ തലയിൽ കൈവെച്ചനുഗ്രഹിക്കയുണ്ടായി.□ മുൻ ശുണ്ഠിക്കാരനാണെങ്കിലും ഉള്ളു ശുദ്ധമാണദ്ദേഹത്തിന്റെ ' എന്നെഴുതി അച്ഛന്റെ മറ്റു ഗുണങ്ങളും പാച്ചൻ എഴുതുന്നുണ്ട്.

9 വയസ്സു വരെ സ്കൂളിൽ ചേർക്കാനോ പഠിപ്പിക്കാനോ ആരുമുണ്ടായില്ല. അങ്ങനെ കാഞ്ഞൂർ മനയ്ക്കലെ നീലകണ്ഠൻ നമ്പൂതിരിപ്പാടിന്റ (കുട്ടേട്ടൻ എന്നറിയപ്പെടുന്ന ) ഉപചാരകനായി കാഞ്ഞൂർ മനയിൽ താമസമാക്കി. എന്റെ മോഹം മനസ്സിലാക്കി അദ്ദേഹം എന്നെ സ്കൂളിൽ ചേർത്ത് 5 വരെ പഠിപ്പിച്ചു. പിന്നീടദ്ദേഹം ഡോക്ടർ ഭാഗം പഠിക്കാൻ മദിരാശി പോയപ്പോൾ ഞാൻ വീണ്ടും വഴിയാധാരമായി. വാരപൂരങ്ങളും മുട്ടുശാന്തിയുമായി ദിനങ്ങൾ നീക്കി. കൊട്ടാരക്കരയിൽ ചിത്തിരതിരുനാൾ നടത്തുന്ന സ്കൂളിൽ എല്ലാ ബ്രാഹ്മണർക്കും സൗജന്യമായി പഠിയ്ക്കാമെന്നറിഞ്ഞു. ദേശമംഗലത്തു നമ്പൂതിരിപ്പാടിന്റെ കത്തിന്റ ബലത്തിൽ 6 ൽ ചേർന്നു. രണ്ടു കൊല്ലം പഠിച്ചു സർട്ടിഫിക്കറ്റോടെ മടങ്ങി.

കുറച്ചുകാലം നാട്ടിൽ സദ്യയും മുട്ടുശാന്തിയുമായലഞ്ഞു. മടുത്തു. പഠിക്കണമെന്ന ത്വര കലശലായി. ഇവിടെ നിന്നാൽ ഗതികിട്ടില്ലെന്നു ഉറപ്പായി. അപ്പോഴേക്കും ജ്യേഷ്ഠന്മാർ നാലുപേരും ഇല്ലവും സ്വത്തും ഭാഗിച്ചെടുത്തിരുന്നു. അങ്ങനെ ഭാഗത്തിൽ ഞാൻ അഞ്ചാം താവഴിയായി. ജ്യേഷ്ഠന്മാരുടേയും അവരുടെ ഭാര്യമാരുടേയും ഇടയിൽ ശ്വാസം മുട്ടിക്കഴിഞ്ഞു. അവർ തമ്മിൽ ക്രമേണ അസ്വാരസ്യം മുഴുത്തു. മൗനം വിട്ടു സ്വത്തു സംബന്ധമായ കശപിശയിലും വാക്കേറ്റത്തിലുമെത്തി. കയ്യാങ്കളിയാവുന്നതിനു മുമ്പ്, ഒററയാനായ എനിക്ക് 50 രൂപയും തന്നു സൂത്രത്തിൽ എന്റെ കയ്യൊപ്പും വാങ്ങി പറഞ്ഞു വിട്ടു.

1939 ൽ 18 ാം വയസ്സിൽ ബോംബെ നഗരത്തിലെക്കു വണ്ടി കയറി. നാൽപ്പത്തിയഞ്ചു രൂപയായിരുന്നു കൈ മുതൽ. പരിചയക്കാരനായ രഘുവിന്റെ കൂടെ താമസമാക്കി. പിന്നെ ഒരു ഹോട്ടലിൽ

# അന്ന് റാവൽപിണ്ടിയിൽ

1957 ൽ മൂത്താട്ടു വെച്ചു അദ്ദേഹം എന്നോട് പറഞ്ഞതാണ് ഈ അനുഭവം. സംഭവം നടന്ന് 12 കൊല്ലത്തിനു ശേഷം. ഏതാണ്ട് 60 വർഷം കഴിഞ്ഞ് അദ്ദേഹം മൊഴിമാറ്റം വരുത്തി മലയാളത്തിൽ പ്രസിദ്ധീകരിച്ച വൈദിക സമ്പത്ത് എന്ന പുസ്തകത്തിൽ 'വിവർത്തകന്റെ രണ്ടു വാക്ക് ' എന്നതിലും ചിലത് രേഖപ്പെടുത്തിയിട്ടുണ്ട്. )

" 1940 ലാണ്. ആര്യസമാജത്തിന്റ ലാഹോറിലുള്ള (ഇപ്പോൾ പാകിസ്ഥാനിൽ) ഗുരുദത്ത ഭവനിൽനിന്നു ഡിഗ്രി റാങ്കോടെ പാസ്സായി. അന്ന് 20 വയസ്സു കൂടി ആയിട്ടില്ല. വേറേ മലയാളികളില്ല. അവിടെ പഠിച്ച ആദ്യത്തെ നമ്പൂതിരി ഞാനാണ്. പിന്നീടാണറിഞ്ഞത് ആര്യസമാജത്തിന്റ ഡിഗ്രി സർക്കാർ അംഗീകരിച്ചിട്ടില്ല. നാട്ടിൽ പോയാൽ ഇതിനു വിലയുണ്ടാവില്ല. അങ്ങനെയാണ് പിന്നീട് അമൃതസറിൽ പോയി അഘാഡികളുടെ കോളേജിൽ നിന്നു വേറെ ഡിഗ്രി സമ്പാദിച്ചത്.

അങ്ങനെ, ആര്യ സമാജത്തിന്റ ഗുരുകുൽ റാവലെന്ന വിദ്യാപീഠത്തിൽ പഠിച്ചും പഠിപ്പിച്ചും കൊണ്ടിരിക്കുന്ന കാലം.1945 ലാണ്. പുറത്ത് ഒരു കലാപത്തിന്റ നിഴൽ വീണിട്ടുണ്ടെന്ന കിംവദന്തി സ്വകാര്യമായി കേട്ടിരുന്നു. പരിഭ്രാന്തി പരത്താതിരിക്കാൻ ആരുമൊന്നും സംസാരിച്ചിരുന്നില്ല.

ഒരു ദിവസം രാത്രി ആയുധങ്ങളുമായി പത്തഞ്ഞൂറു പേരെത്തി. മുന്നിൽ പെട്ടവരെയെല്ലാം നിഷ്കരുണം വെട്ടാൻ തുടങ്ങി. എങ്ങും ആർത്തനാദം. ഒരു കൂട്ടം അക്രമികൾ ക്ഷേത്രങ്ങളും പൂജാസാമഗ്രികളും നശിപ്പിച്ചു. ഓഫീസുമുറികളും, കലവറയും അടുക്കളയും കൊള്ളയ്ക്കിരയായി. മറ്റൊരു കൂട്ടർ ഗ്രന്ഥശാലയിൽ കയറി പുസ്തകങ്ങൾ വാരിവലിച്ചിട്ടു കത്തിക്കാൻ തുടങ്ങി.

തക്കത്തിൽ കിട്ടിയ പുസ്തകങ്ങളുമായി പിൻപുറത്തെ ഗേറ്റിലൂടെ രക്ഷപ്പെട്ടു. കൊള്ളക്കാരുടെ കണ്ണിൽ പെടാതെ കുറച്ചകലെയുള്ള ഒരു കാട്ടിലൊളിച്ചു. പിന്നീടെഴുന്നേറ്റു നടന്നു. രാത്രി രണ്ടു മണിയോടെ ഒരു റെയിൽവെ സ്റ്റേഷനിലെത്തി. അവിടെ ബഹളമോ കലാപം നടന്ന ലക്ഷണമൊന്നമില്ല. പൊതുവെ ശാന്തം. പുറപ്പെട്ടു നിൽക്കുന്ന ഒരു വണ്ടിയിൽ ഭയപ്പാടോടെ കയറി.

'വണ്ടിയിൽ വലിയ തിരക്കില്ല.ഒരു സ്റ്റേഷനിൽ നിർത്താൻ പ്ലാറ്റുഫോമിലേക്കെടുത്തതും ഒരു കൂട്ടം അക്രമികൾ പന്തവും കുന്തവും വാളുമായി ഓടിയടുത്തു. ഡ്രൈവർ നിർത്താതെ സ്പീഡ് കൂട്ടി. പ്ലാറ്റുഫോമിൽ ചിലർ കിടക്കുന്നുണ്ട്. പിന്നീടാണ് മനസ്സിലായത് പേടിച്ചു നാടുവിടാൻ വന്ന അഭയാർത്ഥികളാണവർ. വണ്ടി ഇരുട്ടിലൂടെ യാത്ര തുടർന്നു '

'പെട്ടെന്നാണ് പുറത്തൊരാരവം. വണ്ടിയിലേക്ക് കല്ലുകൾ വീഴാൻ തുടങ്ങി. പുറത്ത് ആൾക്കൂട്ടത്തിന്റെ അലറൽ. വണ്ടി നിരങ്ങിനിരങ്ങി നിന്നു. ഡ്രൈവർക്ക് ഏറു കിട്ടിയിട്ടുണ്ടാവുമെന്നു ചിലർ. പിന്നിലെ കമ്പാർട്ടുമെന്റുകളിൽ നിന്നു പേടിപ്പെടുത്തുന്ന ശബ്ദങ്ങൾ. അക്രമികളെ ഭയന്നു വിറച്ചിരിപ്പായി. എന്തുകൊണ്ടോ ഈ കമ്പാർട്ട്മെന്റിലേക്കാരും വന്നില്ല. ഞാൻ പുസ്തകസ്സഞ്ചി മാറോടു ചേർത്തുപിടിച്ചു വാതിലിന്നരികെ പോയി പുറത്തേക്ക് നോക്കി. പന്തങ്ങളുടെ വെളിച്ചത്തിൽ ഞങ്ങളുടെ കമ്പാർട്ടുമെന്റ് ഒരു പാലത്തിന്മേലാണെ

# നിന്ന് രക്ഷപ്പെട്ടത് ഭാഗ്യം കൊണ്ട്

ന്നു മനസ്സിലായി. അത് കൊണ്ടാവും ആരും വരാത്തത്.

ഞാൻ സൂക്ഷിച്ച് പരദൈവങ്ങളെ ഓർത്ത് അടിയിലേക്കു ചാടി. എവിടെയും തട്ടാതെ താഴത്തെത്തി. വെള്ളമില്ല. ഉയരവും കുറവാണ്. മുകളിലത്തെ ബഹളം കേട്ടു , താഴെ ഞാൻ കുനിഞ്ഞിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ വണ്ടി മെല്ലെ നീങ്ങാൻ തുടങ്ങി. ശബ്ദം കെട്ടടങ്ങിയപ്പോൾ എഴുന്നേറ്റു തോട്ടിലൂടെ നടക്കാൻ തുടങ്ങി. നാട്ടുവെളിച്ചം തുണയായി. കുറെ കഴിഞ്ഞപ്പോൾ തോട്ടിൽ നിന്നു കയറി. '

ദൂരെ ഒരു വെളിച്ചംകണ്ടു. പേടിച്ചു പേടിച്ചു അതു ലക്ഷ്യമാക്കി നടന്നു. കൂടുതൽ അപകടത്തിലേക്കാണോ ചാടുന്നതെന്ന ഭീതി കാലിനെ തളർത്തി. വേറെ വഴിയില്ല. ഗേറ്റും വേലിയുമില്ലാത്ത വീടിന്റെ മുററത്തെത്തി. കിഴക്കുവെള്ള കീറാൻ തുടങ്ങിയിട്ടുണ്ട്.

'ആരാത് 'നാടൻ ഉറുദുവിലാണ് കേൾവി.

വഴി തെറ്റിവന്നതാണെന്ന് ഒരു വിധം പറഞ്ഞൊപ്പിച്ചു. ശബ്ദം കേട്ടതും ഒരാൾ കയ്യിൽ റാന്തലും വലിയ ഒരു വടിയുമായി മുററത്തേക്കിറങ്ങി. എന്റെ പരുങ്ങലും ഭാഷയും കാരണം അപകടകാരിയല്ലെന്നു തോന്നിച്ചു കാണും. നീണ്ട താടിയും മുസ്ല്യാരുടെ വേഷവുമുള്ള ഒരാൾ റാന്തൽ പൊന്തിച്ചു എന്റെ മുഖം ശ്രദ്ധിച്ചു.

നടന്ന കാര്യങ്ങൾ ഞാനൊരു വിധം പറഞ്ഞു. അയാൾ കുറച്ചു നേരം ആലോചിച്ചു നിന്നു. ഒന്നും പറയാതെ കൈകാട്ടി എന്നേയും കൂട്ടി ഉമ്മറത്തേക്കു നടന്നു. തൊട്ടടുത്തത് നിസ്കാരമുറിയാണെന്നു തോന്നി. കോണി കയറി എന്നെ ചെറിയൊരു മുറിയിലെത്തിച്ചു. പിന്നീടു വാതിലടച്ചു കുറ്റിയിട്ടു പോയി. ഞാൻ വീണ്ടും വിരണ്ടു വിറച്ചു. എന്തിനാണാവോ ഭാവം. എങ്കിലും അയാളുടെ സാമീപ്യം ഒരഭയം, പേടിയില്ലായ്മയാണ് എന്നിലുണ്ടാക്കിയത്. എങ്കിലും ഞാനോടിപ്പോകാതിരിക്കാനല്ലെ വാതിൽ കുറ്റിയിട്ടത്.

ഞാൻ പേടിച്ച പോലെ ആരും വാളുമായി മുകളിലേക്കു വന്നില്ല. മുസല്യാർ ഒരു കൂജയും പ്ലേറ്റുമായെത്തി. ചായയും ഒരു തരം അപ്പവുമായിരുന്നു. ഭയം കാരണം ഇതുവരെ വിശപ്പു തോന്നിയിരുന്നില്ല. ഒന്നും മിണ്ടാതെ എല്ലാം കഴിച്ചു.

പിന്നീടു സാവകാശം മുസല്യാർ കാര്യങ്ങൾ തിരക്കി.

'നിങ്ങളിവിടെയുണ്ടെന്ന വിവരം എനിക്കും ബീവിക്കും മാത്രമെ അറിയൂ. പുറത്തറിഞ്ഞാൽ വലിയ പ്രശ്നമാണ്. ഇന്നലെ പലയിടത്തും കലാപമുണ്ടായിട്ടുണ്ട്. തൽക്കാലം ഇവിടെ കൂടിക്കൊ 'ആ നല്ല മനുഷ്യൻ പാത്രവുമെടുത്തു പോയി.

' രണ്ടാം ദിവസം അദ്ദേഹം പറഞ്ഞു. എന്റെ ഒരു സുഹൃത്ത് സുക്കൂർ എന്ന സ്ഥലത്തുണ്ട്. തെക്കോട്ടു കലാപം കുറവാണ്. ഞാനൊരു കത്തു തരാം അയാൾക്ക്. തൽകാലം നിങ്ങളെ ഒരു നല്ല ദീനിയാക്കണം. ഇപ്പോൾ പുറത്തു യാത്ര ചെയ്യാൻ മുസ്ലീം വേഷമാണു നല്ലത്. അങ്ങനെ 6 ദിവസം ഞാനദ്ദേഹത്തിന്റ കൂടെ നിസ്കാരം പഠിച്ചു. പ്രായം കാരണം അദ്ദേഹം മൂന്ന് നിസ്കാരം വീട്ടിലാണ്. ബാക്കി ദൂരത്തുളൊരു പള്ളിയിൽ പോകും. മൂപ്പർ നാട്ടുവർത്തമാനങ്ങളുമായാണ് വരുക.

അത്യാവശ്യം ആയത്തുകളും, അറബിയും വശമാക്കി. രാവിലെ സുബഹ് നിസ്കാരം കഴിഞ്ഞു ഉമ്മറത്തിരുന്ന് അദ്ദേഹം ഖുറാൻ ഓതുന്നത് ഞാൻ കേട്ടിരിക്കും. എട്ടാം നാൾ രാവിലെ സുബഹ് നിസ്കാരത്തിനു ശേഷം എന്നെ യാത്രയാക്കി. സൂക്കൂറിലെ ഹുസെയ്ൻ എന്ന ആൾക്കുള്ള കത്തും കുറച്ചു കാശും തന്നു.

നടന്നും ഒന്നു രണ്ടു തവണ മാത്രം രണ്ടണക്ക് ടിക്കറ്റെടുത്തും പിന്നെ കള്ളവണ്ടി കയറിയും യാത്രയായി. രണ്ടു പള്ളികളിൽ രാത്രി തങ്ങി. ഭാഗ്യത്തിനാരും ചോദ്യം ചെയ്തില്ല. അങ്ങനെ രണ്ടാഴ്ച കൊണ്ടു സുക്കൂറിലെത്തി. ഹുസ്സൈനെ അന്വേഷിച്ചു നടന്നു. അഞ്ചാമത്തെ പള്ളിയിൽ നിന്നു വിവരം കിട്ടി. പേടിച്ചു പേടിച്ചാണ് കത്തു കൊടുത്തത്. എത്ര കണ്ടു വിശ്വസിക്കാം. ആ മുഖം സൗമ്യപ്രകൃതമായിരുന്നു. കനിവൂറുന്ന കണ്ണുകൾ. അദ്ദേഹം കത്തുവായിച്ചു. ഞാൻ പറയുന്നതെല്ലാം കേട്ടു. എന്നോടു ചിലതെല്ലാം ചോദിച്ചു സംശയം തീർത്തു.

'നോക്കൂ, ഇവിടെ നിൽക്കുന്നത്ര ശരിയല്ല. കറാച്ചിയിൽ വലിയ പ്രശ്നങ്ങളുണ്ടാവില്ല. നിങ്ങളുടെ ആൾക്കാർ അവിടെ ധാരാളമുണ്ട്. 'അതു കൊണ്ടു അദ്ദേഹം നിർദ്ദേശിച്ച പ്രകാരം കറാച്ചിക്കു വിട്ടു. കറാച്ചിയിൽ പൊതുവെ ശാന്തമായിരുന്നു, പുറത്തേക്കെങ്കിലും. പിന്നീട് കറാച്ചിയിൽ 2 വർഷം □രാഷ്ട്രഭാഷാസമിതി എന്ന സ്ഥാപനത്തിൽ ഹിന്ദി പ്രചാരകനായി 1947 ആഗസ്റ്റ് 15 വരെ പ്രവർത്തിച്ചു. പിന്നെ പറഞ്ഞാൽ തീരാത്ത ക്ലേശവും യാതനകളും അനുഭവിച്ചു അഭയാർത്ഥിയായി ഇന്ത്യയിൽ മടങ്ങിയെത്തി. വഴിയിൽ എല്ലാം കൊള്ളയടിക്കപ്പെട്ടു. സർട്ടിഫിക്കറ്റുകൾ പോലും നഷ്ടമായി.'

സപ്ലയറായി. മാസം 10 രൂപ ശമ്പളം. അവിടെ വെച്ചു ചേലക്കരക്കാരൻ രാമസ്വാമി അയ്യരെന്ന ഒരു വലിയ ഉദ്യോഗസ്ഥനെ കണ്ടുമുട്ടി. അദ്ദേഹത്തിന്റ വീട്ടു ജോലിക്കാരനായി.

അക്കാലത്താണ് സുപ്രധാന വഴിത്തിരവ് . ആർ.കെ പരദേശിയെന്ന (രാമകൃഷ്ണൻ) ഒരു സ്വാതന്ത്ര്യസമര നേതാവുമായി പരിചയപ്പെട്ടു. അദ്ദേഹം ഒരു കേസ്സിൽ പേരുമാറ്റി ഒളിവിലാണ്. പഠിക്കാനുള്ള പാച്ചന്റെ അത്യാശയറിഞ്ഞു ആര്യസമാജത്തിന്റ കീഴിൽ ലാഹോറിലുള്ള ഗുരുദത്ത ഭവനിൽ ചേരാനുള്ള ശുപാർശ കത്തു സംഘടിപ്പിച്ചു കൊടുത്തു. അങ്ങനെ ദൽഹിയിലെത്തി.

ദൽഹിയിൽ സെക്രട്ടറിയെറ്റിലെ ഉദ്യാഗസ്ഥനായ പത്മനാഭൻ നായർ മുഖേന കോതമംഗലം നാരായണൻ, പിണ്ടാലി പരമേശ്വരൻ, തോട്ടപ്പായ തുടങ്ങിയവരെ പരിചയപ്പെട്ടു. അവിടെ വെച്ചാണ് ഗാന്ധിജിയെ കാണുന്നത്.

'പത്മനാഭൻ നായരുടെ കൂടെ 4 മണിക്കു മുമ്പായി ആശ്രമത്തിലെത്തി. ഗാന്ധി ദർശനത്തിന് ടോക്കൺ എടുത്തു ക്യൂവിൽ നിന്നു. പാച്ചന്റ ടോക്കൺ 8 വിളിച്ചു. നമസ്കരിച്ചു, തൊഴുതു വന്ദിച്ചു കൊണ്ടു നിന്നു. ഗാന്ധിജി ഇരിക്കു എന്നു പറഞ്ഞു.

'ആപ് കാ ശുഭനാമ് '

(താങ്കളുടെ ശുഭനാമധേയം )

' മേരാ പൂരാ നാം പരമേശ്വരൻ ഹൈ. ലേകിൻ ലോഗ് ആമ് തൌപർ പുകാർ കർത്തെ ഹെ □പാച്ചൻ .

ഗാന്ധിജി. – 'രാമ് രാമ് . ബഹുത് അച്ഛാ നാമ് ഹെ . ബഹുത് സുന്ദർ ദെശ് ഹെ കേരൾ. ക്യാ ഹരിജൻ കേലിയെ ആപ് ജോ കുച്ഛ് ഹോ സകേം വഹ് ഇസ് ഭണ്ഡാലിയെ ..... (ഹരിജനോദ്ധാരണാർത്ഥം താങ്കൾക്കു കഴിയുന്നതെന്തോ അതു ആ പെട്ടിയിൽ നിക്ഷേപിച്ചാലും. മതി. സന്തോഷം.)

യാത്രാ ചെലവു കഴിച്ചു ബാക്കി പോക്കറ്റിലുണ്ടായിരുന്നത് ആ പെട്ടിയിലിട്ടു. പിറ്റെ ദിവസം ലാഹോർ എക്സ്പ്രസ്സിൽ പുറപ്പെട്ടു. വണ്ടിയിൽ വെച്ചു ശിവ്രാമ് എന്ന പട്ടാളക്കാരനെ പരിചയപ്പെട്ടു. ലാഹോറിൽ ഹിന്ദു മുസ്ലീം സ്പർദ്ധയുടെ അടിയൊഴുക്കുകൾ ഭീതിദമാം വണ്ണം വർദ്ധിച്ചിട്ടുണ്ടെന്നും മുസ്ലീം ഓടിക്കുന്ന ജഡ്കയിൽ കയറരുതെന്നും അദ്ദേഹം ഉപദേശിച്ചു. പക്ഷെ, അറിയാതെ നസിറുദ്ദീൻ എന്ന ജഡ്കാകാരന്റ വണ്ടിയിൽ കയറുകയും, അവസാനം അയാൾ പാച്ചനുമായി കലഹത്തിലേർപ്പെടുകയും കയ്യേററത്തിനു മുമ്പു നാട്ടുകാരും പോലീസും ഇടപെട്ടു ഒരു കലാപം ഒഴിവാക്കുകയും അയാളെ ശാസിച്ചു പാച്ചനെ രക്ഷപ്പെടുത്തുകയുമുണ്ടായി.

അങ്ങനെ ലാഹോറിലെ ആര്യസമാജത്തിന്റ ഗുരുദത്ത വിദ്യാഭവനിലെത്തി. കോമ്പൗണ്ടു തന്നെ എട്ടുപത്തു കി.മീ. ചുററളവുണ്ട്. അവിടുത്തെ ത്രിവത്സര കോഴ്സായ വൈദിക സിദ്ധാന്തഭൂഷൺ 2 വർഷം കൊണ്ടു പാസായി. പിന്നീടവിടെയും ആര്യസമാജത്തിന്റ മറ്റു കേന്ദ്രങ്ങളിലും പഠിപ്പിക്കാൻ നിയോഗിക്കപ്പെട്ടു. ഈ ഡിഗ്രി സർക്കാർ അംഗീകൃതമല്ല. നാട്ടിലെത്തിയാൽ ഒരു ജോലി വേണമല്ലൊ. അതുകൊണ്ടു അമൃതസറിൽ പോയി പഠിച്ചു സർട്ടിഫിക്കറ്റു നേടി തിരിച്ചു ലാഹോറിലും റാവൽപിണ്ടിയിലുമെത്തി. അവിടെ വെച്ചാണ് തലനാരിഴക്കു ജീവൻ രക്ഷപ്പെട്ടു

**ലാഹോറിൽ ഹിന്ദു മുസ്ലീം സ്പർദ്ധയുടെ അടിയൊഴുക്കുകൾ ഭീതിദമാം വണ്ണം വർദ്ധിച്ചിട്ടുണ്ടെന്നും മുസ്ലീം ഓടിക്കുന്ന ജഡ്കയിൽ കയറരുതെന്നും അദ്ദേഹം ഉപദേശിച്ചു.**

കറാച്ചിയിലെത്തിയത്.

1947 സെപ്തംബർ ആദ്യം നാട്ടിലെത്തി. ഏറെ ശ്രമത്തിനു ശേഷം ഒറ്റപ്പാലത്തു കു.ജ. (കുതിരവട്ടത്ത് ജനാർദ്ദനൻ) തമ്പാൻ സ്കൂളിൽ അധ്യാപകനായി. അക്കാലത്താണ് പെലക്കാട്ടു പയ്യൂരിൽ നിന്ന് വേളി. പിന്നീടു ജോലിക്കു ഡിഗ്രി തന്നെ വേണമെന്ന നിയമം കർശനമായപ്പോൾ ഹൈദരബാദിൽ പോയി ഡിഗ്രി പഠനത്തിനു ചേർന്നു. അപ്പോഴേക്കും ഒരച്ഛനായി മാറിയിരുന്നു. ഉണ്ണിക്കു ചില മാറാരോഗങ്ങൾ വന്നു വിഷമിച്ചപ്പോൾ പഠിപ്പു നിർത്തി നാട്ടിലേക്കു മടങ്ങി. ആ സന്താനം രോഗത്തെ അതിജീവിച്ചില്ല.

പിന്നെ കുറെ കാലം ട്യൂഷനും ശാന്തിയുമായി തള്ളി നീക്കി. 1957 ൽ പാതാക്കര നമ്പൂതിരിയുടെ സ്കൂളിൽ ഹിന്ദി മാഷായി. ആ ജീവിതം 1977 ൽ വിരമിക്കുന്നതുവരെ നീണ്ടു. അക്കാലത്തും ദിനചര്യ തിരക്കുറ്റതായിരുന്നു. രാവിലെ നാലരയ്ക്കെഴുന്നേറ്റാൽ ഉടനെ ഒരമ്പലത്തിൽ ശാന്തിക്കു പോണം. ഒമ്പതിനു തിരിച്ചെത്തി സ്കൂളിലേയ്ക്കോട്ടം. വൈകുന്നേരം 5 മണിയ്ക്കെത്തി വീണ്ടും അമ്പലം. രാത്രി എട്ടരയ്ക്കു ഇല്ലത്തെത്തും.

മകൻ നാരായണൻ നമ്പൂതിരി എന്നോടു ഏറെ നഷ്ടബോധത്തോടെ പറയുകയുണ്ടായി 'ഞങ്ങൾ അച്ഛനുമായി കളിയ്ക്കലോ സംസാരിക്കലോ പതിവില്ല. അതിന് സമയം കിട്ടാറില്ലെന്നതാണു വാസ്തവം. അദ്ദേഹത്തിനെ നേരിട്ടു കാണുന്നതു തന്നെ അപൂർവ്വം.'

1977 ൽ വിരമിച്ച ശേഷം 1980 വരെ തിരുന്നാവായ ബ്രഹ്മസ്വം മഠത്തിൽ ജോലി. ' അതിനു ശേഷവും ട്യൂഷനും ശാന്തിയുമായി തുടർന്നു. രാവിലെ ശാന്തിയില്ലാത്ത കാലത്ത് ഒരു മണിക്കൂറിലേറെ യോഗ ചെയ്യാറുണ്ട്. പിന്നീടാണ് ഹിന്ദിയിൽ പണ്ഡിത രഘുനന്ദൻ ശർമ്മ രചിച്ച വൈദികസമ്പത്ത് മൊഴി മാറ്റത്തിലേർപ്പെട്ടത്. '. നാരായണൻ നമ്പൂതിരിയുടെ ഭാര്യ നിർമ്മല വെളിപ്പടുത്തി.

'അക്കാലത്ത് രാത്രി അച്ഛന്റ മുറിയിൽ വെളിച്ചം കണ്ടു പോയി ചോദിച്ചാൽ പറയും ഒന്നു രണ്ടു വാക്കുകൾ തർജ്ജമയ്ക്കു പറ്റിയത് ഇപ്പഴാ കിട്ടിയത്. മറക്കുന്നതിനു മുമ്പു എഴുതണം. 'മകൻ ഓർമ്മിച്ചു.

' അച്ഛന്റ വിശാലമായ ലോകം ഞങ്ങൾക്കൊക്കെ അപ്രാപ്യമാണ്. ഞങ്ങൾക്ക് മനസ്സിലാക്കാനും സംവദിക്കാനുമാവാത്തത്ര അകലെ ' സാഹിത്യാഭിരുചിയും സഹൃദയയുമായ നിർമ്മല പറഞ്ഞ ആ വാക്കുകളിൽ നഷ്ട ബോധമുണ്ടായിരുന്നു. ചരിത്രം നിർമ്മിച്ച ശ്വശുരനെ വേണ്ടപോലെ മനസ്സിലാക്കാനും സംവദിക്കാനുമായില്ലല്ലൊ എന്ന നഷ്ടബോധം. പരമേശ്വരൻ നമ്പൂതിരിക്ക് ഒരാണും രണ്ടു പെൺമക്കളുമാണ്. എല്ലാവരും വിവാഹിതർ.

1996 മുതൽ 2011 വരെ ഞാൻ അദ്ദേഹവുമായി ആത്മബന്ധത്തിലായിരുന്നു. വൈദിക സമ്പത്ത് തർജ്ജമയായിരുന്നു അന്നു പ്രധാനവിഷയം. പിന്നീട് പുസ്തക പ്രസിദ്ധീകരണ പ്രശ്നങ്ങളായി. സാമ്പത്തികം, ടൈപ്പിംഗ്, പ്രൂഫ് റീഡിങ് തുടങ്ങിയ നൂലാമാലകളിൽ കെട്ടുപിണഞ്ഞു വിഷമിച്ചാൽ എന്റെ ഗൃഹത്തിലെത്തും. നിരവധി തവണ അദ്ദേഹം കോട്ടയ്ക്കൽ വന്നു ചർച്ച ചെയ്തിട്ടുണ്ട്. കഴിയുന്ന സഹായങ്ങളൊക്കെ ചെയ്ത്, പുസ്തക പ്രകാശനത്തിലും ഞാൻ പങ്കെടുത്തു. കോഴിക്കോട് മഹാറാണിയിൽ വെച്ചായിരുന്നു പ്രകാശന ചടങ്ങ്. പുസ്തകവില്പനയിലും എളിയ തോതിൽ ഞാൻ സഹകരിച്ചിട്ടുണ്ട്.

കാലത്തിന്റെ പരിമിതികളെ ഭേദിച്ചു അറിവു നേടാൻ കാണാപ്പുറങ്ങളിലേക്ക് സധൈര്യം പുറപ്പെട്ട പരമേശ്വരൻ നമ്പൂതിരി കാലാതിവർത്തിയായ ചരിത്രപുരുഷനാണ്. അർഹിയ്ക്കുന്ന അംഗീകാരങ്ങളും ആദരവും സമൂഹത്തിൽ നിന്നു ലഭിക്കാതെ പോയ വാഴ്ത്തപ്പെടാത്ത ഒരു ഹീറോ. ●

കെ. എം നാരായണൻ നമ്പൂതിരി
കീഴാർനെല്ലൂർ മന, പി. ഒ.
പാതായ്ക്കര, പിൻ 679322.
പെരിന്തൽമണ്ണ, മലപ്പുറം ജില്ല
മൊബൈൽ 9961666941



# വിശ്വനാഥൻ നൽകിയ കാശിമാല

മക്കാട് മാധവൻ നമ്പൂതിരി



ലോകത്തിലെ പല സ്ഥലങ്ങളിലും സന്ദർശിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെയൊന്നുമല്ല കാശിയും അയോധ്യയും. അത്രയൊന്നും സുന്ദരമായിരിക്കില്ല. എന്നാലും എന്താണെന്നറിയില്ല, എന്നും മോഹമായിരുന്നു, അവിടെ വീണ്ടും വീണ്ടും പോവാൻ. അയോധ്യ, പ്രയാഗ് രാജ് ,കാശി, ഗയ..ജീവിതത്തിന്റെ ഫിലോസഫിക്കൽ സ്പേസുകളിലേക്ക് ഒരു യാത്ര.

ഞാനും ഭാര്യ ദേവകിയും.ഞങ്ങൾക്ക് കൂട്ടായി മക്കളായ ലസിതയും ഡോക്ര് സ്മിതയും അവരുടെ ഭർത്താക്കന്മാരായ ഡോക്ടർ അശോക് കുമാറും മധുകുമാറും.ആറു പേരുടെ കുടുംബസംഘം. സെപ്തംബർ 30നുള്ള യാത്രയ്ക്ക് എറണാകുളം യാത്രി ട്രാവൽസ് വഴി ടിക്കറ്റും ശരിയാക്കി. അതിനിടയിൽ പക്ഷേ, ഒട്ടും പ്ളാൻ ചെയ്യാത്ത ഒരു കാര്യമുണ്ടായി.മാനിപുരം അമ്പലത്തിൽ പ്രദക്ഷിണം ചെയ്യുമ്പോൾ ജൂൺ 30 ന് എനിക്കൊരു വഴുക്കി വീഴൽ.തോളെല്ല് പൊട്ടി. 2 മാസം പൂർണ്ണ വിശ്രമമാണ് ഡോക്ടർമാർ നിർദ്ദേശിച്ചത്.തൊണ്ണൂറു ദിവസങ്ങൾക്കുള്ളിൽ, സെപ്തംബർ 30 ന് ഒരു ദീർഘയാത്രയോ? എന്നിലെ എൺപത്തി ഏഴുകാരൻ നല്ലവണ്ണം പരിഭ്രമിച്ചു. അത്ഭുതമെന്നു തന്നെ പറയാം, മുന്നേ പ്ളാൻ ചെയ്ത യാത്ര അതേപോലെ തന്നെ തുടങ്ങി.ഞങ്ങളുടെ പ്രാർത്ഥനകൾ മാത്രമല്ല, മക്കളുടെ, മരുമക്കളുടെ ശ്രദ്ധയും അവർ തന്ന ഉറപ്പും ഫലം ചെയ്തു.

**സെപ്തംബർ 30 ന് ഒരു ദീർഘയാത്രയോ? എന്നിലെ എൺപത്തിഏഴുകാരൻ നല്ലവണ്ണം പരിഭ്രമിച്ചു.**

തീവണ്ടിയിൽ ചെന്നൈ. സെപ്തംബർ 30 ന് ഉച്ചക്ക് ഇൻഡിഗോ എയർലൈനിൽ ലക്നൗ. ഉത്തർപ്രദേശിൽ, ഒക്ടോബറിലെ കാലാവസ്ഥ നമ്മൾ കേരളീയർക്ക് യോജിച്ചതാണ്. 22° cമുതൽ 37° C വരെയാണ് അന്തരീക്ഷോഷ്മാവ്. പൊതുവേ മഴക്കാലമല്ല. നമ്മുടെ വേനൽക്കാലത്തെ ചൂടിനു സമമാണ് പകൽ. രാത്രി സ്വെറ്റർ നന്നാവും.

യാത്രക്ക് ആവശ്യമായ സൗകര്യങ്ങളെല്ലാം ട്രാവൽസുകാർ വേണ്ട പോലെ ഏർപ്പാടാക്കിയിട്ടുണ്ട്. ടാക്സിയിൽ വൈകീട്ട് അയോധ്യ. പ്രായാധിക്യവും അനാരോഗ്യവും എനിക്കും ഭാര്യക്കും പ്രയാസമുണ്ടാക്കിയാലോ എന്ന് മക്കളും സൺ ഇൻ ലോസും ആലോചിച്ചിരുന്നത്രെ. പരിഹാരമായി ചെന്നൈയിൽ നിന്ന് പ്രത്യേകം രണ്ട് വീൽചെയറുകൾ യാത്രയിൽ കൂടെ കൊണ്ടു പോന്നു അവർ

അയോധ്യ അതിസുരക്ഷാ മേഖല. 2024 ജനുവരി 24 ന് പ്രതിഷ്ഠ നടത്തി ഗംഭീരമാക്കിയ പുതുശ്രീറാം മന്ദിർ ഭക്തജനങ്ങൾക്ക് തുറന്നു കൊടുക്കാനുള്ള വലിയ പണിത്തിരക്കിലാണ് എല്ലാവരും.സഞ്ചാരികൾ ദർശനത്തിനുള്ള തിരക്കിൽ. വീൽ ചെയറിൽ ഞങ്ങളും. ശ്രീരാമരാമാ. റാം മന്ദിറിലെ രാമനെയാണോ അഥവാ മനസ്സിലുള്ള രാമനെയാണോ കണ്ടത്? എന്തായാലും ദർശനം ഭംഗിയായി. പുതിയ ശ്രീരാമക്ഷേത്രം ഉയർന്നു വരുന്നത് 200 മീറ്റർ അകലെ നിന്ന് കൺനിറയെ കണ്ടു. രാമജന്മഭൂമിയിൽ ഇപ്പോൾ അഭിമാനത്തോടെ നിൽക്കാനായല്ലോ, ഞാനോർത്തു. സരയൂ നദി കണ്ട് തൊഴുതു.

പിന്നീട് പ്രയാഗ് രാജിലേക്കു പോയി. 4 മണിക്കൂർ കാർ യാത്ര. ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള രണ്ടാമത്തെ പട്ടണമാണ് പ്രയാഗ് രാജ്.നൂറു ഭാരതപ്പുഴ ചേരുന്നതിലുമധികമാണ് ഗംഗാമാതാവിന്റെ വ്യാപ്തി. ഗംഗക്കും യമുനക്കുമൊപ്പം അദൃശ്യയായ സരസ്വതി നദി കൂടി ചേരുന്ന ത്രിവേണീസംഗമമാണ് പ്രയാഗിൽ. ധാരാളം തോണികളിൽ ആളുകൾ വരുന്നു, ബലികർമ്മങ്ങളും അസ്ഥി



*കാശി ദർശനത്തിനു ശേഷം. ഇരിക്കുന്നവർ ദേവകി, മാധവൻ നമ്പൂതിരി, നിൽക്കുന്നവരിൽ ഇടത്തുനിന്ന്- ലസിത, മധുകുമാർ, അശോക് കുമാർ, സ്മിത*

●

*ബുദ്ധഗയയിൽ- മാധവൻ നമ്പൂതിരി, പത്നി ദേവകി (ഇരിക്കുന്നവർ), ലസിത, അശോക് കുമാർ, മധുകുമാർ, സ്മിത (നിൽക്കുന്നവർ- ഇടത്തുനിന്ന്)*



നിമജ്ജനവും ചെയ്യുന്നു. ചേർന്ന അവരിൽ ഞങ്ങളും ചേർന്നു. ജന്മ ജന്മാന്തരങ്ങൾ പൂർത്തിയാകുന്നത് ഇവിടെയാണെന്നു ചിന്തിച്ചു പോയി.

ഗംഗേച യമുനേചൈവ/ ഗോദാവരി സരസ്വതീ.... സപ്ത നദികളെ മനസ്സിലൊന്നു കൂടി പ്രണമിച്ചു.

അന്ന് ഉച്ചകഴിഞ്ഞ് വാരണാസി അഥവാ സാക്ഷാൽ കാശിയിലേക്കു യാത്ര തുടങ്ങി. പ്രയാഗ് രാജിൽ നിന്നും റോഡ്മാർഗ്ഗം മൂന്നു മണിക്കൂർ. രാത്രി അവിടെ ഹോട്ടലിൽ വിശ്രമം.

ഇഹലോകത്ത്, പിതൃക്കൾക്ക് ഏർപ്പാടു ചെയ്ത നഗരിയാണ് കാശി എന്നു പറഞ്ഞാൽ ശരിയാകുമോ? അറിയില്ല. ഇവിടെ ഗംഗയുടെ ഓരോ പോയന്റും ബലിതർപ്പണത്തിനുള്ള സ്നാനഘട്ടങ്ങളാണ്. മൃതശരീരങ്ങളടക്കം എത്രയോ മാലിന്യങ്ങൾ വന്നാലും കുതിച്ചൊഴുകുന്ന ഗംഗ എല്ലാം ശുദ്ധീകരിക്കുന്നു. എല്ലാ പാപങ്ങളും തീർക്കുന്ന ഹിമവൽപുത്രിയുടെ ശക്തി ശാസ്ത്രവും അംഗീകരിക്കുന്നു. എത്ര മാലിന്യങ്ങൾ നിറഞ്ഞാലും ഗംഗയുടെ ഡി.ഒ (അലിഞ്ഞു ചേർന്ന ഓക്സിജൻ ) ലെവൽ വളരെ കൂടുതലാണ്. ഔഷധ ശക്തിയുള്ളതാണ് ഓരോ തുള്ളി ഗംഗാജലവും.

പ്രധാനമന്ത്രി പ്രത്യേകം ശ്രദ്ധ നൽകുന്ന ഗംഗാ ആക്ഷൻ പ്ളാൻ നദിയെയും വാരണാസി പോലുള്ള തീരനഗരങ്ങളെയും മാലിന്യങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്നു. ടൂറിസ്റ്റ് ഹോമിന് അടുത്തു തന്നെയുള്ള ദശാശ്വമേധഘട്ടിൽ ബലിതർപ്പണം നടത്താനാണ് യാത്രി ട്രാവൽസുകാർ സൗകര്യപ്പെടുത്തിയിരുന്നത്. പിതൃകർമ്മങ്ങൾക്ക് എല്ലാം സഹായി വിപിൻ കൂടെ തന്നെ ഉണ്ടായിരുന്നതിനാൽ ഒട്ടും ബുദ്ധിമുട്ടു വന്നില്ല.

കാശി വിശ്വനാഥനെ കാണാൻ വി ഐ പി ദർശന വഴി തന്നെ തരപ്പെട്ടു. ബാങ്ക് ഓഫ് ബറോഡ റീജിനൽ മാനേജർ മഹേഷ് സാറിന്റെ ഇടപെടലാണ് ഇതിന് സൗകര്യമൊരുക്കിയത്. പ്രപഞ്ചനാഥന്റെ ശ്രീകോവിലിനു മുമ്പിൽ എത്തി. വീൽ ചെയറിൽ നിന്നും എഴുന്നേറ്റു.മനസ്സും ശരീരവും ഭഗവാനു സമർപ്പിച്ചു.ഭജേ വിശ്വനാഥം. പെട്ടെന്നായിരുന്നു മഹാദേവന്റെ പ്രസാദമെന്ന പോലെ അവിടത്തെ പൂജാരി വന്ന് വലിയൊരു മാല എന്റെ കഴുത്തിലിടീച്ചതും നെറ്റിയിൽ ചന്ദനവും ഭസ്മവും തൊട്ടതും.ഈശ്വരാ, ആയിരക്കണക്കിനാളുകൾക്കിടയിൽ നിന്നും ഞാൻ, ഈ ഞാൻ മാത്രം!! അത്ഭുതം ഞങ്ങൾക്ക് ഇന്നും മാറിയിട്ടില്ല. 'മായാമയനുടെ ലീല / അതു മാനവനറിയുന്നീല' എന്നു തന്നെ വിചാരിക്കുന്നു. ശംഭോ മഹാദേവ.

വൈകീട്ട് ഗംഗയിൽ ബോട്ട് യാത്ര. ഹരിശ്ചന്ദ്രഘട്ടും ,ശവം എപ്പോഴും ദഹിപ്പിച്ചുകൊണ്ടിരിക്കുന്ന മണികർണികാഘട്ടും എല്ലാം ഒട്ടത്ഭുതത്തോടെ കണ്ടു. പിന്നെ സന്ധ്യക്ക് ഒരു മണിക്കൂർ നീളുന്ന ഗംഗാ ആരതി. ധൂപവും കൊടിവിളക്കിനു മുകളിൽ പന്തം പോലുള്ള തീനാളവും അതിവേഗം എല്ലാ വശങ്ങളിലേക്കും ചലിപ്പിക്കുമ്പോൾ അത് സുന്ദരവും ഗംഭീരവുമായ ദീപക്കാഴ്ചയായി മാറുകയാണ്.

ബുദ്ധം ശരണം ഗച്ഛാമി. യാത്രയുടെ അവസാന ഭാഗം ബുദ്ധഗയയായിരുന്നു. അവിടെ വിഷ്ണുപാദം ക്ഷേത്രം.200 മീറ്ററിലധികം വീൽ ചെയറിൽ സഞ്ചരിച്ച് ദർശനം.പിറ്റേ ദിവസം ബുദ്ധന് മോക്ഷം ലഭിച്ച സ്ഥലത്തുള്ള വലിയ ക്ഷേത്രത്തിൽ തൊഴുതു ധ്യാനിച്ചു. പണ്ടത്തെ ബോധി വൃക്ഷം ഇരുന്നിടത്ത് ഇപ്പോൾ ഒരു പുതുവൃക്ഷമുണ്ട്. അവിടെ ബുദ്ധമതാചാരപ്രകാരം ബലികർമ്മങ്ങൾ നടത്താനും കഴിയും.

യാത്രകൾ തീരുന്നില്ല. ആറു ദിവസങ്ങൾ നീണ്ട ഈ ട്രിപ്പിൽ വൃദ്ധരും രോഗികളുമായ ഞങ്ങൾക്ക് വേണ്ട എല്ലാ സൗകര്യങ്ങളും മക്കളും മരുമക്കളും ഏർപ്പെടുത്തിയിരുന്നു.അവർക്കും മനോഹരമായ യാത്ര ഒരുക്കിത്തന്ന മാനിപുരത്തപ്പനും പ്രണാമങ്ങളോടെ, യാത്ര പറയാതെ നിർത്തട്ടെ. ഈ യാത്ര അവിസ്മരണീയമായ മധുരസ്മരണയായി മനസ്സിൽ ജീവിക്കുന്നു. ●

മക്കാട് മാധവൻ നമ്പൂതിരി,
മാനിപുരം, കൊടുവള്ളി,
കോഴിക്കോട്.
Mob:9447903777

# സപ്തതിയുടെ സന്തോഷം!



## ശ്രീമതി ചിത്രാമോഹന്
## സപ്തതി ആശംസകൾ!

**എഴുപത് വയസ്സുകൾ പിന്നിട്ട് ചെറുപ്പത്തിലെത്തുന്ന അമ്മയ്ക്ക് .....**
**ജീവിത ദുഃഖങ്ങളെ അതിജീവിച്ച് മാർഗ്ഗദർശിയായ ഗുരുവിന്...**
**പൂർണ്ണ സമർപ്പണത്തിലൂടെ അംഗീകാരങ്ങൾ നേടിയ നർത്തകിക്ക്....**
**വാക്കും വരികളും ജീവിത ഗന്ധിയാക്കിയ എഴുത്തുകാരിക്ക്....**

**ബോധി & പ്രയാഗ്, മോക്ഷ**
35/2569(2), ചിത്രാനഗർ-BLane,
വട്ടിയൂർക്കാവ്, തിരുവനന്തപുരം 695013



## ശതാഭിഷിക്തയായി

മൂവാറ്റുപുഴ കുന്നയ്ക്കാൽ
മേടങ്ങാൽ മനയിൽ പരേതനായ
രാമൻ നമ്പൂതിരിയുടെ പത്നി
സാവിത്രി അന്തർജ്ജനത്തിന്റെ
84-ാം പിറന്നാൾ
29 സെപ്തംബർ 2023 ന്
ആഘോഷിച്ചു.

**സാവിത്രി അന്തർജ്ജനം**
മേടങ്ങാൽ മന
( കൊല്ലി മുട്ടത്തു മനയിലെ മകൾ)
പി ഒ കുന്നയ്ക്കാൽ, മൂവാറ്റുപുഴ,
എറണാകുളം ജില്ല, പിൻ: 682316
മൊബൈൽ: 9400708595

**ആശംസകളോടെ:**
**ബന്ധുമിത്രാദികൾ**



## സപ്തതി ആശംസകൾ

## കാഞ്ഞിരത്തോട്ടം നാരായണൻനമ്പൂതിരി

*ആശംസകളോടെ .....*

**ശ്രീദേവി അന്തർജനം**(പത്നി)

മക്കൾ: **ജയശങ്കർ, ശ്രീന, സൗമ്യ**

മരുമക്കൾ: **ബാൽരാജ് മൂർത്തിയേടം, സുദേവ് ബാണത്തൂർ, ശ്രീദേവിജയശങ്കർ**

പേരക്കുട്ടികൾ: അഭിഷേക്, അർച്ചന, ശിവ, ശ്രീദേവീകൃഷ്ണ, ദേവനാരായണൻ, ദേവദത്തൻ.



# വാസുകീശയനം


പരേതയായ വെൺമണി
ദേവസേന അന്തർജനം



വെണ്മണി മന,
തിരുവൈരാണിക്കുളം
ശ്രീമൂലനഗരം,
എറണാകുളം ജില്ല


**ശാ**രികപ്പൈതലേ ചാരുശീലേ
സാരമായൊന്നുണ്ട് ചോദിക്കുന്നു
എങ്ങു നിന്നിപ്പോൾവരുന്നു നീയെ
ന്നെങ്ങളൊടൊന്നു പറക തത്തേ
കൈലാസ മാമല തന്നിൽനിന്നു
കാലാരിയെ കണ്ടുവന്നിടുന്നു.
എത്രയോവിസ്മയമായതത്രെ
അത്രമഹാപ്രഭുതന്റെ ലോകം
കൂറ്റനാം വാസുകി സർപ്പരാജൻ
ഏഴുമടക്കായ് കിടന്നിടുന്നൂ.
തത്ര സഹസ്രസ്രഫണം വിടത്തി
എത്ര മണി പ്രഭ തൂകിടുന്നു
സർപ്പരാജന്റെ തിരുമേനിയിൽ
മുപ്പാരിന്നീശൻ ശയിച്ചിടുന്നൂ.
കാൽക്കൽ തൃപ്പാദം മടിയിൽ വച്ചു
മൈക്കണ്ണി ഹൈമവതിയിരിപ്പൂ.
ചെഞ്ചിടക്കെട്ടും തിരുമുടിയും
അഞ്ചാതെ തന്റെ മടിയിൽ വച്ച്
വാനവർഗംഗയാം ജാഹ്നവിയാൾ
ആനന്ദമോടെയിരുന്നിടുന്നൂ
ഉണ്ണി ഗണപതിയുണ്ടരികിൽ
വിണ്ണവർ നാഥനും ദേവകളും
ശാസ്താ സകലവരായുധവും
ഹസ്തേ ധരിച്ച് കൈകൂപ്പി നിൽപ്പൂ
താരാകാരാതിയും ഭദ്ര താനും
ചാരെ സ്തുതിച്ചു നമിച്ചു നിൽപ്പൂ
നന്ദി ഭൃഗിതൊട്ട ഭൂതവൃന്ദം
വന്ദനം ചെയ്തു സ്തുതിച്ചു നിൽപ്പൂ
ബ്രഹ്മനും വിഷ്ണുവും ശങ്കരനെ
നന്മയൊടെ വാഴ്ത്തി വാഴ്ത്തി നിൽപ്പൂ.
ഇങ്ങനെ വിസ്മയം കണ്ടു കൊണ്ടു
തിങ്ങിന മോദേന പോന്നു ഞാനും
ഈലോക വാർത്ത സ്മരിക്കുന്നോർക്ക്
സാലോക്യ സാമീപ്യ സൗഖ്യമേറും. ●

കൈപ്പറമ്പ് കുറൂർ മനയ്ക്കൽ മാധവൻ ഭട്ടതിരിപ്പാടിന്റേയും പടിഞ്ഞാറേടത്ത് ശ്രീദേവിഅന്തർജ്ജനത്തിന്റേയും മകളായി ജനനം. പരേതനായ കവി വെണ്മണി നാരായണൻ നമ്പൂതിരിപ്പാടിന്റെ ധർമ്മപത്നി. വായനയായിരുന്നു പ്രധാന ഹോബി. സംഗീതം സാഹിത്യം എന്നിവയിലിലും പ്രാവീണ്യം. ചില കവിതകൾപുസ്തകങ്ങളിൽ അച്ചടിച്ചു വന്നിട്ടുണ്ട്. അപ്രകാശിതമായ ഈ കവിത തന്റെ സഹോദരപത്നിക്ക് ഒരു ഇൻലൻഡിൽ കാൽ നൂറ്റാണ്ട് മുമ്പ് എഴുതി അയച്ചു കൊടുത്തതാണ്. അവരുടെ ശേഖരത്തിൽ നിന്ന് ലഭിച്ചതാണ് ഇത്. വൈകുണ്ഠത്തിലെ അനന്തശായിയായ വിഷ്ണുവിനെപ്പോലെ കൈലാസത്തിലെ പരമശിവനെ ചിത്രീകരിക്കുന്നതാണ് ഈ കവിത. 2016ൽ മരണം.മക്കൾ പ്രേമ, വെണ്മണി ഹരിദാസ്, പരേതനായ വെണ്മണി സതീശൻ, പരേതനായ വെണ്മണി നാരായണൻ, ശാന്ത, പരേതയായ പത്മജ രാമഭദ്രൻ

# വായനക്കാരുടെ പേജ്

പ്രതികരണങ്ങൾ
വാട്ട്സ്ആപ്പ് ചെയ്യൂ
**9400992823**



# അവരുടെ സഹപാഠിയാകാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്

എന്റെ ആത്മസഖി, ശ്രീമതി സി.കെ.പാർവ്വതിയെക്കുറിച്ചുള്ള ചില പൂർവ്വ സ്മരണകൾ വായനക്കാരുമായി പങ്കിടാനാഗ്രഹിക്കുന്നു.

ഉദ്വേഗജനകവും, ഇതുവരെ എനിക്ക് അജ്ഞാതവുമായിരുന്ന, ഉത്കൃഷ്ട പ്രവൃത്തി പരമ്പരയിലൂടെ എല്ലാവർക്കും ആദരണീയയായിത്തീർന്ന ആ മഹതിയുടെ വൈഭവങ്ങൾക്ക് മുമ്പിൽ തല താഴ്ത്താനേ എനിക്ക് കഴിയൂ.

അവരുടെ സഹപാഠിനിയാകാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്. തൃശൂരിൽ ഡിഗ്രിക്ക് (ഗണിതം  ബി.എ.) പഠിക്കുമ്പോഴും, പിന്നീട് ബി.ടി.ക്ക് ചേർന്ന് പഠിക്കുമ്പോഴും അവരുമായി ഇടപഴകാൻ പല സന്ദർഭങ്ങളുമുണ്ടായി.

ഞങ്ങൾ മൂന്നു പേരായിരുന്നു ആപ്തമിത്രങ്ങൾ. വിശാലാക്ഷി എന്ന മൂന്നാമതൊരാൾ (അവരും ഡി.ഡി.ഇ. ആയിട്ടാണ് വിരമിച്ചത്).പാർവ്വതിയുടെ അച്ഛൻ കൃഷ്ണൻ നമ്പൂതിരി തൃശൂർ നമ്പൂതിരി വിദ്യാലയത്തിൽ സംസ്കൃതം പണ്ഡിറ്റായിരുന്നു. പാർവ്വതി അച്ഛനോടൊപ്പമാണ് താമസിച്ചത്. ഞാൻ നമ്പൂതിരി സദനത്തിലും, വിശാലാക്ഷി അവരുടെ ഒരു ബന്ധുവിന്റെ കൂടെയും. ഞങ്ങൾ രണ്ടുപേരും കോളേജിൽ പോകുന്നതും, വരുന്നതും ഒരുമിച്ചാണ്. പാർവ്വതി ചിലപ്പോൾ ഒത്തുചേരും. തിരിച്ചുവരവ് ''ത്രിമൂർത്തികൾ' ഒരുമിച്ചു തന്നെ. നാലു വർഷത്തെ യാത്ര മറക്കാനാവില്ല. പഠിക്കാനുള്ള വിഷയങ്ങളും, രാഷ്ട്രീയ കാര്യങ്ങളുമൊക്കെ ചർച്ച ചെയ്യും. ഗാന്ധിജി, നെഹ്റു, പട്ടേൽ തുടങ്ങിയ രാഷ്ട്രീയ നേതാക്കന്മാരോടുള്ള ആദരവും വീരാരാധനയും സവിശേഷമായിരുന്നു. ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് ഞാനും പാർവ്വതിയും പൗഡറും വാസനസോപ്പും ഉപേക്ഷിച്ചിരുന്നു. ഞാൻ ഫോർത്ത് ഫോമിൽ വെച്ചു തന്നെ ആദ്യം വാങ്ങിയ പൗഡർ ടിൻ ഉപേക്ഷിച്ചു. സോപ്പിന് പകരം വാകയും, അത് കിട്ടാതായപ്പോൾ ലൈഫ്ബോയ് സോപ്പും അതും കിട്ടാതെ വന്നപ്പോൾ സാധാരണ സോപ്പും ഉപയോഗിക്കാൻ തുടങ്ങി. പാർവ്വതി വെള്ള സാരിയും വെള്ള ബ്ലൗസും ചന്ദനപ്പൊട്ടുമാണ് വേഷം.

ഇടയ്ക്ക് ഞങ്ങൾ വിശാലാക്ഷിയുടെ വീട്ടിൽ കംബൈൻ സ്റ്റഡിക്ക് പോകാറുണ്ട്. അവിടുന്നു കിട്ടുന്ന കാപ്പിക്കും പലഹാരത്തിനും എന്തു സ്വാദായിരുന്നുവെന്നോ!

ഡിഗ്രി കഴിഞ്ഞ ഉടനെത്തന്നെ 53 ജൂലായിൽ എനിക്ക് ചെറുതുരുത്തി സ്കൂളിൽ എച്ച്.എസ്.എ ആയി നിയമനം കിട്ടി. പാർവ്വതിയുടെ നിയമനങ്ങൾ ലേഖനത്തിലുണ്ടല്ലോ. ഞങ്ങൾ കൂടെക്കൂടെ എഴുത്തുകൾ വഴി ബന്ധപ്പെടാറുണ്ടായിരുന്നു. പിന്നീട് രണ്ടുപേരുടെയും വിവാഹം കഴിഞ്ഞു. ഓരോ വ്യത്യസ്ത പന്ഥാവിലായി യാത്ര.

പാർവ്വതി നല്ല വാഗ്മിയായിരുന്നു. ബി.ടി.ക്ക് പഠിക്കുമ്പോൾ, പൗരത്വബോധന ക്യാമ്പിൽ ഉണ്ടായിരുന്നു ലീഡർമാരിൽ രണ്ടുപേർ ഞങ്ങളായിരുന്നു. പാർവ്വതിയുടെ പ്രവൃത്തിപഥം വിസ്തൃതവും, വിവിധവുമായിരുന്നപ്പോൾ, എന്റേത് കടിഞ്ഞാണിട്ട കുതിരയുടേതുപോലെ സങ്കുചിതമായിരുന്നു.



## ക്ഷ യായിരിക്കുന്നു

എല്ലാം വായിച്ചു.നമ്പൂതിരി ശൈലിയിൽ പറഞ്ഞാൽ 'ക്ഷ 'യായിരിക്കുന്നു. ആഢ്യത്വം നിറഞ്ഞ ഒരു പ്രസിദ്ധീകരണം. അഭിനന്ദനങ്ങൾ!

കിളിരൂർ രാധാകൃഷ്ണൻ
'ഹരി', കാഞ്ഞിരം പോസ്റ്റ്, കോട്ടയം, പിൻ: 686030.
മൊബൈൽ:9995701931

## വളരെ നന്നായി

ഒക്ടോബർ ലക്കം സ്വസ്തി കിട്ടി. 90 ശതമാനവും വായിച്ചു - വളരെ നന്നായെന്ന് പ്രത്യേകം പറയേണ്ടല്ലോ

ഇ.എ. കുബേരൻ
നമ്പൂതിരി, പാർവതി
നിവാസ് ,കയറളം,
മയ്യിൽ, കണ്ണൂർ ജില്ല, മൊബൈൽ : 75599 04469

# വായനക്കാരുടെ പേജ്


ജോലി ശാന്തി, ഹോബി വര;
ഓർഡർ ഓൺലൈനിൽ

## അറിയപ്പെടാത്തവർക്ക് അവസരം

എന്റെ ചിത്രകലാജീവിതത്തിലെ ആദ്യഅനുഭവമാണ് ഇത്. ഒരു എളിയ ചിത്രകാരനായ എന്നെ പരിചയ പെടുത്തിയ ലേഖകൻ ഉദയൻ നമ്പൂതിരി സ്വസ്തി മാസിക എന്നിവർക്ക് എന്റെ ഹൃദയം നിറഞ്ഞ നന്ദി . കോഴിക്കോട് യോഗക്ഷമസഭ പ്രസിദ്ധീകരണമായ സ്വസ്തിയുടെ ഈ ലേഖന പരമ്പര എന്നെപോലെ അറിയപ്പെടാത്ത പല കലാകാരന്മാർക്കും നമ്മുടെ ഇടയിൽ ഒരു പരിചയപ്പെടുത്തൽ കൂടി അണ് .ഇതിന് വേണ്ടി പ്രവർത്തിക്കുന്ന എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

വി പി പ്രശാന്ത്, വടശ്ശേരി പയ്യളിക്ക ഇല്ലം, പി. ഓ കാവീട്, പിൻ –680505
ഗുരുവായൂർ, തൃശൂർ ജില്ല.
9995796687

## പുതുക്കുളം ഇല്ലത്തെപ്പറ്റി

വീണ്ടും ഇല്ലപ്പെരുമയിൽ ഞങ്ങളുടെ പുതുക്കുളം ഇല്ലത്തെപ്പറ്റി പരാമർശം ഉണ്ടായിരിക്കുന്നു.സന്തോഷവും അഭിമാനവും.

മഞ്ജരി,
w/o പുതുക്കുളം വിഷ്ണു നമ്പൂതിരി (Late)
ബ്രാഹ്മിൻസ് തൊടുപുഴ.
മൊബൈൽ :8590017585

പാർവ്വതിയുടെ അമ്മാത്ത് പാഞ്ഞാൾ പെരുമങ്ങാട്ട് മന, എന്റെ ഇല്ലത്തിന്റെ തൊട്ടടുത്തായിരുന്നു. പഠിക്കുന്ന കാലത്ത്, വെക്കേഷനിൽ അവിടെ വരുമ്പോൾ, ഞങ്ങൾ ഒത്തുകൂടും. സൗഹാർദ്ദം കൊഴുപ്പിക്കും. പാർവ്വതിയുടെ അമ്മാമന്റെ പെൺമക്കളും കൂട്ടുണ്ടായിരുന്നു.

പാർവ്വതിയുടെ രണ്ടാമത്തെ മകന്റെ ഭാര്യ എന്റെ സ്നുഷയുടെ അനുജത്തിയായിരുന്നു. അതിനാൽ ബന്ധങ്ങൾ മുറുകി. അവിടത്തെ വിശേഷങ്ങൾക്കെല്ലാം ഞാൻ പോകാറുണ്ട്. മൂത്ത മകന്റെ വേളി, ഭർത്താവിന്റെ ശതാഭിഷേകം, നവതി എന്നിവയിലെല്ലാം പങ്കെടുത്തിട്ടുണ്ട്.

എന്നാൽ രോഗശയ്യയിലായിരിക്കുമ്പോൾ എനിക്ക് കാണാൻ പോകാൻ സാധിച്ചിട്ടില്ല. അന്നെനിക്കും യാത്ര ചെയ്യാൻ പ്രയാസമായിരുന്നു. 2016 ഏപ്രിൽ 19 ന് ജീവിതപന്ഥാവിൽ സ്വന്തം പാദമുദ്രകൾ പതിപ്പിച്ച്, എല്ലാവരേയും ദുഃഖത്തിലാഴ്ത്തിക്കൊണ്ട്, ആ ധന്യ ദിവംഗതയായി!! വേദനയോടെ, പ്രണാമങ്ങൾ!

കെ കെ പ്രിയദത്ത, സ്വസ്തി, മേനോൻ പറമ്പ് റോഡ്, എം ഇ ആർ ആർ എ നമ്പർ 94, എടപ്പള്ളി കൊച്ചി 24 മൊബൈൽ: 9446935762

## ഞങ്ങളുടെ ചുമരിലും ആ ചിത്രരചന

ജോലി ശാന്തി, ഹോബി വര, ഓർഡർ ഓൺലൈനിൽ എന്ന പ്രശാന്ത് നമ്പൂതിരിയെപ്പറ്റി ഉദയൻ നമ്പൂതിരിപ്പാടിന്റെ ലേഖനം വിദ്യാരംഭം പതിപ്പിൽ വായിക്കാനിടയായി. ആ പ്രശാന്ത് നമ്പൂതിരിയും സംഘവും ഇവിടെ ശ്രീവീരസ്ഥാനം വിരുട്ടാണം ഭഗവതി ക്ഷേത്രത്തിൽ ശ്രീകോവിലിന്റെ ചുമരിൽ ചിത്രരചന ചെയ്യുകയുണ്ടായി. ഏകദേശം 4 മാസം കൊണ്ട് വൃത്തിയായും വളരെ ആകർഷകമായും ചിത്രരചന പൂർത്തീകരിച്ച് 2021 ലെ വിജയദശമി ദിവസം കാലത്ത് 10 മണിക്ക് കണ്ണ് മിഴിപ്പിക്കുന്ന ചടങ്ങ് ഭക്തജനങ്ങളുടെ നിറസാന്നിദ്ധ്യത്തിൽ നടത്തുവാൻ സാധിച്ചതിൽ ക്ഷേത്രഭാരവാഹികളും ഭക്തജനങ്ങളും സന്തുഷ്ടരായി. പ്രശാന്ത് നമ്പൂതിരിക്ക് അളവറ്റ നന്ദി രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന് ഇതു പോലെ ധാരാളം പ്രവൃത്തി ചെയ്യുവാൻ ഈശ്വരൻ അനുഗ്രഹിക്കട്ടെ. ഈ ലേഖനം തയ്യാറാക്കിയ ശ്രീ ഉദയൻ നമ്പൂതിരിപ്പാടിനും നന്ദി കുറിക്കട്ടെ

വി.കെ.എസ്. അടികൾ, പ്രസിഡണ്ട്,
ശ്രീ വീരസ്ഥാനം വിരുട്ടാണം ഭഗവതി ക്ഷേത്രം ട്രസ്റ്റ്,
പോസ്റ്റ് തളി, തൃശ്ശൂർ ജില്ല, മൊബൈൽ:9645150312

## ബ്രാഹ്മണിക്കൽ ഹെജിമണി

ബ്രാഹ്മണവിരോധത്തിന്റെ ഒരു പ്രധാനകാരണം മതപരിവർത്തനക്കാർക്ക് അവരുടെ അജണ്ട നടപ്പാക്കാൻ ബ്രാഹ്മണർ തടസ്സമായിരുന്നു എന്നതാണ്. ബ്രാഹ്മണിക്കൽ ഹെജിമണി എന്ന വരട്ടുതത്വവാദം പൊളിച്ചുകാട്ടിയ സ്വസ്തിക്ക് അഭിനന്ദനങ്ങൾ.

വരത്ര ശ്രീകുമാർ മുഖ്യപത്രാധിപർ, 'പ്രണവം' ന്യൂഡൽഹി
വരത്ര ഇല്ലം,മാങ്ങാനം പി.ഓ,കോട്ടയം
പിൻ :686018,മൊബൈൽ 98185 01258




## മുഖചിത്രം

അത്യുത്തമം സ്വസ്തിമുഖപ്രസാദം
മൊത്തത്തിലായില്ലതിനുള്ളിലെത്താൻ
ചിത്രത്തിലെന്താണു വരച്ചതെന്നും
വൃത്തത്തിലെന്താണു കുറിച്ചതെന്നും

പി.എൻ വിജയൻപുളിക്കത്തൊടി മന ,
കരിക്കാട്, മഞ്ചേരിമൊബൈൽ 70250 70863

# തിയ്യാടി പെൺകുട്ടിയെ തേടിയുള്ള യാത്ര



2021 മുതൽ വരിക്കാരനാണ്. ഓരോ ലക്കവും ഒന്നിനൊന്ന് മെച്ചം ! തിയ്യാടി പെൺകുട്ടിയെ തേടിയുള്ള യാത്ര. വി ടി ഭട്ടതിരിപ്പാടിനെ അക്ഷരലോകത്തേക്ക് ആനയിച്ച തിയ്യാടി പെൺകുട്ടിയുടെ വിവരങ്ങൾ തേടി പോകാനെടുത്ത തീരുമാനവും അത് അതീവ ഹൃദ്യമായി നടപ്പാക്കിയതും തികച്ചും അഭിനന്ദനാർഹം തന്നെ ! നങ്ങേലി മരുവോളമ്മയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഒരു മാല പോലെ കോർത്ത് ഫോട്ടോകൾ സഹിതം അവതരിപ്പിച്ച റിപ്പോർട്ടിങിനെ എത്ര അഭിനന്ദിച്ചാലും അധികമാവില്ല !ഇനിയും ഇത് പോലെ മറഞ്ഞിരിക്കുന്ന മുത്തുകൾ കണ്ടെത്താനുള്ള ഒരു പ്രചോദനമാവട്ടെ ഇത് !എല്ലാ അണിയറപ്രവർത്തകർക്കും ഭാവുകങ്ങൾ നേരുന്നു

ഈശ്വരൻ വി വി (വേണു),വാച്ചവാദ്ധ്യാൻ ഇല്ലം
പി.ഓ. കരിവെള്ളൂർ, കണ്ണൂർ ജില്ല, ഫോൺ: 9188744757

## വി ടി താമസിച്ചിരുന്ന അഗ്രശാല സ്മാരകമാക്കണം

ഇത്രയും കാലം തിരശീലക്കു പിനിലായിരുന്ന ആ 'തിയ്യാടി പെൺകുട്ടിയെ ' പുറത്തേക്കു കൊണ്ടുവന്ന സ്വസ്തിക്കു എത്ര നന്ദി പറഞ്ഞാലാണ് മതിയാവുക എന്നറിയില്ല, എങ്കിലും നന്ദി ഒരായിരം തവണ. വി.ടിയെ യെ വി.ടി ആക്കിയതിന് ആ മുത്തശ്ശിയുടെ പാദാരവിന്ദങ്ങളിൽ പ്രണാമം.വി.ടിയെ പോലെ തന്നെ യോഗക്ഷേമ സഭ സ്മരിക്കേണ്ട ഒരു പേരാണ് നങ്ങേലി. നങ്ങേലിയുടെ ഭവനവും, വി ടി താമസിച്ചിരുന്ന അഗ്രശാലയും ഒരു സ്മാരകമാക്കി നിറുത്താൻ സഭ ശ്രമിക്കേണ്ടതാണ്.

സതീശൻ പികെ, പെരിങ്ങര മന, തൊയക്കാവ്,
പിൻ 680513, തൃശൂർ, മൊബൈൽ 9747725743.

## സമുദായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും സ്വസ്തിയിൽ വരാത്തത് ഖേദകരം

ഞാൻ സ്വസ്തിയുടെ ഒരു വരിക്കാരൻ ആണ് . ത്രൈമാസിക നല്ല നിലവാരം പുലർത്തുന്നു. നമ്പൂതിരി സമുദായത്തിലെ പഴയ ഗുണങ്ങൾ പറയുന്ന ലേഖനങ്ങൾക്കൊപ്പം ഇന്ന് സമുദായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെയും അതിന് വേണ്ട പരിഹാരങ്ങളെയും സംബന്ധിച്ച ലേഖനങ്ങൾ എന്ത് കൊണ്ട് സ്വസ്തിയിൽ വരുന്നില്ല എന്നത് ഖേദകരമാണ്. അത് സംബന്ധിച്ച് ചില കാര്യങ്ങൾ സൂചിപ്പിക്കാം.

ഭൂപരിഷ്കരണം നടപ്പിലായ കാലത്ത് ഞങ്ങളെ പോലെ കുറേ പേർ അനുഭവിച്ച ദുരിതം ഇന്ന് ആരും അനുഭവിക്കുന്നില്ല. കാരണം ശാന്തി തുടങ്ങിയ ജോലികൾക്ക് അത്യാവശ്യം വരുമാനം ലഭിക്കുന്നുണ്ട്. എന്നാൽ അതിനേക്കാൾ വലിയ പ്രശ്നം നമ്മുടെ യുവാക്കൾ അഭിമുഖീകരിക്കുന്നുണ്ട്. കുടുംബം പുലർത്താനുള്ള സാമ്പത്തിക ശേഷി ഉണ്ടെങ്കിലും വിവാഹം കഴിക്കാൻ പെൺകുട്ടികളെ കിട്ടുന്നില്ല. നമ്മുടെ പെൺകുട്ടികളാകട്ടെ മറ്റ് ജാതിക്കാരായ പഠിത്തം ഉള്ളവരും ഇല്ലാത്തവരും ആയ യുവാക്കളുടെ കൂടെ ചാടി പോവുന്ന പ്രവണത ആണ് ഇന്ന് കാണുന്നത്. ഇതിന് ഉള്ള കാരണങ്ങളും പരിഹാരങ്ങളും നിർദേശിക്കുന്ന ലേഖനങ്ങൾ സ്വസ്തിയിൽ ഉൾക്കൊള്ളിക്കണം. അത് പോലെ തന്നെ ആത്മഹത്യ പ്രവണതയും കൂടിവരുന്നുണ്ട്. പഴയകാലത്തെ കുടുംബ മഹിമ സംബധിച്ച ലേഖനങ്ങളേക്കാൾ കാലിക വിഷയങ്ങളിലും പ്രശ്നങ്ങൾക്കും കൂടെ മുൻഗണന നൽകേണ്ടതുണ്ട് എന്ന് തോന്നുന്നു. എന്റെ അഭിപ്രായം സ്വീകാര്യം ആണ് എന്ന് തോന്നുന്നുവെങ്കിൽ വേണ്ടത് ചെയ്യുമല്ലോ.

വെങ്ങല്ലൂർ മാധവൻ നമ്പൂതിരി
കള്ളാടിപറ്റ പിഒ, പട്ടാമ്പി–679313,മൊബൈൽ 04662233444

### മാൻ മാർക്ക്കുട

ഇന്ന് 'ശർക്കര ' കടലാസിൽ അല്ല പൊതിഞ്ഞു തരുന്നത്, ട്രാൻസ്പരന്റ് കവറിൽ മുൻകൂട്ടി തൂക്കി വെച്ച 500ഗ്രാം,1കിലോ,2 കിലോ.... പാക്കറ്റുകളിൽ. സ്കൂളിലും, കോളേജിലും പഠിക്കുന്ന കാലത്ത് പിറന്നാൾ വന്നാൽ അമ്മ അടയ്ക്കും, നിവേദ്യപ്പായസത്തിനും ശർക്കര വാങ്ങിക്കൊണ്ട് വരാൻ പറഞ്ഞാൽ ഒരു വേള ആ പൊതിഞ്ഞു വരുന്ന കടലാസിൽ അൽപ നേരം വള്ളത്തോൾ പറഞ്ഞ പോലെ 'നിർനിമേഷനായി ' നോക്കി നിൽക്കും,എവിടെയെങ്കിലും അച്ചടിച്ചു വന്നിട്ടുണ്ടോ ആ 'മാൻ മാർക്ക് ' കുട എന്ന്!അത്ര മേൽ ആസ്വാദക മനസ്സിൽ കയറിക്കൂടിയ 'വിദ്യാരംഭം ' ആണത്.സ്വസ്തിക്കു ആശംസകളോടെ...

കാടമ്പറ്റ ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്
ചളവറ, പാലക്കാട് ജില്ല
ഫോൺ: 94468 82056

### Thiyyadi penkdavu

Very interesting articles on VT 's Thiyyadi penkdavu.

R. Prasannan
Resident Editor
Malayala Manorama
2/11 INS Building
Rafi Marg
New Delhi 110001

# വായനക്കാരുടെ പേജ്

## സ്വസ്തിയിലെ ഗാന്ധിജിയുടെ കത്ത്


മഹാത്മാഗാന്ധിയുടെ മംഗളാശംസകൾ

സ്വസ്തിയിലെ ഗാന്ധിജിയുടെ കത്ത് എന്ന ലേഖനം വായിച്ച വളരെപ്പേർ എനിയ്ക്ക് അഭിനന്ദനങ്ങൾ അയച്ചു. ഇപ്പോഴും വന്നുകൊണ്ടേ ഇരിയ്ക്കുന്നു. പയ്യന്നൂർ കുന്നത്തുമനയിൽ നിന്നു ഗിരീശൻ ദേവു ജയശ്രീരാമനാഥൻ രാജശ്രീ നാരായണൻ ഇനിയുമുണ്ട് അനവധി. ജാനകി ടീച്ചർ, ബേബി കയ്പമംഗലം, ഉമ പത്തിയിൽ മന- ഓസ്ടേലിയായിൽ നിന്നു ജയൻ കൂനംമ്പിള്ളി അങ്ങനെ പോകുന്നു. മക്കളുടെ സഹപാഠികൾ നിരവധി. എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞു കവിഞ്ഞു പ്രവഹിയ്ക്കുന്ന നന്ദിയും കൂപ്പുകൈയ്യും ഒന്നു കൂടി പറയട്ടെ. ലേഖനം പ്രസിദ്ധീകരിച്ച സ്വസ്തിയ്ക്ക് എന്റെ അകമഴിഞ്ഞ നന്ദി.

Sarala Madhusudanan: Tower: 1,15A,Tata Tritvam,
Goshree pachalam link road,Marine Drive Extension,
Ernakulam North-682018 Mob: 9746II 6990.

## ചിത്രാമോഹന്റെ ഓർമ്മകൾ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു

ചിത്രാമോഹന്റെ 'ഓർമ്മകൾ' എന്ന പുസ്തകത്തെ പരിചയപ്പെടുത്തിക്കൊണ്ട് പൊത്തോപ്പുറം ജയന്തൻ എഴുതിയ കുറിപ്പ് അക്ഷരാർത്ഥത്തിൽ എന്നെ ഞെട്ടിച്ചു. ഒരു സിനിമാക്കഥയേക്കാൾ അവിശ്വസനീയമായ രംഗങ്ങൾ, അവ നേരിൽ കണ്ട ആ അമ്മയുടെ ബാല്യം മുതലുള്ള അനുഭവങ്ങളാണ് 'ഓർമ്മകൾ ' എന്ന പേരിലുള്ള പുസ്തകത്തിലുള്ളത്. പുസ്തകത്തിലെ പല അധ്യായങ്ങളിലൂടെയും കടന്നു പോയപ്പോൾ നെഞ്ചിലൊരു കനവും തൊണ്ടയിൽ ചെറിയ വേദനയും കണ്ണിലും മൂക്കിലുമെല്ലാം നനവും അനുഭവപ്പെട്ടതായി ഒട്ടും സങ്കോചമില്ലാതെ വെളിപ്പെടുത്തട്ടെ.

ഒരാൾ ഏത് സാഹചര്യത്തിൽ ജനിക്കണമെന്നത് അയാളല്ല തീരുമാനിക്കുന്നത്. ചിലർ എത്ര വെല്ലുവിളികൾ നിറഞ്ഞ സാഹചര്യത്തിൽ ജനിച്ചാലും അവർക്ക് ബാല്യത്തിലും കൗമാരത്തിലും യൗവ്വനത്തിലും കൊടിയ ദു:ഖങ്ങൾ അനുഭവിക്കേണ്ടി വന്നാലും അതിനെയെല്ലാം തരണം ചെയ്ത് തന്റെ കർമ്മമണ്ഡലത്തെ മുറുകെ പിടിച്ച് ചുറ്റുമുള്ളവർക്ക് കഴിയുന്ന രീതിയിൽ വെളിച്ചം പകർന്ന് മുന്നോട്ട് പോകാൻ ശ്രമിക്കുന്നു. ചിത്രാമോഹനെ മുകളിൽ പറഞ്ഞ ഗണത്തിൽ പെടുത്താനാണെനിക്കിഷ്ടം.

കുട്ടിക്കാലത്ത് പുറത്തിറങ്ങാൻ മറക്കുടയും പരിചാരകരും ഒക്കെയുണ്ടായിരുന്ന ഒരന്തർജനത്തിന് തന്റെ ചെറിയ കുട്ടികൾ പുല്ലരിയാനും റോഡ് പണിക്കും ഒക്കെ പോകുന്നത് നോക്കി നില്ക്കേണ്ടി വന്ന അവസ്ഥ വിവരണാതീതമാണ്. ഈ കുട്ടികളിലൊരാളായിരുന്ന ചിത്രാ മോഹനെ കാത്തിരുന്നത് അതിലും ക്രൂരമായ വിധികളായിരുന്നു. തിരുവനന്തപുരത്ത് ചിത്രാഹോമിൽ സൂപ്രണ്ട് തോർത്ത് വലിച്ചഴിച്ച് ദൂരെക്കെറിഞ്ഞ സംഭവവും ആ കുഞ്ഞു പ്രായത്തിലും അതിനെതിരെ അവർ ധീരയായി പ്രതികരിച്ചതും ഇന്നും ഓർക്കുമ്പോൾ തേങ്ങലടക്കാൻ കഴിയാതെ പോകും എന്ന് ചിത്രോപ്പോൾ പുസ്തകത്തിൽ പറയുന്നുണ്ട്.

ഈ സംഭവം വായിക്കുന്നവർക്കും അത് അങ്ങിനെ തന്നെ ആയിരിക്കുമെന്ന് തീർച്ചയാണ്. ഇഷ്ടപ്പെട്ടയാളെയാണ് വിവാഹം കഴിച്ചത്. പക്ഷെ സങ്കല്പത്തിലുണ്ടായിരുന്ന ഒരു ദാമ്പത്യ ജീവിതമല്ല അവർക്കുണ്ടായത്. കുട്ടിക്കാലത്തേയും കൗമാരത്തിലേയും പോലെ ഇതും ക്രൂരമായ അനുഭവങ്ങളാൽ സമ്പന്നമായിരുന്നു. തന്റെ ചെറുപ്രായത്തിൽ വലിയ ആഘാതമേല്പിച്ചു കൊണ്ട് ആത്മഹത്യ ചെയ്ത അച്ഛന്റെ വഴി തന്നെ യൗവനത്തിലെത്തിയ സ്വന്തം മകൻ തിരഞ്ഞെടുത്തതിനും സാക്ഷിയാവേണ്ടി വന്നു.

നമ്മിൽ എത്ര പേർക്ക് ഇതെല്ലാം അതിജീവിക്കാനാകും. എന്നാൽ

### Heart touching

Really heart touching write up by Saraledathi.her sincerity & openness is clear from her writing as Great writer Sreekumaran Thampi commented. my love & respects to Saraledathi

Latha Varma:Palace no 8
Vadakkekotta, Trippunithura

### മനോഹരം

സരള മധുസൂദനന്റെ ഓർമ്മകുറിപ്പുകൾ ഹൃദ്യം മനോഹരം. ഒരായിരം ആശംസകൾ. അഭിനന്ദനങ്ങൾ അറിയിക്കുമല്ലോ.

ജയകൃഷ്ണൻ വൃന്ദ,
കുന്നത്ത് മന, പയ്യന്നൂർ

### സന്തോഷം

ഒരു കാലഘട്ടത്തെ ഓർമ്മിപ്പിക്കുന്ന ലേഖനം.... സാവിത്രി ഭവത്രാതൻ ഏറനൂർ

### ഐ.സി.പി യെ ബഹുമാനം

എപ്പോഴത്തേയും പോലെ ഇച്ചമ്മയുടെ (സരള മധുസൂദനന്റെ) എഴുത്ത് രസമാണ്. എന്നും ഐ.സി.പി യെ ബഹുമാനത്തോടെ കണ്ടിരുന്നു, ഇപ്പോഴും ഓർക്കുന്നു. അച്ഛന് വലിയ കാര്യമായിരുന്നു, അമ്മയുടെ ചിറ്റശ്ശ്യമ്മയുടെ ഭർത്താവ് ആയിരുന്നല്ലൊ. അമ്മാത്തെ അയൽപക്കവും

ജയൻ കൂനംപിള്ളി,
ആസ്ട്രേലിയ.

# വായനക്കാരുടെ പേജ്



ഇതിനെയെല്ലാം അവർ അതിജീവിക്കുക തന്നെ ചെയ്തു. അതിനോടകം വിവാഹിതയായി കഴിഞ്ഞിരുന്ന മകളേയും കുടുംബത്തേയും വിട്ട് ഡൽഹിയിൽ വേരുറപ്പിച്ചിരുന്ന ബന്ധുജനങ്ങളുടെ സഹായത്തോടെ ജീവിതം അവിടേക്ക് പറിച്ചു നട്ടു. എല്ലാവർക്കും റിട്ടയർമെൻറിനെ പറ്റി ചിന്തകൾ വരുന്ന സമയത്ത് ഗുഡ്ഗാവിലെ ഒരു കോൺവെന്റ് സ്കൂളിൽ അദ്ധ്യാപികയായി. തന്റെ തൊഴിലിൽ ലയിച്ചു. ഡൽഹിയിൽ വെച്ച് ഭർത്താവിന് അസുഖം പിടിപെടുന്നതും തുടർന്നുള്ള ആശുപത്രി വാസവും ഒടുവിൽ അദ്ദേഹത്തിന്റെ മരണവും എല്ലാം പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. പിന്നീട് വരുന്ന കാര്യങ്ങളെല്ലാം തന്നെ 'കേരള നടനം' എന്ന മഹത്തായ നൃത്ത കലാരൂപത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ചിത്രാ മോഹൻ നടത്തിയ പരിശ്രമങ്ങളേയും അതിനവർക്ക് ലഭിച്ച അംഗീകാരങ്ങളേയും കുറിച്ചാണ്.

ഇത്രയേറെ കയ്പേറിയ ജീവിത സാഹചര്യങ്ങളിൽ കൂടി കടന്ന് പോയിട്ടും ചിത്രാ മോഹൻ തന്റെ ചുറ്റുമുള്ളവരിൽ നന്മ കാണാൻ ശ്രമിക്കുന്നുണ്ട്. പുല്ലരിഞ്ഞ് കൊടുക്കുമ്പോൾ ലഭിക്കുന്ന നാണയ തുട്ടുകൾ കൊണ്ട് പലചരക്ക് കടയിലേക്ക് പോകുമ്പോൾ അവ എണ്ണി നോക്കാതെ പെട്ടിയിലിട്ട് യഥാർത്ഥ അളവിനേക്കാൾ കൂടുതൽ സാധനങ്ങൾ നല്കിയിരുന്ന പലചരക്ക് കച്ചവടക്കാരനിലും തങ്ങൾ അധ്വാനിച്ചുണ്ടാക്കുന്ന വിളവിന്റെ ഒരു പങ്ക് സൗജന്യമായി നല്കിയിരുന്ന കുടിയേറ്റ കർഷകരിലും അവർ ദയയും നന്മയും കാണുന്നുണ്ട്.

ചിത്രാ മോഹന്റെ ഭാഷയുടെ ഭംഗി പുസ്തകം വായിച്ചവർ ശ്രദ്ധിച്ചിട്ടുണ്ടാവും. ദില്ലിയിലായിരുന്ന സമയത്ത് രാജസ്ഥാനിലേക്കും ഹരിദ്വാറിലേക്കും കല്ക്കത്തയിലേക്കും നടത്തിയ യാത്രകളെ പറ്റിയും കണ്ട സ്ഥലങ്ങളെ പറ്റിയും കണ്ട് മുട്ടിയ ജനങ്ങളേയും അവരുടെ ജീവിതത്തെ പറ്റിയും വളരെ ഉൾക്കാഴ്ചയോടെ അവർ വിവരിക്കുന്നുണ്ട്.

ഈ പുസ്തകം എല്ലാവരും വായിക്കണം. ചെറിയ ചെറിയ പ്രതിസന്ധികളിൽ തളരുന്നവർക്ക് ഈ പുസ്തകം പുതിയ ദിശാബോധം നല്കും. ഒപ്പം നമ്മുടെ ഇടയിലും ബാല്യത്തിലും വാർദ്ധക്യത്തിലും എല്ലാം അനാഥത്വത്തിലേക്ക് എടുത്തെറിയപ്പെടുന്നവർ ഉണ്ടെന്നും അവർക്ക് വേണ്ടി നമ്മളാൽ കഴിയുന്ന സഹായങ്ങൾ ചെയ്യണമെന്നും തിരിച്ചറിവ് ഉണ്ടാകുകയാണെങ്കിൽ അതും നല്ലതല്ലേ.

**പ്രസാദ് പി എസ് ,**
പഴേടത്ത് മന,ചേർപ്പ് വെസ്റ്റ്,
തൃശൂർ – 680561മൊബൈൽ:9446846569

## കവിത വായിച്ച് ധാരാളം പേർ വിളിച്ചു

നവദേവികളുടെ രാത്രി എന്ന എന്റെ കവിത ഇഷ്ടപ്പെട്ട് അഭിനന്ദനങ്ങൾ അറിയിച്ചവർക്കു നന്ദി.പാലക്കാട് നിന്ന് കണ്ണമംഗലം കൃഷ്ണൻ നമ്പൂതിരി( 9985306549) ഹൈദരാബാദ് നിന്ന് മുതുമന പാർവ്വതി അന്തർജ്ജനം ( 9959410075) ന്യൂഡൽഹി നിന്ന് വിദ്യ.കെ.സനൽ (9810707341) തൃശ്ശൂർ താമരപ്പിള്ളി മനയിൽ നിന്ന് ആര്യ അന്തർജ്ജനം ( 9495419642) എളവള്ളി പുലിയന്നൂർ മനയിൽ നിന്ന് ശങ്കരനാരായണൻ നമ്പൂതിരിപ്പാട് ( 9895830261) കോയമ്പത്തൂർ പള്ളത്തേരിമനയിൽ നിന്ന് ഡോക്ടർ ഹരി 9441929175 തുടങ്ങി നിരവധി പേർ വിളിച്ചു.

**ദേവി പ്രകാശ്,** കറുത്തേടത്തു മന, പി.ഒ: മൂഴിക്കുളങ്ങര,വഴി:നീണ്ടൂർ,
കോട്ടയം ജില്ല, പിൻ: 686601 മൊബൈൽ: 9177610763

## മനസ്സിലാക്കി സ്തുതിക്കാൻ സാധിക്കും

നവരാത്രി കാലത്ത് ഓരോ ദിവസവും ദേവിയെ അതാതു ഭാവങ്ങളോടെ മനസ്സിലാക്കി ചൊല്ലി സ്തുതിക്കാൻ സാധിക്കും വിധം ലളിതസുന്ദര മലയാളത്തിൽ എഴുതിയ ദേവി പ്രകാശിന്റെ കവിത നവദേവികളുടെ രാത്രി വളരെ നല്ലതായിട്ടുണ്ട്. ഇനിയും ഇങ്ങിനെ ധാരാളം എഴുതാൻ അവർക്ക് സാധിക്കട്ടെ...

**മാലിനി ശങ്കർ,** ഗരുഡൻകാവ്, തിരൂർ,
മലപ്പുറം ജില്ല മൊബൈൽ9497836458

## നല്ല സമ്മാനമായി

നവരാത്രിയെ വരവേല്ക്കാൻ ദേവ്യേട്ത്തിയുടെ ഈ ദ്വിതീയാക്ഷരപ്രാസശ്ലോകങ്ങൾ നല്ല ഒരു സമ്മാനമായി. മനസ്സിന് ഉണർവും ഉന്മേഷവും ഉൺമയും നല്കുന്ന ജഗദംബികയുടെ വിവിധ ഭാവങ്ങൾ മനസ്സിൽ തെളിഞ്ഞു വന്നു.

**രമ മോഹനൻ,**വടക്കില്ലത്തു മന, തൃപ്പൂണിത്തുറ
9544525533

## ദേവീ സങ്കല്പം

ഓരോ ദിവസത്തേയും ദേവീ സങ്കല്പം ഭംഗിയായും ലളിതമായും അറിയാത്തവർക്ക് മനസ്സിലാകും വിധം കവിതാരൂപത്തിൽ അവതരിപ്പിച്ചിരിയ്ക്കുന്ന ദേവി പ്രകാശിന് നന്ദി.

**സതി അന്തർജ്ജനം**
വെണ്മണി മന.
പുറനാട്ടുകര, തൃശൂർ
മൊബൈൽ 9496177866

## ഒൻപത് ഭാവങ്ങൾ.

നവരാത്രി സമയത്ത് ശ്രീ ദുർഗ്ഗാ ഭഗവതിയുടെ ഒൻപത് ഭാവങ്ങളെ, ലളിതമായ ഭാഷയിൽ ഒൻപത് ശ്ളോകങ്ങളെക്കൊണ്ടുള്ള സ്തുതി വളരേ സുന്ദരവും ലളിതവുമായിരിക്കുന്നു.ദേവീ..അഭിനന്ദനങ്ങൾ.

**ശ്രീദേവി ശ്രീകുമാർ**
നാരായണമംഗലത്തു
മന, തൃശൂർ,
മൊബൈൽ 9847773367

# ഒമ്പത് ശ്ലോകങ്ങൾ ഒമ്പത് ഭാവങ്ങൾ



ഈ പ്രപഞ്ചത്തിലെ സകല സൃഷ്ടികളുടെയും മാതാവായ പരാശക്തിയെ ഒമ്പത് രൂപത്തിൽ സങ്കൽപ്പിച്ചു ആരാധിക്കുന്ന കാലമാണ് നവരാത്രി. നവദേവികളുടെ രാത്രി എന്ന കവിതയിൽ ഒമ്പത് ശ്ലോകങ്ങളിലൂടെ ദേവിയെ ഒമ്പത് ഭാവങ്ങളിൽ സങ്കല്പിച്ചു വർണിച്ചിരിക്കുന്നു. നവരാത്രീയിലെ ഒന്നാം ദിവസം ശൈലപുത്രിയിൽ തുടങ്ങി ഒമ്പതാം ദിവസം സിദ്ധിധാത്രിയിൽ അവസാനിക്കുന്ന ഒമ്പത് ഭാവങ്ങളെ മനോഹരമായി ശ്രീമതി ദേവി പ്രകാശ് വർണിച്ചിരിക്കുന്നു. ഒരേ കവിതയിലെ തന്നെ ഒമ്പത് ശ്ലോകങ്ങൾ ഒമ്പത് വ്യത്യസ്ത വൃത്തങ്ങളിൽ ആണ് രചിച്ചിരിക്കുന്നത് എന്നത് ഈ കവിതയുടെ പ്രത്യേകതയാണ്. നല്ലൊരു അക്ഷരശ്ലോക കലാകാരി കൂടിയായ ദേവി ഓപ്പോൾക്ക് ഏത് വൃത്തവും വഴങ്ങും എന്നതിന് തെളിവാണ് നവദേവികളുടെ രാത്രി എന്ന കവിത.

ഗോപാലകൃഷ്ണൻ, പാലക്കാട്, മൊബൈൽ 9048315063

## സ്വസ്തിക്ക് വേണം വായനക്കാരുടെ വിമർശനങ്ങൾ

സ്വസ്തിക്ക് വേണം വായനക്കാരുടെ വിമർശനങ്ങൾ സ്വസ്തിയുടെ ഉള്ളടക്കത്തെക്കുറിച്ച് വായനക്കാരിൽ നിന്ന് അഭിപ്രായങ്ങൾ തേടുന്നു. പോരായ്മകൾ, നിർദേശങ്ങൾ, നിലവിലുള്ള പംക്തികളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ, വിമർശനങ്ങൾ, തുടങ്ങി എന്തും തുറന്നെഴുതാം. നന്നായി എന്ന് എഴുതുന്നതേക്കാൾ പോരായ്മകൾ ചൂണ്ടിക്കാട്ടുന്നതാണ് ഞങ്ങൾക്ക് സന്തോഷം. അതോടൊപ്പം സ്വസ്തിയിൽ എഴുതാൻ താല്പര്യമുള്ളവർക്കും ബന്ധപ്പെടാം. കുട്ടികളുടെ രചനകൾ അയക്കാം. ബന്ധുക്കളുടെ മരണവിവരങ്ങൾ അറിയിക്കാം. സ്വസ്തിയിൽവരേണ്ടതായി തോന്നുന്നവരെക്കുറിച്ചുള്ള വിവരങ്ങളും നൽകാവുന്നതാണ്. വായനക്കാർ നൽകുന്ന വിവരങ്ങളാണ് സ്വസ്തിയെ ശക്തിപ്പെടുത്തുന്നത്.

**അസോസിയേറ്റ് എഡിറ്റർ**
വാട്ട്സ് അപ്പ്: 9400992823

## സ്വസ്തി പബ്ലിക്കേഷൻ വിഭാഗം

സഭാംഗങ്ങളുടെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനായി സ്വസ്തി, പബ്ലിക്കേഷൻ വിഭാഗം, തുടങ്ങാൻ തീരുമാനിച്ചതായി മാസികയിൽ കാണുകയുണ്ടായി. ഒരു നിർദ്ദേശം വെച്ചാൽ കൊള്ളാമെന്നുണ്ട്. പഴയ ഔട്ട് ഓഫ് പ്രിന്റ് ആയ പുസ്തകങ്ങൾ പുനഃപ്രസിദ്ധീകരിച്ചാൽ നന്നായിരിക്കും. റോയൽറ്റി നിയമപ്രകാരം അവരുടെ അനുവാദം മേടിക്കണമായിരിക്കും. 50 വർഷം കഴിഞ്ഞാൽ വേണ്ട എന്നു തോന്നുന്നു. അന്വേഷിച്ചാൽ ഉപകാരമായിരിക്കും. പുസ്തകങ്ങൾ ഖണ്ഡശ്ശ സ്വസ്തി വഴി കുറേശ്ശെ പ്രസിദ്ധീകരിച്ചാലും മതിയാവും. ചില ഉദാഹരണങ്ങൾ കൊടുക്കുന്നു. 1. ''നവീകരണവും പുനഃപ്രതിഷ്ഠയും' - മുല്ലപ്പിള്ളി കൃഷ്ണൻ നമ്പൂതിരി, ഹെറിറ്റേജ് പബ്ലിഷേഴ്സ്, മൊബൈൽ: 9747203636. 2. ആചാര സംഗ്രഹം, ആശൗചം ഭാഷ, ചെറുമുക്കിൽ പച്ച, എടമന പച്ച (കാണിപ്പയ്യൂർ ഗ്രന്ഥശാല, പഞ്ചാംഗം പുസ്തകശാല). ഇപ്പോൾ കിട്ടാനില്ല. വിശദ വിവരങ്ങൾ വേണമെങ്കിൽ അയച്ചുതരാം. വേഴപ്പറമ്പ് പരമേശ്വരൻ നമ്പൂതിരിയും കാഞ്ഞാട് വാസുദേവൻ നമ്പൂതിരിയും ശ്ലോകങ്ങളായി പകയിഴം ചടങ്ങ് എഴുതിയിട്ടുണ്ട് (വേഴപ്പറമ്പ് പൂർവ്വക്രിയകൾ, കാഞ്ഞാട് അപരക്രിയ). ഇംഗ്ലീഷിലെ ചില പുസ്തകങ്ങൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്യാം. (കേരളത്തിൽ പ്രചാരത്തിൽ ഇരുന്ന തന്ത്രഗ്രന്ഥമായ ''ഈശാനഗുരുദേവപദ്ധതി' യുടെ ഇംഗ്ലീഷ് പരിഭാഷ. ഔട്ട് ഓഫ് പ്രിന്റ് ആയ ചില തന്ത്രഗ്രന്ഥങ്ങളുടെ വിവരങ്ങൾ വേണമെങ്കിൽ തരാം.

**കെ.ശങ്കരൻ പോറ്റി**,ശ്രീകൃഷ്ണവിലാസം
വേങ്ങല്ലൂർ പി.ഒ. ഷാപ്പുംപടി, തൊടുപുഴ
ഇടുക്കി, 685608, മൊബൈൽ: 9567679930, 8281759830

## മിത്തും മുത്തും അടിപിടി കൂടി

കഴിഞ്ഞ ലക്കം സ്വസ്തിയിൽ ''വേലി തന്നെ വിള തിന്നുമ്പോൾ' എന്ന ലഘുലേഖനം കണ്ടപ്പോൾ തോന്നിയത്.



മിത്തും മുത്തും അടിപിടി കൂടി-
കുത്തിൽ മിത്ത് നിലത്തു പതിച്ചു.
ഇതുകണ്ടോടിയണഞ്ഞ ഗണേശൻ
തുമ്പിക്കയ്യും, പൊക്കി ഹ നിന്നു
''ആരും എന്നുടെ പേരിൽ കലഹം-
വേണ്ട'' എന്നു വചിച്ചേൻ ഗണപതി;
ക്ഷിപ്രം കണ്ണിൽ നിന്നു മറഞ്ഞു
ഭക്തർ തൊഴുകൈ,മേലെയുയർത്തി!

**അനിയൻ മണ്ണാനിക്കാട്**
ശ്രീനിലയം,പി.ഒ. എടയാറ്റൂർ
മേലാറ്റൂർ - 679326, മൊബൈൽ: 9633167578



## 1990 ൽ ആണ് ഞാൻ ടീച്ചറായി എത്തിയത്

പി.എം.എസ്.എ സ്ക്കൂളിന്റെ ചരിത്രവും പട്ടലകത്ത് മനയെ കുറിച്ചുള്ള പംക്തിയും വായിച്ചു. ഗ്രാമീണ മേഖലയിൽ അനേകായിരം കുട്ടികൾക്ക് വിദ്യാഭ്യാസം നൽകി, ഒരു വലിയ സ്ഥാപനമായി തല ഉയർത്തി നിൽക്കുന്നു സ്കൂൾ. 1990 ൽ ആണ് ഞാൻ ടീച്ചറായി പി എം എസ് എയിൽ എത്തിയത്. അന്നു മുതൽ സ്കൂളിന്റെ എല്ലാ കാര്യങ്ങളിലും മുന്നിൽ നിൽക്കുന്ന ഒരു വ്യക്തിയായിരുന്നു അപ്പുവേട്ടൻ. എല്ലാ സ്റ്റാഫിനോടും വളരെ നല്ല ബന്ധമായിരുന്നു. സ്കൂളിന്റെ പ്രവർത്തനങ്ങളിൽ പിടിഎ അംഗങ്ങളെ വളരെ നല്ല രീതിയിൽ ചേർത്തു കൊണ്ടുപോകാൻ പ്രത്യേക കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. 2018 – 2022 ൽ ഹെഡ് മിസ്ട്രസ് ആയിരുന്ന ഇടയിൽ 2020 ഫെബ്രുവരിയിൽ അപ്പുവേട്ടന്റെ വേർപാട് വളരെയധികം വേദനയുണ്ടാക്കി, അത്രയും തന്നെ അങ്കലാപ്പും. എല്ലാം തരണം ചെയ്ത് സ്ക്കൂൾ നല്ല നിലയിൽ മുന്നോട്ടു പോകുന്നു. സ്ക്കൂളിനും പട്ടലകത്ത് അംഗങ്ങൾക്കും എല്ലാ വിധ ആശംസകളും നേരുന്നു.

**ജയശ്രീ.വി.**
റിട്ട ഹെഡ് മിസ്ട്രസ്
പി എം എസ് എച്ച് എസ്,
എളങ്കൂർ, മലപ്പുറം ജില്ല
9497346546



## ഇല്ലപ്പെരുമ വായിച്ചപ്പോൾ ഓർമ്മ വന്ന പെൺകൊട കണക്ക്

പട്ടലകത്ത് അപ്പു ഏട്ടന്റെ അച്ഛന്റെ അമ്മാത്താണ് / മൂത്തേടത്ത് പാലശ്ശേരി എന്ന എന്റെ ഇല്ലം. മറ്റൊരു ബന്ധം; എന്റെ ചിറ്റമ്മയുടെ മകനാണ് അപ്പുഏട്ടൻ . അങ്ങനെ പട്ട് ലകവുമായി മൂത്തേടത്ത് പാലശ്ശേരിക്ക് രണ്ടു ബന്ധമുണ്ട്.

അപ്പു ഏട്ടന്റെ മുത്തശ്ശി , എന്റെ മുത്തച്ഛന്റെ ജ്യേഷ്ഠനായ ശങ്കരൻ നമ്പൂതിരിയുടെ മകളാണ്. പേര്. സാവിത്രി. സാവിത്രിയുടെ ജനനം 1890 ഡിസംബർ 27 ലെ ഡയറിയിൽ ശങ്കരൻ നമ്പൂതിരി എഴുതിവെച്ചത് ഇങ്ങനെയാണ്.

' പകൽ 3 മണി 35 മിനുട്ട (11 അടി കൈവിരൽ 6 വിരല ) സമയത്ത ജനനം ' ഇങ്ങനെ നിഴൽ അടി അളന്നു കണക്കാക്കിയ സമയവും , പോക്കറ്റ് വാച്ചിലെ സമയവും കുറിച്ചു വെച്ചിട്ടുണ്ട്.

സാവിത്രിക്ക് അഞ്ചു വയസ്സായപ്പോഴേക്കും അച്ഛൻ മരിച്ചു.ശങ്കരൻ നമ്പൂതിരിയുടെ മരണ ശേഷം സാവിത്രിയുടെ അപ്ഫനും എന്റെ മുത്തച്ഛനുമായ കേശവൻനമ്പൂതിരിയാണ് സാവിത്രിയുടെ പെൺകൊട നടത്തി കൊടുത്തത്.

1079 (1903) ചിങ്ങം 13-ാം തിയ്യതി , പതിമൂന്ന് വയസ്സിൽ സാവിത്രിയെ പട്ടലകം നീലകണ്ഠൻ നമ്പൂതിരിക്ക് വേളി കഴിച്ചു കൊടുത്തു.

' സ്ത്രീധനം 1400 ക നിശ്ചയിച്ച് റൊക്കം 400 ക കൊടുത്തു ബാക്കി 1000 ക.ക്ക് പ്രോനോട്ട് എഴുതി ഒപ്പിട്ടുകൊടുത്തു ' എന്നും നാൾ വഴിയിൽ എഴുതിയിട്ടുണ്ട്.

അന്നത്തെ പെൺകൊട ക്രിയാദികളുടെ ചിലവ് ഒരു തുണ്ടു കടലാസ്സിൽ എഴുതിയത് കണ്ടു കിട്ടിയതാണ് ഇത്.

**എം.പി.ഉണ്ണികൃഷ്ണൻ നമ്പൂതിരി,**
പാലശ്ശേരി മന, കരിക്കാട്, പി ഒ തൃക്കലങ്ങോട്,
മഞ്ചേരി. 676123, മൊബൈൽ 9496702912.

# പോളിഡോൺ പ്രൊസസ്സേഴ്സ്

ക്ഷേത്രങ്ങളിലേക്ക് പായസം, നിവേദ്യം വിതരണം
ചെയ്യുന്നതിനും തീർത്ഥം മുതലായവ കൊടുക്കുന്നതിനും
അനുയോജ്യമായ പ്ലാസ്റ്റിക് പാത്രങ്ങൾ ഓർഡർ പ്രകാരം
ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കുന്നു.

**വെളുത്താട്ട്, കാരത്തൂർ, കൊടക്കൽ പി.ഒ.**
**തിരൂർ, മലപ്പുറം ജില്ല**
**Mob: 9846339119, 9846039119.**

ഇനി പിരിക്കാൻ
ആളില്ലാതെ
വിഷമിക്കേണ്ട!

ബ്രാഹ്മണ്യം
കാത്തുസൂക്ഷിക്കാൻ പിരിച്ച
പൂണൂൽ തന്നെ ഉത്തമം!

9778042607
8086257785

ഉപവീതം

വിധിപ്രകാരം പിരിച്ച പൂണൂലുകൾ

ഒരു പൂണൂലിന്റെ കഥ!

ചരടും താലിച്ചരടും പിരിച്ചുകൊടുക്കുന്നതാണ്





**ശ്രീക കരുവാട്.**
D/o രാംദാസ്,
കരുവാട് മന,
എടപ്പാൾ
മലപ്പുറം ജില്ല
ഫോൺ .9447979644.

# കുട്ടിക്കൂട്ടം

**സ്നിഗ്ദ്ധ ടി.എസ്**
D/o ശങ്കരനാരായണൻ
തേലക്കാട് മന,
വെള്ളിനേഴി പി.ഒ.
പാലക്കാട് - 679504
മൊബൈൽ: 9995655901

**വായിച്ച പുസ്തകം, കണ്ട സിനിമ, നടത്തിയ വിനോദയാത്ര, ലഭിച്ച സമ്മാനം, ഇഷ്ടപ്പെട്ട സ്ഥലം, അനുഭവിച്ച വേദന, പറ്റിയ അബദ്ധം, സഹായിച്ച സുഹൃത്ത്... അങ്ങനെ ജീവിതാനുഭവങ്ങളെ ചെറിയ കുറിപ്പുകളാക്കി വാട്ട്സ് അപ്പിൽ അയച്ചു തരൂ. 9400992823**



## പല പല കുപ്പായം

കാക്കക്കുണ്ടൊരു കുപ്പായം
കറുത്ത നിറത്തിൽ കുപ്പായം
തത്തക്കുണ്ടൊരു കുപ്പായം
പച്ച നിറത്തിൽ കുപ്പായം
കൊക്കിനുണ്ടൊരു കുപ്പായം
വെള്ള നിറത്തിൽ കുപ്പായം
പരുന്തിനുണ്ടൊരു കുപ്പായം
കാപ്പി നിറത്തിൽ കുപ്പായം
ആഹാ എന്തൊരു രസമാണീ
പലപല വർണ്ണ കുപ്പായങ്ങൾ.

**Sadhika Dhanesh**
D\o Dhanesh K M &
Ramya P K
Kodasseri upasabha
Ph:9447358722



# Honalua Bay in Hawai





One day in Hawai, I went to a bay called Honalua bay. It was beautiful there. The sea was tarquois, the sand was warm and soft and there were rocks to climb on. First we ate rice with salad. That was our lunch. After out lunch we played in the water. Then when I was sitting on the Sand, a girl came up to me and said hello. I asked what's her name. The girl said her name was Ellie. I said my name was Diya. We became friends. Ellie and I played two games. One game was catch the waves, this is how we play it. First you go to the waves, then when the wave comes to the sand, we have to run backwards! The second game is body surfing. So to play it you need to go in the water. Then when a big wave comes you lay on your tummy so you body surf to the sand! Then we saw sme turtles. When my dad was swimming, a turtle came next to him he was scared! What funny, Then it was time to go home. I said good bye to my friend.

**Diya Deepak**

D/o Deepak C.U. Chola Mana, House No. 9, TKV Nagar, Kalmandapam, Palakkad-628001
(673, Larka Med Street,Sano Se, USA, Mob: 0017813367110

# VARANASI



We went to Varanasi. My brother was also there. We went in aeroplane. My brother was crazy in the flight. Varanasi was dirty. People spit all around. We stayed in the hotel Varanasi Inn. The hotel was clean. I stayed with my parents and brother in one room. My grand parents in other room. I went to Kashi Viswanath temple. In the hotel there were food. One day I woke up in 5o clock to go to Kashi Viswanath temple. Then I came to Kerala in flight.

**Keshav Meledam.**

Excel public school, Kunnamkulam
Kesav Meledam,S/o Sreehari Meledam
Meledam Illam, Sankeerthanam,
Manjira Road, Guruvayur,Mob: 8129022225





**ഓണം അനുഭവങ്ങൾ**

# പുത്തനുടുപ്പിട്ട് ഫോട്ടോ എടുക്കൽ നല്ല രസമാണ്



വർഷത്തിൽ ഒരിക്കൽ നടക്കുന്ന ഓണം ആഘോഷങ്ങൾ മറക്കാൻ പറ്റില്ല. ഇല്ലത്തു എല്ലാവരും ഒത്തു ചേർന്ന് കളിയും ചിരിയുമായി ആഘോഷിക്കും. രാവിലെ വീട്ടുകാരോടൊപ്പം അമ്പലത്തിൽ പോകും. ഒരുമിച്ചു ഭക്ഷണം കഴിക്കുക എന്നത് പതിവാണ്. രാവിലെ മുത്തശ്ശിയോടൊപ്പം കുട്ടികളെല്ലാം ഒന്നിച്ചിരുന്നു പഴം നുറുക്കും പപ്പടവും കഴിക്കും. അതിനു ശേഷമാണ് വലിയവർ കഴിക്കുന്നത്. അത് കഴിഞ്ഞാൽ പിന്നെ ഓണത്തിന് വാങ്ങിയ പുത്തനുടുപ്പിട്ടു ഫോട്ടോ എടുക്കലാണ്. എല്ലാവരും ഒരുമിച്ചും ഒറ്റക്കും ഒരുപാട് ഫോട്ടോ എടുക്കും. പിന്നെ കുറച്ചു നേരം ഞങ്ങൾ ഓണക്കളികൾ കളിക്കും. കസേര കളി, നാരങ്ങാ സ്പൂൺ, സുന്ദരിക്ക് പൊട്ടുകുത്തൽ അങ്ങനെ പലതരം കളികൾ. ഉച്ച നേരത്തു ഞങ്ങൾ വിഭവ സമൃദ്ധമായ സദ്യ കഴിക്കും. എല്ലാ വർഷവും പായസം ഉണ്ടാക്കുന്നത് അച്ഛനാണ്. ഓലൻ, സാമ്പാർ, പുളിയിഞ്ചി, വറുത്തുപ്പേരി, രസം, അവിയൽ, അച്ചാർ തുടങ്ങിയ വിഭവങ്ങൾ ഉണ്ടാകും. എല്ലാവരും സദ്യ ഉണ്ട് കഴിഞ്ഞാൽ വീണ്ടും ഓണക്കളികൾ തുടരും. ഓരോ വർഷവും എല്ലാവരുമൊത്തു സന്തോഷത്തോടെ പങ്കിടുന്ന നിമിഷങ്ങൾ എനിക്ക് മറക്കാൻ കഴിയില്ല. എല്ലാ ഓണവും നമുക്ക് ഒരുപാട് കാലം സൂക്ഷിക്കാനുള്ള അനുഭവങ്ങൾ തരുന്ന ഒന്നാണ്. ഓണവും, ഓണസദ്യയും, ഓണക്കളികളും, എല്ലാവരും ഒന്നിച്ചു പങ്കിടുന്ന നിമിഷങ്ങളും എന്നും ഞാൻ ഓർത്തു വെക്കും.

**പ്രണിത അമേറ്റൂർ**
D/o Rajesh A C , Amettur Mana, Vattamkulam P O ,Edappal
Malappuram - 679578, Mobile: 9400681021





# പലതരം വിഭവം എത്തീലോ

**അംഗിത അമേറ്റൂർ**

ഓണം വന്നു പൂക്കൾ വിടർന്നു
തെച്ചി, തുമ്പ, മുക്കുറ്റികൾ
പലതരമല്ലോ പലനിറമല്ലോ
അച്ചാർ, കാളൻ, ഓലനും
പിന്നെ പലതരം വിഭവം എത്തീലോ
ഓണക്കളികൾ പലതരമുണ്ട്
മലയാള നാടിൻ സന്തോഷം
മലയാളികൾക്കെന്തു സന്തോഷം.

D/o Rajesh A C,Amettur Mana Vattamkulam P O,
Edappal, Malappuram - 679578, Mobile: 9400681021

# The Gorgeous Girl



**Snigdha T S**
Sankaranarayanan
Thelakkad Mana
P O Vellinezhi
Palakkad (dt),
Pin 679504
Mob: 9995655901

Once upon a time there was lived a King and Queen. They had a daughter named 'Teena'. She looks so Gorgeous. She always be happy. In all time Teena told jokes to the King and Queen. They laugh each other. When the King and Queen became sad, by the problems of their home affairs, Teena came and told many jokes and motivated them. Then they became happy. Many months laters Teena lost her beautiful toy. She became sad. The king and queen decided to give a beautiful ring to Teena to make happy and they gave Teena this beautiful ring. But she always sad. They invited a dancer to dance to make Teena happy. They failed. Then they invited a joker and a fairy. The joker told marvellous jokes and fairy blessed her. But she would not chang her face like happy. They also invited a young musician to play on flute. He had a cute dogie. Teena saw this dogie and she was excited. Teena told to her father to conduct a match of pets. They accepted and invited all the pets in the country for this match. Then all pets came and match is started. Some times later the dog of the young musician won and they gave the prize. At last they were very happy and lived happily even after.



# The Silent collapse



**Namitha Rajeev**
Nalledath Mana
Vilathur(P.o), Kaipuram
Thiruvegappura
679304(Pin)
Palakkad(Dist.)
Mob:9747466259

It was silent.
Deadly.
And deadly indeed it was,for there they lied.
The dead bodies.
Scattered away,as if lil' Minny had forgotten
to keep them back in her toy basket.
"Kill half of em, and let the others live freely'
he said.
And kill he did.
There lied their blood,their bones
Their bodies the same as when they breathed ,
Only a hole in the back of their heads.
"And now the other half gets to live freely'
he proclaims with glee,
